www.malankaralibrary.com

# ബഥനി ശബ്ദം

വിശുദ്ധപാത്രമായിത്തീരുവാൻ
സ്വർഗീയ കുശവന്റെ കരങ്ങളാൽ
പുരോഹിതൻ മെനയപ്പെടുന്നു.





## Ordination Special 2017

www.malankaralibrary.com

**BETHANY SABDHAM**

**No.108** **2017** **January**

***Editorial Board***

Fr. Varghese Thykoottathil, OIC
Fr. Antony Padipurackal, OIC
Fr. Shaiju Mathew Meppurath, OIC
Fr. Geevarghese Thiruvalil, OIC

***Circulation Manager***

Bro. George Gracious Karimpanamannil, OIC

***Printed at***

Bethany Offset Printers, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

***Cover Design***

Fr. Shaiju Mathew OIC

***Published from***

Bethany Ashram Generalate
Kottayam 686010

www.malankaralibrary.com

# ഉള്ളടക്കം


എഡിറ്റോറിയൽ - 7

മാപ്പ് തരാത്ത കാര്യം

ഫ്രാൻസിസ് മാർപാപ്പ - 9

അഗ്നിമീളേ പുരോഹിതം

ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. - 11

നവാഭിഷിക്തർക്ക് സ്വാഗതം

ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി. - 16

ദൈവത്തിന്റെ കയ്യൊപ്പ് സ്വീകരിക്കുന്ന ധന്യ നിമിഷത്തിൽ

ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ. ഐ. സി. - 18

സ്തുത്യർഹമായ ജീവിതത്തിന്റെ ഉടമ ഗോഡ്വിൻ ക്രിസ്റ്റോ ഒ.ഐ.സി.

ബ്രദർ ജോൺസൺ ഒ.ഐ.സി. - 20

നന്ദിനിറഞ്ഞ ഹൃദയത്തോടെ....

ഫാ. ഗോഡ്വിൻ ക്രിസ്റ്റോ ഒ.ഐ.സി. - 22

കിളിമാനൂർ വൈദിക ജില്ലയിൽ നിന്നുള്ള ആദ്യത്തെ സന്ന്യാസി വൈദികൻ

ബ്രദർ രാജേന്ദ്രനും കുടുംബാംഗങ്ങളും - 23

ജോഷി റെയ്മണ്ട് അച്ചൻ മൗനത്തെ വേദാന്തമാക്കിയവൻ...

ബ്രദർ ജോസഫ് അഗസ്റ്റിൻ ഒ.ഐ.സി. - 28

എന്തു നൽകും ഞാൻ കർത്താവിന്?

ഫാ. ജോഷി റെയ്മണ്ട് ഒ.ഐ.സി. - 30

നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ്

ഫാ. തോമസ് ഫ്രാൻസിസിന്റെ മാതാപിതാക്കൾ - 32

ദൈവത്തിന്റെ സ്നേഹോപകരണമായ തോമസ് ഫ്രാൻസിസ് അച്ചൻ

ബ്രദർ ജയ്സൺ സൈമൺ ഒ.ഐ.സി - 34

നാഥാ നിനക്കായ്.....!

ഫാ.തോമസ് ഫ്രാൻസിസ് ഒ.ഐ.സി. - 36

ഒരു അനുഗ്രഹമാകാൻ.....

സാമുവലച്ചന്റെ മാതാപിതാക്കൾ - 38

www.malankaralibrary.com


സാമുവൽ അച്ചനെപ്പറ്റി ഓർക്കുമ്പോൾ...

കുഞ്ഞനുജന്മാർ - 40

നിനവിൽ ഒരു ബലിയും, ബലിപീഠവും

ഫാ.സാമുവൽ ജോർജ് ഒ.ഐ.സി. - 41

ഹൃദയ വയലിൽ വിത്തുവിതയ്ക്കാൻ ഗുരുവിനെപ്പോലെയാവാൻ

ഫാ. റെജി സൈമൺന്റെ മാതാപിതാക്കൾ - 44

കഠിനാദ്ധ്വാനത്തിന്റെ പ്രതിരൂപം റെജി സൈമൺ അച്ചൻ

ബ്രദർ ജിതിൻ ജോർജ് ഒ.ഐ.സി. - 46

കരം പിടിച്ചു നയിക്കുന്ന ദൈവം

ഫാ. റെജി സൈമൺ ഒ.ഐ.സി. - 48

ദൈവമേ, നിന്റെ ഹിതംപോലെ നടത്തണമെ!

ഫാ. എബിൻന്റെ മാതാപിതാക്കൾ - 50

ഫലം ഇച്ഛിക്കാതെ സദാ കർമ്മനിരതനായവൻ

ബ്രദർ പ്രഫുൽ ഒ.ഐ.സി. - 52

ദൈവം തന്നതല്ലാതൊന്നും ഇല്ലാ എന്റെ ജീവിതത്തിൽ

എബിൻ തോമസ് പണിക്കർ ഒ.ഐ.സി. - 54

പുരോഹിതദർശനങ്ങൾ

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. - 55

ദൈവനിയോഗം

ഫാ. ജോർജ് സോളമന്റെ മാതാപിതാക്കൾ - 65

സ്നേഹസമ്പന്നൻ ആയ ജോർജ്ജ് സോളമൻ

കുഞ്ഞുസഹോദരങ്ങൾ - 67

ദൈവവിളി

ഫാ. ജോർജ്ജ് സോളമൻ ഒ.ഐ.സി. 69

സഫലമായ കാത്തിരിപ്പ്....

ഫാ. ബ്ലസൻ മാത്യുവിന്റെ മാതാവ് 70

ആനന്ദിക്കുന്ന സന്ന്യാസി ബ്ലസനച്ചൻ

ബ്രദർ മൈക്കിൾ ഒ.ഐ.സി - 72

കുശവന്റെ കൈയ്യിലെ കളിമണ്ണ്

ഫാ. ബ്ലസൻ മാത്യു അയ്യനേത്ത് ഒ.ഐ.സി. 73

www.malankaralibrary.com

നന്ദി നിറഞ്ഞ ഹൃദയത്തോടെ

ഫാ. ആബേൽ മാത്യുവിന്റെ മാതാപിതാക്കൾ - 76

കരുത്തുറ്റ കാൽവയ്പോടെ ആബേലച്ചൻ

ബ്രദർ മനു വർഗീസ് പുത്തൻവീട്ടിൽ ഒ.ഐ.സി. - 78

കൃതജ്ഞതയോടെ

ഫാ. ആബേൽ മാത്യു ഒ.ഐ.സി - 80

എല്ലാം അങ്ങേ മഹത്വത്തിനായി....

ഫാ. പ്രിൻസ് അലക്സിന്റെ മാതാപിതാക്കൾ - 81

സ്നേഹത്തിന്റെ പര്യായമായ പ്രിൻസച്ചൻ

ബ്രദർ സിജോ പാപ്പച്ചൻ ഒ.ഐ.സി. - 83

ജീവനും ജീവനിയോഗങ്ങളുമേകിയ നാഥന്...

ഫാ. പ്രിൻസ് അലക്സ് നെരിയാട്ടിൽ ഒ.ഐ.സി. - 85

അങ്ങയുടെ വിശുദ്ധ കരങ്ങൾ എത്ര ഭാഗ്യമുള്ളവ

ഫാ. സിറിൽ മൈക്കിളിന്റെ മാതാപിതാക്കൾ - 87

ബലിയായി ബലിപീഠത്തിലേക്ക് സിറിലച്ചൻ

ബ്രദർ ജിയോ പോൾ ഒ.ഐ.സി. - 89

വെളിച്ചമേ നയിച്ചാലും ...

ഫാ. സിറിൽ മൈക്കിൾ ഒ.ഐ.സി. - 91

ബലിയർപ്പിക്കാൻ ബലിയാകുവാൻ

ഫാ.ജസ്റ്റിൻ തോമസ്സിന്റെ മാതാപിതാക്കൾ - 93

ചിരിയിൽ ചാലിച്ച സ്നേഹം ജസ്റ്റിനച്ചൻ

ബ്രദർ ജീവൻ ഒ.ഐ.സി. - 95

മുന്തിരിത്തോപ്പും വേലക്കാരും - ക്രിസ്തു കേന്ദ്രീകൃതമായ പൗരോഹിത്യം

ഫാ. വർഗീസ് വിജയനാനന്ദ് ഒ.ഐ.സി. 96

പൗരോഹിത്യം ദൈവവിളിയുടെ പൂർണ്ണത

ഫാ. ഫിലിപ്പോസ് ജോണിന്റെ മാതാപിതാക്കൾ - 104

കഴിവുകളുടെ നിറകുടമായ ഫിലിപ്പോസ് അച്ചൻ.....

ബ്രദർ ലിബിൻ മാത്യു ഒ.ഐ.സി. - 105

www.malankaralibrary.com


നന്ദി നിറഞ്ഞ ഹൃദയത്തോടെ....

ഫാ. മോൺസൺ കുര്യാക്കോസ് മാതാപിതാക്കൾ - 108

മൃദുമന്ത്രണം മോൻസൺ കുറിയാക്കോസ് അച്ചൻ

ബ്രദർ ബഞ്ചമിൻ വാഴയിൽ ഒ.ഐ.സി. - 110

ദൈവീക നിറവിൽ അമ്പരപ്പോടെ

ഫാ. മോൻസൺ കുര്യാക്കോസ് മേക്കാട്ട് ഒ.ഐ.സി - 111

എന്റെ ദൈവത്തെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു

ഫാ. ജോൺ ഏലിയാസിന്റെ മാതാപിതാക്കൾ - 113

അതിരുകളില്ലാത്ത മനുഷ്യസ്നേഹിയായ ഏലിയാസച്ചൻ

ബ്രദർ ജോൺസൺ ഒ.ഐ.സി. - 115

കൈപിടിച്ചു നടത്തുന്ന ദൈവം

ഫാ. ജോൺ ഏലിയാസ് ഒ.ഐ.സി. - 117

നന്ദിപൂർവ്വം...

ഫാ. ജോൺപോളിന്റെ മാതാപിതാക്കൾ - 120

സൗമ്യനായ ജോൺപോൾ അച്ചൻ

ബ്രദർ ജയിംസ് തടത്തിൽ ഒ.ഐ.സി. - 122

"തനിക്കിഷ്ടമുള്ളവരെ അടുത്തേക്കുവിളിച്ചു"

വാലുപറമ്പിൽ അച്ചന്റെ മാതാപിതാക്കൾ - 123

ഫ്രാൻസിസ് കുര്യൻ അച്ചൻ

ബ്രദർ ജീവൻ ഒ.ഐ.സി. - 126

അളവുകൾ ഇല്ലാതെ എന്നെ സ്നേഹിച്ചു

ഫാ. ഫ്രാൻസിസ് കുര്യൻ ഒ.ഐ.സി. - 127

പൊന്നുതമ്പുരാന്റെ വഴിയേ വിശ്വസ്തതയോടെ

ഫാ.ക്രിസ്തുരാജിന്റെ മാതാപിതാക്കൾ - 129

ത്യാഗജ്വാലമായ ജീവിതദർശി ക്രിസ്തുരാജ് അച്ചൻ

ബ്രദർ ജീവൻ ഒ.ഐ.സി. - 131

ബലഹീനതകളിൽ അത്ഭുതം പ്രവർത്തിക്കുന്നവന്റെ പിന്നാലെ...

ഫാ. ക്രിസ്തുരാജ് ഒ.ഐ.സി. - 132

www.malankaralibrary.com


നാളെയുടെ ശില്പികൾ നിങ്ങൾ നവവൈദികർ

ഫാ.ജയിംസ് മാമൂട്ടിൽ ഒ.ഐ.സി. - 134

എത്രയോ ഭാഗ്യം....

ഫാ.വിജോയി വർഗ്ഗീസിന്റെ മാതാപിതാക്കൾ - 137

സഹൃദനായ വിജോയി അച്ചൻ...

ബ്രദർ ജോബി തോമസ് - 139

വിശ്വസ്ഥനായി പരിഗണിച്ചവന്റെ മുമ്പിൽ നന്ദിയോടെ...

ഫാ. വിജോയ് വർഗ്ഗീസ് ഒ.ഐ.സി - 140

തീയായ മദ്ബഹായിലേക്ക്...

ഫാ. ഡാനി മാത്യുവിന്റെ മാതാപിതാക്കൾ - 142

വീഥികളെ സുകൃതമാകുന്ന ഡാനി അച്ചൻ

ബ്രദർ ലിബിൻ മാത്യു ഒ.ഐ.സി. - 144

നാഥാ എന്നെ അയച്ചാലും

ഫാ. ഡാനി മാത്യു ഒ.ഐ.സി. - 145

എല്ലാം ദൈവത്തിന്റെ ദാനം

ആഞ്ചലൊഅച്ചന്റെ മാതാപിതാക്കൾ - 148

അജപാലനത്തിന്റെ സുകൃത ഭൂമിയിലേക്ക് ജോസഫ് ആഞ്ചലൊഅച്ചൻ

ബ്രദർ ഷൈജു മാത്യു ഒ.ഐ.സി. - 150

നന്ദിചൊല്ലി തീർക്കുവാനീ ജീവിതംപോരാ...

ഫാ. ജോസഫ് ആഞ്ചെലോ മാമ്പൂത്തറ ഒ.ഐ.സി. - 152

ഹൃദയം നിറയെ നന്ദിയുടെ നിറവാണ്

ലിബിനച്ചന്റെ മാതാപിതാക്കൾ - 154

ശാന്തശീലനായ സന്തത സഹചാരി ലിബിനച്ചൻ

ബ്രദർ ജോൺസൺ ഒ.ഐ.സി. - 155

കാരുണ്യത്തിന്റെ വിരുന്നൊരുക്കിയ പൊന്നു നാഥനു നന്ദി, നന്ദി, നന്ദി

ഫാ. ലിബിൻ വർഗ്ഗീസ് പാറച്ചരുവിളയിൽ ഒ.ഐ.സി. - 157

അഭിഷേകാഗ്നി അണയാതിരിക്കട്ടെ

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ. ഐ. സി. - 158

പ്രിയപ്പെട്ട ഡൊമിനിക്.... നിന്റെ ഓർമ്മകളിൽ

ഫാ.ഡാനി മാത്യു ഒ.ഐ.സി. - 160

www.malankaralibrary.com

# എഡിറ്റോറിയൽ

"**പ**രിശുദ്ധനും, ദോഷരഹിതനും, നിഷ്കളങ്കനും പാപികളിൽ നിന്ന് വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിൻമേൽ ഉയർത്തപ്പെട്ടവനുമായ പ്രധാന പുരോഹിതന്റെ (ഹെബ്രാ 7:26) ജീവനിൽ ഉൾചേരാൻ 22 സഹോദരന്മാർ വേർതിരിക്കപ്പെട്ടിരിക്കുന്നു. സന്തോഷത്തിന്റെ അവസരം. നന്ദിയുടെ ദിനങ്ങൾ. സമൂഹചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരുവർഷം 22 പേർ പുരോഹിതരാവുന്നത്. ഒന്നിച്ച് 15 പേർ പട്ടം സ്വീകരിക്കുന്നതും. കൂടുതൽ ആളുകൾ സഭയുടെയും ആശ്രമത്തിന്റെയും സമർപ്പണത്തിൽ പങ്കുചേരുന്നു എന്നതിന്റെ ഉൾഅർത്ഥം കൂടുതൽ നിയോഗങ്ങൾ സഭയിലും സമൂഹത്തിലും സ്വീകരിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ. ഇവരുടെ പൗരോഹിത്യ ജീവിതത്തിലൂടെ, സമർപ്പണത്തിലൂടെ സഭയായി, സമൂഹമായി വിശാലശുശ്രൂഷയിൽ ഉൾചേരാൻ ബഥനി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് സാരം. സംലഭ്യമായിരിക്കുന്ന സുരക്ഷയുടെ നാലുകെട്ടിനുള്ളിൽ തങ്ങളെതന്നെ തളച്ചിട്ട് ജീവിതം അവസാനിപ്പിക്കാനല്ല മറിച്ച്, നമ്മുടെ സഭയുടെയും നമ്മുടെ ആശ്രമസ്ഥാപകന്റെയും വിശാലമായ സാക്ഷ്യത്തിൽ ഉള്ളുകൊണ്ട് അടുത്ത് ജീവിക്കാനും സാക്ഷ്യം വഹിക്കാനും നമ്മുടെ 22 അനുജന്മാരുടെ പൗരോഹിത്യസമർപ്പണം നമ്മെ വെല്ലുവിളിക്കുന്നു.

നിത്യപുരോഹിതനായ യേശുവിന്റെ പരിശുദ്ധിയിൽ, നിഷ്കളങ്കതയിൽ, വേർതിരിക്കപ്പെടലിൽ തനതായ സാക്ഷ്യം നൽകാൻ 22 സഹോദരങ്ങളെ സഭയും സമൂഹവും മാടിവിളിക്കുന്നു. ഒഴുക്കിനോടു ചേർന്ന് ഒഴുകിയാൽ വിളിയുടെ

www.malankaralibrary.com

സുഖം നഷ്ടമാകും. ചുരുങ്ങിക്കൊണ്ടിരിക്കുന്ന ലോകത്തിനും മനുഷ്യ മനസ്സുകൾക്കും ഒപ്പം 'ചുരുങ്ങിയാൽ' വിളിയിലെ നന്മ തീർന്നുപോകും. മറിച്ച് എല്ലാ തലങ്ങളിലും വിളിയിലെ നിയോഗവും വിളിയിലെ തനിമയും തമ്പുരാനോട് ചേർത്തുവച്ചു ജീവിച്ചാൽ സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവരായി തീരാം. ജീവിതത്തിലും, പ്രവർത്തനത്തിലും, സാക്ഷ്യത്തിലും ഒക്കെ ഉയർന്നു നിൽക്കട്ടെ നമ്മുടെ 22 സഹോദരന്മാർ എന്ന് ആത്മാർത്ഥമായും ആഗ്രഹിക്കുന്നു. അതിനായി പ്രാർത്ഥി ക്കുന്നു. എല്ലാവിധ നന്മയും സന്തോഷവും നേരുന്നു. കേട്ടതും കണ്ടതും ഉൾക്കൊണ്ട് സ്വന്തമാക്കിയതും, പഠിച്ച് പരിശീലിച്ച് സ്വന്തമാക്കിയ ബഥാന്യൻ ശൈലിയുടെ ജീവിക്കുന്ന സാക്ഷികളാകാ നുള്ള ആത്മബലം ദൈവം നൽകട്ടെ.

പുരോഹിതൻ തന്നിൽതന്നെ വലിയവനാണെന്ന് വിചാരിക്കു കയും പ്രവർത്തിക്കുകയും ചെയ്യുന്ന കാലം. അതുകൊണ്ടുതന്നെ വലുതിനോടുമാത്രം മമത. സ്വയം വലുതാവാനുള്ളതിന്റെ ആവർത്തന ങ്ങളും അനുരഞ്ജനങ്ങളുമാണ് ഇന്ന് എല്ലായിടത്തും നാം ദർശിക്കുക. എന്നാൽ ബലിപീഠം അതല്ലല്ലോ. ചെറുതാകുന്നവന് മാത്രം ഉള്ളതാണ് ബലിപീഠം. ശൂന്യമാക്കിയവന്റെ സാദൃശ്യവും, സാമീപ്യവും, അതിന്റെ മുഖമുദ്ര. സകലതും ത്യജിച്ച്, സ്വയം ശൂന്യമായി, ലാളിത്യത്തിന്റെ ജീവിതം ഹോമിക്കുന്ന ഇടം. പുരോഹിതന് ഈ ഇടം നഷ്ടമായാൽ സകലതും നഷ്ടപ്പെട്ടു. തന്റെ വലുപ്പം, തന്റെ ശോഭ, തന്റെ ബലം ബലിപീഠത്തിലെ സമർപ്പണത്തിൽ മാത്രമെന്ന് സാരം.

ബഥനിശബ്ദം നമ്മുടെ 22 സഹോദരങ്ങളെപ്പറ്റിയുള്ള ഓർമ്മക ളാലും ചിന്തകളാലും പൗരോഹിത്യവിചിന്തനങ്ങളാലും നിറഞ്ഞു നിൽക്കുന്നു. ഇതിന്റെ താളുകളിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ 22 സഹോദരങ്ങളെപ്പറ്റിയുള്ള നൂതനമായ ഓർമ്മയുടെ ഒരു ചെറുരൂപം നമുക്ക് ലഭിക്കും. ഒപ്പം പുരോഹിതരായ നമ്മുടെ പൗരോഹിത്യ ശ്രേഷ്ഠ തകളെ പറ്റി, ഉത്തരവാദിത്വത്തെപ്പറ്റി നമ്മുടെ വെല്ലുവിളികളെപ്പറ്റി യുള്ള ഒരു വെളിപാടും ലഭിക്കും. ചിന്തകൾ പങ്കുവച്ച ഏവർക്കും നന്ദി.

ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,
ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

www.malankaralibrary.com



# മാപ്പ് തരാത്ത കാര്യം

**ഫ്രാൻസിസ് മാർപാപ്പ**

വൈദികരിൽനിന്ന് ജനം പ്രതീക്ഷിക്കാത്ത, ഒരു പരിധിവരെ വിശ്വാസികൾ മാപ്പുനൽകാൻ പോലും മടിക്കുന്ന രണ്ടു കാര്യങ്ങളെക്കുറിച്ച് ഫ്രാൻസിസ് പാപ്പ പറഞ്ഞു.

"രണ്ടു കാര്യങ്ങളിൽ ജനങ്ങൾ നിങ്ങൾക്ക് മാപ്പു നൽകണമെന്നില്ല. ഒന്ന് പണത്തോടുള്ള ആർത്തിയിലും, രണ്ട് മറ്റുള്ളവരെ ദ്രോഹിച്ചതിനും'' ഫ്രാൻസിസ് പാപ്പ വൈദികർക്ക് നൽകിയ ഉപദേശമാണിത്. "നിങ്ങൾക്ക് പണത്തോട് താല്പര്യമുണ്ടോ?" ഈ ചോദ്യത്തോടെയാണ് മാർപാപ്പ വെള്ളിയാഴ്ച കാസ സാന്ത മാർത്ത ചാപ്പലിലെ ദിവ്യബലിക്കിടെയുള്ള തന്റെ വചന സന്ദേശം ആരംഭിച്ചത്. വൈദികർക്കുവേണ്ടിയും വൈദികരോടൊപ്പവും തനിച്ചുള്ള വിശുദ്ധ ബലിയായിരുന്നു അത്. ചോദ്യം ചോദിച്ച ശേഷം ഉത്തരമായി പാപ്പ പറഞ്ഞു, "കർത്താവിന്റെ ഭവനം പ്രാർത്ഥനയുടെ ഭവനമായിരിക്കണം. സ്നേഹമായ ദൈവത്തെയാണ് അവിടെ കണ്ടുമുട്ടേണ്ടത്. എന്നാൽ സമ്പത്ത് 'ദൈവമായി' ഇടയ്ക്കിടെ അവിടെ പ്രവേശിക്കാൻ ശ്രമിക്കുന്നുണ്ട്.

യഹൂദ ദൈവാലയത്തിൽനിന്ന് യേശു ക്രയവിക്രയം ചെയ്തിരുന്നവരെ പുറത്താക്കുന്ന വചനഭാഗമായിരുന്നു വായിച്ചത്. "പുരോഹിതരാണ് കച്ചവടക്കാർക്ക് ദൈവാലയത്തിൽ ഇടം നൽകിയത്, സമ്പത്തിനോടുള്ള സ്നേഹം ജീവിതത്തെ നശിപ്പിക്കും. യേശുവിനെ സേവിക്കുന്നതിനുള്ള യഥാർത്ഥ സന്തോഷം നമ്മിൽനിന്നെടുത്തു കളയാൻ സമ്പത്തിനോടുള്ള അഭിനിവേശത്തിന് സാധിക്കും." പാപ്പ പറഞ്ഞു. ജറുസലേം ദൈവാലയത്തിൽ സംഭവിച്ചതുപോലെ കച്ചവട മനഃസ്ഥിതി ഇന്നും നമ്മെ കാർന്നുതിന്നുന്നുണ്ടെന്ന് പാപ്പ ഓർമ്മിപ്പിച്ചു.

www.malankaralibrary.com

"മരണക്കിടക്കയിലായിരുന്ന ഒരു വൈദികന്റെ ചുറ്റുംനിന്ന് കഴുകൻമാരെപ്പോലെ സമ്പത്ത് പങ്കിടാൻ വ്യഗ്രത കാണിക്കുന്ന ബന്ധുക്കളും സുഹൃത്തുക്കളും. ഇതിലും ശോചനീയമായ എന്തെങ്കിലും നമുക്ക് കാണാനുണ്ടോ? എന്തിനുവേണ്ടി ആ വൈദികൻ ജീവിതം എറിഞ്ഞുടച്ചോ അതുമായി യാതൊരു ബന്ധവുമില്ലാതെ ദയനീയമാംവിധം ആ ജീവിതം പാഴായിപ്പോകുന്ന അവസ്ഥ!

ജീവിതം പാഴാക്കിക്കളയരുതേ, എന്ന് കഠിനമായ വാക്കുകളായിരുന്നു സമ്പത്തിനോട് അമിത താല്പര്യം കാണിക്കുന്ന വൈദികർക്കായി വലിയ ഇടയൻ ആദ്യാവസാനം പറഞ്ഞത്. "ദൈവമാണോ നിങ്ങളുടെ നാഥൻ, അതോ സമ്പത്താണോ എന്നു നിങ്ങൾ ചിന്തിക്കണം. വിഗ്രഹം ഉള്ളിൽ സൂക്ഷിക്കുമ്പോൾ പുറമെയുള്ള ആരാധനകൾക്ക് അർത്ഥമില്ലാതാകും, ശക്തിയില്ലാതാകും."

ക്രിസ്തീയ ദാരിദ്ര്യത്തെ പുൽകാനും ദൈവത്തിൽ ആശ്രയിക്കാനും കൃപ നൽകണമേ എന്ന പ്രാർത്ഥനയോടെയാണ് പാപ്പ സന്ദേശം അവസാനിപ്പിച്ചത്. അധ്വാനിക്കുന്ന ജനങ്ങളിൽ നിന്ന് കണ്ടുപഠിക്കാനും, ആവശ്യത്തിനുമാത്രം പണം ഉപയോഗിക്കുന്നവരെ മാതൃകയാക്കാനും പാപ്പ വൈദികരെ ഉദ്ബോധിപ്പിച്ചു.

കടപ്പാട് ശാലോം, നവംബർ 21,2016

"കരുണയുള്ള കർത്താവേ, എന്റെ ശരീരത്തെ അങ്ങേ ആലയമായും എന്റെ ഹൃദയത്തെ അങ്ങേ സിംഹാസനവുമായി, എന്റെ മനസ്സിനെ അങ്ങേ വിനയമുള്ള ദാസനായും എന്റെ സ്നേഹത്തെ അങ്ങേ വിജയ പ്രാപ്തിയാക്കി തീർക്കണമേ."

മാർ ഈവാനിയോസ്

www.malankaralibrary.com

# അഗ്നിമീളേ പുരോഹിതം

ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.
സുപ്പീരിയർ ജനറൽ

പുരോഹിതൻ ദൈവതുല്യനാണ്. ഋഗ്വേദം ആരംഭിക്കുന്നതു തന്നെ അങ്ങനെയാണ്.

ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്വദേവ മൃത്വിജമ്
ഹോതാരം രത്ന ധാതാമമ്

(പുരോഹിതനും യജ്ഞത്തിന്റെ ദേവനും ഋതുക്കൾക്ക് കാരണഭൂതനും മഹാദാനിയും രത്നനിർമ്മാതാവും അഗ്രണിയായ നായകനും ഞാൻ സ്തുതി ചെയ്യുന്നു) വെളിപാടു പുസ്തകത്തിന്റെയും സാക്ഷ്യം മറ്റൊന്നല്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും (വെളിപാട് 20:6).

ക്രിസ്തീയ പൗരോഹിത്യത്തിന് ആത്മസമർപ്പണത്തിന്റെയും ആത്മസാക്ഷാത്കാരത്തിന്റെയും ആത്മവിഭജനത്തിന്റെയും സേവനത്തിന്റെയും മുഖമാണ് യേശു നല്കിയത്. ആചാരപരമായ പൗരോഹിത്യത്തേക്കാൾ സ്വജീവിതം ഹോമം ചെയ്യപ്പെടുന്ന പൗരോഹിത്യമാണ് യേശു വിഭാവനം ചെയ്തത്. മേലാളൻമാരെക്കുറിച്ച് അത്ര നല്ല അഭിപ്രായം പൊതുജനത്തിനില്ലാതിരുന്ന ഒരു സമയത്താണ് ചരിത്രത്തിലൂടെ യേശു കടന്നുപോയത്. രാജ്യഭരണമാണെങ്കിൽ പീഡകന്മാരായും മതഭരണമാണെങ്കിൽ ചൂഷകന്മാരായും ജനാതിപത്യമാണെങ്കിൽ അവസരവാദികളായും അവതരിപ്പിക്കപ്പെട്ടിരുന്ന കാലം. മൂന്നും മോശപ്പെട്ട ഒരു ചിത്രമാണ് സമൂഹത്തിനു കൊടുത്തിരുന്നത്. അസംതൃപ്തരായ അസംഘടിതർ നെടുവീർപ്പിട്ടിരുന്ന ഒരു കാലത്താണ് എല്ലാവരെയും തൃപ്തരാക്കുക (തക്കസമയത്ത് ഭക്ഷണം കൊടുക്കുക) എന്ന ആഹ്വാനത്തോടെ ക്രിസ്തു പൗരോഹിത്യത്തെ അവതരിപ്പിക്കുന്നത്. യജമാനന്മാരോട് അത്രകണ്ട് വിശ്വസ്തത പുലർത്തണമെന്ന് നിർബന്ധമില്ലാതിരുന്ന ഒരു കാലമായിരുന്നു യേശുവിന്റേത്. പൗരോഹിത്യശുശ്രൂഷയിൽ ഭൃത്യൻ

www.malankaralibrary.com

വിശ്വസ്തനായി കാണപ്പെടണമെന്ന് യേശു ആവശ്യപ്പെടുന്നു. പല മനോഭാവങ്ങളിലും നിലകളിലും ഒരു കലാപത്തിന്റെ വക്കുവരെ എത്തിയേക്കാവുന്ന ജനക്കൂട്ടത്തെ സമയത്തിന്റെ സൂചിമുനകൾക്ക് ലവലേശം വ്യത്യാസം വരുത്താതെ തൃപ്തരാകും എന്നുള്ളതാണ് യേശുവിഭാവനം ചെയ്ത പൗരോഹിത്യം.

**1. ഭവനം തിരിച്ചറിയുന്ന ഭൃത്യൻ**

തന്റെ ഭവനത്തിലുള്ളവർക്ക്.... ശുശ്രൂഷജീവിതത്തിന്റെ ആദ്യപടിയാണ് തന്റെ ഭവനം ഏതെന്ന് തിരിച്ചറിയുകയെന്നത്. സങ്കീർത്തകൻ പ്രാർത്ഥിക്കുന്നതുപോലെ യഹോവേ അങ്ങയുടെ ആലയം എത്ര മനോഹരമായിരിക്കുന്നു. അതിന്റെ അങ്കണത്തിൽ വസിക്കുന്നത് യുക്തമാകുന്നു. അന്യഭവനങ്ങളിൽ ആയിരം ദിനങ്ങൾ വസിക്കുന്നതിനേക്കാൾ അങ്ങയുടെ ഭവനത്തിൽ ഒരു ദിനമായിരിക്കുന്നത് അഭികാമ്യം. ആ ഭവനത്തിന്റെ അപജയം കണ്ട് യേശു വിളിച്ചുപറഞ്ഞു "എന്റെ പിതാവിന്റെ ഭവനം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും നിങ്ങളോ അത് കള്ളന്മാരുടെ ഗുഹയാക്കി." പൗരോഹിത്യ ജീവിതത്തിൽ നാം ശുശ്രൂഷിക്കേണ്ട ഭവനങ്ങൾ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. യേശുവിന്റെ സുഹൃദവലയത്തിൽ അന്നത്തെ സമൂഹത്തിൽപ്പെട്ട എല്ലാവരും ഉണ്ടായിരുന്നു. നിയമജ്ഞർ, ഫരിസേയർ, ചുങ്കക്കാരൻ, പാപിനിയായ സ്ത്രീ, കുഷ്ഠരോഗി, കുരുടൻ, സമറായസ്ത്രീ, സമൂഹത്തിന്റെ പരിഛേദനമായ പുരോഹിതൻ സമൂഹത്തിലെ എല്ലാവരെയും തന്റെ ഭവനാംഗമായി കാണേണ്ടതാണ്.

**2. തക്കസമയത്ത് ഭക്ഷണം കൊടുക്കുന്ന ഭൃത്യൻ**

ഒരു വലിയ പ്രപഞ്ചസത്യം. പഴയനിയമം നമ്മെ പഠിപ്പിക്കുന്നു. സൂര്യന്റെ കീഴിലുള്ള എല്ലാത്തിനും ഒരു സമയമുണ്ട്. ജനിക്കാനും മരിക്കാനും ചിരിക്കാനും കരയാനും നടാനും കൊയ്യാനും.... സമയത്തിന്റെ തിരിച്ചറിവുകൾ പൗരോിത്യ വിജ്ഞാനത്തിന്റെ അടിത്തറയാകണം. എന്തുകണ്ടാലും അന്ധമായി ഉൾക്കൊള്ളാതെ വിശകലനബുദ്ധിയോടെ സമീപിച്ച് സമചിത്തതയോടെ ക്രമീകരിച്ച് തന്നെയു മറ്റുള്ളവരെയും ബലപ്പെടുത്തുന്ന ശുശ്രൂഷയാണ്

www.malankaralibrary.com

പൗരോഹിത്യം ഈ സമയബന്ധിത്വം, മുൻഗണനത്വം, ജാഗ്രത പൗരോഹിത്യത്തിന്റെ സത്ഗുണങ്ങളിൽ ഉണ്ടാകണം.

**3. ജ്ഞാനമുള്ള കാര്യസ്ഥൻ**

"ചരിത്രം ബുദ്ധിമാന്മാരുടെ സ്വന്തമാണ്. അത് ഭോഷന്മാരുടെയും'' എന്ന വാക്യത്തെ ശരിവയ്ക്കുന്ന കാര്യവിചാകത്വം. ഭോഷത്വങ്ങളൊന്നും ചരിത്രം ത്യജിക്കുന്നില്ല. ജ്ഞാനിയായ ഭവനവിചാരകൻ ഒരു നൂതന ചരിത്രാണ് രചിക്കുന്നത്. യജമാന്റെ വ്യാപാര നാൾവഴികളിൽ തിളങ്ങിനിൽക്കേണ്ട മറ്റൊരു ചരിത്രം. ഭോഷത്വമുണ്ടാകരുതെന്ന് വച്ചാൽ വീഴ്ച ഭവിക്കരുതെന്ന് സാരം. ഒരുപാടുപേർ ഉണ്ടാകാമെങ്കിലും ഒരു നേർകാഴ്ചയും നിയമിക്കപ്പെടുന്ന പരശതംപേരിൽ ചിലരെ മാത്രമെ കൃത്യനർവ്വഹണതത്പരരായി കണ്ടെത്തുന്നുള്ളു. അങ്ങനെ അരകെട്ടി ശുശ്രൂഷിക്കുന്നതായി കാണപ്പെടുന്നവർ ഭാഗ്യവാന്മാർ, വിജ്ഞാനത്തിന്റെ വചസുകളും സാന്ത്വനങ്ങളും പുരോഹിതന്റെ ഹൃദയത്തിലും അധരത്തിലും ഉണ്ടായിരിക്കണം. ''പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം ജനം പ്രബോധനംതേടി അവനെ സമീപിക്കണം അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്" (മലാ 2:7)

**4. വിശ്വസ്തൻ**

"God call me not to be successfull but to be faithful" മദർ തെരേസായുടെ ഈ അനുഭവസാക്ഷ്യം പൗരോഹിത്യത്തിന്റെ അടിത്തറയാണ്. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ കാര്യസ്ഥൻ കാര്യക്ഷമതപോലെ വിശ്വസ്തത കൂടിയേ തീരൂ. ആധുനിക പൗരോഹിത്യജീവിതങ്ങളെ വിശകലനം ചെയ്യുമ്പോൾ ഈ സത്ഗുണത്തിന്റെ അഭാവം പൗരോഹിത്യത്തെക്കുറിച്ച് വികലമായ കാഴ്ചപ്പാടുകൾ സമൂഹത്തിനു നല്കുന്നു. പൗരോഹിത്യം മനുഷ്യന്റെ തിരഞ്ഞെടുപ്പല്ല ദൈവത്തിന്റെ സമ്മാനമാണ്. വിളി സ്വീകരിക്കാനും തിരസ്കരിക്കാനും നഷ്ടപ്പെടുത്താനുമുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് നല്കിയിട്ടുണ്ട്. യേശു വിളിച്ചവരെല്ലാം അവനെ പിൻചെന്നില്ല. പിൻഗമിച്ചവരെല്ലാം അവസാനത്തോളം നിലനിന്നതുമില്ല. നിലനിന്നവരോ ജീവിതത്തിന്റെ ബലഹീനതകളിൽ പെട്ടുപോവുകയും രക്ഷകന്റെ സന്നിധിയിലേക്ക് തിരിച്ചുവരികയും രക്ഷകനുവേണ്ടി

www.malankaralibrary.com

ജീവിതത്തെ ദഹനബലിയായി അർപ്പിക്കുകയും ചെയ്തു. തന്നോട് ചേർന്നുനിന്നവരുടെ വിശ്വസ്തതയിലാണ് സഭയുടെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നത്. പൗലോസ് ശ്ലീഹായുടെ വചനങ്ങൾ നമ്മെ പ്രചോദിപ്പിക്കുന്നു. "ഇപ്പോൾ ഉള്ളതിനോ വരാതിരിക്കുന്നതിനോ ഉയരങ്ങൾക്കോ ആഴങ്ങൾക്കോ സിംഹാസനങ്ങൾക്കോ ആധിപത്യങ്ങൾക്കോ പീഢനത്തിനോ മരണത്തിനോ കർത്താവായ യേശുവിനോടുള്ള സ്നേഹത്തിൽനിന്ന് എന്നെ അകറ്റിക്കളയില്ല ഈ വിശ്വസ്തതയും സ്നേഹവുമാണ് പൗരോഹിത്യത്തിന്റെ അടിസ്ഥാനം.

**5. പ്രതിഫലം പ്രാപിക്കുന്നവൻ**

വിശ്വസ്തന്റെ പ്രതിഫലംകൂടി കർത്താവ് വ്യക്തമാക്കുന്നു. സ്വപ്നസമാനമായ രീതിയിൽ കാര്യവിചാരകരെ പന്തിക്കിരുത്തി അരയിൽ കെട്ടുകെട്ടി സേവിക്കുന്ന യജമാനനെയാണ് നാം കാണുന്നത്. യജമാനൻ ഭൃത്യനാകുന്ന അവസ്ഥ.

പൗരോഹിത്യത്തിന്റെ അപജയകാഴ്ചകൾ ഇന്ന് സമൂഹത്തിൽ ധാരാളമാണ്. പല ബിനാമികളിലും അകപ്പെട്ട് പൗരോഹിത്യ ശുശ്രൂഷയെ തന്റെ സ്വാർത്ഥലാഭങ്ങൾക്കു വ്യക്തിപരമായ നേട്ടത്തിനും ഉപയോഗിക്കുന്ന പൗരോഹിത്യത്തെ ജനം തിരിച്ചറിയും. അവിഹിത മാർഗ്ഗത്തിലൂടെ ജനത്തെ പ്രീതിപ്പെടുത്തുകയില്ല മറിച്ച് വിശ്വസ്തതയുടെയും സഹനത്തിന്റെയും ആത്മീയതയുടെയും തീച്ചൂളകളിൽ ദൈവജനത്തിന്റെ സംരക്ഷകനും കാവൽക്കാരനും നടത്തിപ്പുകാരനുമാകാനാണ് പുരോഹിതൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഭൂരിപക്ഷം നോക്കി കാളക്കുട്ടിയെ വാർത്തിറക്കി ഒത്തുപിടിച്ച ജനത്തെ സന്തോഷിപ്പിക്കുന്നവനല്ല പുരോഹിതൻ. ജ്ഞാനമുള്ളവനായി ചരിത്രം രചിക്കുകയാണ് പുരോഹിതന്റെ നിയോഗം. അവൻ ദൈവത്തിന്റെ വാക്കും വർത്തനവുമാണ്. ഭോഷത്വപരമായ ചുവടുകൾ സേവനചരിത്രത്തിലെ തീരാകളങ്കം മാത്രമല്ല, ദൈവജനത്തെ വഴി തെറ്റിക്കുക കൂടിയാണ് ചെയ്യുന്നത്. ചുറ്റും നില്ക്കുന്ന സ്തുതിപാടകരെയല്ല ആവശ്യം തന്റെ ജീവിതംകൊണ്ട് തന്നെ അനുധാവനം ചെയ്യുന്ന കുഞ്ഞാടുകളെയാണ് നമുക്കാവശ്യം. പുരോഹിതം (മുമ്പേ ഹിതം അറിയുന്നവൻ) ദൈവത്തിന്റെയും മനുഷ്യന്റെയും ഇഷ്ടം തിരിച്ചറിയുന്നവൻ, ദൈവം

www.malankaralibrary.com

ഇഷ്ടപ്പെടുന്നവനും, ദൈവത്തെ ഇഷ്ടപ്പെടുന്നവനും.

പ്രിയ സഹോദരങ്ങളെ കരുണയുടെ ഈ വർഷം ദൈവം ബഥനി സമൂഹത്തിനുതന്നെ വലിയ കാരുണ്യമാണ് 22 നവവൈദികർ. സമൂഹത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് കർത്താവിന്റെ അൾത്താരയിലേക്ക് ഇത്രയുംപേർ ഒന്നിച്ചുവരുന്നത്. അവരുടെ മാതാപിതാക്കളെ, സഹോദരങ്ങളെ, അവർക്ക് പരിശീലനം നല്കിയ ഗുരുക്കന്മാരെ, അവരെ സംരക്ഷിച്ചു വൈദികരെ, അവരുടെ ദൈവവിളി തിരിച്ചറിഞ്ഞ് അവരെ ആശ്രമത്തിലേക്ക് നയിച്ച വികാരിമാരെ എല്ലാവരെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ സമൂഹം ഓർക്കുന്നു. മറിയം പറഞ്ഞതുപോലെ എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ അവന് എനിക്ക് വലിയ കാര്യങ്ങൾ ചെയ്തുതന്നിരിക്കുന്നു. കാരുണ്യത്തിന്റെ ഈ വർഷം ദൈവം ബഥനിയെ അനുസ്മരിച്ചു എന്നുള്ളതിന്റെ ജീവിതസാക്ഷ്യങ്ങളായി ഈ 22 വൈദീകരും തങ്ങളുടെ ശുശ്രൂഷാ മേഖലകളിൽ ദൈവത്തെ കൊടുക്കുന്നവരായി, ദൈവത്തിനു വേണ്ടി ജീവിക്കുന്നവരായി, മറ്റു മനുഷ്യരുടെ ജീവിതത്തിൽ ദൈവമായി തീരുന്നവരായി ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"കർത്താവേ, മാലാഖമാർപോലും സൂക്ഷിച്ചുനോക്കുവാൻ വാഞ്ചിക്കുന്ന നിന്റെ മഹാ വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ എന്നെ യോഗ്യനാക്കിയല്ലോ. നിന്റെ കൃപയാലും ബഹുലമായ കരുണയാലും നിന്റെ ജനത്തിന്റെ പാപങ്ങൾ പരിഹരിക്കുകയും നിന്റെ ഇടവകയുടെ കുറ്റങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ. കർത്താവേ, പാപപങ്കിലമായ എന്റെ കൈകളാൽ അർപ്പിക്കപ്പെടുന്ന ഈ ബലി നീ സ്വീകരിക്കണമേ. കർത്താവേ, ഇതിനാൽ പാപികൾക്ക് മോചനം നൽകണമേ; തെറ്റുകാരോടു ക്ഷമിക്കണമേ; അനുതാപികളെ കൈക്കൊള്ളണമേ."

കുർബാന തക്സ

www.malankaralibrary.com

# നവാഭിഷിക്തർക്ക് സ്വാഗതം

ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.
പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രോവിൻസ്

ഈ വർഷം ബഥനി കൂടുതൽ അനുഗ്രഹീതയായിരിക്കുകയാണ്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റിക്കൊണ്ട് 22 ബഥാനിയർ അഭിഷിക്തരാകുന്നു. ബഥനിയ്ക്ക് അഭിമാനത്തിന്റെ നിമിഷങ്ങൾ!

നവാഭിഷിക്തരാകുന്ന Godwin Christo, Joshy Raymond, Thomas Francis, Samuel George, Reji Simon, Ebin Panicker, George Solomon, Blessen Mathew, Abel Mathew, Prince Alex, Jestin Thomas, Philipose John, John Elias, John Paul, Francis Kurian, Christuraj, Dany Mathew, Cyril Michael, Monson Kuriakkose, Vijoy Varghese, Joseph Angelo, Libin Varghese എന്നീ വൈദികരെ ബഥനിയുടെ വൈദീക കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. എല്ലാവരിലും ദൈവാനുഗ്രഹത്തിന്റെ പെരുമഴ ചൊരിയണമെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാവരും ദൃഷ്ടാന്ത ബഥാനിയരാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

“സമൂഹത്തിലേക്കുള്ള ദൈവവിളി ദൈവം നോക്കിക്കൊള്ളും; വിളിയ്ക്കപ്പെട്ട നാം ഓരോരുത്തരും വിളിക്കപ്പെട്ട വിളിക്ക് യോഗ്യരായി ജീവിച്ചാൽ മതി” എന്ന് ഒരിക്കൽ ഒരു പൊതുവേദിയിൽ ഞാൻ പറഞ്ഞത് ഇത്തരുണത്തിൽ ഓർക്കുന്നു. എപ്പോഴൊക്കെ സമൂഹാംഗങ്ങൾ സന്ന്യാസജീവിതവിളിയ്ക്ക് യോഗ്യമല്ലാത്ത, സിദ്ധിയ്ക്ക് സാക്ഷ്യം വഹിക്കാത്ത ജീവിതശൈലിയിലേയ്ക്ക് തരം താഴ്ത്തപ്പെട്ടിട്ടുണ്ടോ അപ്പോഴൊക്കെ ദൈവവിളിയും കുറഞ്ഞിട്ടുണ്ട്. വിളിക്കപ്പെട്ടവരുടെ വിശ്വസ്തജീവിതവും ദൈവവിളിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് സന്ന്യാസഭയെക്കുറിച്ചും രൂപതാവൈദികരെക്കുറിച്ചും പറയുവാൻ കഴിയും. ബഥനിയുടെ ചരിത്രത്തിൽ ഇത്രയധികം വൈദികരൊന്നിച്ച് പട്ടമേൽക്കുന്നത് ഇദം പ്രഥമായിട്ടാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ ബഥനി ആദ്ധ്യാത്മീയ

www.malankaralibrary.com

വളർച്ചയുടെയും പാതയിലാണ്. ഈ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ അല്ലെങ്കിൽ ബഥനി പിന്നോട്ടടിക്കപ്പെടാതിരിപ്പാൻ വല്യച്ചനെന്നോ കൊച്ചച്ചനെന്നോ പ്രായഭേദമെന്യേ നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഇത്തരുണത്തിൽ നവവൈദീകരെ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**നിങ്ങൾ എടുക്കേണ്ട പ്രതിജ്ഞകൾ**

1. ബഥനിയുടെ സിദ്ധി എന്നിലൂടെ നിറവേറ്റപ്പെടും.
2. എന്നെ വിളിച്ച ദൈവവുമായുള്ള എന്റെ ഉടമ്പടി മറന്ന് ഒരു നിമിഷം പോലും ഞാൻ ജീവിക്കില്ല.
3. സമൂഹത്തിന്റെ നിയമങ്ങളും ആചാരങ്ങളും അഭംഗുരം ഞാൻ പാലിച്ചു ജീവിക്കും.
4. ക്രിസ്തുവും സമൂഹസ്ഥാപകനുമാകുന്നു എന്റെ ജീവിതമാതൃക.
5. ബഥനിയിൽ ഞാനൊരു ദൃഷ്ടാന്തസന്ന്യാസിയായി ജീവിക്കും.

നൂറാം ജന്മദിനമാഘോഷിക്കുവാൻ ഒരുങ്ങുന്ന ബഥനിയുടെ ഇളയ സന്താനങ്ങളായ നിങ്ങളെ ബഥനിയുടെ ശതാബ്ദി നവോത്ഥാനത്തിന്റെ വക്താക്കളും കാഹളമൂത്തുകാരും മുന്നണി പോരാളികളുമാകുവാൻ ദൈവം ക്ഷണിക്കുന്നു. ഈ ക്ഷണം ധൈര്യപൂർവ്വം സ്വീകരിച്ച് ദൗത്യം നിറവേറ്റുവാനുള്ള ചങ്കൂറ്റം നിങ്ങൾക്ക് ലഭിക്കുവാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ആയിരമായിരം ആശംസകൾ നേരുന്നു. ജയ് ബഥനി.

> "കർത്താവേ, ഞാൻ പ്രവർത്തിച്ചിട്ടുള്ള നിന്ദ്യമായ കാര്യങ്ങളിൽ നീ സൂക്ഷിച്ചു നോക്കിയിട്ട് നിന്റെ ഇടവകയിലെ വിശേഷജ്ഞാനമുള്ള ആടുകളിൽനിന്ന് പരിശുദ്ധറൂഹായെ നീ നിരോധിക്കരുതേ. എന്റെ പ്രവൃത്തികളുടെ മാലിന്യം നിമിത്തം നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ള നിന്റെ ഇടവകയിൽനിന്നു നിന്റെ കരുണ തടയുകയും അരുതേ.
>
> കുർബാന തക്സ

www.malankaralibrary.com

# ദൈവത്തിന്റെ കയ്യൊപ്പ് സ്വീകരിക്കുന്ന ധന്യ നിമിഷത്തിൽ

ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ. ഐ. സി.
പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രോവിൻസ്

ശതാബ്ദിയിലേക്ക് നീങ്ങുന്ന ബഥനിയെ സംബന്ധിച്ചിടത്തോളം ഇത് ചരിത്രപരമായ നിമിഷങ്ങളാണ്. ബഥനിയുടെ ചരിത്രത്തിൽ ഇദം പ്രഥമമായിട്ടാണ് 22 പേർ പരിശുദ്ധാത്മാഭിഷേകത്തിലൂടെ പൗരോഹിത്യ ശുശ്രൂഷ സ്വീകരിക്കുന്നത്. പ്രേഷിതരംഗത്ത് എന്നും നൂതനമായ കാൽവയ്പ്പുകൾ നടത്തിയിട്ടുള്ള ബഥനിക്ക് തുടർന്നും മുന്നേറ്റം നടത്തുവാനുള്ള സുവർണ്ണാവസരമാണ് ദൈവം ഒരുക്കിയിരിക്കുന്നത്. ബഥനിയുടെ സിദ്ധിയും, വ്യക്തിത്വവും കൈമോശം വരാതെയും, അടിയറവയ്ക്കാതെയും, മലങ്കരകത്തോലിക്കാസഭക്ക് പ്രത്യേകമായും, സാർവ്വത്രികസഭയുടെ ആവശ്യങ്ങളോട് ചേർന്ന് നിന്നുകൊണ്ടും മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ നവവൈദികർ ഒരുങ്ങുകയാണ്. 12-ഉം14-ഉം വർഷങ്ങൾ സന്യാസ വൈദിക പരിശീലനം നേടി, കർമ്മഭൂമിയിലേക്ക് പദമൂന്നുന്ന നവവൈദികർക്ക് ബഥനി സമൂഹം ഏല്പിക്കുന്ന നിയോഗങ്ങളെ, നിർമ്മലമായ സന്യാസ-വൈദിക ജീവിതത്തിന്റെ സാക്ഷ്യത്തിലൂടെ സാക്ഷാത്കരിക്കുവാൻ ആവശ്യമായ ആത്മീയബലം ദൈവം പ്രദാനം ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈ നവവൈദികരുടെ പരിശീലനത്തിന്റെ ആരംഭനാൾ മുതൽ ഈ നിമിഷംവരെയും ഇവരെ അനുധാവനം ചെയ്യാൻ നിയോഗം ലഭിച്ച വ്യക്തിയെന്ന നിലയിൽ, എനിക്ക് വ്യക്തിപരമായി ഇത് ആത്മനിർവൃതിയുടെ നിമിഷങ്ങൾ കൂടിയാണ്. വ്യതിരക്തമായ കഴിവുകൾകൊണ്ട് ദൈവം ഈ 22 നവ വൈദീകരെയും അലങ്കരിച്ചിരിക്കുന്നു. ലോകത്തെ കരുണകൊണ്ട് പുതപ്പിക്കുവാൻ ആഹ്വാനം ചെയ്ത പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പയുടെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം. ദൈവത്തിൽ നിന്ന് പൗരോഹിത്യശുശ്രൂഷയുടെ കയ്യൊപ്പ് സ്വീകരിക്കുന്ന നമ്മൾ ദൈവത്തിന്റെ കരുണയുടെ മുഖം നമ്മിലൂടെ

www.malankaralibrary.com

ലോകത്തിന് അനുഭവവേദ്യമാക്കുമ്പോഴാണല്ലോ സന്യാസവും, പൗരോഹിത്യവും ഈ കാലഘട്ടത്തിൽ പ്രസക്തമാകുന്നത്. പൗരോഹിത്യത്തെ ആസ്പദമാക്കി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്ന ഏഴ് കാര്യങ്ങൾ (7 pillars) നമ്മുടെ ഹൃദയത്തോട് നമുക്ക് ചേർത്ത് വയ്ക്കാം.

1. The strength of a priest depends on his relationship with Christ
2. Just as he must be close to Christ so the priest must be close to the people he serves
3. A priest's authority must be linked to service, especially to the care and protection of the poorest, weakest, the least important and most easily forgotten
4. The priest must be a minister of mercy.
5. The priest is called to simplicity of life.
6. The priest must be a model of integrity.
7. Finally the priest is to be a source of blessing for his people.

നമ്മുടെ സന്യാസ പൗരോഹിത്യ ജീവിതം ലോകത്തിന് അനുഗ്രഹമാകട്ടെ. നവാഭിഷിക്തരായിരിക്കുന്ന 22 കുഞ്ഞനുജന്മാർക്കും ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രാർത്ഥനാശംസകൾ.

സന്ന്യാസജീവിതത്തിലേക്ക് അനേകരെ ദൈവം ആകർഷിച്ചു കൊണ്ടുവരുന്നതിനും, അവരുടെ പരിശീലനവും ജീവിതവും പൂർണ്ണമായ ദൈവമഹത്വത്തിനായി തീരുന്നതിനുംവേണ്ടി പ്രാർത്ഥിക്കുക.

മാർ ഈവാനിയോസ്

www.malankaralibrary.com



# സ്തുത്യർഹമായ ജീവിതത്തിന്റെ ഉടമ ഗോഡ്വിൻ ക്രിസ്റ്റോ അച്ചൻ

ബ്രദർ ജോൺസൺ ഒ.ഐ.സി.

പനയറക്കൽ പരേതരായ ക്രിസ്തുദാസിന്റെയും ജസ്സിയുടെയും ഏഴു മക്കളിലെ ആറാമത്തെ മകനായി 1974 ഡിസംബർ 26 ന് ജനിച്ചു. വിനു പനയറക്കൽ എന്ന നാമമാണ് മാതാപിതാക്കൾ നല്കിയത്. പെരുവിള LMS സ്കൂളിൽ UP പഠനവും LVHS-ൽ ഹൈസ്കൂൾ പഠനവും പൂർത്തിയാക്കി. തുടർന്ന് കുടുംബത്തിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് സ്വഭവനത്തിൽ തന്നെ നിലകൊണ്ടു. ഈ സമയത്ത് സ്വന്തം കുടുംബത്തിനും, ഇടവകയ്ക്കും അഭിമാന വ്യക്തിത്വമായി വിനു വളർന്നുവന്നു. വളരെ ചെറുപ്പം മുതലേ ദേവാലയ ശുശ്രൂഷകനായി ഭയഭക്തി നിറഞ്ഞ പെരുമാറ്റങ്ങളിലൂടെ എല്ലാവർക്കും പ്രിയങ്കരനായിരുന്നു. ബാല്യകാലത്ത് അമ്മയുടെ വേർപാട് അനുഭവിക്കേണ്ടിവന്നു. തുടർന്ന് 6 സഹോദരങ്ങളുടെയും, പിതാവിന്റെയും സ്നേഹലാളനത്തിൽ വളരുകയും, കുടുംബത്തിന്റെ പുരോഗതിക്കും സുസ്ഥിതിക്കുംവേണ്ടി രാവോളം പ്രയത്നിക്കുകയും ചെയ്തു.

2003-ൽ ദൈവവിളി തിരിച്ചറിഞ്ഞ് ഒരു സന്ന്യാസ വൈദികൻ ആകാൻവേണ്ടി നാലാഞ്ചിറയിലെ മേക്കോണം ബഥനി ആശ്രമത്തിലേക്ക് കടന്നുവന്നു. യഥാർത്ഥ തീക്ഷ്ണതയോടെ എല്ലായിടത്തും എല്ലാവരുടെയും പ്രീതിപാത്രമായി മാറി. ഏല്പിക്കുന്ന ഒരു കാര്യത്തോടും No പറയാതെ അതിന്റെ പൂർണ്ണതയിൽ ചെയ്ത് തീർക്കുവാനും, പ്രാർത്ഥന, പഠനം, അദ്ധ്വാനം, പരസ്പരസ്നേഹം, തുടങ്ങിയ എല്ലാ തരത്തിലുള്ള കാര്യങ്ങളിൽ മുൻപന്തിയിൽ നില്ക്കാൻ പരിശ്രമിച്ചു. +1, +2 പഠനം ബഥനി കേളേജിൽ നിർവ്വഹിച്ചു. ഉന്നതമായ വിജയം കരസ്ഥമാക്കി ധർമ്മ ശിഷ്യപദം ആലുവയിലെ അശോകപുരം ബഥനി ആശ്രമത്തിൽ നിർവ്വഹിക്കുവാൻ അയയ്ക്കപ്പെട്ടു.

www.malankaralibrary.com

ധർമ്മശിഷ്യപദം സ്തുത്യർഹമായ രീതിയിൽ പൂർത്തിയാക്കി വ്രതവാഗ്ദാനം ബർണബാസ് പിതാവിന്റെ മുമ്പാകെ നടത്തി ഇതിനോടുചേർന്ന് ഗോഡ്വിൻ ക്രിസ്റ്റോ എന്ന നാമം സ്വീകരിച്ചു.

തുടർന്ന് നാലാഞ്ചിറയിൽ തിരികെവന്ന് ബഥനി കോളേജിൽ മൂന്നുവർഷ ഡിഗ്രി പഠനം നടത്തി. കേരള യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദം നേടി പൂനJDVയിലേക്ക് തത്വശാസ്ത്ര പഠനത്തിനായി അയ്ക്കപ്പെട്ടു. രണ്ട് വർഷത്തെ ഫിലോസഫി പഠനം പൂർത്തിയാക്കി. നാലാഞ്ചിറ മേക്കോണം ആശ്രമത്തിലെ റീജന്റ് ആയി നിയമിക്കപ്പെട്ടു. ഒരു വർഷത്തെ റീജൻസി കാലത്ത് ഒരുപാട് കാര്യങ്ങളിൽ വ്യാപൃതനായിരുന്നു. എല്ലാ തലത്തിലും തന്റെ കഴിവും, നേതൃത്വവും കാര്യപ്രാപ്തിയും സ്നേഹമനോഭാവവും എല്ലാവർക്കും കാണുവാൻ ഇടയായി. തുടർന്ന് ദൈവശാസ്ത്ര പഠനത്തിനായി മധ്യപ്രദേശിലെ സാറ്റ്ന സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. അവിടെയും ബഥനിയുടെ ചൈതന്യവും എളിമയും കാട്ടികൊണ്ട് മറ്റ് സമൂഹത്തിലെ ശെമ്മാശൻമാർക്ക് ഒപ്പം ജീവിച്ചു. ഈ കാലത്ത് അനേകം മിഷൻ അനുഭവങ്ങൾ ആർജ്ജിച്ചെടുക്കുകയും അനേകർക്ക് അറിവ് പകർന്നു കൊടുക്കുകയും ചെയ്തു.

ഗോഡ്വിൻ ശെമ്മശാൻ എന്നും ബഥനിയുടെ പൊൻതൂവലായി നിലകൊള്ളട്ടെ. ദൈവവചനപ്രഘോഷണം നടത്താനും, ക്ലാസുകൾ എടുക്കാനുമുള്ള കഴിവ് ഏറെ പ്രശംസനീയമാണ്. അതുപോലെതന്നെ സഹോദരങ്ങളോടുള്ള കരുതൽ, സ്നേഹം, പ്രാർത്ഥനാചൈതന്യം എടുത്തുപറയേണ്ട ഗുണങ്ങളാണ്. അതുപോലെ എന്തിനും ആശ്വാസവാക്ക് പറയുവാനും സ്നേഹബുദ്ധിയായി തിരുത്തലുകൾ നല്കുവാനും ഒരു നല്ല മനസ്സുണ്ട്. കുഞ്ഞനുജന്മാരായി ഞങ്ങളെ കാണുകയും, വഴികാട്ടുകയും, തുടർന്നും ഇത് ചെയ്തുകൊണ്ട് ഇനിയും വരുന്ന നാളുകളിൽ ബഥനി സന്ന്യാസ സമൂഹത്തിനുവേണ്ടി ശുശ്രൂഷ പൗരോഹിത്യം അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കുവാൻ കഴിയട്ടെ എന്നും പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# നന്ദിനിറഞ്ഞ ഹൃദയത്തോടെ....

**ഫാ. ഗോഡ്‌വിൻ ക്രിസ്റ്റോ ഒ.ഐ.സി.**

ദൈവത്തിന്റെ അനന്തകരുണയാൽ ഇന്ന് ശുശ്രൂഷാ പൗരോഹിത്യം സ്വീകരിക്കുമ്പോൾ ഏറെ സന്തോഷത്തോടെ ദൈവത്തിന് നന്ദി പറയുകയാണ്. ഒന്നുമില്ലായ്മയിൽനിന്ന് ദൈവം എന്നെ വളർത്തി കർത്താവിന്റെ ബലിപീഠത്തിലെ ശുശ്രൂഷകനാക്കി മാറ്റുമ്പോൾ പ്രാർത്ഥനയായ്, കരുണയായ് എന്റെ ജീവിതത്തിലേക്കു കടന്നുവന്ന ഒത്തിരി മുഖങ്ങളെ നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

- എനിക്ക് ജന്മം നൽകി വളർത്തി ദൈവസ്നേഹത്തിന്റെ വിത്തുകൾ എന്റെ ഹൃദയത്തിൽ പാകി, ജീവിതംകൊണ്ട് എനിക്ക് ദൈവത്തെ പരിചയപ്പെടുത്തിയ, ഇപ്പോൾ സ്വർഗ്ഗത്തിലിരുന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന, എന്നെ അനുഗ്രഹിക്കുന്ന എന്റെ പപ്പയും അമ്മയും.
- സ്നേഹവും വാത്സല്യവും പ്രോത്സാഹനവും നൽകി എന്റെ കൂടെ നിൽക്കുന്ന സഹോദരങ്ങൾ!
- പ്രാർത്ഥനയുടെ കരങ്ങളുയർത്തുന്ന പ്രിയപ്പെട്ട ഇടവകാംഗങ്ങൾ, വികാരിമാർ, സിസ്റ്റേഴ്സ്, സുഹൃത്തുക്കൾ.
- അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഗുരുക്കന്മാർ.
- എന്നെ ഞാനാക്കിത്തീർത്ത ബഥനി ആശ്രമാംഗങ്ങൾ.
- കരുണയുടെ മുഖവുമായി എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന സഹപാഠികൾ
- എനിക്കായി ഇന്നും പ്രർത്ഥനയുടെ കരങ്ങൾ ഉയർത്തുന്ന നിങ്ങൾക്കെല്ലാവർക്കും നന്ദി.

തുടർന്നും പ്രാർത്ഥിക്കണെ!

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

www.malankaralibrary.com



# കിളിമാനൂർ വൈദിക ജില്ലയിൽ നിന്നുള്ള ആദ്യത്തെ സന്ന്യാസി വൈദികൻ

**ബ്രദർ രാജേന്ദ്രനും കുടുംബാംഗങ്ങളും**
ഫാ.ജോഷി റയ്മണ്ടച്ചന്റെ പിതാവ്

"അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുന്നില്ല" (ഹെബ്രാ 5:4). "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല. ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ. 15:16). "കർത്താവ് എന്നോടു അരുളിചെയ്തു. മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറമിയ 1:4-5).

തിരുവനന്തപുരം മേജർ അതിരൂപതയിലുള്ള ഒരു മിഷൻ ജില്ലയിലാണ് കിളിമാനൂർ വൈദികജില്ല. ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ 1967-68ൽ കിളിമാനൂർ ടൗണിനോടുചേർന്ന്, കാലം ചെയ്ത അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവും, ബഹുമാനപ്പെട്ട ലോറൻസ് അച്ചനും (അഭിവന്ദ്യ - ലോറൻസ് മാർ അപ്രേം പിതാവ്) കൂടി കിളിമാനൂരിൽ ഒരു ഹൈന്ദവനായർ കുടുംബ തറവാട്, അറയും, പുരയും ഉള്ള വീടോടുകൂടി ഏകദേശം ഒന്നര ഏക്കർ പുരയിടം - അന്നത്തെ ഒരു പഞ്ചായത്ത് മെമ്പർ ശ്രീ.മാധവൻപിള്ളയുടെ പക്കൽനിന്നും വിലയ്ക്കുവാങ്ങി - ബഹു.ഫ്രാൻസിസ്കൻ സന്ന്യാസസമൂഹത്തെ സുവിശേഷ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു. "സെന്റ് പോൾസ് മിഷൻ കേന്ദ്രം" - എന്ന പേരിൽ സുവിശേഷ പ്രവർത്തനം ആരംഭിച്ചു.

**ചരിത്രപശ്ചാത്തലം**

ഹൈന്ദവരും, ഹൈന്ദവക്ഷേത്രങ്ങളും മാത്രം ഉണ്ടായിരുന്ന ഈ പ്രദേശത്ത് മരുന്നിനുപോലും ഒരു കത്തോലിക്കാ ക്രൈസ്തവ കുടുംബം ഉണ്ടായിരുന്നില്ല.

www.malankaralibrary.com

1968ൽ കേരള ജനതയെ ഞെട്ടിപ്പിച്ചതായ ഒരു ഭീകര സംഭവം ഉണ്ടായി. കിളിമാനൂർ, നഗരൂർ, പാങ്ങോട്, കുമ്മിൾ എന്നീ പ്രദേശത്ത് ഭീകരമായ ഒരു നക്സലൈറ്റ് ആക്രമണം ഉണ്ടായി. പട്ടാപകൽ ടി സ്ഥലങ്ങളിൽ താമസിച്ചിരുന്ന ജന്മിമാരുടെ തലവെട്ടിയെടുത്ത് നടുറോഡിൽ പ്രദർശിപ്പിച്ചു. ഈ സംഭവം ഒരു കാട്ടുതീപോലെ ലോകംമുഴുവനും പരന്നു. ജനസമൂഹം, ഭയത്തിലും, ഭീതിയിലും വളരെക്കാലം വീടിന് പുറത്തിറങ്ങാതെ കഴിയേണ്ടിവന്നു. ജനജീവിതം താറുമാറായി. സമാധാനവും, ശാന്തിയും നഷ്ടപ്പെട്ടു. ഈ സാഹചര്യത്തിലാണ് ഹൈന്ദവസഹോദരങ്ങളെ യേശുവിന്റെ സ്നേഹവലയത്തിൽ കൊണ്ടുവന്നത്. നിരവധി ഹൈന്ദവയുവാക്കളുമായി വീടുകൾ തോറും ബഹു.സന്ന്യാസികൾ കയറി ഇറങ്ങി യേശുവിന്റെ സ്നേഹം പകർന്നുകൊടുത്ത് യഥാർത്ഥ ശാന്തിയും, സമാധാനവും ഈ പ്രദേശങ്ങളിൽ ഉണ്ടായത്. ആരംഭകാലത്ത് നാട്ടുകാരിൽനിന്നും ധാരാളം എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ച യേശുനാഥന്റെ സ്നേഹവും കരുണയും എല്ലാവരോടും ബഹു.മിഷനറിമാർ സ്വന്തംജീവിത സാക്ഷ്യത്തിലൂടെ അവർക്കു നല്കി. കാലക്രമേണ കൊടും ശത്രുക്കൾപോലും ആശ്രമത്തിലെ ഉത്തമ സ്നേഹിതരും, സേവകരും, സഹോദരങ്ങളുമായി മാറി.

പാപ്പാല, വയ്യാറ്റിൻകര, അടയമൺ, തട്ടത്തുമല, ദർപ്പക്കാട്ട് വട്ടക്കരിക്കം, ഭരതന്നൂർ, പാലോട്ട് ജവഹർകോളനി, ചിപ്പൻചിറ, ആറാംതാനം, കാരേറ്റ്, മഞ്ഞപ്പാറ, പ്ലാവോട്ട്, ഗുരുനാഗപ്പൻകാവ്, കീഴായിക്കോണം, ചെമ്പൂര് - ഊരകം മുതലായസ്ഥലങ്ങളിൽ, അന്നത്തെ മിഷ്യൻ സുപ്പീരിയർ ആയിരുന്ന ബ്രദർ ക്രിസ്പിന്റെ നേതൃത്വത്തിൽ ചെറിയ, ചെറിയ ക്രിസ്തീയ കൂട്ടായ്മകൾക്ക് രൂപം നല്കി. ടി സ്ഥലങ്ങളിൽ ഉള്ള ഒരു ഭവനത്തിൽ - അഞ്ചും ആറും അംഗങ്ങളെ കൂട്ടി പാട്ടും, പ്രാർത്ഥനയും, വചനശുശ്രൂഷയും നടത്തി. കാലക്രമേണ ടി സ്ഥലങ്ങളിൽ ഓലഷെഡുകൾ സ്ഥാപിച്ച് ആരാധനയും ക്രൈസ്തവവിശ്വാസികളുടെ കൂട്ടായ്മയും വളർത്തി.

ഞാൻ വാമനപുരം പാലത്തിനു സമീപമുള്ള ഒരു ഹൈന്ദവ പാരമ്പര്യത്തിൽ ജനിച്ചുവളർന്ന പുരാതന കുടുംബത്തിലെ ഒരു അംഗമായിരുന്നു. ആണ്ടുതോറും ശബരിമല സീസൺ സമയത്ത് ഞങ്ങളുടെ ക്ഷേത്രത്തിനു സമീപം ഭജനപ്പുര കെട്ടി - ശബരിമല ഭക്തരുടെ വീടുകളിൽപോയി ഭജനയ്ക്ക് നേതൃത്വം കൊടുക്കുന്ന

www.malankaralibrary.com

വ്യക്തിയായിരുന്നു. ബഹു.ക്രിസ്പിൻ ബ്രദറും കൂട്ടരും ഞങ്ങളുടെ ഭവനത്തിൽ ആഴ്ചയിൽ നാലുദിവസമെങ്കിലും വരികയും, ഞങ്ങളെ ക്രിസ്തുവിശ്വാസത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. അപ്പോൾ ഞങ്ങൾ സംഘം ചേർന്ന് ബഹു.മിഷനറി മാരെ എതിർക്കുകയും, ഭീഷണിപ്പെടുത്തുകയും, ക്രിസ്പിൻ ബ്രദറിനെ കൊല്ലുമെന്നു പറഞ്ഞ് മാരകായുധം കാട്ടി വിരട്ടി ഓടിക്കുകയും ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ സാവൂൾ പൗലോസായി മാറിയതുപോലെ കാലക്രമേണ ഞാൻ മാനസാന്തരപ്പെട്ട് യേശുനാഥന്റെ ഒരു ശിഷ്യനായി തീർന്നു. തുടർന്ന് ബ്രദർ ക്രിസ്പിന്റെകൂടെ പ്രേഷിതപ്രവർത്തനം ചെയ്യുന്നതിന് കർത്താവായ ദൈവം എന്നെ വിളിച്ചു. ജെറമിയ 1:4-5 തിരുവചനം എന്നിലും പൂർത്തിയായി. ക്രമേണ എന്റെ മാതാപിതാക്ക ളേയും, എട്ട് സഹോദരങ്ങളെയും പ്ലാവോട്ട് മിഷനിൽ ജ്ഞാനസ്നാന പ്പെടുത്തി: ക്രൈസ്തവ വിശ്വാസത്തിൽ കൊണ്ടുവന്നു.

ബഹു.ക്രിസ്പിൻ ബ്രദറും, ഞാനും കൂടിചേർന്ന് ഊരകം പ്രദേശത്ത് സുവിശേഷപ്രവർത്തനം നടത്തി അവസാനം രൂപംകൊണ്ടു ക്രൈസ്തവകൂട്ടായ്മയാണ് ഊരകം ഇടവക. 1974 മുതൽ 1977 വരെ തിരുവനന്തപുരം അതിരൂപതയിൽ ബഹു.മത്തായി മലഞ്ചെരുവിൽ അച്ചന്റെ നേതൃത്വത്തിൽ കുറവൻ കോണം പാസ്റ്ററൽ എഡ്യുക്കേഷൻ സെന്ററിൽവച്ച്- മൂന്നുവർഷത്തെ മതബോധന പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരു അംഗമാകുന്നതിന് എനിക്കും അവസരം ലഭിച്ചു. ഇത് ഒരു ദൈവവിളിയായിരുന്നു. 3 വർഷത്തെ മത ബോധന പരിശീലനം പൂർത്തിയാക്കി വിജയിക്കുകയും, അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവിന്റെ കൈവയ്പ് ലഭിച്ച് - "മലങ്കര സുവിശേഷം സംഘം ബ്രദേഴ്സ്" എന്ന പേര് ഔദ്യോഗികമായി ഞങ്ങൾ 36 പേർക്ക് നല്കി - ഞങ്ങളെ ഫുൾടൈം പ്രേഷിതശുശ്രൂഷകരായി മലങ്കര സഭ യുടെ വിവിധ മിഷനുകളിലും, പള്ളികളിലും അഭിവന്ദ്യപിതാവ് ഞങ്ങ ൾക്ക് പ്രത്യേക കല്പന നല്കി. ബഹു.വികാരിയച്ചന്മാരോട് ചേർന്ന് വി.കൂദാശ പരികർമ്മം ഒഴികെയുള്ള ശുശ്രൂഷകൾക്കായി നിയമിച്ചു.

വിശുദ്ധ കുർബാനയ്ക്ക് ശുശ്രൂഷിക്കുക. പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുക, ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തുക. ബഹു.അച്ചന്മാർ കടന്നുവരാത്ത മിഷൻ പള്ളികളിൽ പോയി വചനശുശ്രൂഷ നടത്തുക; മാമ്മോദീസായും വി.കുർബാനയ്ക്കും, പുതിയതായിവരുന്ന വിശ്വാസികളെ പരിശീലിപ്പിക്കുക. വിശ്വാസം പഠിപ്പിക്കുക. പുതിയ മിഷനുകൾ കണ്ടുപിടിച്ച് അവിടെയുള്ള ഹൈന്ദ

www.malankaralibrary.com

വരെ കൂട്ടി ക്രൈസ്തവകൂട്ടായ്മകൾ സ്ഥാപിക്കുക. ദൈവവചനം പ്രസംഗിക്കുക മുതലായ പ്രേഷിത പ്രവർത്തനങ്ങളായിരുന്നു ഞങ്ങളുടെ ശുശ്രൂഷകൾ. കിളിമാനൂർ ജില്ലയിൽ ഇരുപതോളം മിഷനുകൾ ആരംഭിക്കുന്നതിന് ദൈവകൃപയാൽ എനിക്കും പങ്കാളിയാകുന്നതിന് കഴിഞ്ഞു. ഏശയ്യ 41:10ൽ പറയുന്ന കർത്താവിന്റെ വചനം എന്റെ ജീവിതത്തിൽ അനുഭവവേദ്യമായിത്തീർന്നു.

"ഭൂമിയുടെ അതിർത്തികളിൽനിന്ന് ഞാൻ നിന്നെ തെരഞ്ഞെടുത്തു. വിദൂരദിക്കുകളിൽനിന്നു ഞാൻ നിന്നെ വിളിച്ചു. ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ട - ഞാനാണ് നിന്റെ ദൈവം ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും" (ഏശയ്യാ 41:10). കഴിഞ്ഞ 46 വർഷമായി ഞാൻ സഭയിൽ പ്രേഷിത ശുശ്രൂഷ ചെയ്യുന്നു. ഞങ്ങൾക്ക് ദൈവം ആറു മക്കളെ ദാനമായി തന്നു (നാല് ആൺ, 2 പെൺ). അതിനാൽ നാലാമത്തെ മകനാണ് ബ്രദർ ജോഷി. എന്റെ ദൈവവിളിയിൽനിന്നുള്ള ഉൾവിളിയാണ് ജോഷിമോന്റെ ദൈവവിളിയെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

ജോഷിമോന്റെ പൗരോഹിത്യദൈവവിളിയെ കുറിച്ച് ഓർമ്മിക്കുമ്പോൾ ഈ മകൻ കുട്ടിക്കാലംമുതൽ ക്രിസ്തീയ വിശ്വാസ ജീവിതത്തിൽ അടിയുറച്ചു ജീവിതം നയിക്കുന്ന ഒരു മകനായിരുന്നു. ദൈവാലയ ത്തിൽ പോകുന്നതിനും, വിശുദ്ധ കുർബാനയ്ക്ക് ശുശ്രൂഷിക്കുന്ന തിനും, സൺഡേസ്കൂൾ പഠിക്കുന്നതിനും വളരെ ശുഷ്കാന്തി ഉണ്ടായിരുന്നു. സൺഡേസ്കൂൾ XIIവരെ പഠിച്ച് സർട്ടിഫിക്കറ്റുവാങ്ങി. ഇടവകയിലും, കുടുംബത്തിലും ഉള്ള പ്രാർത്ഥനയ്ക്ക് വളരെ ഭക്തിയോടുകൂടി പങ്കെടുക്കുമായിരുന്നു. ചിട്ടയോടുകൂടിയ ഒരു ആത്മീയജീവിതം ജോഷിമോന്റെ പ്രത്യേകതയായിരുന്നു.

ബൈബിൾ കലോത്സവത്തിന് ഇടവകയിലും, ജില്ലയിലും, ധാരാളം സമ്മാനങ്ങളും ട്രോഫികളും കരസ്ഥമാക്കിയിട്ടുണ്ട്. പല വർഷവും, ജില്ലയിൽ കലാപ്രതിഭ എന്ന സ്ഥാനവും ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വൈദികരോട് പ്രത്യേകം സ്നേഹവും ബഹുമാനവും ആദരവും പുലർത്തിയിരുന്നു.

www.malankaralibrary.com

മക്കളോട് വൈദികരാകാൻ പോകണമെന്ന് ഞങ്ങൾ ആരെയും നിർബന്ധിച്ചിട്ടില്ല. എന്നാൽ ബഹു.അച്ചന്മാരുടെ ഉപദേശമനുസരിച്ച് ദൈവവിളിക്കുവേണ്ടി ജപമാല ചൊല്ലി നിത്യവും പ്രാർത്ഥിക്കുമായിരുന്നു. ക്രൂശിൽ കിടക്കുന്ന യേശുനാഥനോട് ജോഷിമോന് പ്രത്യേക സ്നേഹമായിരുന്നു. സൺഡേസ്കൂൾ രണ്ടാംക്ലാസിൽ പഠിക്കുമ്പോൾ അദ്ധ്യാപകൻ ക്രൂശിൽ കിടക്കുന്ന യേശുവിനെ അഭിനയിച്ചു കാണിക്കുവാൻ പറയുമ്പോൾ ഉടൻതന്നെ എഴുന്നേറ്റുനിന്ന് ഇരുകരങ്ങളും വശങ്ങളിലേക്ക് വിരിച്ച് - തല അല്പം വലത്തോട്ടു ചരിഞ്ഞ് നില്ക്കും. മതിയെന്നു പറയുന്നതുവരെ ഇപ്രകാരം നില്ക്കുമായിരുന്നു. വീട്ടിലും ഞങ്ങൾ ആവശ്യപ്പെടുമ്പോൾ ഉടൻതന്നെ ഇപ്രകാരം കാണിക്കുമായിരുന്നു. ഇത് ഞങ്ങളെ വളരെയധികം - സന്തോഷിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദൈവ വിളിയുടെ ഒരു ലാഞ്ചനയും, പ്രത്യേക ദൈവാഭിമുഖ്യവും ജോഷി മോനിൽ ഞങ്ങൾ ദർശിച്ചിരുന്നു.

ഊരകത്ത് ഇപ്പോൾ സ്ഥിതി ചെയ്യുന്ന ദൈവാലയം, ബഹു.തോമസ് വർഗ്ഗീസ് വട്ടപ്പറമ്പിൽ അച്ചനാണ് പണി കഴിപ്പിച്ചത്. പള്ളിയോട് ചേർന്ന് എന്റെ കുടുംബം താമസിക്കുന്നു. ശുശ്രൂഷകൾ ചെയ്യുന്നു. ഈ പള്ളി പണി പൂർത്തിയാക്കിയപ്പോൾ പുതിയ പള്ളിയിൽ മാമ്മോദീസ തൊട്ടിയിൽ ആദ്യത്തെ മാമോദീസാ മുക്കിയത് ജോഷിമോനെ ആയിരുന്നു. ബഹു.തോമസ് അച്ചനാണ് മാമ്മോദീസ നല്കിയത്. അച്ചന്റെ പേരാണ് (തോമസ്സ്) ജോഷിമോന് നല്കിയത്.

ബഹുമാനപ്പെട്ട വികാരി - മാത്യു ചരുവുകാലായിൽ അച്ചനാണ് വൈദികപഠനത്തിന് ജോഷിമോനെ ആശ്രമത്തിൽ കൊണ്ടുവിട്ടത്. ജോഷിമോൻ ഒരു ജപമാല ഭക്തിയുള്ള മകനാണ്. പരി.ദൈവ മാതാവിനോട് പ്രത്യേക ഭക്തിയും വിശ്വാസവും, പുലർത്തിയിരുന്നു. മേല്പറഞ്ഞ കാര്യങ്ങളെല്ലാം ജോഷിമോന്റെ ദൈവവിളിയുടെ അടയാളങ്ങളായി ഞങ്ങൾ വിശ്വസിക്കുന്നു. പൂന ആശ്രമത്തിൽ വൈദികപഠനം വിജയകരമായി പൂർത്തിയാക്കി തിരിച്ച് നാലാഞ്ചിറ ആശ്രമത്തിൽ എത്തിച്ചേരുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിച്ചതിനായി ഞങ്ങൾ കാരുണ്യവാനായ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഈ ധന്യമുഹൂർത്തത്തിൽ ബഥനി മിശിഹാനുകരണ സന്ന്യാസി സമൂഹത്തോടു ചേർന്ന് ഞങ്ങളുടെ കുടുംബം ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുന്നു.

www.malankaralibrary.com

# ജോഷി റെയ്മണ്ട് അച്ചൻ മൗനത്തെ വേദാന്തമാക്കിയവൻ...

ബ്രദർ ജോസഫ് അഗസ്റ്റിൻ ഒ.ഐ.സി.

മനനം ചെയ്യുന്നവനാണ് മുനി. അവൻ മൗനിയായിരിക്കും അവന്റെ മൗനം മലമുകളിൽ പ്രകാശിക്കുന്ന വിളക്കിനു സമമായി രിക്കും.

"ശാന്തമാകുക, ഞാൻ ദൈവമാണെന്നറിയുക" ഈ വേദഭാഗത്തി ലൂന്നിയ ഒരു ജീവിതമാണ് അച്ചന്റേത്. ദൈവസന്നിധിയിൽ നിന്നും ആർജ്ജിച്ചെടുത്ത ദൈവികമായ ഈ ശാന്തതയാണ് അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്ന പ്രധാന ഘടകം. 'ബോധിവൃക്ഷത്തിന്റെ ചാരെ' എന്നപോലെ പലരെയും പ്രായ ഭേദമെന്യേ അദ്ദേഹത്തിലേക്കടുപ്പിച്ചതും ഈ ശാന്തത അദ്ദേഹത്തിൽ നിഴലിച്ചതുകൊണ്ടാണ്.

വാക്കും പ്രവൃത്തിയും ചിന്തയും സമന്വയിപ്പിച്ച് ജീവിതത്തിൽ കുറുക്കുവഴികളെ ഉപേക്ഷിച്ച ഒരു വ്യക്തിത്വമാണദ്ദേഹത്തിന്റേത്. ഏതൊരു ചെറിയ കാര്യത്തിലും ബാഹ്യമായ ഒന്നാണെങ്കിൽപോലും, അതിൽ ആത്മീയതയുടെ ഒരു കൂട്ട് എപ്പോഴും അദ്ദേഹം ചേർത്തിരുന്നു. ഇത്, അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തമാക്കിയിരുന്നു.

ജീവിതത്തിലെന്നും, പ്രത്യാശയുടെ, മുഖമുദ്രയാണ് അച്ചന്റെ ജീവിതം. ജീവിതത്തിൽ പലപ്പോഴും, പ്രയാസമേറിയതും, ഉത്തരം കിട്ടാത്തതുമായ ചോദ്യങ്ങൾക്കു മുന്നിൽ, ദൈവസന്നിധിയിലിരുന്ന് ഉത്തരം കണ്ടെത്തുവാനായി പരിശ്രമിച്ച വ്യക്തിയാണദ്ദേഹം. "എല്ലാം ശരിയാകും, ദൈവം എല്ലാം കാണുന്നുണ്ട്" എന്ന ശക്തമായ ബോധ്യം തന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്കദ്ദേഹം പകർന്നു നൽകിയിരുന്നു. അദ്ദേഹത്തിന്റെ കൂടെ ജീവിച്ച ആരും ഇത് അനുഭവിക്കാത്തവരായി

www.malankaralibrary.com

കാണുകയില്ല. അത്രയ്ക്കും ശക്തമായ സാക്ഷ്യമായിരുന്നു പ്രത്യാശ നിറഞ്ഞ ഈ ജീവിതം.

ദൈവത്തിന്റെ ഒരു പ്രത്യേകമായ വിളിയിലൂടെ ജീവിതം നയിക്കുന്ന ബഹുമാനപ്പെട്ട അച്ചൻ ഇന്നത്തെ ജനത്തിന് ഉതകുന്ന ഒരു വൈദികനാണ്. അദ്ദേഹത്തിൽ നിഴലിച്ചു നിൽക്കുന്ന ലാളിത്യം, പ്രായഭേദമന്യേ മറ്റുള്ളവരെ, ബഹുമാനിക്കാനുള്ള കഴിവ്, മറ്റുള്ളവരെ കേൾക്കാനുള്ള കഴിവ്, ജീവിതമൂല്യങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ജീവിതം, ആത്മാർത്ഥത, ജീവിതനൈർമല്യം, പ്രത്യാശയുടെയും പ്രതീക്ഷയുടെയും മാതൃക അതിലൊക്കെ ഉപരിയായി അദ്ദേഹത്തിന്റെ കളങ്കമില്ലാത്ത ആത്മീയത ഇവയെല്ലാം ഏതൊരാൾക്കും മനസിലാക്കാൻ പറ്റുന്ന ചില വ്യക്തി ഗുണങ്ങളാണ്. 'തിരക്കുകളുടെ ഈ ലോകത്ത്' എല്ലാ തിരക്കുകളിൽനിന്നും മാറി നിൽക്കാതെ, ഒഴിവുകഴിവു പറയാതെ, എല്ലാം തിരക്കുകളെയും ജീവിതത്തിന്റെ ഭാഗമാക്കി ഒരാത്മീയതയുടെ പരിവേഷം ജീവിതത്തിലാകമാനം നൽകുവാൻ ബഹുമാനപ്പെട്ട അച്ചന് തീർച്ചയായും സാധിക്കും. മാർ ഈവാനിയോസ് പിതാവ്, ഗിരിദീപത്തിൽ സൂചിപ്പിക്കുന്ന 'നിറയെ ഫലങ്ങളുള്ള പടുവൃക്ഷത്തിന്റെ അരികിലേക്ക് ദൈവജനം വന്നടുക്കും. ഇത് തീർച്ചയാണ്. അനുദിനം വഴി നടത്തിയ ദൈവം അദ്ദേഹത്തിന് അനുഗ്രഹമാകും.



"എന്റെ ജീവിതത്തിന്റെ പരമ ലക്ഷ്യം യേശുവാകുന്നു. എന്റെ ജീവിതത്തിന്റെ പ്രമാണം യേശുവാകുന്നു. യേശുവിന് എന്നോടുള്ള സ്നേഹം നിമിത്തം ഞാൻ ആചരിപ്പാനുള്ള ആശ്രമനിയമങ്ങൾ എനിക്കു നൽകപ്പെട്ടിരിക്കുന്നു. എനിക്കു യേശുവിനോടുള്ള സ്നേഹംനിമിത്തം അവയെ ഞാൻ ശരിയായി ആചരിക്കും."

മാർ ഈവാനിയോസ്

www.malankaralibrary.com

# എന്തു നൽകും ഞാൻ കർത്താവിന്?

ഫാ. ജോഷി റെയ്മണ്ട് ഒ.ഐ.സി.

എന്തു നൽകും ഞാൻ കർത്താവിന്
എനിക്കു ചെയ്തിട്ടുള്ള സകല ഉപകാരങ്ങൾക്കും പകരമായ്
എടുക്കും ഞാൻ രക്ഷതൻ പാനപാത്രം
വിളിച്ചപേക്ഷിക്കാം ഞാൻ നിൻ തിരുനാമം
നിനക്കർപ്പിക്കാം എന്റെ നേർച്ചകൾ
സകലജനത്തിൻ മുമ്പാകെ

കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ, കടന്നുവന്ന ജീവിതപാതകളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അനന്ത കാരുണ്യവാനായ ദൈവത്തിന്റെ കരുണ, വഴി നടത്തുന്ന ശക്തിപ്പെടുത്തുന്ന, താങ്ങുന്ന വിജയം നൽകുന്ന എത്രയേറെ വിശേഷണങ്ങൾ നൽകിയാലും തീരാത്തത്ര സ്നേഹം ഞാൻ ആയിരുന്ന ആശ്രമങ്ങളിൽ അച്ചൻമാരിലൂടെയും, സഹോദരന്മാരിലൂടെയും ആവോളം അനുഭവിക്കുവാൻ എനിക്കു സാധിച്ചു. ഈ സ്നേഹത്തിനുമുമ്പിൽ നിൽക്കുമ്പോൾ ഒരേയൊരു ചോദ്യം മാത്രം എന്റെ മനസിൽ ഉയരുന്നു. ഈ സ്നേഹത്തിനു പകരമായി കർത്താവിനു ഞാൻ എന്തു നൽകും?

എന്റെ അയോഗ്യതകളെ മറന്ന് “നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ 15:16) എന്ന വചനം ഓർമ്മിപ്പിക്കുന്നതുപോലെ തന്റെ ശുശ്രൂഷയ്ക്കായി എന്നെ തിരഞ്ഞെടുത്ത നല്ല ദൈവത്തിന് നന്ദി പറയുന്നു. എന്റെ ഉള്ളിലെ സന്ന്യാസദൈവവിളിയെ തിരിച്ചറിഞ്ഞ് എന്നെ ആശ്രമത്തിലേക്കയച്ച ബഹുമാനപ്പെട്ട മാത്യു ചരിവുകാലായിൽ അച്ചനെ ഏറ്റം നന്ദിയോടെ ഓർക്കുന്നു.

എന്റെ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിൽ എന്റെ ഗുരുക്കന്മാരായിരുന്ന ബഹുമാനപ്പെട്ട പോൾ മാത്യു കൈതവന അച്ചൻ,

www.malankaralibrary.com

ലോറൻസച്ചൻ, ബഹുമാനപ്പെട്ട ജേക്കബ് മാർ ബർണ്ണബാസ് പിതാവ്, പ്രേമാനന്ദ് അച്ചൻ, ജസ്റ്റിൻ സാം അച്ചൻ, ജസ്റ്റിൻ തുണ്ടുമണ്ണിൽ അച്ചൻ, വർഗ്ഗീസ് വിജയാനന്ദച്ചൻ, ഷാജൻ കുറ്റിയിൽ അച്ചൻ, ജറോം അച്ചൻ, ഐസക് പാറയ്ക്കൽ അച്ചൻ, സിറിൽ അച്ചൻ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

അതോടൊപ്പം ഈ കാലഘട്ടങ്ങളിൽ എന്റെ ആത്മീയ ഗുരുക്കന്മാരായിരുന്ന ബഹു.ലോറൻസ് അച്ചൻ, ഫിലിപ്പ് നേരി അച്ചൻ, ബോസ്കോ അച്ചൻ, ആത്മാനന്ദച്ചൻ, ബർക്കുമൻസച്ചൻ, ജോർജ്ജ് ജേക്കബച്ചൻ, തോമസ് മാളിയേക്കൽ സി.എം.ഐ.അച്ചൻ, സിറിൽ പുല്ലൻ, ഗിൽബർട്ട് അച്ചൻ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

എന്റെ സന്ന്യാസവൈദിക പരിശീലനയാത്രയിൽ എന്നെ ആത്മീയമായും ഭൗതികമായും ബൗദ്ധികമായും ഒക്കെ എന്റെ കൂടെയായിരിക്കുന്ന എല്ലാവരെയും നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുകയും, പരിശുദ്ധ അൾത്താരയിൽ സമർപ്പിക്കുകയും ചെയ്യുന്നു. എല്ലാം ദൈവമഹത്വത്തിനായി തീരട്ടെ എന്ന പ്രാർത്ഥനയോടെ,

എടുക്കുന്നു ഞാൻ രക്ഷതൻപാത്രം
വിളിച്ചപേക്ഷിക്കുന്നു ഞാൻ നിൻതിരുനാമം
അർപ്പിക്കുന്നു എന്റെ നേർച്ചകൾ
സകലജനത്തിൻ മുമ്പാകെ.

കണ്ടാലും! വിശുദ്ധ സഭയിൽ പുരോഹിതന്മാർ വഴി അവന്റെ ശരീരവും രക്തവും വിഭജിക്കപ്പെടുന്നു. ഭക്ഷിക്കപ്പെട്ടിട്ടും ശരീരം ഇല്ലാതാകുന്നില്ല; പാനം ചെയ്തിട്ടും രക്തം കുറഞ്ഞുപോകുന്നുമില്ല. സ്വർഗ്ഗീയർ അവനെ സ്തുതിക്കുകയും ഭൗമികർ അവനിൽ ആഹ്ലാദിക്കുകയും ചെയ്യുന്നു.

കുർബാന തക്സ

www.malankaralibrary.com



# നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്...

**കെ. വി. തോമസ് & മേരി തോമസ്**
ഫാ. തോമസ് ഫ്രാൻസിസിന്റെ മാതാപിതാക്കൾ

ഞങ്ങളുടെ മകായ തോമസ് ഫ്രാൻസിസിനെ ബഥനി സന്ന്യാസി സമൂഹത്തിലൂടെ നമ്മുടെ കർത്താവിന്റെ സുവിശേഷം ജീവിക്കാനും അതു ലോകത്തിനു നല്കുവാനുമായി തെരഞ്ഞെടുത്തതിനെയോർത്ത് ആദ്യമേ ദൈവത്തിനു ഞങ്ങൾ നന്ദിയർപ്പിക്കുന്നു.

1985 ഡിസംബർ 24—ാം തിയ്യതി ഒരു തണുപ്പുള്ള ക്രിസ്തുമസ് സന്ധ്യയിൽ, കണ്ണൂർ ജില്ലയിൽ, തളിപ്പറമ്പ് താലൂക്കിൽ, ചെളിവയൽ എന്ന ഒരു കൊച്ചുഗ്രാമത്തിൽ ഞങ്ങളുടെ മൂന്നുമക്കളിൽ ഇളയവനായി ഫ്രാൻസിസ് ജനിച്ചു. റവ.ഫാ.തോമസിൽ നിന്ന് ചേരുംകുന്ന് സെന്റ് മേരീസ് ദേവാലയത്തിൽവച്ച് മാമോദീസാ സ്വീകരിച്ച് തോമസ് എന്ന നാമവും സ്വീകരിച്ചു. വിദ്യാഭ്യാസത്തിലൂടെ ആദ്യപടവുകൾ കണ്ണൂർ, മലപ്പട്ടം എൽ.പി.സ്കൂളിലും, മലപ്പുറം, വാണിയമ്പലം എൽ.പി.സ്കൂളിലും സമ്മിശ്രമായി പൂർത്തിയാക്കി. പിന്നീട് യു.പി.ഹൈസ്കൂൾ പഠനം ഗവ.ഹൈസ്കൂൾ വാണിയമ്പലത്ത് പൂർത്തിയാക്കി.

ചെറുപ്പത്തിൽ ദേവാലയ കാര്യങ്ങളിലൊന്നും അവൻ അതീവ താല്പര്യം കാണിച്ചിരുന്നില്ല. എന്നാൽ, വ്യക്തിപരമായ പ്രാർത്ഥനയിലും ഈശോയോടുള്ള ഭക്തിയിലും പ്രത്യേകം ആഴപ്പെടുന്നത് കാണാൻ കഴിയുമായിരുന്നു. എൽ.പി.സ്കൂൾ പഠനത്തിനുശേഷം കഥാപുസ്തകങ്ങൾ വായിച്ച ആവേശത്തിൽ ''എനിക്ക് സന്യസിക്കാൻ പോകണം'' എന്ന് അവൻ പറയാറുണ്ടായിരുന്നു. അതൊരു തമാശയായിട്ടേ പലരും കണ്ടിരുന്നുള്ളു. എന്നാൽ, ഇന്നു പിന്തിരിഞ്ഞു നോക്കുമ്പോൾ അത് അവനിലെ ദൈവനടത്തിപ്പിനെയാണ് അത്ഭുതമാംവണ്ണം വെളിപ്പെടുത്തി തരുന്നത്.

www.malankaralibrary.com

പത്താംതരം വളരെ കുറഞ്ഞ മാർക്കുമായി പാസ്സായതിനാലാവണം ഒരു വൈദികനാവാനായി അവൻ മുട്ടിയ വാതിലുകളൊന്നും തുറക്കാതിരുന്നത്. പക്ഷേ, അവന്റെ ആഗ്രഹം ഒരു അണയാക്കനലായി അവൻ സൂക്ഷിച്ചു. അങ്ങനെ, രണ്ടുവർഷം പല ജോലികളിൽ വ്യാപൃതനായി നടന്ന് ഒടുവിൽ പ്രത്യേകമായ ഒരു ദൈവിക ഇടപെടലിലൂടെ അവൻ ബഥനി ആശ്രമത്തിൽ എത്തിച്ചേർന്നു. ഇന്നു ശുശ്രൂഷാപൗരോഹിത്യത്തിന്റെ പടിവാതിലിലും എത്തിനില്ക്കുന്നു.

ഞങ്ങൾക്കു ദാനമായി മൂന്നുമക്കളെ തന്ന് അനുഗ്രഹിക്കുകയും അതിൽ ഒരാളെ ദൈവം പ്രത്യേകമാംവിധം തെരഞ്ഞെടുത്തതിനെയും ഓർത്ത് ഞങ്ങളിന്ന് ഏറെ സന്തോഷിക്കുന്നു. പൊന്നുതമ്പുരാന്റെ ബലിവേദിയിൽ മുറിക്കപ്പെടുന്ന ദൈവികസ്നേഹം അനേകരിലേക്ക് പങ്കുവയ്ക്കുവാൻ ദൈവം ഞങ്ങളുടെ മകനെ പ്രാപ്തനാക്കട്ടെ എന്ന പ്രാർത്ഥനയാണ് ഇന്ന് ഞങ്ങൾക്കുള്ളത്. ഈ കാലമത്രയും വീഴ്ചകളിൽ കൈവിടാതെ, ബലഹീനതകളൽ തളരാൻ അനുവദിക്കാതെ ശക്തിപ്പെടുത്തിയ ദൈവം തുടർന്നും അവനെ സഹായിക്കട്ടെ. അവന്റെ ചിന്തയിലും പ്രവൃത്തിയിലും ദൈവചൈതന്യം നിറഞ്ഞു തുളുമ്പട്ടെ എന്നു നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രാർത്ഥിക്കാം.

2017 ജനുവരി 17-ാം തിയ്യതി ഞങ്ങളുടെ മകൻ ശുശ്രൂഷാപൗരോഹിത്യത്തിലേക്കു ചേർക്കപ്പെടുമ്പോൾ ഇക്കാല മത്രയും അവനെ പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും നയിച്ച വന്ദ്യപിതാക്കന്മാർ, ഗുരുഭൂതന്മാർ, ഇടവക വികാരിമാർ, സന്ന്യാസിനി സന്ന്യാസികൾ, ബഥനിയിലെ അവന്റെ ജ്യേഷ്ഠ-അനുജ സഹോദരന്മാർ, ബന്ധുമിത്രാദികൾ, ഇടവകാംഗങ്ങൾ എല്ലാവരോടുമുള്ള ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും സ്നേഹത്തോടെ അറിയിക്കുന്നു.

സ്നേഹനിധിയായ കർത്താവേ, നിന്റെ വിളനിലങ്ങളിലേക്കും, തരിശുഭൂമിയിലേക്കും ഞങ്ങളുടെ മകൻ ഇറങ്ങിത്തിരിക്കുമ്പോൾ നീ അവന് പകൽ മേഘസ്തംഭവും രാത്രി അഗ്നിത്തൂണുമായി കൂടെയുണ്ടാകണമേ എന്ന പ്രാർത്ഥനയോടെ....

www.malankaralibrary.com

# ദൈവത്തിന്റെ സ്നേഹോപകരണമായ തോമസ് ഫ്രാൻസിസ് അച്ചൻ

ബ്രദർ ജയ്സൺ സൈമൺ ഒ.ഐ.സി

ചെടികളിലും പൂക്കളിലും കാറ്റിലും സൗന്ദര്യം കണ്ടെത്തുകയും അതിനെ സ്നേഹിച്ച് അതിൽ ദൈവീക സ്പന്ദനം ശ്രവിച്ച് തന്നെത്തന്നെ ദൈവത്തിന് സ്നേഹോപകരണമായി, ദൈവത്തിന്റെ കയ്യൊപ്പ് വാങ്ങിയ ഡി.ഫ്രാൻസിസ് സംഗീതത്തിലും, ചിത്രരചനയിലും സാഹിത്യരചനയിലും തന്റെതായ അസ്തിത്വം പേറുന്നു ഡി.ഫ്രാൻസിസ്. 1985 ഡിസംബർ 24-ാം തീയതി കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ്, ചെമ്പേരി എന്ന സ്ഥലത്ത് ജനിച്ചു. ക്രിസ്തുമസ് ദിനത്തോട് ചേർന്ന ദിവസങ്ങളിൽ ജനിച്ചതിനാൽ ശിശു സഹജമായ നൈർമ്മല്യവും വ്യക്തിബന്ധവും കാത്ത് സൂക്ഷിക്കാൻ കഴിഞ്ഞിരുന്നു.

കെ.വി.തോമസ്, മേരി തോമസ് എന്നീ മാതാപിതാക്കളുടെ മകനായി ജനിച്ച്, ദൈവീകാംശത്തെ ഉൾക്കൊള്ളാൻ തക്കതായ രീതിയിൽ കുടുംബ-സാമൂഹിക സാഹചര്യങ്ങൾ അദ്ദേഹത്തെ ഒരുക്കി. ഇതിന്റെ ഫലപ്രാപ്തി എന്നോണം 2003-ൽ ആശ്രമത്തിൽ സ്വയ സമർപ്പണത്തിന്റേയും പരസ്നേഹത്തിന്റേയും അടയാളമായ സന്യാസത്തിലേക്ക് അർത്ഥിയായ് പ്രവേശിച്ചു. സുൽത്താൻ ബത്തേരിയിലെ ഹയർ സെക്കന്ററി പഠനവും ധർമ്മശിഷ്യകാലയളവും കൗമാര-യൗവ്വനകാലഘട്ടങ്ങളെ ദൈവീക-മാനുഷിക ഗുണങ്ങളിൽ ഊർജസ്വലനായി വളരാൻ അദ്ദേഹത്തെ പ്രാപ്തനാക്കി.

യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ഡിഗ്രിപഠനം പൂർത്തിയാക്കി. നല്ല ഒരു ഗായകൻ, ഗാന രചയിതാവ് എന്നീ നിലകളിലും അതിലും ഉപരി സ്വയം സമർപ്പണത്തിന്റെ തീക്ഷണതയിൽ നല്ല സൗഹൃദങ്ങൾ നെയ്തെടുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. സമൂഹത്തിലും ഇതര മേഖലകളിലും ബോധ്യമുള്ള ദൈവത്തിന്റെ സ്നേഹോപകരണമായി മാറാൻ അദ്ദേഹത്തിന് സാധിച്ചു. പൂനാ ജ്ഞാനദീപ വിദ്യാപീഠത്തിൽ ഫിലോസഫി പൂർത്തിയാക്കി, പ്രായോഗിക പരിശീലനം (Regency)

www.malankaralibrary.com

സൂററ്റ്, ആലുവ (ദേശം) ആശ്രമങ്ങളിൽ പൂർത്തിയാക്കി. അന്വേഷിച്ച് അറിഞ്ഞ സത്യത്തെ സ്വാംശീകരിക്കുവാനുള്ള മൂന്നര വർഷകാലയളവ്, തിയോളജി ഉന്നതനിലവാരത്തോടെ പൂർത്തിയാക്കി.

ക്രിയാത്മകമായ ചിന്തകൾ, പ്രവർത്തികൾ അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. ആശ്രമത്തിൽ ഒത്തുകൂടുന്ന ഗായക സന്ധ്യകളിൽ അദ്ദേഹത്തിന്റെ മാധുര്യം ഏറിയ ശബ്ദത്തിൽ നിന്നുള്ള ഗാനങ്ങൾ community മുഴുവനായും സന്തോഷിപ്പിച്ചിട്ടുണ്ട്. ചിത്രങ്ങൾ ക്യാമറാവഴി ഒപ്പിയെടുക്കുന്നതിലും രചനകളിലും ഓരോ ആഴ്ചയിലും തൗന വൃത്തിയാക്കുന്നതിലും ഒരുക്കിവെയ്ക്കുന്നതിലും ഈ സ്വഭാവം നിഴലിച്ചുനിന്നു. ഈ പ്രത്യേകതകൾ കൊണ്ടാവണം അദ്ദേഹത്തിന്റെ ചിന്തകൾ നമ്മെ ഊർജസ്വലവും വളർത്തുന്നതും ആയിരുന്നു. സന്ന്യാസ പൗരോഹിത്യ ജീവിതാന്തസിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹത്തിന്റെ ഈ സ്വഭാവ സവിശേഷത ജീവിതത്തെ ധന്യമാക്കട്ടെ.... അജഗണത്തിന് സുലഭനായി ഊർജസ്വലമായ നേതൃത്വം നൽകാനും സർവ്വേശ്വരൻ അദ്ദേഹത്തെ തുണയ്ക്കട്ടെ.... "ദൈവമേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കൂ..." എന്ന് വി.ഫ്രാൻസിസ് പാടിയതുപോലെ ഫ്രാൻസിസ് അച്ചന്റെ വരും ജീവിതം ദൈവത്തിന്റെ സ്നേഹോപകരണമായി തീരാൻ ഇടയാകട്ടെ....

**ആത്മിക നയനങ്ങളാൽ നിന്നെ കാണുവാനായി എനിക്കു കണ്ണുകൾ തരണമേ. ഞാൻ സ്വയം വിസ്മരിച്ച് നിന്നെമാത്രം സ്മരിക്കുമാറാകണമെ. എന്റെ ആന്തരിക നയനങ്ങൾക്കു മുമ്പിൽ നീ മാത്രം ചിത്രീകരിക്കപ്പെടണമേ. മഹോന്നതങ്ങളിൽ നിന്ന് പരിശുദ്ധ റൂഹാ നിന്റെ ദിവ്യരഹസ്യങ്ങളിൽ ഇറങ്ങി വരുന്ന ഈ സമയത്ത് ഭൂമിയിൽനിന്ന് ഞാൻ ആത്മാവിൽ സ്വർഗ്ഗത്തിലേക്ക് കരേറുമാറാകണമേ.**

വിശുദ്ധ കുർബാന തക്സ

www.malankaralibrary.com

# നാഥാ നിനക്കായ്.....!

**ഫാ.തോമസ് ഫ്രാൻസിസ് ഒ.ഐ.സി.**

പ്രപഞ്ചത്തിന്റെ നിറഭേദങ്ങളെല്ലാം ഒഴുകിയെത്തുന്ന സുന്ദര നാളുകൾ..! കർത്താവിന്റെ പൂന്തോപ്പിലെ വസന്തത്തിന്റെ പുതുഗന്ധ മുതിരുന്ന പാവനനിമിഷങ്ങൾ..! കണ്ണിൽ നനവു പടർത്തി, നെഞ്ചിൽ വിങ്ങലുണർത്തി, സ്വർഗ്ഗീയ നിർവൃതിയുടെ നിമിഷങ്ങൾ..! കരതല ങ്ങളെ കണ്ണീരിൽ കുതിർത്തി, ആനന്ദത്തോടെ മാതാപിതാക്കളും, ഗുരുഭൂതന്മാരും, ബന്ധുമിത്രാദികളും, നാട്ടുകാരും, സ്നേഹിതരും കടന്നു പോകുന്നു. കർത്താവിന്റെ പ്രതിപുരുഷനാകാൻ കൊതിക്കുന്ന വന്റെ ഓർമ്മകളെ ഓമനിച്ചുണർത്തുന്നവരെ, നിങ്ങൾക്കു സ്നേഹ വന്ദനം...!

ഒരുവലിയ തെരഞ്ഞെടുപ്പിന്റെ മഹാനുഭവമായി ഓരോ നിമിഷവും എന്നെ വിളിച്ചുണർത്തിക്കൊണ്ടിരിക്കുകയാണ്. അയോഗ്യ തകളുടെ കുമ്പാരവും ഭാണ്ഡക്കെട്ടുകളുമായി വീടിന്റെ പടിയിറങ്ങിയ എന്നെ യോഗ്യതകളും നിറച്ചാർത്തണിയിച്ച തമ്പുരാന്റെ മുന്നിൽ ഞാൻ വീണ്ടും ഒരു ശിശുവായിത്തീരുകയാണ്. ഇനി ഞാൻ പിച്ചവെച്ചു തുടങ്ങട്ടെ...! വേദനകളാൽ നീറിപ്പുകഞ്ഞ ഓരോ നേരവും അരികി ലെത്തി ആശ്വാസത്തിന്റെ സാന്നിദ്ധ്യമായ എന്റെ ബഥനിയിലെ കൂടപ്പിറപ്പുകളെ നിങ്ങളെ എങ്ങനെ ഞാനെന്റെ നന്ദി അറിയിക്കും....? വാക്കുകൾ പോരാ...!

എന്റെ ദൈവവിളിയെ നിമിത്തമായ ഓരോ മുഖങ്ങളും ഓർ ത്തെടുക്കുമ്പോൾ അപ്രസക്തരെന്നു തോന്നുന്നവരായി ആരുമില്ലെന്ന വിശ്വാസമാണിന്നും എന്നെ കൂടുതൽ ഊർജ്ജവാനും ഉത്സാഹവാനു മാക്കി തീർക്കുന്നത്. ഏറ്റവും പ്രത്യേകമാംവിധം ശ്രീ. രാജു പനച്ചിക്കൽ മാഷിനെ കൃതജ്ഞതയോടെ ഓർക്കുന്നു. ഒരു ജോലിയിൽനിന്ന് മറ്റൊ ന്നിലേക്ക് ഞാൻ എന്റെ കുഞ്ഞുപ്രായത്തിൽതന്നെ പറന്നുകൊണ്ടി രുന്നു. പക്ഷേ, ഒന്നിലും ഉറച്ചുനിന്നില്ല. ഒടുവിൽ ഞാൻ നങ്കൂരമിറക്കു ന്നത് കർത്താവിന്റെ കടലിലെ മുക്കുവനായിട്ടാണെന്നതോർക്കുമ്പോൾ ഉള്ളിൽ അയോഗ്യതകളുടെ സമരങ്ങളും അതിനുമേൽ ദൈവകൃപ യുടെ നിറവും തമ്മിലുള്ള കൂട്ടിമുട്ടലിന്റെ പ്രതിധ്വനികൾ ഇന്നും കേൾ

www.malankaralibrary.com

ക്കുന്നുണ്ട്. പിൻവിളികളുടെ പെരുമ്പറമുഴക്കങ്ങൾ ഒത്തിരി കേട്ടിട്ടു ണ്ടെങ്കിലും അവയൊന്നും എന്റെ അസ്തിത്വത്തെ ബാധിക്കാതിരുന്നിട്ടു ണ്ടെങ്കിൽ, അതൊന്നും എന്റെ മേന്മയല്ല. മറിച്ച്, ദൈവപരിപാലനയു ടെയും എന്റെ ഗുരുഭൂതന്മാരുടെ കൃത്യമായ ഇടപെടലിന്റെയും ഫലമാണെന്നത് നെഞ്ചോടു ചേർത്തു ഞാൻ അനുഭവിച്ച സത്യമാണ്. ഗുരുപ്രണാമം...!

ആശ്രമത്തിലേക്കു യാത്രയാകുന്നതിനു തൊട്ടുമുമ്പ് വീടിന്റെ പടിയിറങ്ങാൻ തുടങ്ങവേ, ഞാനെന്റെ അമ്മയോടു ചോദിച്ചു, "ഞാൻ പോണോ?" അഭിമാനത്താൽ നിറഞ്ഞ ഒരു പുഞ്ചിരിയായിരുന്നു മറുപടി. ഇന്നും ഈ വിളിയിൽ ഉറച്ചുനിൽക്കാൻ എന്നെ പ്രേരിപ്പിക്കു ന്നൊരു ചാലകശക്തിയാണെന്റെ അമ്മയുടെ പുഞ്ചിരി; എന്റെ ഇടയന്റെ അമ്മയുടെ പുഞ്ചിരി...! എനിക്കു ജന്മം നൽകിയ പെറ്റമ്മയുടെ പുഞ്ചിരി....! ശിക്ഷണത്തിന്റെ ക്രൗര്യങ്ങളൊന്നും കൂടാതെ സ്നേഹ ബുദ്ധ്യാ, എന്നെ വളർത്തിയ ചാച്ചന്റെ ലാളനനിറഞ്ഞ സമീപനം എന്നിൽ ഇന്നും ഗൃഹാതുരത്വത്തിന്റെ മാസ്മരീകത ഉണർത്തുന്നതിന് സഹായിക്കുന്ന പ്രധാന ഘടകമാണ്.

ഇണങ്ങിയും പിണങ്ങിയും സ്നേഹവീടിന്റെ നിറവൊരുക്കിയ ചേട്ടനും ചേച്ചിയും എന്നെ സ്നേഹിക്കുന്നതിൽ മത്സരിച്ചിരുന്നു. ഇന്നും അതിനൊരു കുറവും കാണുന്നില്ലെന്നത് അത്ഭുതത്തോടെ യാണ് ഞാൻ നോക്കി കാണുന്നത്. അവർക്കു ദൈവം ദാനമായി നല്കിയ കുഞ്ഞുങ്ങളും എന്റെ വിരൽത്തുമ്പിൽ തൂങ്ങിനടന്നുകൊണ്ട് ഈ സ്നേഹത്തിനു കൂടുതൽ ഉണ്മ നൽകുകയാണിന്ന്! നീണ്ട പതിനാലു വർഷത്തിന്റെ ഓർമ്മകളും അനുഭവങ്ങളുമായി ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് കാലെടുത്തു വയ്ക്കാനൊരുങ്ങുമ്പോൾ എനിക്ക് നിങ്ങളോരോരുത്തരോടും ആവശ്യപ്പെടാനുള്ളത് ഒന്നേ ഒന്നു മാത്രം.... "നിങ്ങളുടെ പ്രാർത്ഥന."

"നമുക്കിനി കണ്ടുമുട്ടാം.... നീറുന്ന പ്രാർത്ഥനാവേളകളിൽ, എരി യുന്ന ജീവിത യാഥാർത്ഥ്യങ്ങളിൽ സന്തോഷത്തിന്റെ, കാരുണ്യത്തിന്റെ കനിവിന്റെ, കരുതലിന്റെ സംഗമസ്ഥാനങ്ങളിൽ....!"

എന്നെ വിളിച്ചു വേർതിരിച്ചു വെട്ടിയൊരുക്കിയ തമ്പുരാനേ... നിന്റെ പദ്ധതികളെ ശിരസ്സാവഹിക്കാൻ ബലഹീനനായ ഈ ദാസനെ പ്രാപ്തനാക്കണമേ എന്ന പ്രാർത്ഥനയോടെ, നാഥാ... നിനക്കായ്...!

www.malankaralibrary.com



# ഒരു അനുഗ്രഹമാകാൻ.....

**എം. എം. ജോർജ്ജ് & മേരി ജോർജ്ജ്**
സാമുവലച്ചന്റെ മാതാപിതാക്കൾ

കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനു മുമ്പിൽ നിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്നു നിങ്ങളെ വേർതിരിച്ചതു നിസ്സാര കാര്യമാണോ?

കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുവാൻ പരിശുദ്ധമായ അൾത്താരയിൽ ബലിയർപ്പിക്കാൻ, ദൈവത്തിന് ദൈവജനത്തിനു മിടയിൽ മദ്ധ്യവർത്തിയായി നിലകൊള്ളാൻ തിരഞ്ഞെടുക്കപ്പെട്ട പ്രിൻസ് എന്ന വിളിപേരിനാൽ അറിയപ്പെടുന്ന സാമുവൽ തലശ്ശേരി രൂപതയിൽപ്പെട്ട എടൂർ ഇടവകയിൽ മറ്റത്തിൽ ജോർജിന്റെയും, മേരിയുടെയും 6 മക്കളിൽ 5–ാമത്തെ പുത്രനായി 1986 സെപ്തംബർ 26ന് ജനിച്ചു. ഓർക്കാനും ഓർമ്മകളിൽ സൂക്ഷിക്കാനും ഒരു ചരിത്രം ഉണ്ടാവുക എന്നത് ഓജസുറ്റ ജീവിതത്തിന് പ്രചോദനദായകമാണ്. അതിന് സുകൃതത്തിന്റെ സുഗന്ധമുണ്ട്, സാഹോദര്യത്തിന്റെ ഊഷ്മളതയുണ്ട്.

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ഇടവക ദേവാലയ ത്തിൽവച്ച് സാമുവേലിന് ജ്ഞാനസ്നാനം നൽകി. ജോസഫ് എന്നായിരുന്നു സാമുവലിന്റെ ജ്ഞാനസ്നാനനാമം. മാതൃഭക്തരായ ഞങ്ങൾ കുഞ്ഞിനെ മാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥത്തിന് സമർപ്പിച്ചു. ആദ്യാക്ഷരം കുറിച്ചതുമുതൽ തന്റെ വിദ്യാഭ്യാസം എടൂർ സെന്റ് മേരീസ് എൽ.പി., യു.പി.ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു. ചെറുപ്പകാലം മുതൽതന്നെ ആഴമായ ദൈവവിശ്വാസവും, പ്രാർത്ഥനയും, ദൈവാശ്രയബോധവും ജോസഫിൽ പ്രകടമായിരുന്നു. അൾത്താര ബാലനായിരുന്ന കാലം മുതൽ ഒരു വൈദികൻ ആകണ മെന്ന ആഗ്രഹം ഉള്ളിൽ നിറഞ്ഞു നിന്നിരുന്നു. ദൈവവിളിയാൽ സമ്പന്നമായ ഭവനത്തിൽ ജ്യേഷ്ഠ സഹോദരിമാരുടെ സമർപ്പിത ജീവിതവും വൈദീകനാകണമെന്ന ജോസഫിന്റെ ആഗ്രഹത്തിന് തീവ്രത വർദ്ധിപ്പിച്ചു.

www.malankaralibrary.com

"അവിടുന്ന് അവനുമായി നിത്യമായ ഉടമ്പടി ചെയ്യുകയും ജനത്തിന്റെ പൗരോഹിത്യം അവനു നല്കുകയും ചെയ്തു" എന്ന വചനം ജോസഫിൽ അന്വർത്ഥമാകുമാറ് അവനെ ദൈവം പൗരോഹിത്യ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു. പിന്നെ മണ്ണിനെയും, ജനിച്ച വീടിനെയും ഉറ്റവരെയും ഉടയവരെയും, ഊട്ടിയവരെയും, ഉറക്കിയവരെയും, കൂട്ടായ്, കരുതലായ്, കാവലായ് കൂടെ നിന്നവരെയും ത്യജിച്ച് എസ്.എസ്.എൽ.സി പഠനത്തിനുശേഷം ജ്യേഷ്ഠ സഹോദരിയുടെ പാത സ്വീകരിച്ച് ബഥനിയുടെ വളക്കൂറുള്ള മണ്ണിലേക്ക് ദൈവം സാമുവലിനെ പറിച്ചുനട്ടു. ബഥനി സന്ന്യാസ സമൂഹത്തിലെ അധികാരികളും, സഹോദരങ്ങളും സാമുവലിനെ സ്വീകരിച്ച് തുടർവിദ്യാഭ്യാസത്തിലൂടെയും, പരിശീലനത്തിലൂടെയും പൗരോഹിത്യ പദവിയിലേക്ക് കരം പിടിച്ച് നയിച്ചു.

ഞങ്ങളുടെ മകൻ പൗരോഹിത്യ പദവിയിലേക്ക് കടക്കുമ്പോൾ ഞങ്ങളുടെ പ്രാർത്ഥനകൾ ഫലമണിയാൻ പോകുന്നു. ഈ ധന്യനിമിഷത്തിൽ സാമുവലിന് പരിശീലനവും, ശിക്ഷണവും, അനുഗ്രഹവും എല്ലാം നൽകി വളർത്തിക്കൊണ്ടുവന്ന ബഥനി സന്ന്യാസ സമൂഹത്തിലെ എല്ലാ വൈദീകശ്രേഷ്ഠരെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു കൂടാതെ പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനത്തിലൂടെയും, മറ്റും അനുഗ്രഹിച്ച വന്ദ്യപിതാക്കന്മാർ, ബഹു.വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, ഗുരുക്കന്മാർ, ബന്ധുമിത്രാദികൾ തുടങ്ങി ഏവരോടുമുള്ള ഞങ്ങളുടെ നന്ദിയും, സ്നേഹവും ഇത്തരുണത്തിൽ രേഖപ്പെടുത്തുന്നു.

ദൈവീക സ്നേഹത്തിൽ അടിയുറച്ചുനിന്ന് സഭയ്ക്കും, സമൂഹത്തിനും അനുഗ്രഹമാകട്ടെ ഈ ജീവിതം എന്നാശംസിക്കുന്നു. പൗരോഹിത്യം അതിന്റെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കാനും അതിലൂടെ അനേകരെ ദൈവസന്നിധിയിലേക്ക് ആനയിക്കാനും ഞങ്ങളുടെ മകന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തിരുവചനങ്ങൾ പങ്കുവച്ചും, തിരുശരീരരക്തങ്ങൾ മുറിച്ച് വിളമ്പിയും, കൂദാശകൾ പരികർമ്മം ചെയ്തും സ്വർഗ്ഗരാജ്യം ഈ ഭൂമിയിൽ പടുത്തുയർത്തുവാൻ എടുത്തുയർത്തപ്പെട്ട ഈ അനുഗ്രഹീത ജന്മത്തിനും, കൂടെയുള്ള നവവൈദികർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും, എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ടും, മറ്റത്തിൽ കുടുംബം.

www.malankaralibrary.com

# സാമുവൽ അച്ചനെപ്പറ്റി ഓർക്കുമ്പോൾ...

കുഞ്ഞനുജന്മാർ

സാമുവൽ അച്ചനെപ്പറ്റി മനസ്സിൽ ആദ്യം വരിക, ഏവരോടും സ്നേഹത്തോടെ ചെറുപുഞ്ചിരിയോടെ അടുത്തെത്തി വിശേഷം ആരായുന്ന മുഖമാണ്. സീനിയർ ജൂനിയർ എന്ന വ്യത്യാസമില്ലാതെ എല്ലാവരോടും സമഭാവനയോടും പ്രത്യേക വാത്സല്യത്തോടുമുള്ള അച്ചന്റെ പെരുമാറ്റം ഞങ്ങൾക്ക് പ്രചോദനവും മാതൃകയുമായിരുന്നു.

സാമുവൽ ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനായിരുന്നുകൊണ്ട് ഇസ്രായേലിനെ നയിച്ച വ്യക്തിയാണ്. അതുപോലെ തന്റെ നേതൃത്വപാഠവും, അച്ചൻ ഏറ്റെടുക്കുന്ന ഏതൊരു ഓഫീസും തന്മയത്തോടും, ക്രിയാത്മകമായും കൈകാര്യം ചെയ്യാനുള്ള അച്ചന്റെ കഴിവ് എടുത്തുപറയേണ്ട ഒന്നു തന്നെയാണ്.

നല്ലൊരു ജ്യേഷ്ഠ സഹോദരനായി കൂട്ടുകാരനായി, സഹയാത്രികനായി സാമുവേലച്ചൻ എപ്പോഴും ഞങ്ങൾക്ക് പ്രചോദനമായിരുന്നു. ലാളിത്യ ജീവിതവും സഹവർത്തിത്വവും, സഹിഷ്ണുതയുമെല്ലാം അനിയന്മാരായ ഞങ്ങൾക്ക് പ്രചോദനമായിരുന്നു.

കമ്മ്യൂണിറ്റി ജീവിതത്തെ ഒന്നിച്ചു കൊണ്ടുപോകാനുള്ള അച്ചന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. ചിലപ്പോഴൊക്കെ കമ്മ്യൂണിറ്റിയിലെ പ്രവാചക ശബ്ദമായിരുന്നു സാമുവേലച്ചൻ. തന്റെ സർഗാത്മകമായ കഴിവും പ്രവർത്തനവുംകൊണ്ട് നന്മയുടെ വഴിയെ ബഥനി സമൂഹത്തേയും, സഭയേയും നടത്താൻ അച്ചനു കഴിയുമെന്നതിനു യാതൊരുവിധ സംശയവുമില്ല.

ബി.ബി. എസിനും മറ്റും പോകുമ്പോൾ അച്ചന്റെ വിവേകപൂർണ്ണമായ ഇടപെടൽ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധാത്മ ശക്തിയും കൃപയും അച്ചനും, അച്ചനിലൂടെ ഈ ലോകത്തിനും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.

www.malankaralibrary.com

# നിനവിൽ ഒരു ബലിയും, ബലിപീഠവും

ഫാ. സാമുവൽ ജോർജ് ഒ.ഐ.സി.

"ഭൂമിയിൽ കാലുറപ്പിച്ച് സ്വർഗ്ഗത്തോളം ഉയർന്നു നിൽക്കാൻ" (ജ്ഞാനം 18:16). യോഗ്യതകളുടെ പരിവേഷങ്ങൾക്കപ്പുറം ഒരു കൃപാകടാക്ഷം ഏറ്റുവാങ്ങാൻ ഭാഗ്യം ലഭിക്കുന്നതിൽ ആദ്യമേ തന്നെ പൊന്നുതമ്പുരാന്റെ മുമ്പിൽ ശിരസ്സുകൾ നമിക്കുന്നു. അത്യുന്നതനായ ദൈവത്തിന്റെ കൃപയാൽ അയോഗ്യതകളെ യോഗ്യതകളാക്കി തമ്പുരാന്റെ പൗരോഹിത്യശുശ്രൂഷകളെ ശുശ്രൂഷയിലേക്ക് എന്നെ വിളിച്ചടുപ്പിച്ചിരിക്കുന്നു. ഖലീൽ ജിബ്രാൻ തന്റെ മണലും പതയും എന്ന നോവലിൽ ഇപ്രകാരം പറയുന്നു "തിന്മയെയും നന്മയെയും വേർതിരിക്കുന്നതിൽ വിരൽ തൊടുന്നവൻ ശരിക്കും ദൈവത്തിന്റെ ഉടയാടയുടെ അരികെ സ്പർശിക്കാൻ കഴിയുന്നവനാണ്. തിന്മയും, നന്മയും ദ്വന്ദയുദ്ധം നടത്തുന്ന ഈ ഭൂവിൽ ഒരു സന്ന്യാസ ദൈവീക പരിവേഷം ഒരു വെല്ലുവിളിയാണ്. ഈ അനന്തസാദ്ധ്യതയിൽ വന്നു കൺകുളിർക്കേ നിൽക്കുമ്പോൾ ഈ വേദിയിൽ താങ്ങായ്, തണലായ് നിന്നവരെ വിസ്മരിക്കാൻ സാധിക്കില്ലല്ലോ. ബാല്യത്തിന്റെ ചെയ്തികളിൽ ഒരു നിനവും ബലിപീഠവും ഒരു കണ്ണെത്താദൂരത്തെ ഒരു വിസ്മയകാഴ്ചയായിരുന്നു. ആ കാഴ്ചകൾക്കു ചിറകു മുളപ്പിച്ച എന്റെ പ്രിയ മാതാപിതാക്കളെ എനിക്കു മറക്കാൻ സാധിക്കില്ല.

"പാതിതിരിഞ്ഞാൽ പോരല്ലോ പാതിയിൽ നിന്നും തിരിയേണം
പോരാ പോരാ പാതിരിയാവാൻ തിരിയായ് കത്തണമെല്ലാർക്കും,"

എന്ന കുഞ്ഞുണ്ണിമാഷിന്റെ കവിതയെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ഒരു പൗരോഹിത്യത്തിന്റെ അങ്കിയണിയാൻ എന്റെ പ്രിയ മാതാപിതാക്കൾ എന്ന ഒരുക്കി, ദൈവഭയത്തിലും, ശിക്ഷണത്തിലും വളർത്തി പൗരോഹിത്യത്തിലേക്ക് കൈപിടിച്ച് ആനയിച്ചു.

ബാല്യത്തിന്റെ കളികളും, ചിരികളും ഒക്കെ അന്യമാകുന്നതിനു മുമ്പേ ഒരു കൊച്ചുഗ്രാമത്തിൽനിന്ന് ഞാൻ ബഥനിയെന്ന വലിയ ഗ്രാമത്തിലേക്കു പറിച്ചു നട്ടപ്പെട്ടു. ഒരു നിമിത്തംപോലെ ബാല്യകാലത്തെ കളിയരങ്ങുകൾക്കപ്പുറത്ത് വൈദീകജീവിതത്തെക്കുറിച്ച് ചിന്തിക്കാതിരുന്ന ഞാൻ ബഥനിയിലെത്തി. എന്നെ ബഥനിയിലേക്ക് നയിച്ച ബഹുമാനപ്പെട്ട മരിയദാസ് ഒ.ഐ.സി. അച്ചനെയും, നിത്യതയിൽ

www.malankaralibrary.com

ആയിരിക്കുന്ന ബഹുമാനപ്പെട്ട വിൻസെന്റ് ഒ.ഐ.സി. അച്ചനെയും, ബഹുമാനപ്പെട്ട പ്രശോഭ് കൊല്ലിയേൽ അച്ചനെയും സ്നേഹത്തോടെ ഞാൻ ഓർക്കുന്നു. ആലുവായിൽ പെരിയാറിന്റെ വശ്യതയ്ക്കും, സൗന്ദര്യത്തിനും, കുളിർക്കാറ്റിനും കരയിൽ സ്ഥിതിചെയ്യുന്ന ദേശം ആശ്രമത്തിൽ ബഹു.മത്തായി കടവിൽ അച്ചന്റെ ശിക്ഷണത്തിലും, സ്നേഹത്തിലും കരുതലിലും ബഥനി എനിക്ക് ഒരു വീടായി. പിന്നീട് ഇന്നോളമുള്ള ജീവിതത്തിൽ ബഥനി സമൂഹം എന്നെ വളർച്ചയിലേക്കും നന്മയിലേക്കുംമാത്രം കൈപിടിച്ചു നടത്തിക്കൊണ്ടിരിക്കുന്നു.

ഈ പരിശീലനയാത്രയിൽ എന്നെ നയിച്ച ബഥനി സമൂഹത്തിന്റെ ജനറാളച്ചന്മാരായിരുന്ന ബഹു.ജോർജ്ജ് തോമസ് കല്ലുങ്കൽ അച്ചൻ, മരിയദാസച്ചൻ ഇവരെ നന്ദിയോടെ ഓർക്കുന്നു. പരിശീലന വേളയിൽ സ്നേഹസാമീപ്യംകൊണ്ടും, തിരുത്തലുകൾകൊണ്ടും എന്നെ വളർത്തിയ എല്ലാ പ്രൊവിൻഷ്യൽ അച്ചൻമാരെയും ബഹു.ചാക്കോ ഏറത്തച്ചനെയും, മത്തായി കടവിലച്ചൻ, ഇപ്പോഴത്തെ എന്റെ പ്രൊവിൻഷ്യൽ സുപ്പീര്യർ ബഹു.വില്യമച്ചൻ ഇവരെ നന്ദിയോടെ സ്മരിക്കുന്നു. കരുതലോടെയും, പ്രോത്സാഹനങ്ങളിലൂടെയും എന്നെ വളർത്തി ഇന്നും എന്നെ നയിക്കുന്ന എന്റെ എല്ലാ അധികാരികളെയും നന്ദിയോടെ ഓർക്കുന്നു.

എന്റെ രൂപീകരണ വീഥികളിൽ ഗുരുവച്ചന്മാരായിരുന്ന ബഹു.മത്തായി കടവിലച്ചൻ, ജോസഫ് മേനാക്കളിക്കലച്ചൻ, സിപ്രിയാനച്ചൻ, അനിയച്ചൻ, ബഹു.ജേക്കബ് മാർ ബർണബാസ് തിരുമേനി, ഫിലിപ്പച്ചൻ, ഷാജനച്ചൻ, ഐസക്കച്ചൻ, സിറിലാനന്ദച്ചൻ എന്നിവരെ ആദരവോടെ ഓർക്കുകയും അവരുടെ മാതൃകകൾക്ക് ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്റെ ആത്മീയ ജീവിതത്തിന് പ്രചോദനമായിരുന്നവർ, ആശ്രമാദ്ധ്യക്ഷന്മാർ, വൈദീകർ, വൈദിക സഹോദരങ്ങൾ എന്നിവർ തങ്ങളുടെ വിശുദ്ധ ജീവിതത്തിൽനിന്ന് പകർന്നു നൽകിയ സ്നേഹത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഒരായിരം നന്ദി.

കുഞ്ഞുന്നാൾമുതൽ ദൈവീകവചസ്സുകൾ ഓതിതന്ന് വൈദീക പദവിയിലേക്ക് പ്രവേശിക്കുമ്പോൾ എന്നും പ്രചോദനമായിരിക്കുന്ന എല്ലാ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകമായി സി.എം.സി. തലശ്ശേരി പ്രൊവിൻസിലെ സിസ്റ്റേഴ്സ്, എസ്.ഐ.സി ബത്തേരി പ്രോവിൻസിലെ സിസ്റ്റേഴ്സ് ഇവരെ നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com

ദൈവത്തിന്റെ അൾത്താരയിലേക്ക് പ്രാർത്ഥനകൊണ്ടും, സ്നേഹംകൊണ്ടും, പ്രോത്സാഹനങ്ങൾകൊണ്ടും നയിക്കുന്ന എന്റെ ജ്യേഷ്ഠനെയും, അനുജനെയും, സഹോദരിമാരെയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അറിവിന്റെ കേദാരങ്ങളായി, അക്ഷരങ്ങൾക്ക് പുനർജനി നൽകി അക്ഷരലോകത്തേക്ക് കൈപിടിച്ചു നടത്തിയ എന്റെ എല്ലാ ഗുരുഭൂതന്മാരെയും ആദരവോടെ സ്മരിക്കുന്നു. എന്റെ എല്ലാ വികാരിയച്ചന്മാരെയും, കൊച്ചച്ചന്മാരെയും എനിക്കു പിന്തുണ നൽകി ഇന്നും പ്രചോദനമായിരിക്കുന്ന എല്ലാ വൈദിക ശ്രേഷ്ഠരെയും നന്ദിയോടെ ഓർക്കുന്നു. എനിക്ക് പ്രാർത്ഥനയുടെ കരങ്ങളുയർത്തുന്ന എന്റെ ഇടവകകൂട്ടായ്മയെയും നന്ദിയോടെ ഓർക്കുന്നു.

പഠനവേളയിൽ കൂടുതൽ നാൾ ജീവിച്ച പൂന ആശ്രമത്തെ വിസ്മരിക്കുവാൻ സാധിക്കില്ല. അവിടുത്തെ ബഹുമാനപ്പെട്ട വൈദികർ, എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾ, പ്രിയപ്പെട്ട ബഥനി കുഞ്ഞനുജന്മാർ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥനകൊണ്ടും പ്രയത്നംകൊണ്ടും സ്നേഹവും പിന്തുണയും നൽകി എന്നെ സഹായിക്കുന്ന എന്റെ ഇടവകാംഗങ്ങൾ, സുഹൃത്തുക്കൾ, നാട്ടുകാർ, ഉപകാരികൾ ഓരോരുത്തരെയും ഹൃദയത്തിൽ സൂക്ഷിക്കുന്നു. എന്റെ യാത്രയിൽ എന്നെ അനുധാവനം ചെയ്തതിന്, ശക്തിപ്പെടുത്തിയതിന് ഒരായിരം നന്ദി. മാലാഖമാർ പോലും വിറയലോടുകൂടി നിൽക്കുന്ന സിംഹാസനസവിധേ, അഗ്നിമയമായ മദ്ബഹായുടെ ശുശ്രൂഷകനാകാൻ ഞാൻ പോകുമ്പോൾ, അളവറ്റ ദൈവസ്നേഹത്തിനു മുൻപിൽ ഞാൻ നമ്രശിരസ്കനാകുന്നു. ഒരു കാഷായവേഷത്തിന്റെ പരിശുദ്ധി ജീവിതത്തിൽ, നിർമ്മലതയുടെ കാത്തുസൂക്ഷിപ്പുകാരനാകാൻ ദൈവമേ കൃപ ചൊരിയേണമേ. “എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി എനിക്ക് ആവശ്യമുള്ളതെല്ലാം തന്നിരിക്കുന്നു” (ഫിലിപ്പി 4:19). അൾത്താരയിലേക്കുള്ള എന്റെ പ്രയാണത്തിൽ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകൾ, പ്രോത്സാഹനങ്ങൾ നല്കുന്ന മാതാപിതാക്കൾ, കൂടെപ്പിറപ്പുകൾ, ബന്ധുമിത്രാദികൾ, ഉപകാരികൾ എല്ലാവർക്കും നന്ദി. ആഘോഷതിമർപ്പുകളുടെ വേലിയേറ്റങ്ങൾ കഴിയുമ്പോൾ ഞാനും എന്റെ ജീവിതവും മാത്രം. അവിടെ നിങ്ങളുടെ പ്രാർത്ഥന ഞാനപേക്ഷിക്കുന്നു. പ്രാർത്ഥിച്ച് ശക്തിപ്പെടുത്തണമേ. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി.

www.malankaralibrary.com



# ഹൃദയ വയലിൽ വിത്തുവിതയ്ക്കാൻ ഗുരുവിനെപ്പോലെയാവാൻ

എൻ. സൈമൺ & ആർ. രാധ
ഫാ. റെജി സൈമണിന്റെ മാതാപിതാക്കൾ

“അവൻ മലമുകളിലേയ്ക്ക് കയറി തനിക്കിഷ്ടമുള്ളവരെ തിരഞ്ഞെടുത്തു. തന്നോടുകൂടി ആയിരിക്കാനും അയയ്ക്കപ്പെടാനും” (മർക്കോ 3:12). മാതാവിന്റെ ഉദരത്തിൽ ജീവന്റെ തുടിപ്പിനുമുമ്പേ അറിഞ്ഞ് രൂപം നൽകി. ജനിക്കുന്നതിനുമുമ്പേ വിശുദ്ധീകരിച്ചു. അൾത്താരയിൽ വി.ബലി അർപ്പിക്കാനും, നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യത്തിൽ പ്രത്യേകമാംവിധം പങ്കാളിയാകാൻ വേണ്ടിയും, എല്ലാവർക്കും എല്ലാമായിത്തീർന്ന തന്നെത്തന്നെ പൂർണ്ണമായി പരിത്യജിച്ച ദൈവത്തിനും, ദൈവജനത്തിനുമായി, പരിപൂർണ്ണ സേവനം ചെയ്യാനും, മിശിഹാനുകരണ സന്ന്യാസിയായി നേരത്തേ മുൻകൂട്ടി നിശ്ചയിച്ച് തന്നിലേക്ക് ഞങ്ങളുടെ മകനെ വിളിച്ചടുപ്പിച്ച് ഞങ്ങളോട് അതിയായ കാരുണ്യം കാണിച്ച പൊന്നുതമ്പുരാന് ഒരായിരം നന്ദി...

തിരുവനന്തപുരം ജില്ലയിൽ പൂവ്വാർ പഞ്ചായത്തിൽ കല്ലംപൊറ്റവീട്ടിൽ എൻ.സൈമന്റേയും ആർ.രാധയുടേയും മകനായി ജനിച്ചു. ചെക്കടി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും, റെജി എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ചെറുപ്പത്തിൽ ദേവാലയ ശുശ്രൂഷയിൽ അതീവ താൽപര്യം കാണിച്ചു മകൻ. അൾത്താര ബാലനായും, സൺഡേസ്കൂളിലും, മറ്റു സേവനപ്രവർത്തനങ്ങളിലും, വ്യാപൃതനായി തനിക്കായിട്ടുള്ള ദൈവവിളിക്ക് ചെവി ഓർത്തിരുന്നു. 10-ാം ക്ലാസ് കഴിഞ്ഞപ്പോൾ തനിക്ക് ബഥനി ആശ്രമത്തിൽ ചേർന്ന് സന്ന്യാസ വൈദീകവൃത്തി പരിശീലനത്തിന് പോകണമെന്നു പറഞ്ഞപ്പോൾ വളരെ സന്തോഷത്തോടെയാണ് ഞങ്ങൾ സ്വീകരിച്ചത്. ഒരു കാര്യം മകനോട് ഞങ്ങൾ ആവശ്യപ്പെട്ടു. അവന് ലഭിച്ച ദൈവവിളിയോട് പരമാവധി നീതി പുലർത്തണമെന്നും, എത്ര പ്രതിബന്ധങ്ങൾ വന്നാലും പ്രാർത്ഥനാപൂർവ്വം മുന്നേറണമെന്നും. അടുത്തദിവസം ബഹുമാനപ്പെട്ട ഇടവക വികാരി മാത്യു പാറയ്ക്കൽ

www.malankaralibrary.com

അച്ചനെ ഇത് അറിയിച്ചു. 2003 ജൂൺമാസം 11-ാം തീയതി ആശ്രമത്തിൽ പ്രവേശനം നടത്തുകയും, 2007-ൽ നവസന്യാസ പരിശീലനം പൂർത്തിയാക്കി പ്രഥമ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തുടർന്ന് ബഥനിയുടെ ചരിത്രത്തിൽ ആദ്യമായി റീജൻസി കാലയളവിൽ എത്യോപ്യയിൽ വളരെ സ്തുത്യർഹമായ രീതിയിൽ സേവനം നിർവഹിക്കുകയും 2013-ൽ നിത്യവ്രതം സ്വീകരിക്കുകയും തുടർന്നുള്ള ദൈവശാസ്ത്രപഠനം പൂനാ ബഥനി ജ്ഞാനദീപ വിദ്യാപീഠത്തിൽ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

ഈ അവസരത്തിൽ ഞങ്ങളുടേയും, കുടുംബത്തിന്റേയും സ്നേഹവും നന്ദിയും പ്രകാശിപ്പിക്കുന്നു. മകന്റെ സന്ന്യാസജീവിത രൂപീകരണത്തിൽ ബഹുമാനപ്പെട്ട എല്ലാ ഇടവക വികാരിമാരും, സിസ്റ്റേഴ്സും കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. റെജി സന്ന്യാസ വൈദികനായി അഭിഷിക്തനാകുന്നതിന് സഹായകമായ രീതിയിൽ പരിശീലനവും, ശിക്ഷണവും, അനുഗ്രഹവും നൽകി വളർത്തിയ സന്ന്യാസസമൂഹത്തിലെ എല്ലാ വൈദീക ശ്രേഷ്ഠരെയും ഗുരുക്കന്മാരെയും നന്ദിയോടെ സ്മരിക്കുകയും, പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനത്തി ലൂടെയും അനുഗ്രഹിച്ച വന്ദ്യപിതാക്കന്മാർക്കും, വൈദികർ, സിസ്റ്റേഴ്സ്, ഗുരുക്കന്മാർ, മതാദ്ധ്യാപകർ, ഇടവകാംഗങ്ങൾ, സമീപ സ്ഥലത്തെ ഇടവകാംഗങ്ങൾ, ബന്ധുമിത്രാദികൾ, സ്നേഹനിധിയായ നാട്ടുകാർ, നാനാജാതി മതസ്ഥർ എല്ലാവരോടുമുള്ള ഞങ്ങളുടെ നന്ദിയും, സ്നേഹവും ഹൃദ്യമായി രേഖപ്പെടുത്തുന്നു. നീണ്ട പതിമൂന്നര വർഷക്കാലത്തുടനീളം നടത്തിയ തമ്പുരാന്റെ വലിയ കൃപകളോർത്ത് ഞങ്ങളുടെ കണ്ണുകൾ നന്ദിയോടെ വീണ്ടും നിറയുന്നു. ഞങ്ങൾ പോലുമറിയാതെ മകനെ നടത്തിയ, പഠിപ്പിച്ച, ആവശ്യങ്ങളേറ്റെടുത്ത് വളർത്തിയ നിരവധിപേരുണ്ട്. ഞങ്ങളുടെ സ്നേഹവും, പ്രാർത്ഥനയും, കടപ്പാടും ഹൃദയപൂർവ്വം അറിയിക്കുന്നു.

സന്ന്യാസത്തിന്റെ നിഷ്ഠയിലും, പൗരോഹിത്യ ശ്രേഷ്ഠതയിലും, ജീവിതമർപ്പിക്കുമ്പോൾ ക്ലേശമോ, ദുരിതമോ, പീഡയോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ ഒന്നും നിന്നെ യേശുവിന്റെ സ്നേഹ ത്തിൽനിന്ന് വേർപെടുത്താനിടയാകാതിരിക്കട്ടെ എന്നു ഞങ്ങളും, ഇടവകജനങ്ങളും ആഗ്രഹിക്കുന്നു. എല്ലായ്പ്പോഴും ദൈവം നൽകുന്ന ഉത്തരവാദിത്വങ്ങൾ സുസ്മേരവദനനായി, സേവന സന്നദ്ധനായി സന്തോഷത്തോടെ ചെയ്യാൻ എല്ലാ അനുഗ്രഹാശംസകളും നേരുന്നു.

www.malankaralibrary.com

# കഠിനാദ്ധ്വാനത്തിന്റെ പ്രതിരൂപം റെജി സൈമൺ അച്ചൻ

**ബ്രദർ ജിതിൻ ജോർജ് ഒ.ഐ.സി.**

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ചെക്കടി ഇടവകയിൽ സൈമണിന്റെയും രാധയുടെയും നാല് മക്കളിലെ മൂന്നാമത്തെ മകനായി 1987 ഏപ്രിൽമാസം 15-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം അരമാനൂർ ഗവൺമെന്റ് സ്കൂളിലും MVHSS-ലും നടത്തിയതിനുശേഷം ബഥനി ആശ്രമത്തിൽ ചേർന്ന് ദൈവം തനിക്കുതന്ന വിളിക്കനുസൃതമായി ജീവിക്കാൻ റെജി ശെമ്മാൻ തീരുമാനിച്ചു.

തുടർന്ന് ബഹു.പോൾ കൈതവന അച്ചന്റെ ശിഷ്യഗണത്തിൽ അർത്ഥിപദം വിജയകരമായി പൂർത്തിയാക്കി. തന്റെ സന്ന്യാസ സമർപ്പണത്തിനായി അദ്ദേഹം ആലുവ അശോകപുരം ആശ്രമത്തിൽ ബഹു.ചാക്കോ അച്ചന്റെയും (ജേക്കബ് മാർ ബർണബാസ് തിരുമേനി) പ്രേമാനന്ദ് എന്നീ വൈദികരുടെ ശിഷ്യഗണത്തിൽ ധർമ്മശിഷ്യപദം പൂർത്തിയാക്കി വ്രതവാഗ്ദാനം നടത്തി തന്നെത്തന്നെ ദൈവതിരുമുമ്പാകെ സമർപ്പിച്ചു. തുടർന്ന് ഡിഗ്രി പഠനത്തിനായി ശെമ്മാശൻ നാലാഞ്ചിറ, ബഥനി കോളേജിൽ ചേർന്നു. മൂന്നു വർഷങ്ങളിലായി ഫാ.ജസ്റ്റിൻ സാം, ഫാ.വിജയാനന്ദ്, ഫാ.ജസ്റ്റിൻ തുണ്ടുമണ്ണിൽ എന്നിവരുടെ ശിക്ഷണത്തിൽ ശെമ്മാശൻ വിജയപ്രദമായി തന്റെ പഠനം പൂർത്തിയാക്കി.

സ്ഥിരോത്സാഹവും സാഹചര്യങ്ങൾക്കുതകുന്ന തന്റേതായ കാഴ്ചപ്പാടുകൾ വച്ചുപുലർത്തിയിരുന്നതും, അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി. അടുത്തവർഷം തത്വശാസ്ത്ര പഠനത്തിനായി അദ്ദേഹം പൂന JDV-ലേക്ക് അയയ്ക്കപ്പെട്ടു. പൂന ബഥനി ആശ്രമത്തിന്റെ സൗകര്യപ്രദമായ സാഹചര്യങ്ങൾ, വന്ദ്യഗുരുക്കന്മാരുടെ സാന്നിദ്ധ്യം തുടങ്ങിയവ അദ്ദേഹത്തിന്റെ തത്വശാസ്ത്രപഠനത്തിന് സഹായകമായി. ഈ കാലത്ത് ബഹുമാനപ്പെട്ട ഷാജൻ

www.malankaralibrary.com

കുറ്റിയിൽ അച്ചനായിരുന്നു പരിശീലനം നല്കിയത്. തത്ത്വശാസ്ത്ര പഠനം കഴിഞ്ഞ അടുത്തവർഷം അധികാരികൾ അദ്ദേഹത്തെ എത്യോപ്യയിൽ പുതുതായി തുടങ്ങിയ ബഥനിയുടെ മിഷനിലേക്ക് അയച്ചു. ആശ്രമത്തിന്റെ തുടക്കമെന്ന നിലയിൽത്തന്നെയും, എത്യോപ്യയിലെ ആദ്യ റീജന്റ് എന്ന നിലയിലും ശെമ്മാശന്റെ സേവനങ്ങൾ വളരെ വലുതായിരുന്നു.

പിന്നീട് അദ്ദേഹം വീണ്ടും, പൂന JDVയിലേക്ക് ദൈവശാസ്ത്ര പഠനത്തിനായി തിരിച്ചുവന്നു. അറിവു നേടുന്നതിലും ദൈവത്തെ സമ്പാദിക്കുന്നതിലും അദ്ദേഹം സ്ഥിരോത്സാഹിയായിരുന്നു. കാരണം ആശ്രമ ചിട്ടകളോടുള്ള അദ്ദേഹത്തിന്റെ കണിശമായ സമീപനവും ഒരു മുടക്കും കൂടാതെയും, വളരെ നേരത്തെയും പള്ളിയിൽ വന്നിരുന്നതു മൊക്കെ ശെമ്മാശന്റെ വ്യക്തിത്വത്തെ അടുത്തറിഞ്ഞിരുന്നവർക്ക് അനുഭവമുള്ളതാണ്. അതു മാത്രമല്ല, ഇത്രയും തിരക്കേറിയ ടൈംടേബിളുള്ള സമയത്തും, അദ്ദേഹം ആദ്ധ്യാത്മിക വായനയ്ക്ക് സമയം കണ്ടെത്തിയിരുന്നെന്ന് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ നിന്നും, അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നും, അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ലൈബ്രറി രജിസ്റ്ററിൽനിന്നും അദ്ദേഹം വായിച്ച പുസ്തകങ്ങളിൽനിന്നും, പുസ്തകങ്ങളുടെ എണ്ണത്തിൽനിന്നും, നമുക്ക് മനസ്സിലാക്കാവുന്നതാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ചില പ്രത്യേകമേഖലകൾ മാത്രമാകാതെ ആശ്രമത്തിന്റെ ചട്ടങ്ങൾക്കനുസരിച്ചായിരുന്നു അദ്ദേഹത്തിന്റെ താത്പര്യങ്ങളും. പച്ചക്കറികൃഷിയിലും കായികാദ്ധ്വാനത്തിലും അദ്ദേഹത്തിന്റെ പ്രത്യേകമാംവിധമുള്ള താത്പര്യം അഭിനന്ദനാർഹമാണ്.

ഈ മേൽപറഞ്ഞ ഗുണങ്ങളിൽനിന്നെല്ലാം വ്യക്തമാകുന്നത് മറ്റൊന്നുമല്ല, അദ്ദേഹത്തിന്റെ ദൈവവിളിയോടുള്ള അതിയായ സ്നേഹവും, വിളിച്ചവനോടുള്ള വിശ്വസ്ഥതയുമാണ്. അതിനാൽ തന്നെ അദ്ദേഹത്തിന്റെ സന്ന്യാസവൈദികജീവിതത്തിൽ സർവ്വ ശക്തന്റെ അനുഗ്രഹങ്ങൾ ധാരാളമായി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com

# കരം പിടിച്ചു നയിക്കുന്ന ദൈവം

ഫാ. റെജി സൈമൺ ഒ.ഐ.സി.

പ്രാർത്ഥനാനിർഭരമായി കഴിഞ്ഞ കാലഘട്ടങ്ങളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ദൈവം കൈപിടിച്ചു നടത്താത്ത ഒരു ദിവസം പോലും ജീവിതത്തിൽ ഇല്ല എന്നത് ഒരു തിരിച്ചറിവായി എന്നെ ധൈര്യപ്പെടുത്തുന്നു. എനിക്കുള്ളതെല്ലാം അവന്റെ ദാനമാണെന്ന് തിരിച്ചറിയുന്നു. ബലഹീനതയിൽ "നിനക്ക് എന്റെ കൃപ മതി" എന്ന അവന്റെ വചനം എന്നെ ശക്തിപ്പെടുത്തുന്നു. കുറവുകളെ നിറവുകളാക്കുന്ന പൊന്നുതമ്പുരാനെ എന്നെ വിളിച്ച്, വേർതിരിച്ച്, അടുപ്പിച്ച്, കൃപകൊണ്ട് നിറച്ച് നിന്റെ നിത്യപൗരോഹിത്യത്തിൽ പങ്കുകാരനാക്കിയതിന് ഹൃദയനിറവിൽ നിറമിഴികളോടെ, കൂപ്പുകരങ്ങളോടെ ഒരായിരം നന്ദി.

ദൈവത്തിങ്കലേക്കു കൈപിടിച്ചു നടത്തി ജീവിതംകൊണ്ടും, പ്രാർത്ഥനകൊണ്ടും, ത്യാഗംകൊണ്ടും എന്നെ ശക്തിപ്പെടുത്തി സ്നേഹത്തിന്റെ പൂമഴകൊണ്ട് എന്നെ വളർത്തിയ പപ്പയ്ക്കും, അമ്മയ്ക്കും, ഹൃദയംനിറഞ്ഞ വന്ദനം. പ്രാർത്ഥനകൊണ്ടും, സ്നേഹംകൊണ്ടും എന്നെ ശക്തിപ്പെടുത്തിയ സഹോദരങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

ബഥനിയിലൂടെ സന്ന്യാസത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകി ജീവിതംകൊണ്ടും, മാതൃകകൊണ്ടും, സ്നേഹംകൊണ്ടും, പ്രാർത്ഥനകൊണ്ടും, എന്നെ രൂപാന്തരപ്പെടുത്തിയതിന് ത്യാഗം ഏറ്റെടുത്ത വന്ദ്യ റെക്ടർ അച്ചന്മാർക്ക് സ്നേഹം നിറഞ്ഞ വന്ദനം. ആത്മീയയാത്രയിൽ താങ്ങും തണലുമായിനിന്ന് എന്നെ വഴി നടത്തിയ എല്ലാ ആത്മീയ പിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി. പരിശീലനകാലയളവിൽ എന്നെ നയിച്ച എല്ലാ വന്ദ്യജനറാളച്ചന്മാർക്കും, പ്രൊവിൻഷ്യൽ അച്ചന്മർക്കും മറ്റെല്ലാ അധികാരികൾക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

www.malankaralibrary.com

ദൈവവിളിയോട് ക്രിയാത്മകമായി പ്രത്യുത്തരിക്കാൻ എനിക്കുവേണ്ടി ദൈസന്നിധിയിൽ പ്രാർത്ഥിച്ച എന്റെ ഇടവക കൂട്ടായ്മയ്ക്കും മുൻവികാരിമാർക്കും, സിസ്റ്റേഴ്സിനും ഇപ്പോഴത്തെ വികാരി ഫാ.വിയാനി കൊറ്റിനാട്ട് ഒ.ഐ.സി. അച്ചനും, സിസ്റ്റർ സുകൃതയ്ക്കും, ഹൃദയത്തിന്റെ ഭാഷയിൽ നന്ദി. എന്റെ ദൈവവിളി പ്രോത്സാഹിപ്പിച്ച സിസ്റ്റർ ജാസ്മിൻ DMനും, ശക്തിപ്പെടുത്തിയ സി.മേരി പുഷ്പ DMനും, പ്രാർത്ഥനകൊണ്ടും, സ്നേഹം കൊണ്ടും എന്നെ വളർത്തിയ എന്റെ Benefactor ലിസി ആന്റിക്കും, എന്നെ ഞാനാക്കിയ ബഥനി പൂനാ കമ്മ്യൂണിറ്റിക്കും, റെക്ടർ സിറിൽ ഒ.ഐ.സി. അച്ചനും, മറ്റെല്ലാ വന്ദ്യവൈദികർക്കും പ്രാർത്ഥനാ നിർഭരമായ നന്ദി.

സ്നേഹംകൊണ്ട് ചങ്കുപറിച്ചു നൽകിയ എന്റെ എല്ലാ ബാച്ചുകാർക്കും, പ്രോത്സാഹനവും, പ്രാർത്ഥനയുമായി കൂടെ നിന്ന എല്ലാ ബന്ധുമിത്രാദികൾക്കും നന്ദി. പ്രാർത്ഥനാ നിർഭരമായ നന്ദി. സർവ്വോപരി എന്റെ ബഥനി സമൂഹത്തിന് ഹൃദയം നിറഞ്ഞ നന്ദി.

ദൈവവിളിയുടെ അന്തഃസത്ത ദൈവസ്നേഹമാണ്. ആ സ്നേഹത്തോട് എന്നെ പരിപൂർണ്ണമായി ചേർത്തുവയ്ക്കുവാൻ ഇനിയും കൂടുതൽ ഞാൻ പ്രാപ്തനാക്കുന്നതിന് നിങ്ങൾ എനിക്കുവേണ്ടി ദൈവസന്നിധിയിൽ ഉയർത്തിയ കരങ്ങൾ കൂടുതൽ ശക്തമായി ഉയരണം. ഒരിക്കൽ കൂടി ജീവിതയാത്രയിൽ താങ്ങും തണലുമയി നിന്ന് എനിക്കുവേണ്ടി ദൈവസന്നിധിയിൽ കരങ്ങൾ ഉയർത്തിയവർക്ക്, ഭൂഖണ്ഡങ്ങൾക്ക് അപ്പുറമായിരുന്നിട്ടും ചങ്കിനോട് ചേർത്തുവച്ചവർക്ക് ഒരായിരം നന്ദി.. നന്ദി...

സന്ന്യാസിയെ ഒരു യാഗപ്പശുവിനോടുപമിക്കാം.
യാഗപ്പശു നാല് അവസ്ഥാന്തരങ്ങളിൽകൂടി
കടന്നുപോകേണ്ടതായിട്ടുണ്ട്.

മാർ ഈവാനിയോസ്

www.malankaralibrary.com



# ദൈവമേ, നിന്റെ ഹിതം പോലെ നടത്തണമെ!

**പി. ജി. ചാക്കോ പണിക്കർ & സൂസൻ പണിക്കർ**
എബിൻ പണിക്കരുടെ മാതാപിതാക്കൾ

"അവിടുന്നാണ് ഇതും ഇതിനുമുൻപും പിൻപും സംഭവിച്ച കാര്യങ്ങളും ചെയ്തത്. ഇപ്പോഴുള്ളവയ്ക്കും വരാനിരിക്കുന്നവയ്ക്കും, രൂപം നൽകിയത് അവിടുന്നുതന്നെ. അതേ, അവിടുത്തെ ഹിതം നിറവേറി" (യൂദിത്ത് 9:5).

ഞങ്ങളുടെ മകൻ എബിൻ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യാൻ വിളിക്കപ്പെടുകയും ഇപ്പോൾ ദൈവജനത്തിനുവേണ്ടി ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിനു ആയിരമായിരം സ്തോത്രം അർപ്പിക്കുന്നു. അവിടുത്തെ ഹിതം നിറവേറി എന്നതിലുപരിയായി ഒന്നും പറയാനില്ല. ത്രിയേക ദൈവത്തിനു മഹത്വം ഉണ്ടായിരിക്കട്ടെ!

1987 മെയ് മാസം 8-ാം തിയതി, ഞങ്ങളുടെ മൂന്നു മക്കളിൽ ഏറ്റവും ഇളയവനായി എബിൻ ജനിച്ചു. ഗൾഫിൽ 'സലാല' എന്ന നാട്ടിലാണ് ഞങ്ങൾ ജീവിച്ചിരുന്നത്. ആ കാലം മുതൽതന്നെ ദൈവത്തോടും ദേവാലയത്തോടും ചേർന്നുനിന്നുകൊണ്ട് ജീവിതം ക്രമീകരിക്കുവാൻ ദൈവം ഞങ്ങളുടെമേൽ കൃപ ചൊരിഞ്ഞു. കുഞ്ഞുന്നാൾ മുതൽക്കേ എബിനു ദൈവികകാര്യങ്ങളിൽ താത്പര്യമുണ്ടായിരുന്നു. പിന്നീട് 1997-ൽ ഞങ്ങൾ അവിടെനിന്നും നാട്ടിലേക്കു സ്ഥലം മാറി നാലാഞ്ചിറയിൽ സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ ചേർന്നു. ബഥനി അച്ചന്മാർ ശുശ്രൂഷ ചെയ്തിരുന്ന നാലാഞ്ചിറ പള്ളിയിൽ മകൻ വിശ്വാസപരിശീലനം തുടരുകയും 1998-ൽ ആദ്യകുർബാന സ്വീകരിക്കുകയും ചെയ്തു. അഞ്ച് മുതൽ പത്തുവരെയുള്ള പഠനം ബഥനി കുന്നിലെ സർവ്വോദയ വിദ്യാലയത്തിൽ ആയിരുന്നു. ഈ കാലത്ത് മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിൽ എല്ലാ ആഴ്ചയുംപോയി പ്രാർത്ഥിക്കുമായിരുന്നു. ഒരു വൈദികൻ ആകാനുള്ള മോഹം ദൃഢപ്പെട്ടു. നാലാഞ്ചിറ ഇടവകയിലെ വികാരിയച്ചന്മാരുടെയും (ജെയിംസ്

www.malankaralibrary.com

മാമ്മൂട്ടിലച്ചൻ, അഗസ്റ്റിനച്ചൻ, വിയാനിയച്ചൻ), സിസ്റ്റേഴ്സിന്റെയും (സി.ആദർശ, സി.ജോബിൻ, സി.നിഷ്ഠ, സി.പ്രതിഭ, സി.സൗമിനി), ബഥനി ആശ്രമത്തിലെ വൈദികരുടെയും ബ്രദേഴ്സി ന്റെയും, ബഥനി മഠത്തിലെ സിസ്റ്റേഴ്സിന്റെയും, കുടുംബത്തിലെ വൈദികരുടെയും പ്രത്യേകിച്ച് അച്ചാച്ചൻ ഫാ.പി.ജി.തോമസ് പണിക്കർ, മറ്റു പണിക്കരച്ചന്മാർ) സിസ്റ്റേഴ്സിന്റെയും (പ്രത്യേകിച്ച് അമ്മാമ്മ-സി.തേജസ് എസ്.ഐ.സി.) ബ്രദേഴ്സിന്റെയും (അന്നത്തെ സിറിൽ, റൈറ്റസ് ശെമ്മാശൻമാർ) പ്രോത്സാഹനം എബിനെ ഒത്തിരി ബലപ്പെടുത്തി. ഒടുവിൽ 2003-ൽ പത്താംക്ലാസ് പൂർത്തിയാക്കിയപ്പോൾ തനിക്കു ലഭിച്ച ദൈവവിളിക്കു പ്രത്യുത്തരമായി ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസ വൈദികനാകണമെന്ന ആഗ്രഹം ഞങ്ങളെയറിയിച്ചു. ഞങ്ങളുടെ മൂന്ന് ആൺമക്കളിൽ ഒരാൾ കർത്താവിന്റെ വയലിലെ ശുശ്രൂഷകനായി കാണണമെന്ന വലിയ ആഗ്രഹം അങ്ങനെ പൂവ ണിഞ്ഞു. പൂർണ്ണ സന്തോഷത്തോടെ ഞങ്ങൾ അനുവാദം കൊടുത്തു.

ബഥനി ആശ്രമം ഞങ്ങൾക്ക് അന്നും ഇന്നും സ്വന്തം കുടുംബംപോലെയാണ്. അതുകൊണ്ട് മകൻ അവിടെയായതിൽ സന്തോഷമേയുള്ളു. എബിന്റെ പരിശീലനകാലത്തെ എല്ലാ റെക്ടറച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് പോൾ മാത്യു അച്ചൻ, ബർണ്ണബാസ് തിരുമേനി, ജസ്റ്റിൻ സാമച്ചൻ, വിജയാനന്ദച്ചൻ, ജസ്റ്റിൻ തുണ്ടുമണ്ണിലച്ചൻ, ഷാജൻ കുറ്റിയിലച്ചൻ (ഇപ്പോൾ നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ), ഐസക്കച്ചൻ, സിറിലച്ചൻ, ഞങ്ങളുടെ മകന്റെ സന്ന്യസ്തവൈദിക പരിശീലനത്തിൽ അവനെ പ്രോത്സാഹിപ്പിച്ച്, പ്രാർത്ഥിച്ച്, വൈദികരോടും, ഇടവക വികാരി മാരോടും, സിസ്റ്റേഴ്സിനോടും, ബ്രദേഴ്സിനോടും, ഗുരുഭൂതരോടും, ബന്ധുമിത്രാദികളോടും, ഉപകാരികളോടും, ഇടവകാംഗങ്ങളോടും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ദൈവത്തിന്റെ പാവന മദ്ബഹായിൽ നിന്നുകൊണ്ട് ദൈവജനത്തിനു വേണ്ടതെല്ലാം നൽകാൻ ദൈവം ഞങ്ങളുടെ മകനെ കൃപയാൽ നിറയ്ക്കട്ടെ. ജീവിതം മുഴുവനും ദൈവഹിതം നിറവേറ്റാൻ തമ്പുരാൻ അനുഗ്രഹിക്കട്ടെ. യാഗവേദിയിലേക്കുള്ള യാത്രയിൽ ഞങ്ങളുടെ മകനെ പ്രാർത്ഥനകൊണ്ട് ശക്തിപ്പെടുത്തിയ എല്ലാവരോടും തുടർന്ന് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

www.malankaralibrary.com

# ഫലം ഇച്ഛിക്കാതെ സദാ കർമ്മനിരതനായ എബിനച്ചൻ

ബ്രദർ പ്രഫുൽ ഒ.ഐ.സി.

എന്റെ മുമ്പിൽ നിങ്ങൾ വിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ, കർത്താവായ ഞാൻ വിശുദ്ധനാണ്. നിങ്ങൾ എനിക്കു സ്വന്തമാകേണ്ടതിന് ഞാൻ നിങ്ങളെ മറ്റു ജനങ്ങളിൽ നിന്നു വേർതിരിച്ചിരിക്കുന്നു (ലേവ്യ 20:26).

സ്വന്ത ഇഷ്ടങ്ങളും അനിഷ്ടങ്ങളും മാറ്റിവച്ച് ഇടയനെപ്പോലെ ആടുകളെ പരിപാലിക്കുന്നവനാണ് പുരോഹിതൻ. അവന്റെ ജീവിത സാഫല്യവും ലക്ഷ്യവും ഇടയനു സമമാണ്. എല്ലാവരുടെ ഇടയിലും ബഹുമാന്യനായ എബിനച്ചനിൽ തിളങ്ങി നിൽക്കുക ഇടയനു സമമായ ജീവിതമാണ്. കലാപരവും കായികപരവും ബൗദ്ധികവും ആത്മീയവും ആയ എല്ലാദാനങ്ങളുംകൊണ്ടു ദൈവം സമൃദ്ധമായി അനുഗ്രഹിച്ച വ്യക്തി, എല്ലാവർക്കും സുസമ്മതൻ, തന്റെ കഴിവുകളെല്ലാം മറ്റുള്ളവരുടെ നൻമക്കായി ഉപയോഗിക്കുന്നവൻ, സർവ്വോപരിയൊരു നിഷ്കാമകർമ്മി എന്നീ മഹനീയ ഗുണങ്ങളാൽ അലങ്കരിക്കപ്പെട്ട വ്യക്തിത്വമാണ് ബഹുമാനപ്പെട്ട എബിനച്ചന്റേത്. പതിനാലുവർഷത്തെ പരിശീലനത്തിനുശേഷം കർത്താവിന്റെ ബലിപീഠത്തിൽ ബലിയായി അർപ്പിക്കപ്പെടുന്ന ഈ സമയത്ത്, തന്റെ സകലകഴിവുകളും കർത്താവിന്റെ മഹത്വത്തിനായി ഉപയോഗപ്പെടുത്തുവാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവരെപ്പോലെ ധാരാളം നൻമകൾ അച്ചനിലും നമുക്കു കണ്ടെത്താം. എന്നാൽ എബിനച്ചനെ എന്നും മറ്റുള്ളവരിൽനിന്നു വ്യത്യസ്തനാക്കിയത് അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങളായിരുന്നു. ക്രിസ്തുവിനെപ്പോലെ വേർതിരിവുകളില്ലാതെ എല്ലാവരെയും തന്റെ സൗഹൃദവലയത്തിൽ ആക്കുവാൻ അച്ചൻ സദാ ശ്രദ്ധാലുവായിരുന്നു. ജീവിതത്തിന്റെ എല്ലാമേഖലയിൽ ഉള്ളവരോടും യാതൊരു മുൻവിധികളും ഇല്ലാതെ ഇടപെടുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. എന്നിരുന്നാലും തെറ്റുകളെ തെറ്റായി ചൂണ്ടിക്കാണിക്കാനും സ്നേഹത്തിൽ അവരെ തിരുത്തുവാനും അദ്ദേഹത്തിന്റെ കഴിവു

www.malankaralibrary.com

പ്രശംസനീയവും അനുകരണീയവുമാണ്. വ്യക്തിബന്ധങ്ങളിലെ ആത്മാർത്ഥതയില്ലായ്മയും ഉപരിപ്ലവമായ സ്നേഹപ്രകടനവും വർധിച്ച ഈ കാലഘട്ടത്തിൽ അച്ചന്റെ ജീവിതമാതൃക ഒരു വെല്ലുവിളിയും പ്രചോദനവും ആകുമെന്നതിൽ സംശയമില്ല.

ഒരോ വ്യക്തികളുടെയും ചെറു പിഴവുകൾപ്പോലും ആഘോഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ മറ്റുള്ളവരുടെ ചെറുനൻമകളെപ്പോലും അംഗീകരിക്കുവാനും വളർത്തുവാനും അദ്ദേഹം ശ്രദ്ധിക്കുന്നു. ജീവിതത്തിൽ ഉടനീളം മറ്റുള്ളവരെ കേൾക്കുവാനും സ്വന്തം കാര്യങ്ങൾപ്പോലും മാറ്റിനിർത്തി അവരെ സഹായിക്കുവാനും അദ്ദേഹം സന്നദ്ധനാണ്.

ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ എന്ന ഗുരുമൊഴികളെ ജീവിതദർശനമാക്കിയ വ്യക്തിത്വമാണ് അച്ചന്റേത്. കഴിവുകളിൽ അഹങ്കരിക്കാതെ മറ്റുള്ളവർക്കു അത് ഉപകാരപ്പെടുംവിധം പ്രയോജനപ്പെടുത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതുപോലെ തന്നെ തന്റെ കഴിവുകൾ മറ്റുള്ളവർക്കു ഏതു നിമിഷവും പകർന്നു നൽകുവാൻ എബിനച്ചൻ മനസ്സുകാണിക്കുന്നു.

ദൈവം നൽകിയ എല്ലാ ദാനങ്ങളും സഭയുടെ, സമൂഹത്തിന്റെ, തന്നെ തേടിയിരിക്കുന്ന അജഗണത്തിന്റെ നന്മക്കായി പരിണമിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിക്കട്ടെ. തന്നെ തേടിവരുന്നവർക്ക്, നല്ല ഇടയനെപ്പോലെ ആശ്വാസത്തിന്റെയും കരുതലിന്റെയും ഒരു നിറസാന്നിദ്ധ്യമായി വിളങ്ങുവാൻ അച്ചൻ യോഗ്യനായിത്തീരട്ടെ. സകലനന്മകളുടെയും ഉറവിടവും... സകലസൗഭാഗ്യങ്ങളും മുടിചൂടിനിൽക്കുന്ന സഭയിൽ... ഒരു നല്ലഅജപാലകനായി അദ്ദേഹം ശോഭിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

ആശ്വസിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുവാനും
മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കുവാനും
സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുവാനും...

എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു. ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

# ദൈവം തന്നതല്ലാതൊന്നും ഇല്ലാ എന്റെ ജീവിതത്തിൽ...

ഫാദർ എബിൻ തോമസ് പണിക്കർ ഒ.ഐ.സി.

കർത്താവിന്റെ പാവനമായ ബലിപീഠത്തിൽ നിന്നുകൊണ്ട് സർവ്വജനത്തിനും ബലിയർപ്പിക്കാൻ അയോഗ്യതകൾ ഒന്നും പരിഗണിക്കാതെ എന്നെ യോഗ്യനാക്കിയ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. പതിമൂന്നര വർഷത്തെ സന്ന്യാസപൗരോഹിത്യ പരിശീലനം കഴിഞ്ഞു നിൽക്കുന്ന ഈ വേളയിൽ എന്റെ ബോധ്യമായി ഞാൻ മനസ്സിലാക്കുന്നത് ഒരൊറ്റ കാര്യമേയുള്ളു- ''ദൈവം തന്നതല്ലാതൊന്നും ഇല്ലായെന്റെ ജീവിതത്തിൽ." എനിക്കു ജന്മമേകി സ്നേഹപൂർവ്വം വളർത്തുന്ന മാതാപിതാക്കൾ, കൂടെ പിറന്നു എന്നതിലുമുപരി എപ്പോഴും കൂടെയായിരിക്കുന്ന അച്ചാച്ചൻമാർ, ചേച്ചിമാർ, ബന്ധുക്കൾ വിശ്വാസ ജീവിതത്തിൽ എന്നെ പ്രാർത്ഥനയും പ്രോത്സാഹനവും കൊണ്ട് ശക്തിപ്പെടുത്തിയ എന്റെ ഇടവകയിലെ ജനങ്ങളും വികാരിയച്ചന്മാരും സിസ്റ്റേഴ്സും, മറ്റെല്ലാ അച്ചന്മാരും സിസ്റ്റേഴ്സും എന്നെ വിജ്ഞാനമാർഗ്ഗത്തിൽ കൈപിടിച്ചു നടത്തിയ എല്ലാ അദ്ധ്യാപകരും എന്റെ എല്ലാ സഹപാഠികളും സുഹൃത്തുക്കളും, ഞാൻ ആയിരുന്ന എല്ലാ സ്ഥലങ്ങളിലും എന്നെ ഉപദേശം കൊണ്ടും പ്രാർത്ഥനകൊണ്ടും സൗഹൃദപരമായ സ്നേഹം കൊണ്ട് കരുതിയവർ, എന്നെ ഞാനാക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ച ബഥനി ആശ്രമവും... ഇവയെല്ലാം ദൈവം എനിക്കു തന്ന ദാനമാണ്. ഇവയ്ക്കുവേണ്ടിയെല്ലാം ഞാൻ എത്ര നന്ദി പറഞ്ഞാലും അത് മതിയാവില്ല.

മഹോന്നതമായ പൗരോഹിത്യത്തിലേക്ക് കാൽവെച്ച് മുന്നോട്ട് പോകാൻ തുടങ്ങുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞാനും സങ്കീർത്തകനെപ്പോലെ പാടും, (സങ്കീ 27 : 4)- "കർത്താവിന്റെ ഭവനത്തിൽ ആയിരിക്കുവാൻ ഞാൻ എന്നും ആഗ്രഹിക്കുന്നു". അൾത്താരയിലേക്കുള്ള എന്റെ യാത്രയിൽ എന്നോടൊപ്പമുണ്ടായിരുന്ന എല്ലാവരേയും നന്ദിയോടെ ബലിവേദിയിൽ ഓർക്കുന്നു.

www.malankaralibrary.com

# പുരോഹിതദർശനങ്ങൾ

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

ഒരിക്കൽകൂടി പൗരോഹിത്യത്തെപ്പറ്റി നാം ചിന്തിക്കുന്ന അവസരം. നമ്മുടെ സമൂഹത്തിന്റെ ചരിത്രത്തിൽ ആദ്യമായി 22 സഹോദരങ്ങൾ നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യ ജീവിതത്തിലും ദർശനങ്ങളിലും ഉൾച്ചേരുന്ന അസുലഭ നിമിഷം. 22 സഹോദരങ്ങളെ സംബന്ധിച്ച് സന്തോഷത്തിന്റെയും, സംതൃപ്തി യുടെയും അവസരം. നീണ്ട പരിശീലനത്തിന്റെ അന്ത്യംകുറിക്കുന്ന സുദിനം. പിരിമുറുക്കത്തിന്റെ, വരിഞ്ഞുകെട്ടലിന്റെ, ക്രമങ്ങളിൽനിന്ന് ചിറകുവിരിച്ച് സ്വാതന്ത്ര്യത്തോടുകൂടി പറക്കാൻ ഉള്ള തയ്യാറെടുപ്പ്. ഒപ്പം ഇവരെ അവർ ആയിരിക്കുന്ന അവസ്ഥയിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ അലിയിച്ച് ചേർക്കാനുള്ള നിതാന്ത പരിശ്രമം സമൂഹത്തിന്റെ ഭാഗത്തുനിന്ന്. 22 പേരെ ബഥനിക്കു നൽകിയ സഭയ്ക്ക്, ഇവരുടെ മാതാപിതാക്കന്മാർ, സഹോദരിസഹോദരന്മാർ ദൈവതിരുമുമ്പിൽ നന്ദി അർപ്പിക്കുന്ന ദിനമാണ്.

പൗരോഹിത്യം ഏറ്റം അധികം വിമർശിക്കപ്പെടുകയും പൗരോ ഹിത്യ ജീവിതത്തിന്റെ നന്മയും ശുദ്ധതയും എല്ലാ കാലത്തെക്കാളും വിലമതിയ്ക്കപ്പെടുകയും, 'ശുദ്ധതയുടെ വക്താക്കളെ' പൂർണ്ണമായി അന്വേഷിച്ച് ഉൾക്കൊള്ളാനും, സ്വീകരിക്കാനും വെമ്പൽകൊള്ളുന്ന ഒരു സഭാത്മകത, സാമൂഹ്യ പശ്ചാത്തലത്തിൽ ഒരിക്കൽക്കൂടി പൗരോഹിത്യദർശനങ്ങളെപ്പറ്റിയുള്ള ഒരു അന്വേഷണം ആണ് ഈ ലേഖനത്തിന്റെ ഉൾക്കാമ്പ്. പൗരോഹിത്യ ജീവിതത്തിലായിരിക്കുന്ന വർക്കും, കടന്നുവരുന്നവർക്കും ഒരുപോലെ ഒരു ആത്മശോധനയുടെ നിമിഷങ്ങൾ ഇതിന്റെ തുടർന്നുവരുന്ന ചിന്തകൾ സഹായിക്കും എന്ന് വിശ്വസിക്കുന്നു. 22 നവവൈദികർക്കും പൗരോഹിത്യ ജീവിതത്തിന്റെ നന്മയും, വെല്ലുവിളികളും നേരുന്നു. വിളിച്ചവൻ വെല്ലുവിളിക്കുന്ന വിളിയുടെ ദർശനങ്ങൾ പൂർണ്ണമായി സ്വീകരിക്കണം. ഒപ്പം വിളിയിലെ ഉൾവിളിയും, അതിലെ വെല്ലുവിളിയും, മനസ്സിൽ കോറിയിടുന്നതു കൊണ്ട് ലഭ്യമാകുന്ന സന്തോഷവും, സംതൃപ്തിയും അനന്യ സാധാരണംതന്നെ. അത് ഒരിക്കൽകൂടി ആസ്വദിക്കാൻ സഭയും സമൂഹവും നമ്മെ ക്ഷണിക്കുന്നു.

www.malankaralibrary.com

പൗരോഹിത്യ സ്വീകരണ അവസരത്തിലെ ഏറ്റം പ്രധാനപ്പെട്ട ഒരു വിഷയമാണല്ലോ പൗരോഹിത്യ ദർശനങ്ങളും അതിന്റെ ആനുകാലിക പ്രസക്തിയും. ഒരു കാര്യം ആദ്യമേതന്നെ നാം മനസ്സിലാക്കണം. വ്യക്തിപരമായി നമുക്ക് ആർക്കുംതന്നെ ഒരു പൗരോഹിത്യ ദർശനം ഇല്ല. എന്റെ "പൗരോഹിത്യദർശനം" എന്ന ചിന്തയും, അതനുസരിച്ചുള്ള പ്രവർത്തിയും, അതിനോടു ചേർന്നുള്ള പങ്കുവയ്ക്കലും ഒക്കെ അതിൽതന്നെ അർത്ഥമില്ലാത്തതാണ്. "എന്റെ പൗരോഹിത്യ ദർശനം" അതിന്റെ വാലുപിടിച്ച് ജീവിക്കുന്നതും ആദ്ധ്യാത്മികമായി പൗരോഹിത്യത്തെ നശിപ്പിക്കുന്നതാണ്. ഒരു പരിധിവരെ "എന്റെ ദർശനത്തിന്റെ" അപജയങ്ങൾ ആണല്ലോ ഈ ജീവിതം തരണം ചെയ്യുന്ന ഏറ്റവും വലിയ ദുരവസ്ഥ. ഈ ദുരവസ്ഥയുടെ അതിദാരുണമായ ജീവിതക്രമവുമായാണ് നാം ഇന്ന് മുൻപോട്ട് പോവുക. അതിദാരുണ മായ ഈ അനുഭവത്തിൽ നിന്നുള്ള സത്യമായ മോചനം പൗരോഹിത്യ ത്തിന്റെ ആദ്ധ്യാത്മിക ദർശന സ്വാംശീകരണത്തിലൂടെ മാത്രമേ സാധിതപ്രായമാകുകയുള്ളു. ഒരു കാര്യത്തിൽ പുരോഹിതർ ദർശനഐക്യമുള്ളവർ ആയിരിക്കണം. ഒന്നാമതായി പൗരോഹിത്യം നമുക്ക് സഭയിൽനിന്നാണ് ലഭിച്ചിട്ടുള്ളത്. അത് സഭ നൂറ്റാണ്ടുകളായി നമുക്ക് നൽകപ്പെട്ടിട്ടുള്ളതാണ്. എങ്കിൽ പുരോഹിത ദർശനത്തിന്റെ ആദ്യഅനുഭവങ്ങൾ നാം നിത്യമായും സത്യമായും സ്വീകരിക്കേണ്ടത് സഭയിൽനിന്നുമാണല്ലോ.

പുരോഹിതൻ 'സഭയോട് ചേർന്ന് ചിന്തിയ്ക്കാനുള്ളവൻ' തന്നെ. സഭയിൽ, സഭയോട് ചേർന്നുചിന്തിക്കാനുള്ള അവന്റെ വിളിയിൽ യാതൊരുമായം ചേർക്കലും ഉണ്ടാകരുത്. സഭയിൽ ജീവിക്കേണ്ടവൻ സഭയോടു ചേർന്ന് ജീവിക്കേണ്ടവൻ. സഭയ്ക്കുവേണ്ടി മരണംവരെ ജീവിക്കേണ്ടവൻ, ജീവിക്കുന്നവൻ – പുരോഹിതൻ. സഭയോടു ചേർന്ന് ജീവിക്കേണ്ടവൻ സഭയുടെ പ്രബോധനങ്ങളിലും, വിശ്വാസസംബന്ധമായ അടിസ്ഥാന അനുഭവങ്ങളും, സഭയുടെ കാലാകാലങ്ങളിലുള്ള ധാർമ്മിക പ്രബോധനങ്ങളാലും അവഗാഢമുള്ളവരായിരിക്കണമല്ലോ. 12–14 വർഷങ്ങളിലെ പരിശീലനഘട്ടത്തിൽ ആർജിച്ചെടുത്ത സമർപ്പണത്തെപ്പറ്റിയുള്ള നിത്യസനാതന അനുഭവങ്ങളോടൊപ്പം തന്നെ ഏറ്റം പ്രധാനപ്പെട്ടതാണ് സഭയുടെ ആനുകാലിക പ്രബോധനങ്ങളോടുള്ള ആഭിമുഖ്യവും ആദരവും. അവ തന്റേതാക്കാനുള്ള നല്ല മനസ്സും. പൗരോഹിത്യത്തോടുകൂടി പഠനം തീർന്നു എന്ന ചിന്ത ഒരിക്കലും സഭാത്മകമല്ല, ക്രിസ്തീയമല്ല. പൗരോഹിത്യത്തിനു

www.malankaralibrary.com

ശേഷമാണല്ലോ, പഠിച്ചത് പ്രാവർത്തികമാകുന്ന കർമ്മം ആരംഭിക്കുക. അതുകൊണ്ട് പഠിച്ചതിന്റെ ആനുകാലിക അനുഭവം മനസ്സിലാകുന്നതും സ്വന്തമാകുന്നതും പങ്കുവയ്ക്കുന്നതും തീർച്ചയായും സഭയുടെ ആനുകാലിക പഠിപ്പിക്കലിലുള്ള ഉള്ളുതുറന്ന പ്രതിബദ്ധതയിലൂടെയാണ്. സഭയോട് ചേർന്ന് ചിന്തിക്കുന്ന ഒരു ക്രിസ്തീയ സഭാത്മകത അനിവാര്യംതന്നെ.

**ക്രിസ്തുവിന്റെ പ്രതിപുരുഷൻ**

പൗരോഹിത്യ വീക്ഷണങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ നിത്യപുരോഹിതനായ യേശുനൽകിയ നിർമ്മലവും, പരിശുദ്ധവും ആധികാരികവുമായ പുരോഹിത പ്രതീകങ്ങൾ ആണല്ലോ നമ്മുടെ മുന്നിൽ തെളിഞ്ഞുവരിക. ഈ വീക്ഷണങ്ങൾ എല്ലാംതന്നെ നാം ഉൾക്കൊണ്ടുനിൽക്കുന്ന സഭ ആദ്യകാലംമുതൽ ഇന്നുവരെ നമ്മെ പഠിപ്പിക്കുന്നു. മറുവാക്കിൽ പറഞ്ഞാൽ പൗരോഹിത്യദർശനങ്ങൾ ഒക്കെതന്ന സഭയുടെ പഠിപ്പിക്കലുമായി ഉൾചേരണമെന്ന് സാരം. സഭയുടെ പഠിപ്പിക്കൽ സഭയുടെ നാഥനും, നടത്തിപ്പുകാരനുമായ ക്രിസ്തുവിന്റെ മനോഭാവത്തോടും, ക്രിസ്തുവിന്റെ പഠിപ്പിക്കലിനോടും അഭേദ്യമാംവിധം ഉൾചേർന്ന് നിൽക്കുകയും വേണം. ആയതിനാൽ ആധുനിക കാലഘട്ടത്തിലെ സഭയിലെ മുഴുവൻ സാക്ഷ്യത്തിന്റെയും അടിസ്ഥാനശിലയായ രണ്ടാം വത്തിക്കാൻ സുന്നഹദോസും അതിനുശേഷം സഭയിൽ സംലഭ്യമായ മറ്റ് പഠിപ്പിക്കലുകളും ഒരുപോലെ ഊന്നൽകൊടുത്ത് ബോധ്യപ്പെടുത്തുന്ന സഭയുടെ പ്രബോധനങ്ങളുടെ ഉള്ളിലേക്കുള്ള ഒരു കടന്നുപോക്ക് പുരോഹിത ദർശനങ്ങളെ പറ്റിയുള്ള അടിസ്ഥാന സത്യങ്ങൾ മനസ്സിലാക്കാൻ നമ്മെ സഹായിക്കും.

"ദൈവജനത്തെ മേയ്ക്കാനും അതിനെ സദാ വർദ്ധിപ്പിക്കാനുമായി ക്രിസ്തുനാഥൻ വിവിധ ശുശ്രൂഷകൾ തന്റെ സഭയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവ മൗതികശരീരം മുഴുവന്റെയും നന്മയ്ക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധാധികാരം ലഭിച്ചിരിക്കുന്ന ശുശ്രൂഷികൾ തങ്ങളുടെ സഹോദരങ്ങൾക്കു വേണ്ടിയാണ് ശുശ്രൂഷ ചെയ്യുന്നത്. ഈ ശുശ്രൂഷ ആകട്ടെ ദൈവജനത്തിൽ ഉൾപ്പെടുന്ന എല്ലാവരും യഥാർത്ഥമായ ക്രിസ്തീയ മഹത്വം അനുഭവിക്കുന്ന എല്ലാവരും ഒരേ ലക്ഷ്യത്തിനുവേണ്ടി സ്വതന്ത്രമായും ക്രമാനുസൃതമായും പരിശ്രമിച്ചിട്ട് നിത്യരക്ഷ പ്രാപിക്കാൻ വേണ്ടിയാണ് (LG 18)."

www.malankaralibrary.com

“നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പ്രതിരൂപത്തിൽ വൈദികർ അഭിഷിക്തരായിരിക്കുന്നത് സുവിശേഷം പ്രസംഗിക്കാനും, വിശ്വാസികളെ പരിപാലിക്കാനും പുതിയ ഉടമ്പടിയിലെ യഥാർത്ഥ പുരോഹിതരെന്ന നിലയിൽ ദൈവ ആരാധന നടത്താനുമാണ്. ഒരേ ഒരു ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കാളികളായ അവർ ശുശ്രൂഷകർ എന്ന നിലയിൽ ദൈവവചനം എല്ലാവരോടും പ്രഘോഷിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ഈ പവിത്ര കർമ്മം അവർ നിർവ്വഹിക്കുന്നത് പ്രധാനമായി ദിവ്യകാരുണ്യ ആരാധനയിൽ അഥവാ ബലി അർപ്പണത്തിലാണ്. ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായി അവിടുത്തെ രഹസ്യം ഉദ്ഘോഷിച്ചുകൊണ്ട് ശിരസ്സാ ക്രിസ്തുവിന്റെ ബലിയോട് വിശ്വാസികളുടെ കാഴ്ചയും, സംയോജിപ്പിക്കുന്നവരാണവർ” (LG 28) പുരോഹിത ദർശനത്തിന്റെ ദർശനാത്മക അവതരണമാണല്ലോ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുക. പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത്, ഒരാൾ പൗരോഹിത്യം സ്വീകരിക്കുന്നത് ലോകത്തിൽ യേശുവിന്റെ “പ്രതിപുരുഷനാകാൻ” ആണ്. പ്രതിപുരുഷനാവുക, ക്രിസ്തുവിന്റെ സ്ഥാനത്ത് ക്രിസ്തുവിനുവേണ്ടി സാക്ഷ്യവും സമർപ്പണവുമാകുക. അതാണ് പുരോഹിത ദർശനത്തിന്റെ കാതൽ. മറുവാക്കാൽ “മറ്റൊരു ക്രിസ്തു” ആകുക - അസ്തിതാപരമായും, താത്വികമായും, പ്രായോഗികമായും ക്രിസ്തുദർശനത്തിന്റെ, ക്രിസ്തു ജീവിതത്തിന്റെ, ക്രിസ്തുസന്ദേശത്തിന്റെ ജീവിക്കുന്ന സാക്ഷി-ഒരു പുരോഹിതന്റെ ജീവിതം സമൂലം ഈ ദർശനത്തിന്റെ സമർപ്പണം തന്നെ ആയിരിക്കണം. അർപ്പണവും പഠിപ്പിക്കലും പരിപാലിക്കലും അവന്റെ കർമ്മം.

**സത്യഗുരു**

ക്രിസ്തു ഗുരുക്കന്മാരുടെ ഗുരുവാണ്. ഗുരുത്വത്തിന്റെ മഹത്വം പൂർണ്ണമായി നാം ദർശിക്കുക ക്രിസ്തുവിൽതന്നെ. ഗുരുത്വം അതിന്റെ പൂർണ്ണ സൂക്ഷ്മരൂപത്തിൽ നമുക്കു കാണിച്ചുതന്ന ക്രിസ്തുവിന്റെ മാതൃക കലർപ്പില്ലാതെ ജീവിക്കുന്ന ലോകത്തിന് കാട്ടികൊടുക്കേണ്ടവ നാണ് പുരോഹിതൻ. പുരോഹിതൻ സഭയിൽ വിളിക്കപ്പെട്ടിരിക്കുക പഠിപ്പിക്കാനാണ്. അവൻ എന്ത് പഠിപ്പിക്കണം? എങ്ങനെ പഠിപ്പിക്കണം? ആരെ പഠിപ്പിക്കണം എന്നൊക്കെയുള്ള ചിന്തകൾ അതിന്റെ പൂർണ്ണമായ രൂപഭാവങ്ങളിൽ പ്രാവർത്തികമാക്കാനുള്ളവനാണ് പുരോഹിതൻ. ഗുരുമുഖത്തുനിന്ന് വിജ്ഞാനം സ്വീകരിച്ച്, അതു മായം

www.malankaralibrary.com

കലർത്താതെ, തന്റെ ഇഷ്ടത്തിനൊത്ത് വിളമ്പുന്നവനല്ല ശിഷ്യൻ. മറിച്ച് ഗുരു ജീവിച്ചതുപോലെ ജീവിച്ച് ജീവിതത്തികവിൽ നിന്ന് ഗുരുദർശനത്തിന്റെ ഉൾഭാവങ്ങൾ വലിയ ഒരു അഗ്നിയായി ഉള്ളിൽ കത്തിയെരിഞ്ഞ് തന്റെ ആത്മീയ ജീവിതത്തിന്റെ നന്മകൾ പറഞ്ഞുകൊടുക്കുന്നവൻ ആണ് യഥാർത്ഥ പുരോഹിതൻ. കാണുന്നതും, കേൾക്കുന്നതും, വേണ്ടതും വേണ്ടാത്തതും ഒക്കെ വിഴുങ്ങി. അത് അതുപോലെ പഠിപ്പിക്കുന്നവൻ ഒരു ഗുരുവല്ലല്ലോ. അത് തന്റെ അറിവിന്റെ വെറും കേളികൊട്ടായി മാറും. യഥാർത്ഥഗുരു തന്റെ ഉള്ളിലെ ദൈവിക ദർശനങ്ങൾ പങ്കു വയ്ക്കുന്നവനാണല്ലോ. “സത്യം നിങ്ങളെ സ്വതന്ത്രരാക്കും” എന്നു പഠിപ്പിച്ച യേശുവിന്റെ പുരോഹിതൻ സത്യത്തിന്റെ സൂക്ഷിപ്പുകാരനും അത് അനുഭവിക്കുന്നവനും പങ്കുവയ്ക്കുന്നവനും ആയിരിക്കണം. പുരോഹിത ദർശനത്തിലെ മറ്റൊരു അടിസ്ഥാനപരമായ ധർമ്മം ആണ് സത്യം പറയുക, സത്യം പ്രസംഗിക്കുക, സത്യത്തിൽ ജീവിക്കുക എന്നത്.

സത്യം ഒരിക്കലും subjective അല്ലല്ലോ, പുരോഹിതന്റെ സത്യസാക്ഷ്യം subjective ആകരുത്. സത്യം വളച്ച് ഒടിച്ച് താൻ പറയുന്നത് മാത്രമാണ് സത്യം എന്ന് പറഞ്ഞുകേൾക്കുന്നവരെ, കൂടെ പാർക്കുന്നവരെ ജീവിതംകൊണ്ടും, പ്രസംഗങ്ങൾകൊണ്ടും ഇരുട്ടിലേക്കു നയിക്കുന്ന ‘പുരോഹിതസംഘ’ത്തിന്റെ സ്വാധീനം കൂടിവരുന്ന ഈ കാലത്ത് പുരോഹിതജീവിതത്തിലെ ഏറ്റം പ്രധാനപ്പെട്ട ഒരു ധർമ്മം ആണ് സത്യം പഠിപ്പിക്കുക എന്നത്. ലോകം ഒരിക്കലും സത്യത്തിന്റെ വഴിയെ അല്ല. സത്യം ദൈവം ആണ്. ദൈവത്തെ സത്യമായി അവതരിപ്പിക്കാനാണ് പുരോഹിതൻ പുരോഹിതനാകുക. സത്യത്തിന്റെ അംശംപോലും ജീവിതത്തി ലില്ലാതെ മറ്റ് എന്തൊക്കെയോ പറഞ്ഞു പഠിപ്പിച്ച്, ഏല്പിക്കപ്പെട്ട ‘ദൈവമക്കളെ’ ഇരുട്ടിലേക്കു നയിക്കുന്ന പുരോഹിതഗണം സഭയ്ക്കും, ദൈവത്തിനും ക്രിസ്തുവിനും നാശം വരുത്തുന്നവൻ ആണ്. ‘ആയതിനാൽ’ പുരോഹിതൻ സത്യം പറയണം. സത്യത്തിൽ ജീവിക്കണം. സത്യം പഠിപ്പിക്കണം ‘കപടരുടെ’ സാക്ഷികൾ ആകരുത്. കാരണം സത്യം മാത്രമേ വിജയിക്കുകയുള്ളു.

ക്രിസ്തുവിന്റെ പുരോഹിതന്മാരെ സംബന്ധിച്ചിടത്തോളം അവൻ ജീവിക്കുന്ന, പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ ക്രിസ്തു പഠിപ്പിച്ച സത്യത്തിന് വിപരീതമായ ജീവിതസാക്ഷ്യവും, പഠിപ്പിക്കലും,

www.malankaralibrary.com

അതിന്റെ പ്രചരിപ്പിക്കലും ഒക്കെ ക്രിസ്തുവിന്റെ പേരിൽ ലോകത്തിൽ ദർശിക്കാൻ കഴിയും. ഇത് ഒരു പുതിയ പ്രതിഭാസം അല്ല. നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിനുശേഷം ഇതുപോലെ ഒക്കെതന്നെയുള്ള സാഹചര്യം നിലനിന്നിരുന്നു. അതുകൊണ്ട് ശിഷ്യനായ പൗലോസിന്റെ വാക്കുകൾ "ക്രിസ്തുവിന്റെ കൃപയിൽ നിങ്ങളെ വിളിച്ചവനെ നിങ്ങൾ ഇത്ര പെട്ടന്ന് ഉപേക്ഷിക്കുകയും വ്യത്യസ്തമായ ഒരു സുവിശേഷത്തിലേക്ക് തിരിയുകയും ചെയ്യുന്ന തിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. വാസ്തവത്തിൽ മറ്റൊരു സുവിശേഷം ഇല്ല. ഞാൻ നിങ്ങളോടു പ്രസംഗിച്ചതിൽനിന്ന് വ്യത്യസ്ത മായ ഒരു സുവിശേഷം ഞാൻ തന്നെയോ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻതന്നെയോ നിങ്ങളോട് പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവ നാകട്ടെ (ഗലാ 1:6-9). തുടർന്ന് വിശുദ്ധനായ പൗലോസ് സത്യത്തിന് സാക്ഷികളായ പുരോഹിതന്മാർ ആകാനുള്ളവർ, അവന്റെ വിളിയുടെ അസ്തിത്വപരമായ ദൗത്യം ദൈവികമാണെന്ന് സ്ഥിരീകരിക്കുന്നു. "മനുഷ്യരിൽ നിന്നല്ല, ഞാൻ അത് സ്വീകരിച്ചത് ആരും എന്ന് അത് പഠിപ്പിച്ചതല്ലെ യേശുക്രിസ്തുവിന്റെ വെളിപാടിലൂടെയാണ് അത് എനിക്ക് ലഭിച്ചത് എന്ന് പഠിപ്പിക്കുന്നു (ഗലാ 1 :12).

പുരോഹിതദർശനത്തിന്റെ കാതൽ സത്യത്തിന്റെ വെളിപാട് കാലഘട്ടത്തിന്റെ സാഹചര്യവും ആവശ്യവും അനുസരിച്ച് ദൈവജനത്തിന് പറഞ്ഞുകൊടുക്കുകയാണ്. പറഞ്ഞുകൊടുക്കണം എങ്കിൽ അത് സ്വീകരിക്കണം. ഈ സ്വീകരണം 12 മുതൽ 14 വർഷം വരെയുള്ള തന്റെ നീണ്ട പരിശീലനപരിപാടികളിൽ അവൻ സ്വന്തം ആക്കേണ്ടതാണ്. അതിനുശേഷം പൗരോഹിത്യ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നതോടുകൂടി സത്യത്തെ അവൻ തിരിച്ചറിഞ്ഞ്, സത്യം അനുഭവിച്ച് അത് പങ്കുവയ്ക്കണം. മിഥ്യകളുടെ ജീവിതസാഹചര്യം അതിരു കവിഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ ഇതാണ് സത്യമായിട്ടുള്ളതെന്ന് പറയുവാൻ, ജീവിക്കുവാൻ ഒരു പുരോഹിതനു കഴിയണം. എങ്കിൽ പുരോഹിതൻ "സത്യത്തിന്റെ വെളിപാടി"ന് അനുദിനം കാതോർക്കുന്നവനും, അതിൽ ജീവിച്ച് സന്തോഷം അനുഭവിക്കുന്നവനും ആയിരിക്കണം. പുരോഹിതൻ അനുഭവിക്കേണ്ടത്, പങ്കുവയ്ക്കുന്നതായ സത്യം, താൻ ഉൾക്കൊണ്ടു നിൽക്കുന്ന സഭയോടു ചേർന്ന് സഭയുടെ പഠിപ്പിക്കലിന്റെ സ്വാംശീകരണത്തിലും ലഭ്യമാകുന്ന സത്യദർശനങ്ങൾ ആയിരിക്കണം. മറുവാക്കിൽ പുരോഹിതന് സ്വന്തമായി ഒരു സത്യം ഇല്ല. അവൻ പങ്കുവയ്ക്കേണ്ടതും,

www.malankaralibrary.com

ജീവിക്കേണ്ടതുമായ സത്യം, സഭ പഠിപ്പിക്കുന്ന നിത്യസത്യങ്ങൾ തന്നെ ആയിരിക്കണം. സ്വന്തം പഠിപ്പിക്കുന്ന ഇഷ്ടത്തിനൊത്ത്, സാഹചര്യ ത്തിനൊത്ത്, ആവശ്യത്തിനൊത്ത് പഠിക്കുന്ന പുരോഹിതനെ പൗലോസ് അപ്പസ്തോലൻ വിളിക്കുക 'ശപിക്കപ്പെട്ടവൻ' എന്നല്ലേ. ശാപം ഏറ്റുവാങ്ങാൻ അല്ല. മറിച്ച് ലോകത്തെയും തന്നെയും ക്രിസ്തുവിൽ ഒന്നാകാനാണ് പുരോഹിതൻ വിളിക്കുക. പുരോഹിത സാക്ഷ്യത്തിന്റെയും ധർമ്മത്തിന്റെയും അടിസ്ഥാനപരമായ കർമ്മമാണ് സത്യം പറയുക, സത്യം പഠിപ്പിക്കുക, സത്യത്തിൽ ജീവിക്കുക എന്നത്.

സത്യവിശ്വാസത്തിന്റെ പ്രഘോഷകൻ ആണ് പുരോഹിതൻ. സത്യവിശ്വാസം നാം പ്രധാനമായും പ്രഘോഷിക്കപ്പെടുക നമ്മുടെ നിഖ്യാവിശ്വാസപ്രമാണത്തിലൂടെയാണല്ലോ. അതിൽ പ്രഖ്യാപിക്ക പ്പെട്ടിട്ടുള്ള അനുഭവങ്ങളെപ്പറ്റി പുരോഹിതന് സംശയം ഉണ്ടാകരുത്. വേദപുസ്തകത്തിലെ തമ്പുരാന്റെ വചനങ്ങളെപ്പറ്റി പുരോഹിതന് സഭയ്ക്ക് എതിരായി യാതൊരു ചിന്തയും പ്രവൃത്തിയും അരുത്. കാരണം ഇന്ന് പ്രസംഗങ്ങൾ, പ്രഘോഷണങ്ങൾ ഒക്കെ ഓരോരുത്തരും തങ്ങളുടെ ഇഷ്ടത്തിനൊത്ത് അവതരിപ്പിച്ച് കൈയ്യടി വാങ്ങുന്ന സാഹചര്യത്തിൽ പുരോഹിത ധർമ്മത്തിന്റെ അടിസ്ഥാനപരമായ വീക്ഷണം സഭ പഠിപ്പിക്കുന്നത് പഠിപ്പിക്കുകതന്നെ. എങ്കിൽ സഭയുടെ കാലാകാലങ്ങളിലുള്ള പ്രബോധനങ്ങളോട് പുരോഹിതൻ മറുതലിയ്ക്കാതെ അത് ചെവികൊള്ളുന്നവൻ ആയിരിക്കണം. 14 വർഷത്തെ പഠനശേഷം പഠിച്ചത്, പഠിപ്പച്ചതും ഒന്നും ഉൾക്കൊള്ളാതെ സ്വന്തം പഠനങ്ങൾ സഭയുടെ പഠനങ്ങൾ ആക്കുന്നവനല്ല പുരോഹിതൻ. കാലാകാലങ്ങളിൽ സഭയിൽ പ്രചരിപ്പിക്കപ്പെടുന്ന, അനുകാലിക പഠനങ്ങൾ വായിക്കുന്നവരും, പഠിക്കുന്നതും, പഠിപ്പിക്കുന്നവരും ആയിരിക്കണം പുരോഹിതൻ. എങ്കിൽ മാത്രം പുരോഹിതൻ സത്യവിശ്വാസ പ്രഘോഷകൻ ആവുകയുള്ളു.

**ബലിപീഠത്തിന്റെ സൂക്ഷിപ്പുകാരൻ**

പുരോഹിതദർശനവുമായി ഏറ്റം അടുത്ത്, പുരോഹിതനോട് ചേർന്നു നിൽക്കുന്ന ഒരു അടിസ്ഥാന ദർശനം ആണിത്. പുരോഹിതൻ ആരാധനയുടെ അർപ്പകൻ തന്നെ. അവന്റെ വാസം ദൈവഭവനത്തിൽ. അവൻ ദൈവഭവനത്തിന്റെ കാവൽക്കാരൻ. ദൈവിക രഹസ്യങ്ങളുടെ പരിചാരകൻ. ദൈവഭവനത്തിൽ കടന്നുവരുന്ന ദൈവമക്കൾക്ക് മധ്യസ്ഥനായി ദൈവാരാധനയുടെ മുഖ്യകാർമ്മികനായി ഒരുപോലെ

www.malankaralibrary.com

ദൈവത്തോടും മനുഷ്യനോടും ഒപ്പം ആയിരിക്കാനുള്ള വിളിയാണ് പുരോഹിതദർശനം. മറ്റ് എന്തൊക്കെ ചെയ്താലും മറ്റു കാര്യങ്ങൾ ചെയ്യുന്നവരാണ് പുരോഹിത ധർമ്മം എന്ന് ആരു പറഞ്ഞാലും, അതു പറയുന്നവർ ഒരു കൂട്ടത്തിൽ കൂടുതൽ ആയാലും ഈ ധർമ്മം വിസ്മരിക്കപ്പെടുന്ന ഇടങ്ങളിൽ ഒരിക്കലും പുരോഹിതൻ പുരോഹിതനാകുകയില്ല. അന്ധമായ കുറെ അനുഷ്ഠാനങ്ങൾ ഒക്കെ പഠിച്ച്, പരിശീലിച്ച് അത് വീണ്ടും അതുപോലെ ആഘോഷിച്ച് അതിൽമാത്രം സംതൃപ്തി അടയുന്ന പൗരോഹിത്യരീതി അംഗീകരിക്കപ്പെട്ടു പോകുന്ന സാഹചര്യം ശക്തമായി ഇന്ന് നിലനിൽക്കുന്നു. മറ്റുവാക്കാൽ പുരോഹിതൻ വെറും പൂജാരി ആകുന്നു. പൂജാരി അനുഷ്ഠാനപരതയ്ക്ക് പ്രാധാന്യം നൽകുന്നവൻ. പൂജാരി അനുഷ്ഠാനങ്ങളിൽ സംതൃപ്തി കണ്ടെത്തുന്നവൻ.

യേശുവിന്റെ പുരോഹിതഗണത്തിൽ ഈ കൂട്ടത്തിലുള്ളവർ ആണിന്ന് അധികവും കടന്നുകൂടിയിട്ടുള്ളത്. അതുകൊണ്ടുതന്നെ അർപ്പണം, ആരാധന കർമ്മമാകുന്നു. ആരാധന ജീവാർപ്പണം ആകേണ്ടതിനു പകരം ഒരാഘോഷമായി മാറുന്നു. ആഘോഷത്തിലൂടെ ലഭിക്കുന്ന ഒരു 'സുഖം'കൊണ്ട് ആരാധന അവസാനിക്കുന്നു. ആലയത്തിന് പുറത്ത് ഇറങ്ങുമ്പോൾ എല്ലാം മറയുന്നു. കാരണം ആരാധന ബാഹ്യമായ ചില ചിട്ടകളുടെ മാത്രം ഒരു സമർപ്പണം ആകുന്നു. ബലിയർപ്പണവും മറ്റു കൂദാശകളും ഒക്കെ ഇന്ന് വലിയ 'സംഭവം' (events) ആക്കാൻ ദൈവജനവും, ബലിയുടെ സൂക്ഷിപ്പുകാരനായ പുരോഹിതനും ഒരുപോലെ മത്സരിക്കുമ്പോൾ നഷ്ടപ്പെടുന്നതും, അന്യമാക്കപ്പെടുന്നതും, ദൈവ ആരാധനയുടെ യഥാർത്ഥ നിയോഗം തന്നെ.

പുരോഹിതൻ ബലിപീഠത്തിന്റെ സംരക്ഷകനും ദൈവിക രഹസ്യങ്ങളുടെ കാവൽക്കാരനും ആകുന്നു. പുരോഹിതൻ ഈ സത്യംമനസ്സിലാക്കിയില്ലെങ്കിൽ ആര് അത് ഗ്രഹിക്കും? സമയത്തുവന്ന് ഒന്നുകിൽ നേരത്തെ പൂർത്തിയാക്കി, അല്ലെങ്കിൽ തന്റെ ഇഷ്ടംപോലെ കർമ്മം നിർവ്വഹിച്ച യാതൊരു ദൈവിക അനുഭവവും ജനത്തിനോ തനിക്കോ ലഭിക്കാത്ത അർപ്പിക്കപ്പെടുന്ന ആരാധനകൾ അനവധിയല്ലേ. ദൈവംപോലും പുരോഹിതന്മാർക്ക് മാപ്പു തരുമോ. കഴിഞ്ഞ 12,14 വർഷങ്ങളിൽ പരിശീലിച്ചത് ഇങ്ങനെ ഒക്കെ ജീവിക്കാനോ പ്രവർത്തിക്കാനോ ആണോ? മറിച്ചു പൗരോഹിത്യത്തിലൂടെ താൻ

www.malankaralibrary.com

'ബലിപീഠത്തോട് ബന്ധിപ്പിക്കപ്പെട്ടവൻ' എന്നുള്ള തന്റെ വിളിയുടെയും ഉത്തരവാദിത്വത്തിന്റെയും നിസീമമായ അനുഭവം താൻ മനസ്സിലാക്കി യില്ല എങ്കിൽ തനിക്കുവേണ്ടി ആർ അത് മനസ്സിലാക്കും. ജീവിതം മുഴുവനും എന്റെ പിതാവിന് നിത്യബലിയായി സമർപ്പിച്ച് ജീവിതസാക്ഷ്യം നൽകി കടന്നുപോയ 'നിത്യപുരോഹിതനായ ക്രിസ്തു'വിങ്കലേക്ക് നോക്കാനും ക്രിസ്തുവിൽനിന്നും ദർശനം സ്വീകരിക്കാനും, അധരത്തിലുള്ള വാക്കുകളിലൂടെയുള്ള ബലിയർപ്പണ ത്തെക്കാൾ, ജീവിതം മുഴുവൻ ബലിപീഠത്തിൽ സംപൂർണ്ണ ഹോമയാഗമായി സമർപ്പിക്കപ്പെടാനുള്ള വിളിയാണ് പുരോഹിത ദർശനം.

**പുരോഹിതൻ നേതാവോ?**

പൗരോഹിത്യജീവിതത്തിലെ മറ്റ് ഒരു അടിസ്ഥാന ദർശനം ആണല്ലോ, നേതൃത്വം നൽകുക എന്നുള്ളത്. സത്യത്തിൽ പുരോഹിതജീവിതം ഒരു പരിധിവരെ ഇന്ന് മുൻപോട്ടുപോവുക ഈ നേതൃത്വത്തിലാണ്. സാമൂഹ്യസേവനരംഗത്ത് നേതൃത്വം നൽകുന്നവൻ വിദ്യാഭ്യാസരംഗത്ത് നേതൃത്വം നൽകുന്നവൻ, ആതുരസേവനരംഗത്ത് നേതൃത്വം നൽകുന്നവൻ, കാർഷികശാസ്ത്രീയമേഖലകളിൽ നേതൃത്വം നൽകുന്നവൻ. ഈ പറഞ്ഞ മേഖലകളിലൊക്കെ വളരെ നിസ്തുലമായ നേതൃത്വം നൽകുന്നവനാണ് നമ്മുടെ നാട്ടിലുള്ള പുരോഹിതഗണത്തിലധികവും. മേൽസൂചിപ്പിച്ച നേതൃത്വം ഒരു ആത്മീയ നേതൃത്വമാണോ അതോ പിടിച്ചുനിൽപ്പിനുവേണ്ടിയുള്ള ഒരു നേതൃത്വമാണോ? ചോദ്യത്തിന്റെ ഉത്തരം ഏവർക്കും, പ്രത്യേകിച്ചു വെറും സാധാരണക്കാർ എന്ന് നാം വിളിക്കുന്നവർക്കുപോലും പകൽപോലെ കൃത്യമായതുകൊണ്ട് ഇതിനുത്തരം നൽകാൻ ഞാൻ മുതിരുന്നില്ല. എന്നാൽ ഒരു കാര്യമാത്രം സൂചിപ്പിക്കട്ടെ. പുരോഹിത ദർശനവുമായി മുകളിൽ സൂചിപ്പിച്ച നേതൃത്വത്തെ ഇന്ന് അപ്പാടെ സ്വീകരിക്കാൻ കഴിയുകയില്ല. പിന്നെ ഈ മേഖലകളിൽ വ്യാപൃത രാകുന്നവരുടെ എണ്ണം കൂടുതലും, അവർ അതിനെ സംരക്ഷിക്കാൻ തത്രപ്പെടുന്നതുകൊണ്ടും അവരുടെ ജീവിതവും നേതൃത്വവും പുരോഹിത ദർശനമായി പൊതുവെ അവതരിക്കപ്പെടുകയും, അംഗീ കരിക്കപ്പെടുകയും ചെയ്തതുകൊണ്ടു മാത്രം സത്യം മിഥ്യയാവു കയില്ലല്ലോ?

പുരോഹിതനേതൃത്വം ആത്മീയമാണ്, ഭൗതികമല്ല. ആത്മീയ

www.malankaralibrary.com

നേതൃത്വം അതിന്റെ പൂർണ്ണസ്വഭാവത്തിലും സമർപ്പണത്തിലും നാം ദർശിക്കുക ഒരുവനിൽ മാത്രം, ക്രിസ്തുവിൽ. അതുകൊണ്ട് ആത്മീയ നേതൃത്വം നൽകുന്ന ധന്യരായ, വന്ദ്യരായ, ആത്മീയജീവിതമുള്ള പുരോഹിതരുടെ ജീവിതസാക്ഷ്യത്തിനുമുന്നിൽ ശിരസ്സു കുനിക്കുന്നു. കാരണം വളരെ വിരളമായി നാം അനുഭവിക്കുന്ന ഒരു സത്യമാണിത്. വേഷംകൊണ്ടോ, അവതരണപാടവംകൊണ്ടോ, സ്വാധീനം കൊണ്ടൊക്കെ 'ആത്മീയർ' എന്ന് നടിക്കുന്നവർ ആത്മീയരാണോ എന്ന് ഹൃദയംകൊണ്ട് ശോധന ചെയ്യട്ടെ. വിമർശനത്തെക്കാളുപരി പുരോഹിതനേതൃത്വത്തിന് ആത്മീയഭാവം അനന്യസാധാരണമായ രീതിയിൽ കൈവരേണ്ട ഒരു കാലത്തിലാണ് നാം ജീവിക്കുക. ഒരുപോലെ ദൈവവും മനുഷ്യനുമായി ഏറ്റുപറയുന്ന നിത്യപുരോഹിത നായ യേശു തന്റെ ജീവിതത്തിന്റെ നല്ല ഒരംശം നിത്യപിതാവിനോടുള്ള നിരന്തരമായ ഐക്യത്തിലും, സംഭാഷണത്തിലും, ബന്ധത്തിലും ചെലവഴിച്ചു എങ്കിൽ മനുഷ്യരായ നമ്മൾ 'കൈവയ്പു'മാത്രം കൈമുതലെന്ന് അഭിമാനിക്കുന്നവർ, പുരോഹിതർ ആത്മീയ നേതൃത്വത്തിൽ ഉന്നതരാകേണ്ടവരല്ലേ. നമ്മുടെ ജനം നമ്മെ സമീപിക്കു ന്നത് ലോകകാര്യസാധ്യത്തിനല്ലാതെ ആത്മീയ ഉപദേശത്തിനോ ആത്മീയ കാര്യങ്ങൾക്കോ അല്ലാ എന്ന് നാം തിരിച്ചറിയേണ്ട കാലം അതിക്രമിച്ചില്ലേ. അതുകൊണ്ട് പൗരോഹിത്യദർശനത്തിന്റെ ആത്മീയതയുടെ സാധ്യതകളെ നാം അന്വേഷിക്കണം, സ്വന്തമാക്കണം, തിരികെപ്പിടിക്കണം. ജനത്തിന് നാം നേതാക്കന്മാരല്ല, ആത്മീയതയുടെ ജീവിക്കുന്ന അവതാരങ്ങളായി മാറണം. ഇല്ലായെങ്കിൽ കാലക്രമത്തിൽ പുരോഹിതദർശനത്തിന്റെ ആത്മീയഭാവത്തിൽനിന്ന് നാം തിരസ്കൃത രാവുകയും, അന്യവൽക്കരിക്കപ്പെടുകും ചെയ്യും എന്നത് സത്യം.

ചുരുക്കത്തിൽ പുരോഹിതദർശനത്തിന്റെ ആത്മാവ് ക്രിസ്തുവിന്റെ പ്രതിപുരുഷ ജീവിതത്തിലും സത്യഗുരുക്കന്മാരാവുന്നതിലും ബലിപീഠത്തിൽ അർപ്പകർ ആകുന്നതിലും ആത്മീയ ജീവിതം അതിന്റെ കലർപ്പില്ലാത്ത അനുഭവത്തിൽ കാത്തുസൂക്ഷിക്കുന്നതു മാകുന്നതിലാണ്. ബഥനിയിൽ അഭിഷിക്തരാവുന്ന 22 അനുജന്മാർക്കും ഈ ദർശനങ്ങൾ സാക്ഷ്യവും വെളിപാടുമാകുവാനുമുള്ള വരം നിത്യപുരോഹിതനായ ക്രിസ്തുവിൽനിന്ന് സ്വീകരിക്കാൻ കഴിയട്ടെയെന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു. ഒപ്പം ആശംസകൾ നേരുന്നു.

www.malankaralibrary.com



# ദൈവനിയോഗം

ജോസ് ബേബി & സലോമി ജോസ്
ഫാ. ജോർജ് സോളമന്റെ മാതാപിതാക്കൾ

"ദൈവത്തിന്റെ വിളിയും നിയോഗവും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ" (1കൊറിന്തോസ് 7:17)

പത്തനംതിട്ട രൂപതയിൽ കല്ലേലി ഇടവകയിൽ 1987 ജൂൺ മാസം 7-ാം തീയതി ഞങ്ങളുടെ രണ്ടുമക്കളിൽ മൂത്തമകനായി ജോമി ജനിച്ചു. വകയാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് തോമസ് നെരിയാട്ടി അച്ചന്റെ കൈകളാൽ മാമോദീസ സ്വീകരിച്ചു, ജോർജ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസം സെന്റ് ജോർജ് ഹൈസ്കൂളിൽ ഊട്ടുപാറയിൽ ആയിരുന്നു. ദാനിയേൽ വടക്കേക്കര അച്ചനിൽനിന്നും ആദ്യകുർബ്ബാന സ്വീകരിച്ചു. തുടർന്ന് മദ്ബഹായിൽ ശുശ്രൂഷ ചെയ്യുവാൻ അച്ചനെ പ്രാർത്ഥിച്ച് ഒരുക്കി. എല്ലാവർഷവും മൈലപ്രായിൽവച്ചു ബഥനി ശെമ്മാശൻമാർ നടത്തി പോരുന്ന TOC ക്യാംപിൽ പങ്കെടുത്തിരുന്നു. അങ്ങനെ 2003 ജൂൺ മാസം 11-ാം തീയതി എല്ലാവരോടും യാത്ര പറഞ്ഞ് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേർന്നു.

നീണ്ട പതിനാല് വർഷക്കാലത്തെ യാത്രയിൽ കുടുംബത്തിനും, ഞങ്ങളുടെ മകനും തമ്പുരാൻ ചൊരിഞ്ഞ നന്മകൾക്ക് നിറഞ്ഞ മിഴികളോടെ നന്ദി അർപ്പിക്കുന്നു. ദൈവം നടത്തിപ്പുകളുടെ വഴികളെ ഓർത്താൽ എത്ര സ്തുതിച്ചാലും മതിവരില്ല.

ഈ അവസരത്തിൽ ബഹുമാനപ്പെട്ട വർഗ്ഗീസ് നടുതല അച്ചനെ നന്ദിയോടുകൂടി ഓർക്കുന്നു. മകന്റെ ജീവിതത്തിൽ നല്ല ഒരു തിരഞ്ഞെടുപ്പ് നടത്താൻ സഹായിച്ചത് അച്ചനാണ്. വർഗ്ഗീസ് അച്ചനോടും, മറ്റ് എല്ലാ വൈദീകരുടെയും സിസ്റ്റേഴ്സിന്റെയും

www.malankaralibrary.com

പ്രാർത്ഥനയ്ക്കും, പ്രോത്സാഹനത്തിനും കരുതലിനും ഒത്തിരി നന്ദി. മകന്റെ വൈദിക പരിശീലനകാലത്ത് ഉടനീളം സ്നേഹവും കരുതലും, ശിക്ഷണവും, പ്രോത്സാഹനവും നൽകി വളർത്തിയ ബഥനി സന്ന്യാസിസമൂഹത്തിലെ എല്ലാ വൈദികശ്രേഷ്ഠരേയും നന്ദിയോടു കൂടി ഓർക്കുന്നു. ഗുരുക്കന്മാർ, ബന്ധുമിത്രാദികൾ, വികാരിഅച്ചൻ, പ്രാർത്ഥനയുടെ കരങ്ങൾ നീട്ടിയതുമായ എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെടുന്നവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമ 8:28). തുടർന്നുള്ള ജീവിതകാലം ദൈവത്തെ സ്നേഹിച്ചും ദൈവജനത്തിനു ശുശ്രൂഷിച്ചും, ബഥനിയിലൂടെ ആർജിച്ച ലാളിത്യവും, സ്നേഹവും താഴ്മയും പങ്കുവെച്ച് ജീവിക്കുന്നതിന് ദൈവം സോളമൻ അച്ചനെ പരിശുദ്ധാത്മാവരങ്ങൾകൊണ്ട് നിറക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞങ്ങളോടു കരുണ കാണിക്കണമേ; ഞങ്ങളെ സഹായിക്കണമേ; നിന്റെ ദയാദൃഷ്ടി ഞങ്ങളിൽ പതിക്കണമേ; ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ ഞങ്ങളെ മറയ്ക്കണമേ; പാപവീഴ്ചയിൽ നിന്നു ഞങ്ങളെ എഴുന്നേല്പിക്കണമേ ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞെരുക്കങ്ങളുടെ ഓളങ്ങളിൽനിന്നും ചുഴികളിൽനിന്നും ഞങ്ങളെ ഉദ്ധരിക്കണമേ; സകലവിധ ദുശ്ചിന്തകളിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

കുർബാന തക്സ

www.malankaralibrary.com

# സ്നേഹസമ്പന്നനായ ജോർജ്ജ് സോളമനച്ചൻ

കുഞ്ഞു സഹോദരങ്ങൾ

ജോസ് ബേബിയുടെയും സലോമി ജോസിന്റെയും രണ്ട് മക്കളിലെ മൂത്തമകൻ 1987 മെയ് 8-ാം തീയതി ജനിച്ചു. മാമ്മോദീസാ നാമം ജോമിജോസ് എന്നായിരുന്നു. ഊട്ടുപാറ സെന്റ് ജോർജ്ജ് സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഹൈസ്കൂൾ പഠനം പൂർത്തിയാക്കി 2003 ബഥനി ആശ്രമത്തിലേക്ക് കടന്നുവന്നു. സ്കൂൾ പഠനകാലത്ത് എല്ലാവർക്കും വളരെയധികം പ്രിയപ്പെട്ടവനായിരുന്നു. അദ്ധ്യാപകർക്ക് അനുസരണമുള്ള വിദ്യാർത്ഥിയായും കൂട്ടുകാർക്ക് ഉറ്റ ചങ്ങാതിയായും, നാടിനും, വീട്ടുകാർക്കും ഭയഭക്തിയും, സ്നേഹമുള്ള കുഞ്ഞായും ഈ മകൻ വളർന്നുവന്നു. കല്ലേലി ഇടവകയിലെ മദ്ബഹാ ശുശ്രൂഷകനായും വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സ്നേഹതണലിൽ ഈ മകനു സ്ഥാനം ലഭിച്ചു.

തന്റെ ദൈവവിളിക്ക് പ്രത്യുത്തരമായി ബഥനി ആശ്രമം, മേക്കോണം നാലാഞ്ചിറയിലെ ദയറായിൽ വൈദിക അർത്ഥിയായിച്ചേർന്നു. വൈദിക വിളിയിലേക്ക് ബ്രദർ ജോമിയെ കൊണ്ടുവന്നത് ബഹുമാനപ്പെട്ട പോൾ കൈതവന അച്ചനായിരുന്നു. തുടർന്ന് ആദ്യമൂന്നുവർഷത്തെ വൈദികഫോർമേഷൻ ബ്രദറിന് ലഭിക്കപ്പെട്ടതും പോൾ അച്ചനിലൂടെ ആയിരുന്നു. +1, +2 പഠനം ബഥനി കോളേജിൽ നിർവ്വഹിച്ച് ഉന്നതമായ വിജയം കരസ്ഥമാക്കി 2007-ൽ തന്റെ ധർമ്മശിഷ്യപദം നിർവ്വഹിക്കുവാനായി ആലുവ അശോകപുരം നോവിഷേറ്റ് ഹൗസിലേക്ക് അയയ്ക്കപ്പെട്ടു. അവിടെ ബഹുമാനപ്പെട്ട ബർണബാസ് തിരുമേനിയുടെയും, മാർട്ടിൻ പ്രേമാനന്ദച്ചന്റെയും പരിശീലനത്തിൽ 2008-ൽ ആദ്യവ്രതവാഗ്ദാനം നടത്തുകയുണ്ടായി ഈ വേളയിൽ ജോർജ്ജ് സോളമൻ എന്ന് നാമം സ്വീകരിച്ചു.

തുടർന്ന് നാലാഞ്ചിറയിലെ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നുകൊണ്ട് ഡിഗ്രിപഠനം ആരംഭിച്ചു. ഒന്നാംവർഷം ബഹുമാനപ്പെട്ട ജസ്റ്റിൻ സാം അച്ചൻ, രണ്ടാംവർഷം വർഗ്ഗീസ് വിജയാനന്ദച്ചൻ, മൂന്നാംവർഷം ജസ്റ്റിൻ തുണ്ടുമണ്ണിൽ അച്ചനിലൂടെ വൈദിക

www.malankaralibrary.com

പരിശീലനം ഡിഗ്രി പഠനകാലത്ത് ലഭിക്കുകയുണ്ടായി. അങ്ങനെ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടി പൂനാ JDVയിലേക്ക് തത്വശാസ്ത്ര പഠനത്തിനായി അയയ്ക്കപ്പെട്ടു. ബഹുമാനപ്പെട്ട ഗീവർഗീസ് ഷാജൻ കുറ്റിയിൽ അച്ചന്റെ പരിശീലനത്തിൻകീഴിൽ തത്വശാസ്ത്ര പഠനം പൂർത്തിയാക്കി. തുടർന്ന് റീജൻസിക്കായി ബഥനി ആശ്രമത്തിന്റെ ജനറലേറ്റിൽ ആദ്യആറുമാസവും തുടർന്ന് മൗണ്ട് ബഥനി സ്കൂളിൽ അതിനുശേഷവും സ്തുത്യർഹമാംവിധം റീജൻസി പൂർത്തിയാക്കി. ഈ കാലത്ത് എളിമയും ശാന്തശീലവും കാര്യ പ്രാപ്തിയും എല്ലാത്തിലും ഉപരി സ്നേഹസമ്പന്നതയും എല്ലാവരും അനുഭവിച്ചു. തുടർന്ന് ദൈവശാസ്ത്രം പഠിക്കുവാനായി നിയോഗിക്ക പ്പെട്ടത് മധ്യപ്രദേശിലെ സാറ്റ്ന സെമിനാരിയിലേക്ക് ആയിരുന്നു. അവിടെ ബഹുമാനപ്പെട്ട തോമസ് കൊച്ചുതറ അച്ചന്റെയും ജോസഫ് ഊട്ടുപുരയ്ക്കൽ അച്ചന്റെയും പരിശീലനത്തിൻകീഴിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി.

ഈ കാലഘട്ടങ്ങളിലെല്ലാം ശെമ്മാശന് ഒപ്പം നടക്കുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന, കരുതുന്ന മനോഭാവത്തിന്റെ ഉടമയാണ്. എത്ര പ്രയാസം നിറഞ്ഞ അവസ്ഥയിൽ ആയിരുന്നാലും മറ്റുള്ളവരെ ചിരിപ്പിക്കാനും സന്തോഷിപ്പിക്കുവാനുമുള്ള കഴിവ് വളരെ പ്രശംസനീയമാണ്, ഏറ്റെടുത്തിരിക്കുന്ന കാര്യങ്ങളോടെ പരിപൂർണ്ണ വിശ്വാസത്തോടുകൂടെ ചെയ്യുവാനും, നേതൃത്വം കൊടുക്കുവാനും, സഹായം ആവശ്യമുള്ള ഇടങ്ങളിലേക്ക് ഓടിചെല്ലുവാനുള്ള കഴിവ് എടുത്ത് പറയേണ്ടതാണ്. ഞങ്ങൾക്ക് ലഭിച്ച സ്നേഹസമ്പന്നത അനേകായിരങ്ങൾക്ക് ഈ സ്നേഹസമ്പന്നത അനുഭവിക്കാൻ ഇടയാകട്ടെ. നിരന്തര പ്രാർത്ഥന യിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും സന്ന്യാസവൈദിക പദവി യിലേക്ക് കടന്നുവരുമ്പോൾ എന്നും എപ്പോഴും നിഷ്കളങ്കമായ പെരുമാറ്റവും, തമാശയും, ചിരിയും കാര്യങ്ങൾ എറ്റെടുക്കുന്നതിനുള്ള ത്യാഗവും അറിവും സുന്ദരമായ സ്വരമാധുര്യവും സ്നേഹസമ്പന്ന തയും ശെമ്മാശനിൽ നിന്നും ദർശിക്കുമായിരുന്നു. അത് ഇന്നലെവരെ ഞങ്ങൾക്കു ലഭിച്ചതുപോലെ അനേകായിരങ്ങൾക്ക് ഈ വൈദികനിലൂടെ നിരന്തരം ലഭിക്കുവാൻ സർവ്വശക്തൻ ആയുസ്സും ആരോഗ്യവും നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഹൃദയം നിറഞ്ഞ ഒരായിരം ഭാവുകങ്ങൾ നേരുന്നു.

www.malankaralibrary.com

# ദൈവവിളി

ഫാ. ജോർജ്ജ് സോളമൻ ഒ.ഐ.സി.

എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽനിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവ്വഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു (അപ്പ.20:24). അനുഗ്രഹമാകുവാനും അനുഗ്രഹമേകുവാനും വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. സ്വയം ബലിയർപ്പിക്കപ്പെട്ട് ജനരാശിയുടെ പുനരുദ്ധാരണത്തിന് തന്നെതന്നെ വിട്ടുകൊടുത്ത യേശുനാഥന്റെ ശിഷ്യനാകാൻ വിളിക്കപ്പെട്ടവൻ. ഉരുകിയൊലിച്ച അപരന് പ്രകാശമേകുന്ന മെഴുകുതിരി സമാനമാണ് അവൻ.

വർഷങ്ങളുടെ ഒരുക്കംകൊണ്ട് അവനെ അനുധാവനം ചെയ്തത് പണിയപ്പെടാനാണ്. “പത്രോസേ, നീ പാറയാകുന്നു. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും” - ഇതൊരു ഒരുക്കമാണ്. സഭയുടെ വളർച്ചയിൽ എനിക്കു ലഭിച്ച വിളിക്കനുസൃതമായി ജീവിക്കാനുള്ള ഒരുക്കം. നിന്റെ കുടുംബവും ആശീർവദിക്കപ്പെടും എന്ന ചിന്ത ഓർക്കുന്നു. ദൈവവചനങ്ങളെ സ്വവചനങ്ങളായി പാലിച്ച് ജീവിതമാക്കാൻ തന്നെ തന്നെ ഒരുക്കേണ്ടവൻ.

കുരിശെടുക്കാൻ തയ്യാറാകേണ്ടവൻ... നിത്യപുരോഹിതനായ ഈശോയെ നിന്റെ ദാസൻ ലോകം ഉപേക്ഷിച്ച് നിന്നെ അനുധാവനം ചെയ്യാൻ തയ്യാറായി നിൽക്കുന്നു. ‘എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതാണ്’ എന്ന നിന്റെ വചനങ്ങൾ എന്റെ കാതുകളിൽ മുഴങ്ങുന്നു. സ്വയം ഉരുകി ഏവർക്കും പ്രകാശമാകുവാൻ എന്നെ യോഗ്യനാക്കണമേ. എന്റെ ജീവിതവഴിയിൽ എന്നെ നയിച്ച ഹൃദയങ്ങൾക്ക് ഒരായിരം നന്ദി....

എന്റെ മാതാപിതാക്കൾക്ക്... എന്റെ ഗുരുഭൂതർക്ക്...
എന്റെ സഹപാഠികൾക്ക്... എന്റെ ബഥനിക്ക്...
എന്റെ പരിശീലകർക്ക്... എന്റെ ആത്മീയ പിതാക്കന്മാർക്ക്...
എന്റെ കൂടെപ്പിറപ്പുകൾക്ക്... എല്ലാറ്റിനുമുപരി എന്നെ പരിപാലിച്ചു വളർത്തി വിളിച്ചു വേർതിരിച്ച ഉടയതമ്പുരാന്...
നന്ദി... നന്ദി... ഒരായിരം നന്ദി...

www.malankaralibrary.com



# സഫലമായ കാത്തിരിപ്പ്....

**ശ്രീമതി സാറാമ്മ അയ്യനേത്ത്**
ഫാ. ബ്ലസൻ മാത്യുവിന്റെ മാതാവ്

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറ 1:4-5).

മേൽപറഞ്ഞ തിരുവചനപ്രകാരം ഞങ്ങളുടെ മകനായ ബ്ലസൻ മാത്യുവിനെ അവിടുത്തെ മുന്തിരിത്തോട്ടത്തിലെ വേലയ്ക്കായി ദൈവം ഒരുക്കിയെടുത്തു. വിളിയും തിരഞ്ഞെടുപ്പും ദൈവത്തിന്റേതായിരുന്നു. പുരോഹിതൻ ദൈവത്തിന്റെ ദൂതനാകുന്നുവല്ലോ. വാഴ്ത്തി അനുഗ്രഹിക്കണമേ എന്ന് ഈ പതിമൂന്നരവർഷവും കണ്ണുനീരോടെ പ്രാർത്ഥിക്കുമായിരുന്നു. ഈ കാത്തിരിപ്പ് സഫലമാകുന്ന ഈ വേളയിൽ എന്റെ പൊന്നുതമ്പുരാന് ആയിരമായിരം നന്ദിയും സ്തുതിയും സ്തോത്രവും കരേറ്റുന്നു.



പത്തനംതിട്ട ജില്ലയിൽ വെട്ടൂർ അയ്യനേത്ത് വീട്ടിൽ പരേതനായ ശ്രീ.മത്തായിയുടെയും ശ്രീമതി സാറാമ്മയുടെയും മകനായി 1988 ജൂൺ 1-ാം തീയതി ജനിച്ച ബ്ലസൻ മാത്യു പ്രൈമറി സ്കൂൾ വിദ്യാഭ്യാസം വെട്ടൂർ എം.എസ്.സി.എൽ.പി.എസിലും, ഹൈസ്കൂൾ വിദ്യാഭ്യാസം കുമ്പഴ എം.പി.വി.എച്ച്.എസിലുമായി പൂർത്തിയാക്കി. ചെറുപ്പത്തിൽ തന്നെ അൾത്താര ശുശ്രൂഷയിലും മുടങ്ങാതെ പള്ളിയിൽ പോകുന്നതിലും താല്പര്യം കാണിച്ചിരുന്നു. പത്താംക്ലാസിലെ റിസൾട്ട് വന്നതിനുശേഷാണ് ആ വർഷത്തെ ക്യാമ്പിനു പോയത്. തിരികെ വന്നപ്പോൾ പറഞ്ഞു, എനിക്ക് ഒരു വൈദികനാകണമെന്ന ആഗ്രഹം അച്ചന്മാരോട് പറഞ്ഞിട്ടുണ്ട് എന്ന്. അതിന്റെ പിറ്റേദിവസംതന്നെ ജോസഫ് വട്ടപ്പറമ്പിലച്ചൻ വീട്ടിൽവന്ന് വിവരങ്ങളെല്ലാം പറഞ്ഞു. മോന് മനസ്സുണ്ടെങ്കിൽ ഞങ്ങൾക്കും സമ്മതമാണ് എന്ന് അച്ചനോടു ഞാൻ പറഞ്ഞു. കാരണം, ബ്ലസനെ കർത്താവ് വിളിച്ചു വേർതിരിച്ച

www.malankaralibrary.com

മകനാണ് എന്ന ഉത്തമബോധ്യം ഞങ്ങൾക്കുണ്ടായിരുന്നു. അതിൽ ഞങ്ങളുടെ കുടുംബം മുഴുവനും ഈ ധന്യമുഹൂർത്തത്തിൽ അങ്ങേയറ്റം സന്തോഷിക്കുന്നു.

ബ്ലസൻ ഒരു വൈദികനാകുവാൻവേണ്ടി വളർത്തിയെടുത്ത തമ്പുരാനോടും, ബഥനി സമൂഹാധികാരികളോടും, വൈദികരോടും, അതിനുവേണ്ടി പരിശ്രമിച്ച എല്ലാവരോടും ഞങ്ങൾക്ക് അതിയായ നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുന്നു. ഇതു കണ്ടു സന്തോഷിക്കാൻ ഈ ലോകത്തിൽ ബ്ലസന്റെ പപ്പാ ഇല്ലല്ലോ എന്ന വിഷമമേ ഞങ്ങൾക്കുള്ളു. മകൻ ഒരു വൈദികനാകുവാൻ വളരെയധികം ആഗ്രഹിച്ച വ്യക്തിയായിരുന്നു ബ്ലസന്റെ പിതാവ്. സ്വർഗ്ഗത്തിലിരുന്ന് ഈ സമയം പ്രാർത്ഥിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കലപ്പയിൽ കൈവച്ചിട്ട് പിൻതിരിഞ്ഞു നോക്കുന്നവൻ എനിക്കു യോഗ്യനല്ല എന്നുള്ള തിരുവെഴുത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടു കൊണ്ട് ബഥനി സന്ന്യാസസമൂഹത്തോട് ചേർന്ന് പ്രവർത്തിക്കുവാൻ കർത്താവ് ബ്ലസനെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വി.പൗലോസിനെപ്പോലെ ആയിരിപ്പാനും, പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി മുന്നേറുവാനും യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ പരമവിളിയാകുന്ന സമ്മാനത്തിനുവേണ്ടി ലക്ഷ്യത്തിലേക്കോടുവാൻ വൈദികരായി അഭിഷിക്തരാകുന്ന എല്ലാ മക്കൾക്കും കർത്താവ് ശക്തിയും ബലവും നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാ ആശംസകളും നേരുന്നു.

> അഗ്നിമയമായ ഈ സ്ഥലത്തുനിന്നുകൊണ്ട് നിന്റെ ജനത്തിനുവേണ്ടി പാപപരിഹാരവും സൃഷ്ടിക്ക് മുഴുവനും വേണ്ടി മോചനവും ഞാനപേക്ഷിക്കുന്നു.
>
> കുർബാന തക്സ

www.malankaralibrary.com

# ആനന്ദിക്കുന്ന സന്ന്യാസി ബ്ലസനച്ചൻ

ബ്രദർ മൈക്കിൾ ഒ.ഐ.സി

രണ്ടായിരത്തിമൂന്നിൽ അയ്യനേത്ത് കുടുംബത്തിൽ നിന്ന് ബഥനി സന്ന്യാസസമൂഹത്തിലേക്കു കടന്നുവന്ന ബ്ലസനച്ചൻ കഴിഞ്ഞ പതിനാലുവർഷം നൽകിയത് മറക്കാനാവാത്ത ഓർമ്മകൾ മാത്രമാണ്. കൂടെയുള്ള ദിവസങ്ങൾ ഓർക്കുമ്പോൾ സന്തോഷത്തിന്റെ ദിനങ്ങളായിരുന്നു. കാരണം, ഹാസ്യാത്മകത നിറഞ്ഞ അദ്ദേഹത്തിന്റെ സമീപനങ്ങളും പ്രവർത്തനങ്ങളും കൂടെയുള്ളവർക്ക് എന്നും ആനന്ദം പകർന്നിരുന്നു.

ബ്ലസനച്ചന്റെ കഴിവുകളെക്കുറിച്ച് പറയുകയാണെങ്കിൽ പാടുവാനും, ഇമ്പകരമായി പ്രാർത്ഥന ചൊല്ലുവാനും ദൈവം നൽകിയ ശബ്ദം എടുത്തുപറയേണ്ടതാണ്. പഠനത്തിന് ദീർഘനേരം ചിലവഴിച്ചുകൊണ്ട് മികവുറ്റ ജയം കാലാകാലങ്ങളിൽ (ഡിഗ്രി, ഫിലോസഫി, തിയോളജി) കരസ്ഥമാക്കുകയും ചെയ്തു. അതുപോലെതന്നെ എടുത്തുപറയേണ്ട ഒന്നാണ് കായിക വിനോദ ങ്ങളിലുള്ള അച്ചന്റെ ക്രിയാത്മകമായ സാന്നിധ്യം. കൂടെയുള്ളവർക്കും കാണികൾക്കും ഒരു സൗന്ദര്യ വിരുന്നുതന്നെ ഒരുക്കിയിരുന്നു.

ബ്ലസനച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞങ്ങൾ സഹോദരങ്ങളുടെ മനസ്സിലേക്ക് പെട്ടെന്ന് ഓടിയെത്തുന്നത് അദ്ദേഹത്തിന്റെ സൗമ്യതയും ഫലിതപ്രിയവുമായ സംസാര ശൈലിയാണ്. ചെടികളെയും, മൃഗങ്ങളെയും വളരെ വാത്സല്യത്തോടെ സംരക്ഷിക്കുവാനും അതിനായി സമയം കണ്ടെത്തുവാനും എത്ര തിരക്കിനിടയിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഹൃദയം നിറഞ്ഞ ആതിത്യമര്യാദയോടെ ബഥനിയിലേക്ക് കടന്നുവരുന്ന അതിഥികളെ സ്വീകരിക്കുവാനും പരിചരിക്കുവാനും അദ്ദേഹം സദാ ശ്രദ്ധിച്ചിരുന്നു. വ്യക്തിജീവിതത്തിൽ അദ്ദേഹം പുലർത്തിയിരുന്ന അടുക്കും ചിട്ടയും പ്രത്യേകം പ്രശംസാർഹമാണ്.

കർത്താവിന്റെ ബലിപീഠത്തിലേക്ക് ബ്ലസനച്ചൻ നടന്നടുക്കു മ്പോൾ കർത്താവിന്റെ നിത്യപൗരോഹിത്യത്തിൽ ആയുഷ്ക്കാലം മുഴുവൻ നിർമ്മലഹോമയാഗമായി മാറാനും അതുവഴി സഭയും സമൂഹവും ദൈവജനവും അനുഗ്രഹിക്കപ്പെടുവാൻ സർവ്വശക്തനായ ദൈവം അങ്ങയെ ശക്തനാക്കട്ടെ.

www.malankaralibrary.com

# കുശവന്റെ കൈയ്യിലെ കളിമണ്ണ്

ഫാ. ബ്ലസൻ മാത്യു അയ്യനേത്ത് ഒ.ഐ.സി.

"ഇത് എനിക്കു കിട്ടിക്കഴിഞ്ഞുവെന്നോ, ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ഇതു സ്വന്തമാക്കാൻവേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്, യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു" (ഫിലി 3:12). വാക്കുമാറാത്തവനായ കർത്താവിന്റെ 'നിന്നെ ഞാൻ പേര് ചൊല്ലി വിളിച്ചിരിക്കുന്നു, നീ എന്റേതാണ്' എന്നുള്ള വാക്കിന്റെ പിൻബലത്തിൽ ഇറങ്ങിപ്പുറപ്പെട്ട ജീവിതം സന്ന്യാസത്തിന്റെ പടവുകളേറി കർത്താവിന്റെ ബലിവേദിയിൽ അനേകർക്കായി ബലിയാകുവാനും ബലിയേകുവാനുമായി അർപ്പിക്കപ്പെട്ടിരിക്കുന്ന ഈ വേളയിൽ എന്റെ അന്തരംഗം നന്ദിയുടെയും ആനന്ദത്തിന്റെയും വികാരങ്ങളാൽ തരളിതമാവുകയാണ്. അതിശ്രേഷ്ഠമായ പൗരോഹിത്യ ശുശ്രൂഷയ്ക്കായി അയോഗ്യനായ എന്നെ നിയോഗിച്ച സർവ്വശക്തന്റെ കാരുണ്യത്തിനുമുമ്പിൽ നമ്രശിരസ്കനായി തൊഴുകൈയ്യോടെ നിൽക്കുന്ന ഈ ദാസൻ ഏറ്റുപറയുന്നതെന്തെന്നാൽ...

"ദൈവം തന്നതല്ലാതൊന്നും ഇല്ലായെന്റെ ജീവിതത്തിൽ ദൈവത്തിന്റെ സ്നേഹംപോലെ മറ്റൊന്നില്ല പാരിടത്തിൽ" ഇന്നോളം വഴിനടത്തിയ ആ അദൃശ്യകരങ്ങളിലേക്ക് കുശവന്റെ കയ്യിലെ കളിമണ്ണ് എന്നപോലെ ഞാൻ എന്നെതന്നെ പൂർണ്ണമായി സമർപ്പിക്കുകയാണ്. നാഥാ, നിനക്കിഷ്ടമുള്ള വിധത്തിൽ എന്ന രൂപപ്പെടുത്തണമേ! ബലിവേദിയിലേക്കുള്ള ഈ യാത്രയിൽ എന്നെ ശക്തിപ്പെടുത്തിയ കരങ്ങളും പ്രാർത്ഥനകൾ ഉരുവിട്ട അധരങ്ങളും അനവധിയാണ്. ഇപ്രകാരം പ്രചോദനമായിരുന്ന എല്ലാവരേയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവസന്നിധിയിൽ സ്മരിക്കുന്നു.

ജന്മം നൽകി, സ്നേഹവും കരുതലും ഏറെ നൽകി വളർത്തി, നന്മയുടെ പാഠങ്ങൾ പറഞ്ഞുതന്ന് ദൈവത്തിന്റെ ശുശ്രൂഷക്ക് എന്നെ സമർപ്പിച്ച് സ്വർഗ്ഗസാന്നിദ്ധ്യമായി എന്നെ വഴി നടത്തുന്ന പ്രിയപ്പെട്ട പപ്പയ്ക്കും, കണ്ണീരൊഴുക്കി പ്രാർത്ഥിച്ച് ഈ യാത്രയിൽ ശക്തിയും പ്രചോദനവുമായി എനിക്കെല്ലാമായിരിക്കുന്ന പ്രിയപ്പെട്ട മമ്മിക്കും, സ്നേഹവും വാത്സല്യവും നൽകി ദൈവസന്നിധിയിലേക്ക് കടന്നുപോയ പ്രിയപ്പെട്ട അപ്പച്ചനും, ഞാൻ ഒരു വൈദികനാകുന്നതിനായി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന പ്രിയപ്പെട്ട അമ്മച്ചിക്കും,

www.malankaralibrary.com

സുഖത്തിലും ദുഃഖത്തിലും എന്നും ഒപ്പം നിൽക്കുകയും അകമഴിഞ്ഞ് സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന എന്റെ കൂടെപ്പിറപ്പുകൾക്കും അവരുടെ കുടുംബങ്ങൾക്കും എപ്പോഴും താങ്ങും തണലുമായി എന്നോടൊപ്പമായിരുന്ന എന്റെ എല്ലാ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഒരായിരം നന്ദി...

ദൈവവിളിയോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥനയും പ്രോത്സാഹനവുമായിനിന്ന കുമ്പഴ ഇടവകയിൽ ശുശ്രൂഷചെയ്ത എന്റെ എല്ലാ മുൻ വികാരിമാരെയും, ഇപ്പോഴത്തെ വികാരിയായ ബഹു.ചാക്കോ തടത്തിൽ അച്ചനേയും, ഇടവകയിൽനിന്ന് ദൈവവേലയ്ക്കായി എനിക്കു മുമ്പേപോയ എല്ലാ വൈദികരെയും സന്ന്യാസികളെയും ഇടവകയിൽ മുമ്പ് ശുശ്രൂഷ ചെയ്തിട്ടുള്ളതും ഇപ്പോൾ ചെയ്യുന്നതുമായ എല്ലാ ബഥനി സന്ന്യാസിമാരേയും മതാദ്ധ്യാപകരേയും, അൾത്താരശുശ്രൂഷ പരിശീലകരേയും, നല്ലവരായ എല്ലാ ഇടവകാംഗങ്ങളേയും ഏറ്റം നന്ദിയോടെ ഓർക്കുന്നു. അക്ഷരവെളിച്ചത്തിൽ പകർന്നുതന്ന് അറിവിന്റെ പാത തുറന്നു തന്ന എന്റെ പ്രിയപ്പെട്ട എല്ലാ ഗുരുക്കന്മാ രെയും മറക്കാനാവാത്ത നല്ല സൗഹൃദം പങ്കുവച്ച് കൂടെയായിരുന്ന എല്ലാ സഹപാഠികളേയും നന്ദിയോടെ സ്മരിക്കുന്നു.

ബഥാന്യൻ സന്ന്യാസത്തെ എനിക്കു കൂടുതലായി പരിചയപ്പെ ടുത്തി അതിനായി ക്ഷണിച്ച ബഹു.ജോസഫ് വട്ടപ്പറമ്പിലച്ചനെയും, എന്നെ പ്രാർത്ഥനയോടെ അതിനായി യാത്രയാക്കിയ ബഹു.സ്റ്റീഫൻ തിരുവാലിൽ അച്ചനേയും, ആശ്രമ ജീവിതത്തിൽ മാർഗ്ഗദർശികളായി രുന്ന എല്ലാ ആശ്രമശ്രേഷ്ഠരേയും അന്നും തുടർന്നും ഇന്നും സമൂ ഹത്തെ വഴിനടത്തി എല്ലാ ശ്രേഷ്ഠരായ അധികാരികളേയും വിശിഷ്യാ ബഹു.ജോർജ് തോമസ് അച്ചനേയും, ബഹു.മരിയദാസ് അച്ചനേയും ബഹു.തോമസ് റെജി അച്ചനേയും, ബഹു.ജെറോം അച്ചനേയും, ബഹു.മത്തായി കടവിൽ അച്ചനേയും അവരോടൊപ്പമുണ്ടായിരുന്ന ഭരണസമിതിയംഗങ്ങളേയും, ഇപ്പോൾ സമൂഹത്തെ മുന്നിൽനിന്നു നയിക്കുന്ന പെരിയ ബഹു.ജോസ് കുരുവിള അച്ചനേയും, ബഹു.ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചനേയും, ബഹു.വില്യം നെടുമ്പുറത്തച്ചനേയും അവരോടൊപ്പമുള്ള ഭരണസമിതി അംഗങ്ങളെല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com

ഈ ബലിവേദിയിലെത്തുവോളും എന്നെ ഒരുക്കിയ എല്ലാ ബഹുമാന്യരായ ഗുരുക്കന്മാരെയും ആദ്ധ്യാത്മിക പിതാക്കന്മാരെയും, കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. വളരെ പ്രത്യേകമായി, ബഹു.പോൾ മാത്യു അച്ചൻ, പരേതനായ ബഹു.ലോറൻസ് അച്ചൻ, ബഹു.മാത്യു മണലുവിളയച്ചൻ, അഭിവന്ദ്യ ബർണബാസ് തിരുമേനി, ബഹു.മാർട്ടിൻ പ്രേമാനന്ദച്ചൻ, ബഹു.ബോസ്കോ അച്ചൻ, ബഹു.ജസ്റ്റിൻ സാം അച്ചൻ, ബഹു.വിജയാനന്ദച്ചൻ, ബഹു.തോമസ് പ്രമോദ് അച്ചൻ, ബഹു.ജസ്റ്റിൻ തുണ്ടുമണ്ണിൽ അച്ചൻ, പരേതനായ ബഹു.ആത്മാനന്ദച്ചൻ, ബഹു. സാലസ് അച്ചൻ, ബഹു.ഗീവർഗ്ഗീസ് കുറ്റിയിലച്ചൻ, ബഹു.ഐസക് പാറയ്ക്കലച്ചൻ, ഹു.സിറിൽ ആനന്ദ് അച്ചൻ, ബഹു.ഫിലിപ്പ് വൈശനേത്തച്ചൻ, ബഹു.ബർക്കുമാൻസ് അച്ചൻ, ബഹു.ബാബു എം.എസ്.എഫ്.എസ് അച്ചൻ എന്നിവരെ കൃതജ്ഞതയോടെ ഓർക്കുന്നു.

വിജ്ഞാനത്തിന്റെ വിശാലമായ ലോകത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയ ജ്ഞാനദീപവിദ്യാപീഠത്തിലെയും, ബഥനി വേദവിജ്ഞാനപീഠത്തിലെയും പ്രൊഫസേഴ്സ്, ബി.വി.പി. ഡയറക്ടറായിരുന്ന ബഹു.ജോർജ് അയ്യനേത്ത് അച്ചനേയും മുൻ ഡയറക്ടറായിരുന്ന ബഹു.ഫിലിപ്പ് വൈശനേത്ത് അച്ചനേയും, എന്റെയീ യാത്രയിൽ, സാന്നിദ്ധ്യംകൊണ്ടും സഹകരണംകൊണ്ടും, സ്നേഹവാത്സല്യങ്ങൾകൊണ്ടും എനിക്കൊപ്പമുണ്ടായിരുന്ന പൂനാ, പഠനഗൃഹത്തിലെ എല്ലാ ബ്രദേഴ്സിനെയും, ജ്യേഷ്ഠസഹോദരനായിരുന്നു വഴി നടത്തിയ ബഹു.അരുൺദാസ് അച്ചനേയും, കൂടെയായിരുന്ന പൂനാ മിഷനിലെ നല്ലവരായ എല്ലാ വ്യക്തികളെയും, പ്രത്യേകമായി ഏറ്റം സ്നേഹത്തോടെ ഓർക്കുന്നു. റീജൻസികാലത്ത് അടുത്തിടപെടാൻ കഴിഞ്ഞ ആര്യനാട് ഇടവകാംഗങ്ങളെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഇതുവരെയുള്ള എന്റെ ജീവിതത്തിൽ ചെറുതും വലുതുമായി എന്തെങ്കിലും നന്മ ചെയ്തിട്ടുള്ളവർക്കെല്ലാം ഹൃദയപൂർവ്വം പ്രണാമം അർപ്പിക്കുന്നു. ബലിവേദിയോടു ചേർന്നുള്ള തുടർജീവിതത്തിലും ഏവരുടെയും പ്രാർത്ഥനാസഹായങ്ങൾ യാചിക്കുന്നു. ഏവരേയും നന്മകൾകൊണ്ട് നിറയ്ക്കണമേ എന്ന് ബലിവേദിക്കുമുമ്പിൽ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. ഇനിയും വഴി നടത്തുന്ന പൊന്നുതമ്പുരാന് മുമ്പിൽ സർവ്വവും സമർപ്പിച്ചുകൊണ്ട്... നന്ദി... നന്ദി... ഒരായിരം നന്ദി....

www.malankaralibrary.com



# നന്ദി നിറഞ്ഞ ഹൃദയത്തോടെ

**മാത്യു ചെറിയാൻ & സാറാമ്മ മാത്യു**
ഫാ. ആബേൽ മാത്യുവിന്റെ മാതാപിതാക്കൾ

ഇത് ധന്യനിമിഷങ്ങൾ.... "മാതാവിന്റെ ഉദരത്തിൽ നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (ജറെ 1:4).

ദൈവജനത്തെ സേവിക്കുവാനും ദൈവത്തോടു ചേർത്തു നിർത്തുവാനുമായി ലഭിച്ച ഈ സുവർണ്ണാവസരത്തെ നന്ദിയോടെ ഓർക്കുന്നു. ഈ വേളയിൽ ഞങ്ങളുടെ മകനൊപ്പം യാത്രചെയ്ത് ഈ മഹാദാനത്തിന് ഒരുക്കിയ ഏവരെയും ഓർക്കുന്നു. ആബേലിന് വിദ്യാഭ്യാസം കൊടുത്ത അദ്ധ്യാപകരേയും കൂടെ പഠിച്ച എല്ലാ സഹപാഠികളേയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു...

ഞങ്ങളുടെ മകനെ സ്വീകരിച്ച് സന്ന്യാസത്തിന്റെ പാഠങ്ങൾ പഠിപ്പിച്ച് വളർത്തിയ ബഥനി സന്ന്യാസിസമൂഹത്തിനോടും അവിടുത്തെ എല്ലാ സന്ന്യാസാംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു...

പരിശീലന കാലയളവിൽ വിദ്യാഭ്യാസപരവും ആത്മീയപരവു മായി ആബേലിനെ സഹായിച്ച എല്ലാ വൈദികശ്രേഷ്ഠർക്കും ഞങ്ങളുടെ കുടുംബത്തിന്റെ സ്നേഹവും ആദരവും അറിയിക്കുന്നു...

ദൈവവേല ശ്രേഷ്ഠവേലയായി കണക്കാക്കുമ്പോൾ കർത്താ വിന്റെ രാജ്യത്തിലെ വേലക്കാരനാകുവാൻ വിളിക്കപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ട മകനും അവനൊപ്പം പട്ടം സ്വീകരിക്കുന്ന എല്ലാവർക്കും ആശംസകളും ഭാവുകങ്ങളും നേരുന്നു...

ദൈവകൃപയിൽ ഞാനാശ്രയിച്ച്...

www.malankaralibrary.com

അവൻ വഴികളെ ഞാനറിഞ്ഞ്...
അനുഗമിച്ചിടും അവനുടെ ചുവടുകളെ...

ദൈവത്തിന്റെ പാദങ്ങളെ പിന്തുടരാൻ ഇച്ഛിക്കുമ്പോൾ ഒരു പ്രാർത്ഥന മാത്രമേ ഞങ്ങൾക്കുള്ളൂ...

“ദൈവമെ, ഞങ്ങളുടെ പ്രിയമകൻ ഏറ്റെടുത്തിരിക്കുന്ന ഈ അഗ്നിയെ അനേകർക്ക് പ്രകാശം പകരുന്ന വെളിച്ചമായി മാറ്റേണമേ. ആബേലിനൊപ്പവും എല്ലാ വൈദികശ്രേഷ്ഠർക്കൊപ്പവും നീ കൂട്ടായിരിക്കണമേ.

ലോകമായകളിൽനിന്ന് ഓടിയകലാൻവേണ്ട കൃപയും അനുഗ്രഹവും അവന് കൊടുക്കണമേ....

ഇടവകാംഗങ്ങളെയും ഈ ദിവസത്തിനുവേണ്ടി പ്രാർത്ഥിച്ച് കാത്തിരിക്കുന്ന ബന്ധുമിത്രാദികളേയും നന്ദിനിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു...

സഹായിച്ച ഏവർക്കും, സഹായിക്കുന്ന ഏവർക്കും നന്ദി...

നാളിതുവരെയും അനുഗ്രഹിച്ച പൊന്നുതമ്പുരാനെ നിനക്ക് എത്ര നന്ദിയർപ്പിച്ചാലും മതിയാവില്ല...

അനുഗ്രഹദാതാവായ പൊന്നുടയവനേ നിനക്ക് ഒരായിരം നന്ദി... നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങളുടെ പ്രാർത്ഥനകൾ ദൈവതിരുമുമ്പിൽ സമർപ്പിക്കുമ്പോൾ പൊന്നേശുവേ നാഥാ ഞങ്ങളുടെ മകനും അവനൊപ്പം പൗരോഹിത്യം സ്വീകരിക്കുന്ന ഏവർക്കും അനുഗ്രഹമാകണമേ...

നന്ദി...

www.malankaralibrary.com

# കരുത്തുറ്റ കാൽവയ്പോടെ ആബേലച്ചൻ

ബ്രദർ മനു വർഗീസ് പുത്തൻവീട്ടിൽ ഒ.ഐ.സി.

വസന്തം വീണ്ടും ബഥനിയുടെ പടിവാതിൽവന്ന് നിൽക്കുന്നു. അത് വീണ്ടും പൂവിടുകയാണ്. പ്രസരിപ്പും ചുറുചുറുക്കും ലാളിത്യവും അർപ്പണ മനോഭാവവും ബഥനി ചൈതന്യത്തിന്റെ നിറകുടങ്ങളായ അവളുടെ മക്കളിലൂടെ, വ്യക്തിത്വങ്ങളുടെ വ്യത്യസ്തതമൂലം സമൂഹവും സഭയും ഒന്നാകെ സന്തോഷിക്കുന്ന സുദിനം. അതിന് മാറ്റുകൂട്ടാൻ എന്നോണം, മുണ്ടൻമലയിൽനിന്ന് തെല്ലകലെയല്ലാതെ ബഥനിയുടെ ആദ്യകാലപ്രവർത്തനങ്ങളുടെ പുണ്യസ്മരണ തളം കെട്ടിനിൽക്കുന്ന ചിറ്റാർ, വയ്യാറ്റുപുഴ പ്രദേശത്തിനും സാധിച്ചു. നീണ്ട 14 വർഷത്തെ പരിശീലനത്തിനുശേഷം പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ബഥനിയുടെ കർമപഥങ്ങളെ ഓജസ്സുറ്റതാക്കുവാൻ ഇതാ നമുക്ക് ഏറ്റം പ്രിയങ്കരനായ ആബേലച്ചൻ.

1988 മെയ്മാസം 25-ാം തീയതി, പതാലിൽ മാത്യു ചെറിയാന്റെയും, സാറാമ്മ മാത്യുവിന്റെയും രണ്ടാമത്തെ പുത്രനായി ജനിച്ചു. 2003 ജൂൺ മാസത്തിൽ ബഥനി ആശ്രമ (നാലാഞ്ചിറ)ത്തിൽ അർത്ഥിയായി പ്രവേശിച്ചു. +2 വിദ്യാഭ്യാസം പൂർത്തിയാക്കി, നവസന്ന്യാസപരിശീലനത്തിനുശേഷം വ്രതം സ്വീകരിച്ചു. തുടർന്ന് ബഥനി കോളേജിൽ പഠിച്ച് ചരിത്രത്തിൽ ബിരുദം സമ്പാദിച്ചു. തുടർന്ന് പൂന പേപ്പൽ അത്തനേയത്തിൽനിന്ന് തത്വശാസ്ത്രത്തിൽ ബിരുദവും IGNOUയിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും സമ്പാദിച്ചു. സമൂഹത്തിന്റെ സുവിശേഷവൽക്കരണത്തെ മുൻനിർത്തി പോട്ട ധ്യാനകേന്ദ്രത്തിൽ ആറുമാസം പ്രത്യേക പരിശീലനം നേടി. തുടർന്ന് കറ്റാനം ബോർഡിംഗിൽ എത്തി റീജൻസി പൂർത്തിയാക്കി. തുടർന്ന് പൂനയിലെത്തി ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ശെമ്മാശൻ 2017 ജനുവരി 7-ാം തീയതി വൈദികനായി അഭിഷിക്ത നാകുന്നു.

അനേകം കഴിവുകളുടെ ഒരു സമഞ്ജസമ്മേളനമാണ്

www.malankaralibrary.com

ആബേലച്ചൻ. ഒരു കാര്യത്തിൽനിന്നും അദ്ദേഹത്തെ മാറ്റി നിർത്താൻ കഴിയില്ല. ഭാവിയിൽ സമൂഹത്തിനും സഭയ്ക്കും വ്യത്യസ്തങ്ങളായ അദ്ദേഹത്തിന്റെ കഴിവുകൾ നല്ല രീതിയിൽ പ്രയോജനപ്പെടും എന്നുള്ളത് തീർച്ചയാണ്. "തന്റെ ഭവനത്തിലുള്ളവർക്ക് യഥാസമയം ഭക്ഷണം നൽകാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ" അദ്ദേഹം നല്ല കാര്യവിചാരിപ്പുകാരനായിത്തീരും എന്നതിൽ സംശയമില്ല. ഈ അവസരത്തിൽ അദ്ദേഹത്തിന് നമുക്ക് സമ്മാനിച്ച അദ്ദേഹത്തിന്റെ വത്സല മാതാപിതാക്കളെയും, സഹോദരങ്ങളെയും, ബന്ധുമിത്രാദികളെയും, ഗുരുക്കന്മാരെയും, അഭ്യുദയകാംക്ഷികളെയും ഒക്കെ ദൈവതിരുമുമ്പാകെ നമുക്ക് സമർപ്പിക്കാം. അവരോടൊപ്പം അദ്ദേഹത്തിന്റെ ശോഭനമായ ഭാവിയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

"എല്ലാവർക്കും എല്ലാമായ്  
തീരാനിവനെ ഒരുക്കണമെ  
ശുശ്രൂഷയ്ക്കായി നേദിച്ച  
ജന്മം നിൻ മുടി ചൂടട്ടെ"

ലഘുവും സന്തോഷപ്രദവുമായ നിന്റെ നുകത്തിൻ കീഴിൽ, ഉത്തമവും പരിപൂർണ്ണവുമായ സേവനം അനുഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ കൃപയാലും അനുഗ്രഹീതനും ഭാഗ്യവാനുമായ നിന്റെ പിതാവിന്റെ നല്ല ഇഷ്ടത്താലും, പരിശുദ്ധ റൂഹായുടെ പ്രേരണയാലും ആത്മാവിന്റെയും ശരീരത്തിന്റെയും ഉണർവോടും സ്ഥിരനടപടികളോുംകൂടെ ആയുഷ്ക്കാലമെല്ലാം തിരുമുമ്പാകെ ഞങ്ങൾ ജീവിച്ച് ഭാഗ്യകമായ അന്ത്യത്തിലേക്കും, ദുഃഖമോ നെടുവീർപ്പുകളോ ഇല്ലാത്ത മാലാഖമാരുടെ ജീവിതത്തിലേക്കും നയിക്കപ്പെടുവാനും ഞങ്ങൾക്കു സംഗതിയാകണമേ.

കുർബാന തക്സ

www.malankaralibrary.com

# കൃതജ്ഞതയോടെ...

ഫാ. ആബേൽ മാത്യു ഒ.ഐ.സി

പലയാവർത്തി വായിച്ച്... ധ്യാനിച്ച്... ചിന്തിച്ച് രൂപപ്പെടുത്തിയ ദൈവവിളി എന്ന മഹാദാനത്തിന്റെ ഉയർച്ചയുടെ പടവുകളിൽ എത്തി നിൽക്കുന്ന ഈ വേളയിൽ രൂപീകരിച്ചവരെ സ്നേഹപൂർവ്വം സ്മരിക്കുന്നു.

തനിക്കിഷ്ടമുണ്ടായിരുന്നവരെ അവൻ വിളിച്ചു (മർക്കോ 3:13). ഇഷ്ടക്കാരനാവാനുള്ള വിളി. അവന്റെ ഹൃദയത്തിൽ എഴുതിച്ചേർക്കപ്പെടാനുള്ള വിളി...

പക്വതയും സ്നേഹവും ചേർത്ത് ജനത്തിന് സുവിശേഷം പങ്കുവയ്ക്കാനുള്ള വിളി...

പരുക്കൻ പാതയടികളെ യേശുവഴിയാക്കുവാനുള്ള വിളി...

ജന്മമേകിയവരുടെ തലോടനങ്ങളും ശാസനകളും....

സഹപാഠികളുടെ പ്രചോദനവും...

ഗുരുഭൂതന്മാരുടെ ചൂണ്ടുവിരലുകളും...

അധികാരികളുടെ കരുതലിനും...

ഒരുമിച്ചുചേർത്ത് ദൈവസ്നേഹം പ്രസംഗിക്കാനിറങ്ങുമ്പോൾ യേശുവചനം മനസ്സിൽ

നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുവിൻ ഇത് ഒരു ഒരുക്കശുശ്രൂഷയാണ്...

ദൈവസന്നിധിയിലേക്ക് ജനത്തിനെ നയിക്കുവാനുള്ള ഒരുക്കം...

നീണ്ട പതിനാലുവർഷങ്ങൾ കോർത്തിണക്കിയ രൂപീകരണം... പ്രഥമപരിശീലനഘട്ടത്തിന്റെ പൂർത്തീകരണവേളയിൽ തുടർന്നും നിത്യപുരോഹിതപരിശീലനത്തിലേർപ്പെടാൻ തയ്യാറെടുക്കുമ്പോഴും ദൈവമേ കൂട്ടായിരിക്കണമേ.. കൂടെയായിരിക്കണമേ എന്ന പ്രാർത്ഥനയോടെ...

www.malankaralibrary.com



# എല്ലാം അങ്ങേ മഹത്വത്തിനായി....

അലക്സ് ഏബ്രഹാം & വിൽസി അലക്സ്
ഫാദർ പ്രിൻസ് അലക്സിന്റെ മാതാപിതാക്കൾ

"കർത്താവിന്റെ ദാനമാണ് മക്കൾ; ഉദരഫലം ഒരു സമ്മാനവും." (സങ്കീർത്തനങ്ങൾ 127:3).

ദൈവം അനുഗ്രഹിച്ചു നൽകിയ മൂന്നുമക്കളിൽ രണ്ടു പേർ പരിശുദ്ധാത്മ പ്രേരിതരായി പൗരോഹിത്യശുശ്രൂഷാജീവിതം തെരഞ്ഞെടുത്തതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുകയും, അഭിമാനിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ രണ്ടാമത്തെ മകൻ പ്രിൻസ് അലക്സ് നെരിയാട്ടിൽ തനിക്കു യോജിച്ച ദൈവവിളി ഏറ്റെടുത്തുകൊണ്ട് ബഥനി സന്ന്യാസി സമൂഹത്തിൽ ഒരു സന്ന്യാസ വൈദികനായി അഭിഷേകം ചെയ്യപ്പെടുന്നു.

ചെറുപ്പം മുതൽക്കേ ശാന്തശീലനും, ദൈവാലയ ശുശ്രൂഷയിൽ അതീവ താത്പര്യം കാണിക്കുകയും ചെയ്ത പ്രിൻസ് അൾത്താര ബാലനായും, സണ്ടേസ്കൂളിലും വ്യാപൃതനായി തനിക്കായിട്ടുള്ള ദൈവീകസ്വരത്തിന് കാതോർത്തു. ദൈവം കനിഞ്ഞനുഗ്രഹിച്ച ജീവിതമാണ് പ്രിൻസിന്റേത്. ഒരു ഘട്ടത്തിൽ ജീവൻപോലും നഷ്ടമായേക്കാവുന്ന അവസരത്തിൽ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ ദാനമായി ലഭിച്ചതാണ് ഈ ജീവിതം. പഠനത്തിൽ average വിദ്യാർത്ഥിയായിരുന്നുവെങ്കിലും, പിന്നീട് പരിശീലന കാലഘട്ടത്തിൽ ഉന്നതമായ വിജയങ്ങൾ കരസ്ഥമാക്കുന്നതിന് പ്രിൻസിന് സാധിച്ചിട്ടുണ്ട്.

പത്താംക്ലാസ് കഴിഞ്ഞയുടൻ സെമിനാരിയിൽ ചേരാൻപോയി എങ്കിലും ദൈവീകപദ്ധതി ബഥനി ആശ്രമത്തിലെ ഒരംഗമായിത്തീരുക എന്നതായിരുന്നു. സ്വന്തം പിതാവിനേയും, മാതാവിനേയും തനിക്കുള്ള സകലതിനേയും ഉപേക്ഷിക്കാതെ എന്റെ അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനാകുവാൻ സാധിക്കുകയില്ല" എന്ന വചനത്തിൽ

www.malankaralibrary.com

വിശ്വസിച്ച് താൻ ജനിച്ച ഗ്രാമത്തോടും, തന്റെ മാതാപിതാക്കളോടും, സഹോദരങ്ങളോടും, ബന്ധുമിത്രാദികളോടും വിടപറഞ്ഞ് 2003 ജൂൺ 11-ാം തീയതി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേർന്നു.

ഞങ്ങളുടെ മകന്റെ സന്ന്യാസജീവിത രൂപീകരണത്തിൽ അനേകം വൈദികരും സിസ്റ്റേഴ്സും ഏറെ പങ്കുവഹിച്ചിട്ടുണ്ട്. വളരെ പ്രത്യേകമായി ഞങ്ങളുടെ വികാരിമാരെയും, ഇടവകയിൽ ശുശ്രൂഷ ചെയ്തിട്ടുള്ള സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. സന്ന്യാസ പൗരോഹിത്യ പരിശീലനത്തിൽ നാളിതുവരെ പ്രിൻസിനെ വളർത്തിക്കൊണ്ടുവന്ന ബഥനി സന്ന്യാസിസമൂഹത്തിലെ എല്ലാ വന്ദ്യ ജനറാളച്ചൻമാരെയും, പ്രൊവിൻഷ്യൽ അച്ചന്മാരെയും റെക്ടർ അച്ചന്മാരെയും നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ പ്രാർത്ഥനയാലും, പ്രോത്സാഹനത്താലും അനുഗ്രഹിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും, വൈദികശ്രേഷ്ഠന്മാർക്കും, സിസ്റ്റേഴ്സിനും, ആത്മീയ പിതാക്കന്മാർക്കും, ഇടവകാംഗങ്ങൾക്കും, ബന്ധുമിത്രാദികൾക്കും ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

സ്വഭവനത്തിലും സൗമ്യതയും, ബഥനിയിൽ നിന്നാർജ്ജിച്ചെടുത്ത ലാളിത്യവും, സന്ന്യാസനിഷ്ഠകളും, പ്രാർത്ഥനയും സമർപ്പണ മനോഭാവവും ഒരു സന്ന്യാസവൈദികനെന്ന നിലയിൽ ജീവിതാവസാനംവരെ ജീവിതപ്രമാണമായി കാത്തുസൂക്ഷിക്കുന്നതിനും, ആടുകളെ അറിയുകയും ആടിന്റെ മണവുമുള്ള ഒരു നല്ല ഇടയനുമാകുവാൻ കരുണാമയനായ ദൈവം ഞങ്ങളുടെ മകനെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും, അതിനായി നിങ്ങളുടെ പ്രാർത്ഥനകൾ അപേക്ഷിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# സ്നേഹത്തിന്റെ പര്യായമായ പ്രിൻസച്ചൻ

ബ്രദർ സിജോ പാപ്പച്ചൻ ഒ.ഐ.സി.

സ്നേഹം എന്നുള്ളത് സ്വീകരിക്കാൻ മാത്രമുള്ളതല്ല പിന്നെയോ നൽകുവാൻ കൂടിയുള്ളതാണ്. ലോകത്തെ സ്നേഹിച്ച പിതാവിനെപ്പോലെ കുരിശ് സ്നേഹത്തിന്റെ അടയാളമായി, (സഹോദര സ്നേഹവും, ദൈവസ്നേഹവും) നമുക്കു നൽകിയ പുത്രനെപ്പോലെ, സ്നേഹത്തിന്റെ പൂർത്തീകരണമായ പരിശുദ്ധാ ത്മാവിനെപ്പോലെ, യേശുവിന്റെ സ്നേഹിതനായ ശിഷ്യനെപ്പോലെ ജീവിക്കുവാൻ മിശിഹാനുകരണ സന്ന്യാസിസമൂഹത്തിൽ ഇന്ന് ബഹുമാനപ്പെട്ട പ്രിൻസച്ചൻ അഭിഷിക്തനാവുകയാണ്. എല്ലാവിധ പ്രാർത്ഥനാ ശംസകളും നേരുന്നു.

സ്നേഹം മറ്റുള്ളവർക്കുകൊടുക്കുവാൻ പ്രിൻസച്ചൻ എന്നും കർമ്മനിരതനായിരുന്നു. അത് ചിലപ്പോൾ സ്നേഹനിർഭരരായ, പ്രാർത്ഥനയുടെ മനുഷ്യരായ മാതാപിതാക്കളുടെയും സഹോദര വൈദികനായ അച്ചന്റെയും, കുഞ്ഞുസഹോദരന്റെയും സ്നേഹ നിർഭരമായ ജീവിതം കണ്ടുകൊണ്ടാവാം, അവരുടെ തീക്ഷ്ണതകൾ കണ്ടുകൊണ്ടാവാം. ബഥനിയിലെ സഹോദരങ്ങൾക്ക് അത് അനുഭവവേദ്യമായിരുന്നു പ്രിൻസച്ചനിലൂടെ.

തന്നെ ഏൽപ്പിച്ച എല്ലാ കർത്തവ്യത്തിലും തന്റെ തന്നെ തനതായ ശൈലിയിൽ, അർപ്പണബോധത്തോടെ ജീവിക്കുവാൻ ബഹു.പ്രിൻസച്ചൻ സാധിച്ചു. അതുകൊണ്ടാണ് ദൈവത്തെ കൂടുതൽ സനേഹിക്കാനും, അതു പകരാനുമായി ദൈവം അദ്ദേഹത്തെ തന്റെ ശുശ്രൂഷകനായി നിയമിക്കുന്നത്.

കഴിവുകളുടെ വിളനിലമാണ് അച്ചൻ. പ്രത്യേകിച്ച് തന്റെ ചിത്രരചനയിൽ അതിന്റെ ഉദാഹരണമാണ് പൂനാ ആശ്രമത്തിലെ അദ്ദേഹത്തിന്റെ ഓർമ്മകളുണർത്തുന്ന ചിത്രങ്ങൾ. മറ്റുള്ളവരെ സ്നേഹിച്ചതുപോലെ, നിറങ്ങളെയും അദ്ദേഹം സ്നേഹിച്ചിരുന്നു. ഇത് ബഥനിക്കൊരു മുതൽക്കൂട്ടാണ്. ദൈവത്തെ തന്റെ രചനയിൽ

www.malankaralibrary.com

ചാലിക്കുന്ന അച്ചന് അതിനെ വളരെവേഗം ദൈവത്തെ പിൻചെല്ലുന്ന വർക്ക് പകർന്നു നൽകുവാൻ തീർച്ചയായും സാധിക്കും.

കർത്താവിന്റെ വക്ഷസിൽ ചാരിക്കിടന്ന ശിഷ്യൻ. തന്റെ ഹൃദയത്തെ, ദൈവത്തിന്റെ ഹൃദയത്തോട് ബന്ധിപ്പിച്ച ശിഷ്യൻ. അവസാനം കുരിശിൻ ചുവട്ടിൽ പരി.അമ്മയെ തന്റെ അമ്മയായി യേശുവിന്റെ കൈയ്യിൽനിന്നും സ്വീകരിച്ച ശിഷ്യൻ. അതേ ഭാവത്തോടെ പരി.അമ്മയെ തന്റെ സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ച്, സ്വീകരിച്ച പ്രിൻസച്ചന്റെ മാതൃഭക്തി എന്നും ഓർക്കുന്ന ഒരു പുണ്യം കൂടിയാണ്. അതിന്റെ ഉദാഹരണമായ എപ്പോഴും ഒരു കൊന്ത അദ്ദേഹത്തോടൊപ്പം ഉണ്ടാകുന്നത്.

പ്രഗത്ഭരായ സന്ന്യാസവൈദികരിലൂടെ ശിക്ഷണത്തിൽ വളർന്നുവന്ന അച്ചൻ സഭയ്ക്കും, സമൂഹത്തിനും എന്നും ഒരു മുതൽക്കൂട്ടായി തീരട്ടെ അജഗണങ്ങളെ സ്നേഹിക്കുന്ന, നയിക്കുന്ന നല്ല ഇടയനായി മോശയെപ്പോലെ ദൈവത്തിന്റെ വടിയായ പൗരോഹിത്യം സ്വീകരിച്ച്, ജനത്തോടൊപ്പം നടക്കുവാൻ സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

നിന്റെ ശ്രേഷ്ഠതയുടെ മഹാവിശുദ്ധ സ്ഥലമായ മഹോന്നതങ്ങളിലേക്ക് എന്നെ ഉയർത്തുകയും, നിന്നെ സ്തുതിക്കുന്നവരായ ക്രോബേന്മാരുടെയും 'പരിശുദ്ധൻ' എന്ന് നിന്നെ കീർത്തിക്കുന്ന സ്രോപ്പേന്മാരുടെയും ഗണത്തിൽ എന്നെ ചേർക്കുകയും ചെയ്തതിനാൽ ദൈവമേ, നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു.

കുർബാന തക്സ

www.malankaralibrary.com

# ജീവനും ജീവനിയോഗങ്ങളുമേകിയ നാഥന്...

ഫാ. പ്രിൻസ് അലക്സ് നെരിയാട്ടിൽ ഒ.ഐ.സി.

"തന്റെ സന്നിധിയിൽ നിൽക്കുന്നതിനും, തനിക്കു ശുശ്രൂഷ ചെയ്യുന്നതിനും, ധൂപം അർപ്പിക്കുന്നതിനും കർത്താവ് നിങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്" (2 ദിന 29:11).

നല്ലിടയനെപ്പോലെ എന്നെ വഴിനടത്തി തളർച്ചയുടെ നിമിഷങ്ങളിൽ ആശ്വാസമേകിയ ദൈവത്തിന്റെ ബലിപീഠത്തിൽ മുന്നിലേക്ക് കൂപ്പുകൈകളോടെ.... നിറഞ്ഞുതുളുമ്പുന്ന ഹൃദയവുമായി ബലിവേദിയിലേക്ക് കയറുംമുമ്പ്.... സ്നേഹത്തിന്റെ ഭാഷയിൽ നന്ദി... എല്ലാവർക്കും...

ഒത്തിരിയേറെപ്പേരുടെ സ്നേഹത്തോടെയുള്ള പ്രാർത്ഥനയുടെ ഫലമാണ് ഈ ജീവിതം. പകരമായി നന്ദിനിറഞ്ഞ മനമല്ലാതെ മറ്റൊന്നുമില്ല. ദാനമായി നൽകിയ ഈ ജീവനും, ജീവിതവും ദൈവത്തിന്റേതു മാത്രമാണ്.

ഒരുനിമിത്തംപോലെ, ബാല്യകാലത്തെ കളിയരങ്ങുകൾക്കപ്പുറത്ത്, വൈദികജീവിതത്തെക്കുറിച്ച് ചിന്തിക്കാതിരുന്ന ഞാൻ ബഥനിയിലെത്തി. ആത്മീയതയുടെ അഗ്നിനാളങ്ങൾ പകർന്നുതന്ന്, സ്നേഹവും, കരുതലും ഏറെ നൽകി, നന്മയുടെ പാഠങ്ങൾ പകർന്നുതന്ന്, ജീവിതത്തിൽ ദൈവഭയത്തിന്റെയും, സഹോദര സ്നേഹത്തിന്റെയും വിത്തുകൾ പാകി എന്നെ വഴി നടത്തിയ പ്രിയപ്പെട്ട പപ്പായ്ക്കും, മമ്മിയ്ക്കും...

സുഖത്തിലും ദുഃഖത്തിലും എന്നും ഒപ്പം നിൽക്കുകയും നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്ന അച്ചാച്ചനും, വാവയ്ക്കും...

സ്നേഹംകൊണ്ടും, പ്രോത്സാഹനംകൊണ്ടും കൂടെയുള്ള ബന്ധുക്കൾക്കും, സുഹൃത്തുക്കൾക്കും...

www.malankaralibrary.com

ഉള്ളിൽ ദൈവവിളിയുടെ വിത്തുപാകുവാൻ പ്രചോദനമേകിയ എല്ലാ ഇടവക വികാരിമാർക്കും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും...

അക്ഷരവെളിച്ചം പകർന്ന് അറിവിന്റെ ലോകത്തിലേക്ക് കൈപിടിച്ചു നടത്തിയ എല്ലാ അദ്ധ്യാപകർക്കും...

പ്രോത്സാഹനങ്ങൾകൊണ്ടും, തിരുത്തലുകൾകൊണ്ടും, പ്രാർത്ഥനകൾകൊണ്ടും മനോധൈര്യം നൽകിയ അഭിവന്ദ്യ പിതാക്കന്മാർക്കും, ജനറാളച്ചന്മാർക്കും, പ്രൊവിൻഷ്യൽ അച്ചന്മാർക്കും...

പരിശീലന കാലയളവിൽ വഴികാട്ടികളായിരുന്ന എല്ലാം ഗുരുക്കന്മാർക്കും, ആത്മീയ പിതാക്കന്മാർക്കും...

പ്രാർത്ഥനകൊണ്ടും, മാതൃകകൊണ്ടും പ്രചോദനമേകിയ വൈദികർക്കും, സിസ്റ്റേഴ്സിനും...

രക്തബന്ധങ്ങൾക്കുമപ്പുറം, കൂടപ്പിറപ്പിനെപ്പോലെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ സഹോദരന്മാർക്കും സഹോദരിമാർക്കും...

തളർച്ചകളിൽ താങ്ങായി നിൽക്കുന്ന സഹയാത്രികർക്കും...

എന്നെ ഞാനാക്കിത്തീർത്ത ബഥനിക്കും....

സ്നേഹപൂർവ്വം നന്ദി...

"ഒരു കാര്യം മാത്രം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു. ഒരു കാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും, കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനുംവേണ്ടി, ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ...." (സങ്കീ 27:4).

www.malankaralibrary.com



# അങ്ങയുടെ വിശുദ്ധ കരങ്ങൾ എത്ര ഭാഗ്യമുള്ളവ

എ.സി.മൈക്കിൽ, റോസമ്മ
ഫാ. സിറിൽ മൈക്കിളിന്റെ മാതാപിതാക്കൾ

"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറെ 1:4). ജനതകൾക്ക് പുരോഹിതനും, പ്രവാചകനും ആയിത്തീരാനുള്ള തീവ്രമായ ആഗ്രഹത്തിന്റെ സാക്ഷാത്ക്കാരമാണ് ബഹു.സിറിൽ അച്ചൻ.

പാലക്കാട് ജില്ലയിൽ, വടക്കഞ്ചേരി പഞ്ചായത്തിൽ കുറുവായി ഗ്രാമത്തിൽ എ.സി. മൈക്കിൾ അരീപ്പറമ്പിലിന്റേയും, റോസമ്മ മൈക്കിളിന്റെയും മൂത്തപുത്രനായി ജനിച്ച് പരി.മാമോദീസായിലൂടെ മത്തായി എന്ന നാമം സ്വീകരിച്ച് ക്രിസ്തുവിന്റെ സഭയിലെ അംഗവും, സൈഥര്യലേപനത്തിലൂടെ പരിശുദ്ധാത്മാവിന്റെ സ്ഥിരമായ ഉറപ്പിക്കലും നടത്തി. കണക്കൻതുരുത്തി ജി.എൽ.പി.സ്കൂളിൽനിന്ന് എൽ.പി.വിദ്യാഭ്യാവും, മണലൂർ സെന്റ് ഇഗ്നേഷ്യസ് സ്കൂളിൽനിന്ന് യു.പി.വിദ്യാഭ്യാസവും പന്തല്ലാംപാടം മേരിമാതായിൽനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തനിമയിൽ സീറോ മലബാർ സഭയിലെ അംഗമായിരുന്ന സിറിൽ കുടുംബവീടുകളിലെ പാരമ്പര്യങ്ങളും, ജീവിതശൈലികളും ഒപ്പം ഇടവകയും, ഇടവക ക്കാരെയുംസ്വന്തമാക്കി "ഉത്തമം ദൈവസേവനം, അത്യുത്തമം ദൈവ സമ്പാദനം" എന്ന ദൈവദാസന്റെ മഹത്വചനത്തിൽ ആകൃഷ്ടനായി തന്റെ ദൈവം തനിക്കായി ഒരുക്കിയിരിക്കുന്ന ജീവിതപന്ഥാവിലേക്ക്, അതും ബഥനിയിലൂടെ യേശുവിനെ അനുകരിച്ച്, ദൈവത്തിനും, ദൈവജനത്തിനുമായി ത്തീരാൻ തീരുമാനിച്ചു.

"അവിടുന്നാണ് എന്റെ അന്തഃരംഗത്തിന് രൂപം നൽകിയത്. എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്തെന്നാൽ അങ്ങ് വിസ്മയനീയമായി സൃഷ്ടിച്ചു. ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും, ഭൂമിയുടെ

www.malankaralibrary.com

ഭാഗങ്ങളിൽവച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ രൂപം അങ്ങേയ്ക്കു അജ്ഞാതമായിരുന്നില്ല. എനിക്ക് രൂപം ലഭിക്കുന്നതിനുമുമ്പുതന്നെ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു. എനിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ ഉണ്ടാകുന്നതിനുമുമ്പ് തന്നെ അങ്ങയുടെ പുസ്തകത്തിൽ അവ എഴുതപ്പെട്ടു'' (സങ്കീ.139:13-17).

എന്റെ ജീവിതത്തിന്റെ കാരണം അവിടുന്ന്, നിന്റെ ജീവിതത്തിന്റെ പദ്ധതിയും അവിടുന്ന്, ആ പദ്ധതികൾ നടപ്പാക്കുന്നതും അവിടുന്ന്, നിന്റെ ജന്മസ്ഥലത്തേയും, മാതാപിതാക്കളേയും, നിശ്ചയിച്ച് അവിടുന്ന്, നിന്നെക്കുറിച്ചുള്ള യാതൊന്നും അവസരങ്ങൾ വിട്ടുകൊടുത്തില്ല. പിന്നെയോ, എല്ലാം അവിടുന്ന് നിശ്ചയിച്ചു.

പാടിക്കൊണ്ടിരുന്ന കുയിലിനോട് കവി ചോദിച്ചു, ജീവിതം എന്താണ്? ജീവിതമെന്നാൽ നിലയ്ക്കാതെ പാടിക്കൊണ്ടിരിക്കേണ്ട സ്നേഹത്തിന്റെ ഗീതമാണ്. ഫലദായകമായി നിൽക്കുന്ന മുന്തിരിച്ചെടിയോട് കവി ചോദിച്ചു, ജീവിതം എന്താണ്? മുന്തിരിച്ചെടി പറഞ്ഞു, മറ്റുള്ളവർക്ക് മധുരമായി തീരേണ്ട ദാനമാണ്. ഒഴുക്കിനെതിരെ നീന്തിക്കൊണ്ടിരിക്കുന്ന മത്സ്യത്തോട് കവി ചോദിച്ചു, ജീവിതമെന്താണ്? മത്സ്യം പറഞ്ഞു - ജീവിതമെന്നാൽ പ്രതിസന്ധികളിൽ തളരാത്ത ത്യാഗമാണ്. അവസാനമായി, ഒഴുകിക്കൊണ്ടിരിക്കുന്ന പുഴയോട് കവി ചോദിച്ചു, ജീവിതമെന്താണ്? പുഴ പറഞ്ഞു, ജീവിതമെന്നാൽ മഹാസമുദ്രത്തിലെത്തുവോളം നിലയ്ക്കാതെ ഒഴുകേണ്ട ധ്യാനമാണ്. ജീവിതമെന്നാൽ, അവന്റെ സന്നിധിയിലെത്തുവോളം സ്നേഹത്തിന്റെ ഗീതം ആലപിച്ച്, മറ്റുള്ളവർക്ക് ജീവിതത്തെ ദാനമാക്കി, ത്യാഗത്തിലൂടെ, ധ്യാനത്തിലൂടെ ദൈവവുമായുള്ള ഒന്നാകലാണ്.

തന്റെ ജീവനും, ജീവിതവും, ഉയിരും ഉൺമയും തന്റെ നാഥന്, തന്റെ ജീവിതബലി അർപ്പിക്കാൻ ഒരുങ്ങുന്ന സിറിലിന്. ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന.

മൺചിരാതിലെ ദീപനാളമാണ് പൗരോഹിത്യം. ചിരാത് ഉടയാതെ... എണ്ണ വറ്റാതെ.... കരിന്തിരി കത്താതെ.... നുറുങ്ങുവെട്ടം ചുറ്റുമുള്ളവരിൽ പകരാൻ പൊന്നുതമ്പുരാൻ അനുഗ്രഹിക്കട്ടെ!

www.malankaralibrary.com

# ബലിയായി ബലിപീഠത്തിലേക്ക് സിറിലച്ചൻ

ബ്രദർ ജിയോ പോൾ ഒ.ഐ.സി.

മിഴിയായ് മൊഴിയായ്...
കുറവിൻ നിറവായ്...
നിനവിൻ ഉയിരായ്...
ഉണരൂ.... ഉയരൂ....

സിറിലച്ചന്റെ കൂടെ എന്റെ ഫിലോസഫി കാലം മുതൽ ജീവിക്കുവാൻ സാധിച്ചു എന്ന് ഓർക്കുമ്പോൾ വളരെ സന്തോഷം തോന്നുന്നു. അതിലുപരി അടുത്തറിയാൻ കഴിഞ്ഞപ്പോൾ അച്ചനെപറ്റി എഴുതണം എന്നു തോന്നി.....

**മിഴിയായ് മൊഴിയായ്...**

ജീവിതയാഥാർത്ഥ്യങ്ങളോട് ഒരു പച്ചയായ മനുഷ്യന്റെ വികാരത്തോടെ ഒപ്പം കലർപ്പില്ലാതെ ജീവിക്കുകയും ജീവിക്കാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രേരക ശക്തിയാണ് സിറിലച്ചൻ. ജീവിതത്തെ യാതൊരു വീക്ഷണകോണിൽ നിന്നുനോക്കി, അതിന്റെ നന്മതിന്മയെ മനസിലാക്കി തരുവാൻ അച്ചൻ കാണിച്ചിട്ടുള്ള തീക്ഷ്ണത എനിക്കെന്നും മാതൃകയായിരുന്നു. വിമർശനങ്ങളെ തന്റെ ക്രിയാത്മകമായ ഇടപെടൽകൊണ്ടും അതിജീവിച്ച്, ഈ കരുത്തിൽ ജീവിതബോദ്ധ്യങ്ങളിൽ ജീവിക്കുന്ന വ്യക്തിയാണ് ബഹു.സിറിലച്ചൻ....

**കുറവിൻ നിറവായ്....**

സുഹൃത്തുക്കളെ കരുതുകയും കൂടപ്പിറപ്പിനെപ്പോലെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു നല്ല സുഹൃത്താണ് എനിക്ക് സിറിലച്ചൻ... സഹോദരന്റെ കുറവുകളെ തന്റേതായികണ്ട്, എന്റെ ഉയർച്ചയിലും, താഴ്ചയിലും ഒരുപോലെ തണലായി കൂടെ നിൽക്കാൻ അച്ചൻ കാണിച്ച നല്ല മനസിനെ നന്ദിയോടെ ഓർക്കുന്നു.... ഒരു നല്ല സുഹൃത്തായി ജേഷ്ഠസഹോദരനായി നന്മയുടെ വഴിയിലൂടെ നയിച്ചതിന്....

www.malankaralibrary.com

'സുഹൃത്ത്' എന്ന പദത്തെ ഞാൻ നിർവ്വചിക്കുക" സഹയോ ഹൃത്ത് ഭവതി സുഹൃത്ത്" അപരന്റെ ഹൃദയമാക്കുന്നതാണ് സുഹൃത്ത്. സഹോദരന്റെ ഹൃദയമന്ത്രണത്തെ തിരിച്ചറിഞ്ഞ് ചെറുതുംവലുതുമായ ആവശ്യങ്ങളെ തന്റെ ആവശ്യമായി കണ്ട് ചെയ്തുതരുന്ന ഒരു നല്ല സുഹൃത്താണ് സിറിലച്ചൻ....

**നിനവിൻ ഉയിരായ്...**

സ്വപ്നങ്ങളെ യാഥാർത്ഥീകരിക്കാൻ വേണ്ടിയുള്ള യാത്രയാണ് ജീവിതം. ചിന്തിക്കുന്നതും തീരുമാനിക്കുന്നതും പ്രവൃത്തി പദത്തിൽ വളരുവാൻ സാധിക്കുമെങ്കിൽ അത് വലിയ നേട്ടമാണ്. സിറിലച്ചനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്നതും ഇതുതന്നെയാണ്. തന്റെ തീരുമാനങ്ങൾക്ക് ജീവൻ കൊടുക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ്.. പലപ്പോഴും ചിന്തയും പ്രവൃത്തിയും തമ്മിൽ അന്തരം ഉണ്ടാകുമ്പോൾ എന്നെ സഹോദരബുദ്ധ്യാ തിരുത്തി പറയുന്നത് പ്രവർത്തിക്കാൻ ഊർജ്ജം തന്നതുപോലെ അച്ചനിലൂടെ സമൂഹത്തിനു ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു...

**ഉണരൂ... ഉയരൂ...**

ഇനിയും ഉള്ള പുരോഹിത ജീവിതത്തിൽ ഈ നന്മകളെ മുറുകെ പിടിച്ച്, ഉയിരിന്റെ ഉണർവ്വായി... സമൂഹത്തിനു ഉയിരായി ശബ്ദവുമാകാൻ അച്ചനു സാധിക്കട്ടെ എന്നാശംസിക്കുന്നു.

ഇല്ലായ്മയിൽനിന്ന് ഞങ്ങളെ സൃഷ്ടിച്ച് ഉണ്മയിലേക്കു നയിച്ച ഉന്നതനും ശ്രേഷ്ഠനും, പാപത്തിന്റെ അടിമത്ത ത്തിൽനിന്ന് വിലയേറിയ രക്തത്താൽ ഞങ്ങളെ ഉദ്ധരിച്ച് പുത്രസ്ഥാനത്തേക്ക് ഉയർത്തിയ പ്രധാനാചാര്യനുമായ കർത്താവിനു സ്തുതി.

കുർബാന തക്സ

www.malankaralibrary.com

# വെളിച്ചമേ നയിച്ചാലും ...

ഫാ. സിറിൽ മൈക്കിൾ ഒ.ഐ.സി.

ബലിപീഠമണയുമ്പോൾ എന്റെ മനസ്സിൽ ഉരുവാകുന്ന ചിന്ത മറ്റൊന്നുമല്ല.... വെളിച്ചമേ നയിച്ചാലും... (കാർഡിനൽ ന്യൂമാൻ) ശോകമൂകമായ ആവൃതിയിൽ ദൈവമേ നീയെന്നെ നയിക്കണമേ..."

അവിടുത്തെ കൃപ മതിയെനിക്ക് എല്ലാത്തിനേയും തരണം ചെയ്യാൻ... പതിനാലു വർഷത്തെ യാത്ര സമാപ്തിയിലെത്തി നിൽക്കുമ്പോൾ.... കൂടെ നടന്നവർ അനേകരുണ്ട്.... നടക്കാൻ പ്രേരിപ്പിച്ചവരും.... ഈ യാത്രയിൽ പാഥേയമായി മാറിയവരും... തണലായി തീന്നവരും.... അവരേയെല്ലാം നന്ദിനിറഞ്ഞ ഹൃദയത്തോടെ കർത്താവിന്റെ ബലിപീഠത്തോടു ചേർത്തുവയ്ക്കട്ടെ....

ജന്മം തന്ന് അനുഗ്രഹിച്ച മാതാപിതാക്കൾ.... സഹചരരായിരുന്ന സഹോദരങ്ങൾ... നിതിനും, നിജുവും എന്നും എനിക്കു പ്രാർത്ഥനയും, തണലുമായി നിന്ന പ്രിയ അമ്മച്ചിയും അങ്കിളും, ആന്റിമാരും... പിന്നെ എന്റെ പ്രിയ സഹോദരങ്ങൾ... ഏവരേയും ഓർക്കുന്നു... ഒത്തിരി സ്നേഹത്തോടെ.... ജീവിതത്തിൽ മാതൃകയും, എന്നും ശക്തിയും പകർന്നു തന്നുകൊണ്ടിരിക്കുന്ന, സ്നേഹംനിറഞ്ഞ, റോയിചാച്ച നേയും, സിസ്റ്റർ ആന്റിമാരേയും ഒത്തിരി നന്ദിയോടെ ഓർക്കുന്നു... ഏവരേയും അൾത്താരയിലേക്ക്, സമർപ്പിക്കുന്നു.

എന്നിലെ നന്മയെ തിരിച്ചറിഞ്ഞ, എന്റെ ദൈവവിളിയിൽ എന്നെ വളർത്തി, അതിനെ പ്രോജ്ജ്വലിപ്പിച്ച, പ്രിയ വികാരി അച്ചൻമാരേയും, എന്റെ ബാച്ചുകാരേയും, ഗുരുഭൂതരേയും, ബന്ധുമിത്രാദികളേയും ഏറെ സ്നേഹത്തോടും, ആത്മാർത്ഥതയോടും നന്ദിയോടും ഓർക്കുന്നു.... ജീവിതത്തിൽ, സാഹോദര്യംകൊണ്ടും, സാമീപ്യംകൊണ്ടും സ്വന്തമായി കരുതി, സ്നേഹിക്കുന്ന പ്രിയ സുഹൃത്തുക്കളേയും, സഹപാഠി കളേയും, സന്തത സഹചാരികളേയും ഓർക്കുന്നു...

ആശ്രമജീവിതത്തിൽ വളർത്തിയ ഗുരുക്കന്മാരേയും ആദ്ധ്യാ ത്മിക പിതാക്കന്മാരേയും... എന്റെ ജീവിതത്തെ ദൈവതിരു സന്നിധി

www.malankaralibrary.com

യിൽ എന്നും ചേർത്തുനിർത്താൻ എന്നെ സഹായിച്ച, എന്റെ പ്രിയപ്പെട്ട എന്റെ എല്ലാ ബഥാന്യരേയും ഓർക്കുന്നു.... നന്ദിയോടെ....

ജീവിതത്തിൽ കഴിഞ്ഞുപോയ നാളുകളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ, ജീവിതത്തിന്റെ പ്രശ്നസങ്കീർണ്ണമായ നിമിഷങ്ങളിൽ പോലും ദൈവത്തിന്റെ കൃപയും, നടത്തിപ്പും കാണാൻ കഴിയുന്നു.

“രാത്രി ഇരുണ്ടതാണ്....

ഞാൻ ഭവനത്തിൽനിന്നും ഏറെ അകലെയാണ്.

അങ്ങ് എന്നെ നയിക്കണേ...

എന്റെ വഴികളെ കാക്കണേ...

അങ്ങയെ കാണണമെന്നു ഞാൻ അപേക്ഷിക്കുന്നില്ല. അകലെ നിന്നൊരു വീക്ഷണം...

ഒരു കാതം അങ്ങയിലേക്ക്.... എനിക്കതുമതി....” (കാർഡിനൽ ന്യൂമാൻ)

ഇനിയുള്ള ജീവിതത്തിന്റെ പ്രാർത്ഥനയും പ്രവർത്തനവും ഇങ്ങനെയാകണമേ. കാരണം, അവിടുത്തെ ‘കൃപ മതി’യെനിക്ക്.

ബലിപീഠത്തിലേക്ക് ബലിയാകാൻ വേണ്ടിയാണ് പോകുന്ന തെന്നറിയാം, കുറവിനെ നിറവാക്കുന്നവന്റെ കൃപ മതിയെനിക്ക്...

ബലി പഠീത്തിലേക്ക് അനേകർക്ക് കൃപയുടെ നീർച്ചാലാ കാനാണു പോകുന്നതെന്നറിയാം; അശക്തമായവയെ ശക്തനാക്കുന്ന വനേ.... നിന്റെ കൃപമതിയെനിക്ക്....

അൾത്താരയിൽ ‘അൾത്തർ ക്രിസ്തുവാകാനുള്ള വിളിയാണി തെന്നറിയാം....; വെള്ളത്തെ വീഞ്ഞാക്കിയവനെ നിന്റെ കൃപ മതിയെനിക്ക്...

ജീവിതത്തിൽ ഇന്നുവരെ ചൊരിഞ്ഞ എല്ലാ നന്മകൾക്കും ദൈവമേ നിനക്കും... കൂടെയായിരിക്കുന്ന എല്ലാവർക്കും നന്ദി...

www.malankaralibrary.com



# ബലിയർപ്പിക്കാൻ ബലിയാകുവാൻ

തോമസ് മാത്യു & ഡെയ്സി തോമസ്സ്
ഫാ.ജസ്റ്റിൻ തോമസ്സിന്റെ മാതാപിതാക്കൾ

"കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീർത്തനം 34:8)

അൾത്താരയിൽ വിശുദ്ധബലി അർപ്പിക്കാനും ബലിയാകുവാനും നേരത്തെ മുൻകൂട്ടി നിശ്ചയിച്ച തന്നിലേക്ക് ഞങ്ങളുടെ മകനെ വിളിച്ചടുപ്പിച്ച പൊന്നുതമ്പുരാന് ഒരായിരം നന്ദി...



ദൈവമുമ്പാകെ ദൈവജനത്തിനുവേണ്ടി പൗരോഹിത്യം സ്വീകരിക്കുമ്പോൾ ദൈവത്തിനെ ഞങ്ങൾ ആയിരമായിരം നന്ദിയും കൃതജ്ഞതാ സ്തോത്രവും അർപ്പിക്കുന്നു. എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ ഞങ്ങളിൽ പ്രവർത്തിച്ചിരിക്കുന്നു.

ഞങ്ങളുടെ മകൻ ചെറുപ്പംമുതലേ ദേവാലയ ശുശ്രൂഷയിലെ സൺഡേസ്കൂളിലും അൾത്താര ബാലനയും നല്ല താൽപര്യം കാണിച്ചിരുന്നു. ബഹുമാനപ്പെട്ട അച്ചന്മാർക്കും, സിസ്റ്റേഴ്സിനും ഇടവക അംഗങ്ങൾക്കും ഇഷ്ടമായ രീതിയിൽ പള്ളിയിലെ എല്ലാ കാര്യങ്ങളിലും സംബന്ധിക്കുകയും ചെയ്തിരുന്നു.

10-ാം ക്ലാസിൽ പഠിക്കുമ്പോൾ ആണ് അൾത്താര ബാലൻമാരുടെ വി.ബി.എസ്.ക്ലാസ് കറ്റാനം ആശ്രമത്തിൽ നടന്നത്. ക്ലാസിന്റെ അവസാനദിവസം അവനവന്റെ ഭാവി തീരുമാനം എന്താണ് എന്നു ചോദിച്ചപ്പോൾ മകൻ എഴുതിയത് ഒരു വൈദികനാകണം എന്നായിരുന്നു. 10-ാം ക്ലാസിലെ പരീക്ഷ കഴിഞ്ഞപ്പോൾ പറഞ്ഞു ഞാൻ ഈ വർഷം കൂടിയേ ഉള്ളൂ എന്ന്. കാര്യം ചോദിച്ചപ്പോൾ പറഞ്ഞു, 'എനിക്ക് വൈദികനാകാനാണ് ആഗ്രഹം'. അപ്പോൾ ഞങ്ങൾ

www.malankaralibrary.com

പ്രാർത്ഥിച്ചു. എന്റെ മകന്റെ ആഗ്രഹം എന്താണെന്ന് അത് ദൈവം നിറവേറ്റട്ടെ എന്നു പ്രാർത്ഥിച്ചു. അങ്ങനെ ജൂൺ 2, 2005-ൽ തിരുവനന്തപുരം ആശ്രമത്തിലേക്കു മാതാപിതാക്കളോടും സഹോദരങ്ങളോടും ഗുരുജനങ്ങളോടും അനുഗ്രഹം വാങ്ങി യാത്രയായി. മകന്റെ സന്ന്യാസജീവിതത്തിൽ ബഹുമാനപ്പെട്ട അച്ചനും, സിസ്റ്റേഴ്സും, പ്രത്യേകിച്ച് മാതൃവേദി അമ്മമാരും ഒത്തിരിയധികം ജസ്റ്റിന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. ബഹുമാനപ്പെട്ട എല്ലാവർക്കും ഈ അവസരത്തിൽ ഞങ്ങൾ കുടുംബമായി നന്ദി സമർപ്പിക്കുന്നു.

ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തനാകുന്നതിന് സഹായകമായ പരിശീലനവും ശിക്ഷണവും അനുഗ്രഹവും എല്ലാം നൽകി വളർത്തികൊണ്ടുവന്ന ബഥനി സന്ന്യാസസമൂഹത്തിലെ എല്ലാ വൈദിക ശ്രേഷ്ഠരേയും ഇത്തരത്തിൽ നന്ദിയോടെ സ്മരിക്കുന്നു കൂടാതെ പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും മറ്റും അനുഗ്രഹിച്ച വന്ദ്യ പിതാക്കന്മാർക്കും, ബഹു.വൈദികർ, സിസ്റ്റേഴ്സ്, ഗുരുക്കന്മാർ, ഇടവകാംഗങ്ങൾ, ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ എല്ലാവരോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.

ജസ്റ്റിൻ എടുത്ത ഈ തീരുമാനം സർവ്വാത്മനാ ഞങ്ങൾ അംഗീകരിക്കുകയാണ്. എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ തിരുവിഷ്ടത്തിന് ഏൽപ്പിച്ചുകൊണ്ട്, ബഥനിയിൽനിന്നും ലഭിച്ച ലാളിത്യവും സന്ന്യാസനിഷ്ഠകളും, പ്രാർത്ഥനയും, സമർപ്പണ മനോഭാവവും ഒരു വൈദികനെന്ന നിലയിൽ എക്കാലവും മനുഷ്യരാശിയുടെ സമഗ്ര പുരോഗതിക്ക് ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# ചിരിയിൽ ചാലിച്ച സ്നേഹം ജസ്റ്റിനച്ചൻ

ബ്രദർ ജീവൻ ഒ.ഐ.സി.

സ്വതവേ സന്തുഷ്ടമായ പ്രകൃതം. ഏതു നേരത്തും ഏവർക്കും സന്തോഷം പകരാനുള്ള ഉത്സാഹം ഇതൊക്കെയാണ് ജസ്റ്റിനെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ ഏറ്റവുമാദ്യം കടന്നുവരുന്നത്. ചെയ്യുന്ന കാര്യങ്ങളിലെല്ലാം വിശ്വസ്തത മുഖമുദ്രയാക്കിയ അദ്ദേഹം വൈദികപട്ടം സ്വീകരിക്കുന്ന വേളയിൽ ബഥനി അഭിമാനിക്കുന്നു.

താഴത്തേടത്ത് വടക്കേതിൽ വീട്ടിൽ തോമസ് മാത്യു-ഡെയ്സി തോമസ് ദമ്പതികളുടെ മൂന്ന് മക്കളിൽ മൂന്നാമനായി 1989 ഫെബ്രുവരി 2-ാം തീയതി ജനിച്ചു. ബഹുമാനപ്പെട്ട ദയാനന്ദ് ഒ.ഐ.സി അച്ചൻ വൊക്കേഷൻ പ്രൊമോട്ടറായിരുന്ന സമയത്ത് ബഥനിയാശ്രമത്തിൽ ചേർന്ന അദ്ദേഹം ബഹു.പോൾ കൈതവനയച്ചൻ, ഗീവർഗ്ഗീസ് കുറ്റിയിലച്ചൻ, നൈനാനച്ചൻ, ജസ്റ്റിൻ തുണ്ടുമണ്ണിലച്ചൻ, സാജൻ തോമസച്ചൻ, ജോൺ ആലുവിളയച്ചൻ, ജോസഫ് വട്ടപ്പറമ്പിലച്ചൻ എന്നിവരുടെ നേതൃത്വത്തിൽ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കുകയും ജലന്ധർ ഹോളി ട്രിനിറ്റി മേജർ സെമിനാരിയിൽ നിന്നും ദൈവശാസ്ത്രപഠനം പൂർത്തിയാക്കുകയും ചെയ്തു.

ഏറെ നല്ല ഗുണങ്ങളുള്ള വിളനിലമാണ് ബഹു.ജസ്റ്റിനച്ചൻ. കൂടെയുള്ളവർക്ക് സന്തോഷകരമായ ഒരു അനുഭവമാണ് അദ്ദേഹത്തിന്റെ സാന്നിധ്യം. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള നൈപുണ്യം ആരാധനാക്രമാനുഷ്ഠാനത്തെ കൂടുതൽ അനുഭവവേദ്യമാക്കാൻ സഹായിക്കുന്നു. സന്തോഷകരമായ മനഃസ്ഥിതി ദൈവദാനമാണെന്ന് വിശ്വസിക്കുന്ന അദ്ദേഹം സകലർക്കും സന്തോഷം പകരുന്നതിൽ തത്പരനാണ്. ഏൽപ്പിക്കുന്ന ജോലികളെ ക്രിയാത്മകമായി നിർവ്വഹിക്കുന്നതിൽ അദ്ദേഹം എന്നും ബദ്ധശ്രദ്ധനാണ്. ആരെയും പിണക്കാതെ നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ശ്രേഷ്ഠം തന്നെയാണ്.

ഏറെ നന്മകളുള്ള ജസ്റ്റിനച്ചൻ വൈദികപട്ടം സ്വീകരിക്കുമ്പോൾ, ദൈവം അദ്ദേഹത്തിലൂടെ ചൊരിയുന്ന സർവ്വനന്മകൾക്കും ബഥനി നന്ദിപറയുകയും ബഹു.ജസ്റ്റിനച്ചന് എല്ലാവിധമായ പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

www.malankaralibrary.com

# മുന്തിരിത്തോപ്പും വേലക്കാരും – ക്രിസ്തു കേന്ദ്രീകൃതമായ പൗരോഹിത്യം

ഫാ. വർഗീസ് വിജയാനന്ദ് ഒ.ഐ.സി.

തന്നെ ശ്രവിക്കുവാൻ കടന്നുവന്ന സാധാരണക്കാരായ ജനങ്ങൾക്ക് സുപരിചിതങ്ങളായ ബിംബങ്ങളിലൂടെയും രൂപകങ്ങളിലൂടെയും സംസാരിക്കുന്ന യേശുതമ്പുരാനെയാണ് പുതിയനിയമത്തിലുടനീളം നാം കാണുന്നത്. യേശുതമ്പുരാൻ അരുളിയ ഓരോ ഉപമയും ഇതിന് ഉദാഹരണമാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ പുനർവായനയായ മലങ്കര ആരാധനക്രമത്തിന്റെ പ്രത്യേകതയും ഇത് തന്നെയാണ്. സാധാരണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട ബിംബങ്ങളിലൂടെയും രൂപകങ്ങളിലൂടെയും ആണ് മലങ്കര ആരാധനക്രമത്തിലെ, പ്രത്യേകിച്ചു കൂദാശക്രമങ്ങളിലെ, ദൈവശാസ്ത്ര സത്യങ്ങൾ അനാവരണം ചെയ്യപ്പെടുന്നത്. പൗരോഹിത്യത്തെപ്പറ്റി, പുരോഹിതനെക്കുറിച്ച് മലങ്കര ആരാധനക്രമം അവതരിപ്പിക്കുന്ന വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ഒരു ബിംബമാണ് ഇവിടുത്തെ ചർച്ചാവിഷയം.

മലങ്കര കത്തോലിക്കാ സഭയുടെ വൈദീകപട്ടാഭിഷേക ക്രമത്തിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഇവൻ ആദ്ധ്യാത്മികമായ നിന്റെ മുന്തിരിത്തോപ്പിൽ ഉചിതമാംവണ്ണം ജോലിചെയ്യുവാനും, സൽപ്രവർത്തികളിൽ ഉണർവും, ശുഷ്കാന്തിയും ഉള്ളവനായിരിക്കുവാൻ തക്കവണ്ണം സ്വയം സമർപ്പിച്ച നല്ല ഭക്തനായ ആചാര്യനുമായിത്തീരേണമേ." സാധാരണജനങ്ങൾക്കു മനസിലാകുന്ന രീതിയിൽ, ഇവിടെ പുരോഹിതനെ ഒരു കർഷകനായിട്ടാണ് പ്രതിബിംബിപ്പിച്ചിരിക്കുന്നത്. വിശുദ്ധ പൗലോസ് കൊരിന്ത്യസഭക്ക് എഴുതിയ ലേഖനത്തിൽ ക്രൈസ്തവപുരോഹിതന്റെ സ്ഥാനവും ദൗത്യവും ഇതേ അർത്ഥത്തിൽ വളരെ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. കൊരിന്ത്യ ലേഖനം 3:6ൽ നാം ഇപ്രകാരം വായിക്കുന്നു "ഞാൻ നട്ടു അപ്പോളോസ് നനച്ചു എന്നാൽ ദൈവമാണ് വളർത്തിയത്. അതുകൊണ്ടു നടുന്നവനോ നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം." ഇവിടെ പുരോഹിതനെ ഒരു കർഷകനായിട്ടാണ് പ്രതിബിംബിച്ചിരിക്കുന്നത്. വിശുദ്ധ പൗലോസിന്റെ ഈ ദൈവശാസ്ത്ര ചിന്ത വളർന്നു വന്നിരിക്കുന്നത് പ്രവാചക ഗ്രന്ഥങ്ങളുടെയും

www.malankaralibrary.com

സുവിശേഷത്തിന്റെയും നിഴൽ പിടിച്ചാണ്. ഏശയ്യാ പ്രവചനത്തിൽ ഇസ്രായേൽ ഭവനത്തെ കർത്താവിന്റെ മുന്തിരിത്തോട്ടമായാണ് ചിത്രീകരിച്ചിരിക്കുന്നത് (ഏസായ 5:7). മത്തായി 9:38ൽ കൊയ്ത്തും വേലക്കാരും പ്രമേയമാകുമ്പോഴും യോഹന്നാൻ 4:38ൽ വിളവ് സമാഹരിക്കുവാൻ അയക്കപ്പെടുമ്പോഴും കർഷക പ്രതിബിംബങ്ങളിലാണ് സഭയും ശുശ്രൂഷകരും ചിത്രീകരിക്കപ്പെടുക. വിശ്വാസികളുടെ ചിന്താമണ്ഡലത്തെ പെട്ടെന്ന് ആകർഷിക്കുവാൻ കഴിയുന്ന ഈ പ്രതീകം വളരെയേറെ ദൈവശാസ്ത്രഗാംഭീര്യം നിറഞ്ഞുനിൽക്കുന്നതാണ്.

### ക്രിസ്തു കേന്ദ്രീകൃതമായ പൗരോഹിത്യം

ക്രിസ്തു കേന്ദ്രീകൃതമായ പൗരോഹിത്യം ഈ പ്രതിബിംബത്തിലൂടെ അനാവരണം ചെയ്യപ്പെടുകയാണ്. ഏശയ്യാ പ്രവചനത്തിൽ മുന്തിരിത്തോപ്പ് കർത്താവിന്റേതാണ്. മുന്തിരിത്തോപ്പിൽ കാവൽമാടം പണിതു കാവൽക്കാരനായി നിലയുറപ്പിക്കുന്ന കർത്താവ്, മുന്തിരിത്തോട്ടത്തിനുവേണ്ടി ചെയ്യുന്നത് മഹത്തരമായ കാവലാണ്. മുന്തിരിത്തോട്ടത്തിൽ ചക്ക് നാട്ടി കാവലിരിക്കുന്ന തോട്ടത്തിന്റെ ഉടമസ്ഥൻ പുതിയനിയമത്തിലെ തന്റെ തിരുനിണം വിലനൽകി തിരുസഭയെ കാവൽ ചെയ്യുന്ന രക്ഷകന്റെ മുൻ രൂപമാണ്. മത്തായിയുടെ സുവിശേഷത്തിൽ കൊയ്ത്തും വേലക്കാരും ബന്ധിക്കപ്പെട്ടിരിക്കുന്നത് വിളവിന്റെ നാഥനോടാണ്. യോഹന്നാന്റെ സുവിശേഷത്തിലും - വിളവ് സമാഹരിക്കുവാൻ ഞാൻ നിങ്ങളെ അയച്ചു - അതായത് ആധുനിക ഇസ്രായേലായ തിരുസഭയാകുന്ന തോട്ടത്തിലേക്ക് വിളവ് സമാഹരിക്കുവാനും തോട്ടം പരിപാലിക്കുവാനും കർഷകനെ അയക്കുന്നത് തോട്ടത്തിന്റെ ഉടമസ്ഥനായ കർത്താവാണ്. ഈ ചിന്താധാരയുടെ വളർച്ച വിശുദ്ധ പൗലോസിന്റെ ലേഖനത്തിൽ വ്യക്തമായി പ്രകടമാകുന്നു. നടുന്നവനും നനയ്ക്കുന്നവനും അല്ല വളർത്തുന്ന (പരിപാലിക്കുന്ന) കർത്താവിനാണ് പ്രാധാന്യം. ഓരോ ക്രൈസ്തവ പുരോഹിതനും നടുന്നതിനും നനയ്ക്കുന്നതിനും ആയി കർത്താവിനാൽ നിയുക്തനാണ്. എന്നാൽ നടുന്നവനും നനയ്ക്കുന്നവനും കർത്താവിനോടു ബന്ധപ്പെട്ടിരിക്കണം. നടുന്നവനും നനയ്ക്കുന്നവനും തോട്ടക്കാരന്റെ ഇഷ്ടം അനുസരിച്ചു വേല ചെയ്യണം. ക്രിസ്തു കേന്ദ്രീകൃതമല്ലാത്ത പൗരോഹിത്യത്തിന് ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കുവാൻ സാധിക്കുകയില്ല. ബിസിനസ് മാനേജുമെന്റുകളുടെയും ഇവന്റ് മാനേജുമെന്റുകളുടെയും

www.malankaralibrary.com

കാലഘട്ടത്തിൽ പ്രാർത്ഥന ജീവിതത്തിന്റെ ചട്ടക്കൂട്ടിൽ ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതത്തിലേക്കാണ് ഓരോ പുരോഹിതനും വിളിക്കപ്പെടുക. അതിനാലാണ് പട്ടാഭിഷേക ശുശ്രൂഷയിൽ ഇപ്രകാരം ഓർമ്മപ്പെടുത്തുക. "ദൈവത്തോടുള്ള പ്രാർത്ഥനയിലും അപേക്ഷ യിലും നീ ശ്രദ്ധയുള്ളവനായിരിക്കണം."

**പുരോഹിതന്റെ ദൗത്യങ്ങൾ പരിപാലിക്കുന്നവനായ പുരോഹിതൻ**

കർഷകൻ തന്റെ തോട്ടത്തെ പരിപാലിക്കുന്നവനായിരിക്കും. ക്രിസ്തുസംഭവത്തിന്റെ കാതൽ, നട്ടവനും നനച്ചവനുമായ ദൈവം നട്ടതിനെ പിപാലിക്കുവാനായി മനുഷ്യനായി ലോകത്തിലേക്ക് കടന്നുവരുന്നതാണ്. ക്രിസ്തു കേന്ദ്രീകൃതമായ പൗരോഹിത്യത്തിന്റെ മറ്റൊരു മാനം നടുന്നവനും നനയ്ക്കുന്നവനും (ശുശ്രൂഷകൻ) പരിപാലിക്കുന്നവനായുള്ള (ക്രിസ്തു) – വളർച്ചയാണ്. ആധുനിക കാലഘട്ടത്തിൽ ഈ ഒരു സത്താമാറ്റം സംഭവിക്കുന്നില്ലെങ്കിൽ പൗരോഹിത്യം ശുഷ്കമായിപോകും. വിവിധങ്ങളായ ചെടികൾ വളരുന്ന തോട്ടത്തിൽ ഭവനവിചാരിപ്പുകാരനായി പുരോഹിതൻ അഭിഷിക്തനാകുമ്പോൾ ഓരോ ചെടിയെയും സംരക്ഷിക്കുവാൻ ഉത്സാഹത്തോടുകൂടിത്തന്നെ വൈദികൻ ഒരുങ്ങണം. "നീ കലഹ പ്രിയനോ ക്ഷിപ്രകോപിയോ, നിന്ദിക്കുന്നവനോ, ആയിരിക്കരുത്. ആരെയും അടിക്കുവാൻ നിന്റെ കൈ വേഗതയുള്ളതാകരുത്. ആന്ത രികമായ ശാപം, പ്രാക്ക്, പ്രതികാരബുദ്ധി, പലിശയും കരാറുകളും മൂലമുള്ള അമിതലാഭം, മർദ്ദനം, വിശുദ്ധവസ്തുക്കളുടെ അപഹരണം മുതലായി പട്ടക്കാർക്കു യോജിക്കാത്ത ഒന്നിനോടും നീ സമീപി ക്കരുത്." തന്നെ ഏല്പിച്ചിരിക്കുന്ന ഇടവക സമൂഹത്തിൽ ഓരോ വ്യക്തിയോടും വൈദികൻ എങ്ങനെ പെരുമാറണം, പരിപാലിക്കണം എന്ന് ഈ പ്രാർത്ഥന ഓർമിപ്പിക്കുകയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ അജപാലകരെ ഓർമ്മപ്പെടുത്തുന്ന തിരുവചനങ്ങൾ ഇവിടെ പ്രസക്തമാണ്. "നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവു സ്വന്തം രക്തത്താൽ നേടിയെ ടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണ് നിങ്ങൾ"(അപ്പൊ.പ്ര.20:28). ആധുനിക കാലഘട്ടത്തിൽ ഈ പരിപാലനം എങ്ങനെയാണ് നടക്കേ ണ്ടത് എന്ന് ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ നമ്മെ ഓർമ്മ പ്പെടുത്തുന്നു. "ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. വിശ്വസ്തതയും

www.malankaralibrary.com

കൂറും പുലർത്തുന്നവരാകുവാൻ അജഗണത്തെ ജാഗരൂകതയോടെ സംരക്ഷിക്കുന്ന ഇടയന്മാരാകാൻ, ഞങ്ങളെത്തന്നെ ജാഗരൂകതയോടെ നോക്കാൻ, അജഗണത്തിലേക്ക് എപ്പോഴും തിരിഞ്ഞിരിക്കുന്ന ഹൃദയം ഉള്ളവരാകാൻ, ഞങ്ങൾ പണത്തിന്റെ പിന്നാലെ പോയാൽ, പൊങ്ങച്ചത്തിന്റെ പിന്നാലെ ഞങ്ങൾ പോയാൽ, ഡംഭുകാണിക്കുന്നവരായാൽ, പുറംമോടിയിൽ രമിക്കുന്നവരായാൽ ഞങ്ങൾ ചെന്നായ്ക്കളാകും." വിശുദ്ധ പൗലോസ് നൽകുന്ന നിർദ്ദേശങ്ങളും, വൈദികപട്ടാഭിഷേക ശുശ്രൂഷയിലെ ഓമലോഗിയായിൽ നൽകുന്ന നിർദ്ദേശങ്ങളും, പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ നടത്തുന്ന പ്രാർത്ഥനയും ശിരസാവഹിക്കുകയും, പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ സൂചിപ്പിക്കുന്ന തിന്മകളിൽനിന്ന് ആധുനിക പൗരോഹിത്യം മോചിതമാകുകയും ചെയ്തെങ്കിൽ മാത്രമേ തങ്ങളെ ഏല്പിച്ചിരിക്കുന്ന ജനസമൂഹത്തെ പരിപാലിക്കുന്ന വൈദികരാകുവാൻ ക്രൈസ്തവപുരോഹിതന് സാധിക്കുകയുള്ളു.

**ദൈവജനത്തെ സജ്ജമാക്കുന്നവൻ**

കർഷകന്റെ പ്രഥമവും പ്രധാനവും ആയ ഉത്തരവാദിത്വം വിളവെടുപ്പിനായി തന്റെ തോട്ടം സജ്ജമാക്കുക എന്നതാണ്. പൗരോഹിത്യത്തിന്റെയും കാതൽ ദൈവജനത്തെ സ്വർഗ്ഗരാജ്യത്തിലേക്കു ഒരുക്കുകയെന്നതാണ്. എഫെസ്യ ലേഖനത്തിൽ വിശുദ്ധ പൗലോസ് പൗരോഹിത്യവരം എന്തിനുവേണ്ടി നൽകപ്പെടുവെന്ന് എന്ന് വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. "അവൻ ചിലർക്ക് അപ്പോസ്തലന്മാരും പ്രവാചകന്മാരും സുവിശേഷപ്രഘോഷകന്മാരും ഇടയന്മാരും പ്രബോധകന്മാരും മറ്റും ആകാൻ വരം നൽകി. ഇത് വിശുദ്ധരെ പൂർണരാക്കുന്നതിനും ശുശ്രൂഷയുടെ ജോലി ചെയ്യുന്നതിനും ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുന്നതിനുംവേണ്ടിയാണ് (എഫെസ്യ 4:11,12). പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ പൂർണരാക്കുക, പണിതുയർത്തുക എന്നു പറയുക ഇടയ ശുശ്രൂഷയിലെ ദൈവജനത്തെ സ്വർഗരാജ്യോന്മുഖമായി സജ്ജമാക്കുക എന്നതാണ്. വൈദികപട്ടാഭിഷേക ശുശ്രൂഷയിലെ ഓമലോഗിയയിൽ ദൈവജനത്തെ സജ്ജമാക്കാൻ പുരോഹിതൻ എപ്രകാരം തന്നെ തന്നെ സജ്ജമാക്കമമെന്നു പഠിപ്പിക്കുന്നുണ്ട്. എല്ലാ നടപടികളിലും ജാഗരൂകനായിരിക്കണം. ജനത്തിനുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിലും അപേക്ഷയിലും ശ്രദ്ധയുള്ളവനായിരിക്കണം.

www.malankaralibrary.com

ശക്തമായ നോമ്പാചരണത്താൽ ബലം നേടണം, ക്രിസ്തുകേന്ദ്രീകൃത ജീവിതം നയിച്ചു ശാന്തതയെ പിൻചെന്നു താഴ്മ അഭ്യസിക്കണം - എന്നാൽ തമ്പുരാൻ വെളിപ്പെടുമ്പോൾ പുരോഹിതന് തന്റെ ജനത്തോടൊപ്പം ലജ്ജാരഹിതമായ മുഖപ്രസന്നതയുണ്ടാകും. കൂദാശാനുഷ്ഠാനം, ലോകോന്മുഖമായി നടത്തേണ്ട സേവനങ്ങൾ, പ്രത്യേകിച്ച് അനാഥരുടെ സങ്കടം, ദരിദ്രരുടെ നിലവിളി, പീഡിതരുടെ ക്ലേശം, മർദിതരുടെ പ്രയാസങ്ങൾ എന്നിവ നീ ഗൗനിക്കാതെ മൗനമായിരിക്കരുതേ, എന്ന് ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന പുരോഹിതന്റെ സാമൂഹിക പ്രതിബദ്ധത (മധ്യസ്ഥപ്രാർത്ഥന, കുസ്തോസിന്റെ അനാഫൊറ) ഇവയൊക്കെ സഭയെ സ്വർഗ്ഗരാജ്യയോന്മുഖമാക്കി പണിതുയർത്തുന്ന വിവിധ മാനങ്ങളാണ്. ഈ വിധത്തിലുള്ള സജ്ജമാക്കലിൽ ആരാധന വെറും കർമ്മങ്ങളാകുകയും സാമൂഹിക സേവനം ക്രിസ്തുകേന്ദ്രീകൃതം അല്ലാത്തതാകുകയും ചെയ്യുമ്പോൾ പൗരോഹിത്യാനുഭവം പുരോഹിതന് വിരസതനിറഞ്ഞതും ദൈവജനത്തിനു അപ്രിയങ്ങളും ആയിത്തീരും. അതിനാലാണ് പരിശുദ്ധ പ്രാൻസിസ് മാർപാപ്പ ഇപ്രകാരം പഠിപ്പിക്കുന്നത്. "ആർക്കെങ്കിലുംവേണ്ടി നാം ചിലപ്പോൾ കർത്താവിനെ സമീപിക്കുന്നു. അക്കാര്യമോ ഇക്കാര്യമോ അവനോടു പറഞ്ഞിട്ട് നാം നമ്മുടെ വഴിക്ക് പോകുന്നു. അത് പ്രാർത്ഥനയില്ല, കർത്താവു കൃപ തരണമെങ്കിൽ നാം അബ്രഹാം ചെയ്തതുപോലെ ചങ്കൂറ്റത്തോടെ കർത്താവിനെ സമീപിക്കണം. പിടിവാശിയോടെ സംസാരിക്കണം. കർത്താവിന്റെ മൂല്യങ്ങൾകൊണ്ട് തന്നെ, വാദഗതികൾകൊണ്ടുതന്നെ കർത്താവിനെ ബോധ്യപ്പെടുത്തുക. അത് സുന്ദരമാണ് "പുരോഹിതന്റെ ഹൃദയത്തിൽ നിന്ന് ആത്മാർത്ഥമായി ഉയരുന്ന പ്രാർത്ഥനകളും പ്രവർത്തനങ്ങളും ദൈവജനത്തെ സ്വർഗരാജ്യോന്മുഖം വളർത്തും അവനെ / അവളെ അതിൽ എത്തിക്കും.

**കഷ്ടങ്ങൾ സഹിക്കാൻ സന്നദ്ധതയുള്ളവൻ**

ഒരു കർഷകന്റെ പ്രത്യേകത തന്റെ കൃഷിതോട്ടത്തിനുവേണ്ടി ത്യാഗങ്ങൾ ഏറ്റെടുക്കുവാനുള്ള അവന്റെ നല്ല മനസ്സാണ്. തണുപ്പിലും ചൂടിലും, ഉള്ളായ്മയിലും ഇല്ലായ്മയിലും അവൻ പ്രവർത്തന സജ്ജനായിരിക്കും. വിശുദ്ധ പൗലോസ് കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു "എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്നു ഞങ്ങൾ അഭിമാനിക്കുന്നു. വലിയ സഹനത്തിൽ, പീഡകളിൽ ഞെരുക്കങ്ങളൽ, അത്യാഹിതങ്ങളിൽ,

www.malankaralibrary.com

മർദ്ദനങ്ങളിൽ, കാരാഗൃഹങ്ങളിൽ, ലഹളകളിൽ, അധ്വാനങ്ങളിൽ, ജാഗരണത്തിൽ, വിശപ്പിൽ... സത്കീർത്തിയിലും ദുഷ്കീർത്തിയിലും ഞങ്ങൾ അഭിമാനിക്കുന്നു" (2കൊരി 6:4). പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്ന സാഹചര്യങ്ങൾ അനുകൂലമെങ്കിലും പ്രതികൂലമെങ്കിലും സുവിശേഷത്തിനുവേണ്ടി ജീവിക്കുവാനാണ്. ഇന്നും ഭീകരുടെ പീഡനങ്ങൾക്കു ഇരയായിക്കൊണ്ടിരിക്കുന്ന ടോം അച്ചനെപ്പോലെയും മറ്റനേകം മിഷനറിമാരെപ്പോലെയും ദൈവജനത്തിനുവേണ്ടി കഷ്ടങ്ങൾ സഹിക്കാൻ തയ്യാറുള്ളവനാകണം പൗരോഹിത്യം സ്വീകരിക്കുന്നവരും സ്വീകരിച്ചവരും. ഫ്രാൻസിസ് മാർപ്പാപ്പ തന്റെ പ്രഭാത ബലിക്കിടയിൽ പ്രസംഗത്തിൽ ഉരുവിട്ട വാക്കുകൾ ഞാൻ ഇവിടെ കുറിക്കട്ടെ "മറ്റുള്ളവർ നമ്മെ നിരുത്സാഹപ്പെടുത്തുമ്പോൾ ആയുധം താഴെവച്ചു നമുക്ക് ഇങ്ങനെ പറയാൻ തോന്നും. ഓ, വരൂ നമുക്ക് ചെയ്യാൻ പറ്റുന്നതൊക്കെ ചെയ്യാം, ബാക്കിയെല്ലാം വിട്ടേക്കുക, അല്ല, അങ്ങനെയല്ല വേണ്ടത്. സഹനശീലം ഒരു കൃപയാണ്. അവസാനംവരെ പിടിച്ചുനിൽക്കുവാനുള്ള കൃപ. നാം ഈ കൃപ ലഭിക്കുവാൻ പ്രാർത്ഥിക്കേണ്ടതുണ്ട് (24 മെയ് 2013). ഓരോ വൈദിക ജീവിതത്തിലും അനേകം പ്രതിസന്ധികൾ കാത്തിരിപ്പുണ്ട്. ഇവിടെ തളരുവാനല്ല, മുമ്പേ നടന്നവൻ വിളിച്ചവൻ കാണിച്ചുതന്ന ശാന്തതയുടെയും ദൈവാശ്രയത്തിന്റെയും മാർഗത്തിൽ ചരിക്കുവാൻ പുരോഹിതനു കഴിയണം.

**കളകളെ നീക്കുന്നവൻ**

കർഷകൻ തന്റെ തോട്ടത്തിലെ കളകളെ യഥാസമയം നീക്കം ചെയ്യുന്നവനായിരിക്കും. കളകളെ ഗൗനിക്കാതെ ഒരു കർഷകനും നല്ല രീതിയിൽ തന്റെ തോട്ടം പരിപാലിക്കുവാൻ സാധിക്കുകയില്ല. കാരണം കളകൾ നല്ല സസ്യങ്ങളെ നശിപ്പിക്കുവാൻ ഇടയാക്കും. വൈദിക പട്ടാഭിഷേക ശുശ്രൂഷയിലെ ഓമലോഗിയയുടെ ആദ്യഭാഗം മുഴുവനും സഭയിൽ നല്കപ്പെട്ടിരിക്കുന്ന സത്യവിശ്വാസത്തെ പറ്റിയും അത് അഭംഗുരം കാത്തുപരിപാലിക്കപ്പെടേണ്ടതിനെ പറ്റിയുമാണ് വൈദികാർത്ഥിയെ ഓർമ്മപ്പെടുത്തുന്നത്. മാത്രമല്ല, കർത്തൃശാപമായ എല്ലാ തത്വങ്ങളെയും ഓരോ കാലത്തുണ്ടായ വേദവിപരീതങ്ങളെയും നിരസിക്കണമെന്നും നിർദ്ദേശം നൽകപ്പെടുന്നു. ആധുനിക കാലഘട്ടം ഇസങ്ങളുടെയും സെക്ടുകളുടെയും അതിപ്രസരണത്താൽ കലുഷിതമാണ്. ഇ ഗ്രൂപ്പുകൾ പഠിപ്പിക്കുന്ന വിഷലിപ്തങ്ങളായ തത്വങ്ങൾ പലപ്പോഴും ദൈവജനത്തെ വഴിതെറ്റിക്കുന്നു. ഇവിടെ, ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വൈദികൻ കളകളെ നീക്കുന്ന

www.malankaralibrary.com

കർഷകനാകണം. ഇന്ന് പലപ്പോഴും വൈദികരും സമർപ്പിതരും കളകളായി മാറുന്ന മനോഭാവം ഉണ്ടാകുമ്പോൾ നമ്മുടെ ആരാധനക്രമം നമ്മെ പഠിപ്പിക്കുകയും നാം പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന വാക്കുകളിൽനിന്ന് എത്രയോ അകലെയാണ് നാം എന്ന് വൈദികസമൂഹം ഓർക്കണം. തങ്ങൾ വിശ്വസിച്ചവ ഏറ്റുപറയുവാനും പഠിപ്പിക്കുവാനുംവേണ്ടി സ്വജീവൻപോലും ത്യജിച്ചു വിശ്വാസജീവിതം നയിച്ച അനേകം വിശുദ്ധ വൈദികരുടെ ഗണത്തിലേക്കാണ് നാമും വിളിക്കപ്പെട്ടിരിക്കുന്നതെന്ന അറിവ് നമ്മെ ശക്തിപ്പെടുത്തട്ടെ.

**കർഷകൻ ഭൂമിയോടു ചേർന്നുനില്കുന്നവൻ**

കർഷകന്റെ മറ്റൊരു പ്രത്യേകത അവൻ ഇപ്പോഴും ഭൂമിയോടു ചേർന്ന് നിൽക്കുന്നവനായിരിക്കും. ഭൂമിയോട് എപ്പോഴും അഭേദ്യമായ ബന്ധം പുലർത്തുന്നവനായിരിക്കും. ഭൂമിയെ സംരക്ഷിക്കുന്നവനായിരിക്കും. ദൈവം ഭൂമിയെ സൃഷ്ടിച്ചത് വാസയോഗ്യമായ സ്ഥലമായാണ്. കാലാവസ്ഥയിൽ കാണുന്ന വൻവ്യതിയാനങ്ങൾ, മനുഷ്യന്റെ പ്രതീക്ഷകളെ തെറ്റിച്ചുവരുന്ന പ്രകൃതിയുടെ വികൃതികൾ എല്ലാം നമ്മെ കൊണ്ടെത്തിക്കുന്നത് മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധത്തിന്റെ താളം തെറ്റലുകളിലേക്കാണ്. ഭൂമിയെ അനിയന്ത്രിതമായി മനുഷ്യൻ ചൂഷണം ചെയ്യുമ്പോൾ തനിക്കു നൽകപ്പെട്ടിരിക്കുന്നു ഭൂമിയുടെ സംരക്ഷകനും പരിപാലകനും ആണെന്ന വലിയ ഉത്തരവാദിത്വം വ്യക്തികൾ ഇന്ന് മറന്നുപോകുന്നു. ഓരോ കർഷകനും ഭൂമിയെ സ്നേഹിക്കുന്നവനായിരിക്കും. ഓരോ നിമിഷവും അവൻ തന്റെ സ്പന്ദനങ്ങൾ ഭൂമിക്കു നല്കുകയും ഭൂമിയുടെ സ്പന്ദനങ്ങൾ അവൻ ഏറ്റുവാങ്ങുകയും ചെയ്യുന്നു. ഓരോ പുരോഹിതനും വിളിക്കപ്പെടുന്നത് അവനു നൽകപ്പെട്ടിരിക്കുന്ന വിളഭൂമിയോട് ചേർന്ന് നില്ക്കാൻ വേണ്ടിയാണ്. സഭയാണ് വൈദികന്റെ വിളഭൂമി. ഈ വിളഭൂമിയുടെ സംരക്ഷകനും പരിപാലകനും ആയി വാദിക്കാൻ വൈദികർ എപ്പോഴും സഭയോടു ചേർന്നു നിൽക്കണം. സഭയുടെ സ്പന്ദനങ്ങൾ സ്വന്തമാക്കാത്ത വൈദികർ ഉപ്പുരസം നഷ്ടപ്പെട്ട ഉപ്പുകൂനകൾക്കു സമാനമായിരിക്കും. സഭയെയും അധികാരികളെയും വിമർശിക്കുകയും സഭയുടെ അന്തകരായി മാറുകയും ചെയ്യുന്ന വ്യക്തിത്വം അല്ല വൈദികനുണ്ടാകേണ്ടത്. അതിനാലാണ് പട്ടാഭിഷേക ശുശ്രൂഷാക്രമത്തിൽ പ്രാർത്ഥിക്കുന്നത് "ക്രമരഹിതമായ കാര്യങ്ങളിലൊന്നും നീ ഇടപെടരുത്... പട്ടക്കാർക്കു യോജിക്കാത്ത ഒന്നിനോടും നീ സമീപിക്കരുത്" എന്ന്. ക്രമരഹിതമായ കാര്യങ്ങളിൽ ഇടപെടു

www.malankaralibrary.com

മ്പോഴും പട്ടക്കാർക്ക് യോജിക്കാത്ത കാര്യങ്ങൾ പുരോഹിതൻ ചെയ്യു മ്പോഴും, വിശുദ്ധ സഭയിലാണ് താൻ കശീശയായി അഭിഷിക്തനായി രിക്കുന്നതെന്നു പുരോഹിതൻ മറന്നുപോവുകയാണ്. ഇപ്രകാരമുള്ള അവസ്ഥയിലേക്കല്ല പിന്നെയോ, ജാഗരൂകനായ കർഷകനായിട്ടാണ്, പുരോഹിതനായിട്ടാണ് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്.

**ഉപസംഹാരം**

ഒരു കർഷകന്റെ ഏറ്റവും മനോഹര മുഖചിത്രം അവൻ ആത്മികവും ഭൗതികവുമായ ലാളിത്യത്തിൽ ജീവിക്കുന്നവൻ എന്നതാണ്. അതിനാൽ 2 കൊരിന്ത്യർ 6:3-10 ൽ വിശുദ്ധ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്ന സുവർണ്ണ വചനങ്ങൾ ഇവിടെ ഞാൻ ഉപസംഹാരമായി കുറിക്കട്ടെ. "ഞങ്ങളുടെ ശുശ്രൂഷയിൽ ആരും കുറ്റം കാണാതിരിക്കേണ്ടതിനു ഞങ്ങൾ ആർക്കു മുന്നിലും പ്രതിബന്ധം ഉണ്ടാക്കുന്നില്ല. മറിച്ചു എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്നു ഞങ്ങൾ അഭിമാനിക്കുന്നു. വലിയ സഹനത്തിൽ, പീഡകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിതങ്ങളിൽ, മർദ്ദനങ്ങളിൽ, കാരാഗ്രഹങ്ങളിൽ, ലഹളകളിൽ, അധ്വാനങ്ങളിൽ, ജാഗരണത്തിൽ, വിശപ്പിൽ, ശുദ്ധതയിൽ, ജ്ഞാനത്തിൽ, ക്ഷമയിൽ, ദയയിൽ, പരിശുദ്ധാത്മാവിൽ, നിഷ്കളങ്കസ്നേഹത്തിൽ, സത്യസന്ധമായ വാക്കിൽ, ദൈവത്തിന്റെ ശക്തിയിൽ, വലതുകൈയിലും ഇടതു കൈയിലും ഉള്ള നീതിയുടെ ആയുധത്തിൽ, ബഹുമാനത്തിലും, അപമാനത്തിലും, സത്കീർത്തിയിലും, ദുഷ്കീർത്തിയിലും ഞങ്ങൾ അഭിമാനിക്കുന്നു. വഞ്ചകരെപ്പോലെ ഞങ്ങൾ കാണപ്പെടുന്നു; എങ്കിലും ഞങ്ങൾ സത്യസന്ധരാണ്. ഞങ്ങൾ അറിയപ്പെടാത്തവരെപ്പോലെ യാണെങ്കിലും അറിയപ്പെടുന്നവരാണ്. മരിക്കുന്നവരെപ്പോലെയാണെ ങ്കിലും ഇതാ ഞങ്ങൾ ജീവിക്കുന്നു. ശിക്ഷിക്കപ്പെട്ടവരെപോലെ യാണെങ്കിലും വധിക്കപ്പെട്ടിട്ടില്ല, ഞങ്ങൾ ദുഃഖിതരെപോലെയാണെ ങ്കിലും സന്തോഷിക്കുന്നു; ദരിദ്രരെ പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപോലെയാണെങ്കിലും എല്ലാം ആർജിച്ചിരിക്കുന്നു.'' മലങ്കര ആരാധനക്രമത്തിലെ വൈദിക പട്ടാഭിഷേകശുശ്രൂഷയിലെ ഒരു പുരോഹിതപ്രതിബിംബം ഞാൻ ഇവിടെ ചിന്താവിഷയമാക്കുകയായിരുന്നു. ഈ വർഷം ബഥനിയിൽ അഭിഷിക്തരാകുന്ന പ്രിയ വൈദികസഹോദരങ്ങൾക്കു ഈ ചിന്തകൾ ശക്തിയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.



# പൗരോഹിത്യം ദൈവവിളിയുടെ പൂർണ്ണത

എം. പി. ജോൺ& എലിസബത്ത് ജോൺ
ഫാദർ ഫിലിപ്പോസ് ജോണിന്റെ മാതാപിതാക്കൾ

ഞങ്ങളുടെ പരിചയായ ദൈവമേ, അങ്ങയുടെ അഭിഷിക്തനെ കടാക്ഷിക്കണമേ. അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നതു കൂടുതൽ അഭികാമ്യമാണ്. ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനേക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനാകാനാണ് ഞാൻ ആഗ്രഹിക്കുന്നത്." (സങ്കീ. 84:8-10). ദൈവത്തിന്റെ തിരുവിഷ്ഠ ത്താൽ ഞങ്ങളുടെ മകൻ സോബു ജോൺ ദൈവജനത്തിനുവേണ്ടി പൗരോഹിത്യം സ്വീകരിക്കുമ്പോൾ ഞങ്ങളുടെമേൽ ദൈവം ചൊരിഞ്ഞ ഈ വലിയ കരുണയ്ക്ക് ഞങ്ങൾ എന്നും കൃതജ്ഞതാ സ്തോത്രവും അർപ്പിക്കന്നു.

പത്തനംതിട്ട ജില്ലയിലെ പയ്യനാമൺ എന്ന ഗ്രാമത്തിൽ മണ്ണിൽവീട്ടിൽ എം.പി.ജോണിന്റേയും എലിസബേത്ത് ജോണിന്റെയും മകനായി ആയിരത്തിതൊള്ളായിരത്തി എൺപത്തി ഒമ്പത് ഫെബ്രുവരി ഇരുപതാം തിയതി സോബു ജനിച്ചു. ബഹുമാനപ്പെട്ട ജോസഫ് വടക്കേക്കുറ്റ് അച്ചന്റെ കൈകളാൽ, അട്ടച്ചാക്കൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് മാമോദീസാ സ്വീകരിക്കുകയും ഫിലിപ്പോസ് എന്ന നാം സ്വീകരിക്കുകയും ചെയ്തു. ചെറുപ്പത്തിലേ ദേവാലയശുശ്രൂഷയിൽ താൽപര്യം കാണച്ചിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ അൾത്താര ബാലനായും സൺഡേസ്കൂളിലും പള്ളിയിലെ എല്ലാ കാര്യങ്ങളിലും സംബന്ധിക്കുകയും ചെയ്തിരുന്നു. ചെറുപ്പത്തിൽതന്നെ ഒരു വൈദീകനാകാനുള്ള ആഗ്രഹം സോബുവിൽ പ്രകടമായിരുന്നു.

പത്താംക്ലാസു കഴിഞ്ഞപ്പോൾ സോബു അച്ചനാകാൻ പോകണമെന്ന് നിർബന്ധിച്ചു പോൾ മാത്യു അച്ചനും, ജേക്കബ് ദയാനന്ദ് അച്ചനുംകൂടി വീട്ടിൽവന്ന് സോബുവിനെ ആശ്രമത്തിലേക്ക് വിളിക്കുകയും ചെയ്തു. ഞങ്ങളുടെ ഇടവകവികാരി ആയിരുന്ന തോമസ് പുതുപ്പറമ്പിൽ അച്ചൻ വീട്ടിൽ വന്ന് പ്രാർത്ഥിച്ച്

www.malankaralibrary.com

സോബുവിനെ ആശ്രമത്തിൽ വിട്ടു. രണ്ടായിരത്തി അഞ്ച് ജൂൺ രണ്ടാം തീയതി അന്നത്തെ പ്രൊവിൻഷ്യൽ ആയിരുന്ന റജി അച്ചന്റെ പക്കൽ ഞങ്ങൾ പൂർണ്ണമനസ്സോടെ ഏൽപ്പിച്ചു. ഞങ്ങൾക്കു ദാനമായി രണ്ട് ആൺമക്കളെ ദൈവം നൽകി. അതിൽ മൂത്തമകനെയാണ് ദൈവം തന്റെ സുവിശേഷം ലോകത്തെ അറിയിക്കുവാൻ തിരഞ്ഞെടുത്തത്. സഭയ്ക്കും സമൂഹത്തിനും കുടുംബത്തിനും നന്മചെയ്യുന്ന ഒരു വ്യക്തിയായി മകൻ വളരുകയും ജീവിക്കുകയും ചെയ്യണം എന്ന് താല്പര്യം ഞങ്ങൾക്കുണ്ടായിരുന്നു. വീട്ടിൽനിന്ന് ഇറങ്ങിയ നിമിഷം മുതൽ ഞങ്ങളും ബന്ധുമിത്രാദി കളും സോബുവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. നീണ്ട പന്ത്രണ്ടു വർഷത്തെ സന്ന്യാസപരിശീലനം കഴിഞ്ഞ് ഇറങ്ങു മ്പോൾ ഞങ്ങളുടെ നിരന്തരമുള്ള പ്രാർത്ഥനയുടെ കൃപാവരം ഞങ്ങളുടെ മകനിൽ ഉണ്ട് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഈ കാലമൊക്കെയും അവനെ നടത്തിയ ദൈവത്തിന് ഞങ്ങൾ ആയിരമായിരം നന്ദി പറയുന്നു.

പന്ത്രണ്ടു വർഷത്തെ പരിശീലനത്തിന്റെയും പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും കൃപാവരത്തിന്റെയും ഫലമായി രണ്ടായിരത്തി പതിനേഴ് ജനുവരി ഏഴിന് ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തനാകുമ്പോൾ ഈ കാലമത്രയും ഞങ്ങളുടെ മകനെ പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും അനുഗ്രഹിച്ച്, നയിച്ച വന്ദ്യപിതാക്കന്മാർ, വൈദികശ്രേഷ്ഠർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, ഗുരുക്കന്മാർ, ബന്ധുമിത്രാദികൾ, ഉപകാരികൾ എല്ലാവരോടും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഞങ്ങളുടെ മകനെ ഈ ശ്രേഷ്ഠവും വൈദികവുമായ പദവി ലഭിക്കുമ്പോൾ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു. ഈ ദൈവിക ദാനത്തെ നന്ദിയോടെ സ്വീകിക്കുന്നു. ഞങ്ങളടെ മകൻ വൈദികനായി അഭിഷിക്തനാകുന്നതിനെ സഹായഹകമായ പരിശീലനവും ശിക്ഷണവും അനുഗ്രഹവും എല്ലാം നൽകി വളർത്തികൊണ്ടുവന്ന ബഥനി സന്ന്യാസസമൂഹത്തിലെ എല്ലാ വൈദികശ്രേഷ്ഠരെയും നന്ദിയോടെ സ്മരിക്കുന്നു.

ദൈവത്തിന്റെ അനന്യമായ ഈ കാരുണ്യം സ്വീകരിക്കുമ്പോൾ ബലിവേദിയിൽ മുറിക്കപ്പെടുന്ന ദൈവികസ്നേഹം അനേകരിലേക്ക് പങ്കുവയ്ക്കാൻ ദൈവം ഞങ്ങളുടെ ഇടയാക്കട്ടെ. ഞങ്ങളുടെ മകന്റെ ജീവിതത്തെ പ്രാർത്ഥനകൊണ്ട് ശക്തിപ്പെടുത്തിയ നിങ്ങൾ തുടർന്നും അവനുവേണ്ടി പ്രാർത്ഥിക്കണമെയെന്ന് അപേക്ഷിക്കുന്നു.

www.malankaralibrary.com

# കഴിവുകളുടെ നിറകുടമായ ഫിലിപ്പോസച്ചൻ.....

ബ്രദർ ലിബിൻ മാത്യു ഒ.ഐ.സി.

"ആനന്ദത്തിന്റെ വികാരങ്ങളാൽ നിറയുന്ന ബഥനി ഇന്ന് യുവത്വങ്ങളായ 22 വൈദികർക്ക് ജന്മം നല്കുന്നു. ഈ അവസരത്തിൽ ബഹു.ഫിലിപ്പോസ് ശെമ്മാശൻ അൾത്താരയുടെ പടികൾ ചവിട്ടുമ്പോൾ വളരെ കൃതജ്ഞതയോടെ ദൈവത്തിന് നന്ദി പറയുന്നു.

1989 ഫെബ്രുവരി 20-ാം തിയതി ശ്രീ.എം.പി.ജോണിന്റെയും എലിസബത്ത് ജോണിന്റെയും രണ്ട് മക്കളിൽ മൂത്തവനായി ജനിച്ച സോബു, കോന്നി ശ്രീനാരായണ പബ്ലിക് സ്കൂളിൽ തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. സന്ന്യാസജീവിതത്തിലേക്ക് ആകൃഷ്ടനായി. 2005-ൽ ബഥനി സന്ന്യാസമൂഹത്തിൽ അർത്ഥിയായി ചേർന്നു. തുടർന്ന് തിരുവനന്തപുരം, ആലുവ, കോട്ടയം വടവാതൂർ സെമിനാരി, പഞ്ചാബ് ജലന്തർ ഹോളി ട്രിനിറ്റി സെമിനാരി തുടങ്ങിയ സ്ഥലങ്ങളിൽ തന്റെ സന്ന്യാസ വൈദിക പരിശീലനം നടത്തി ഇന്ന് സഭയുടെ ശുശ്രൂഷ രംഗത്തേക്ക് കടന്നുവരുന്നു.

തികച്ചും വ്യത്യസ്തയുടെ ഭാവഭേദമായ ഫിലിപ്പോസ് അച്ചൻ ജീവിതം മറ്റുള്ളവർക്ക് മാതൃകാപരമാണ്. എപ്പോഴും മുഖത്ത് ചിരിയോടുകൂടി കാണപ്പെടുന്ന അച്ചന്റെ നർമ്മശൈലി മറ്റുള്ളവരെയും ചിരിയിലേക്ക് വീഴ്ത്തും. ഘനഗാംഭീര്യമുള്ള ശബ്ദവും, തനതായ ചിത്രരചനാകഴിവും, അഭിനയ പാടവവും കൈമുതലായുള്ള പ്രിയ കൊച്ചച്ചന്റെ ജീവിതം മറ്റുള്ളവരിൽനിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. ഇടപഴകുന്ന എല്ലാവരോടും വളരെ സ്നേഹത്തോടുകൂടി മാത്രം ഇടപഴകുന്ന ഫിലിപ്പോസ് അച്ചന്റെ ലാളിജ്യജീവിതം, സന്ന്യാസജീവിതത്തിന്റെ വലിയ അർത്ഥം മറ്റുള്ളവരിലേക്ക് പകർന്നു നല്കുന്നു. കോട്ടയം വടവാതൂർ

www.malankaralibrary.com

സെമിനാരിയിലും, ജലന്തർ ഹോളി ട്രിനിറ്റി റീജിയണൽ സെമിനാരിയിലും നിന്ന് തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം വിജയകരമായി പൂർത്തിയാക്കിയ കൊച്ചച്ചൻ പഠനമേഖലയിലും ഒന്നാമനായി നിൽക്കുന്നു. ഏറ്റെടുക്കുന്നതും ഏൽപ്പിക്കുന്നതുമായ എല്ലാ കാര്യങ്ങളും വളരെ ഉത്തരവാദിത്തത്തോടും തന്മയത്വത്തോടും ചെയ്യുന്ന കൊച്ചച്ചന്റെ ജീവിതശൈലി വളരെ പ്രശംസാർഹമാണ്. ഇങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ ഉള്ള പ്രിയ ഫിലിപ്പോസ് അച്ചൻ സഭയ്ക്കും, സമൂഹത്തിനും വലിയൊരു മുതൽക്കൂട്ടാണ് എന്നുള്ളതിൽ സംശയം ഇല്ല.

ദൈവകൃപയുടെ നിറവാൽ ബഥനി ആശ്രമത്തിനുവേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന വേളയിൽ, പ്രിയ ഫിലിപ്പോസ് അച്ചന് തന്റെ ശുശ്രൂഷാ ജീവിതത്തിൽ എല്ലാവിധ പ്രാർത്ഥനാ ആശംസകളും നേരുന്നു.

കർത്താവേ, പാപിയെങ്കിലും നിന്റെ ദാസനായ എന്നെ നീ ഭരമേല്പിച്ച ഈ ആചാര്യശുശ്രൂഷ യഥാർത്ഥ ആചാര്യന്മാർക്കു ചേർന്നവിധം നിർവഹിക്കുവാൻ ഇടയാക്കണമേ. ഞാൻ അയോഗ്യനായിരിക്കെ, കൃപയോടെ നീ എന്നെ ഭരമേല്പിച്ചിട്ടുള്ള ആ താലന്ത് നീ തന്നെ എന്നിൽ ഫലവത്താക്കണമേ. വിശ്വസ്തരും ജ്ഞാനികളുമായ ഭവനവിചാരിപ്പുകാരുടെ കൂട്ടത്തിൽ നിന്നിൽ നിന്നുള്ള പ്രതിഫലം സ്വീകരിക്കുവാൻ കൃപയാൽ ഞാൻ യോഗ്യനായിത്തീരണമേ.

കുർബാന തക്സ

www.malankaralibrary.com



# നന്ദി നിറഞ്ഞ ഹൃദയത്തോടെ....

**എം.കെ. ഗീവർഗ്ഗീസ് & വത്സമ്മ വർഗ്ഗീസ്**
ഫാ. മോൺസൺ കുര്യാക്കോസിന്റെ മാതാപിതാക്കൾ

**"എൻ മനമേ യഹോവേ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്"**

ഞങ്ങളുടെ മകൻ മോൺസൺ കുര്യാക്കോസ് മേക്കാട്ട് ദൈവ വേലക്കായി പൗരോഹിത്യം സ്വീകരിക്കുമ്പോൾ കാരുണ്യവാനായ ദൈവത്തിന് നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

'എന്തെന്നാൽ അവിടുന്ന് വലിയ കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു"

മാവേലിക്കരയിലെ ചെന്നിത്തലയിൽനിന്ന് നീലഗിരി കുന്നുകളിലേക്ക് കുടിയേറിയ കുടുംബത്തിൽ ജനിച്ച മോൻസൺ വർഗ്ഗീസ് 1989ലെ പെന്തിക്കോസ്തി ദിനത്തിൽ ഉപ്പട്ടി സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വെച്ച് മാമോദീസ സ്വീകരിച്ച് കുര്യാക്കോസ് എന്ന മാമോദീസ പേര് സ്വീകരിക്കുകയും ചെയ്തു. ചെറുപ്പം മുതൽ ദേവാലയ ശുശ്രൂഷയിൽ സണ്ടേസ്കൂളിൽ ദൈവ വചനം ഹൃദിസ്ഥമാക്കുന്നതിനും അൽത്താര ബാലനായും അതീവ താല്പര്യം കാണിച്ച് ദൈവീക പദ്ധതിക്ക് ചെവി കൊടുത്തു. ചെറുപ്പം മുതൽ തന്നെ വൈദീകനാകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഞങ്ങൾ അദ്ധ്യാപകരായിരുന്നതുകൊണ്ട് ഞങ്ങളുടെ ജോലി തിരക്കിൽ അപ്പച്ചനും അമ്മച്ചിയും ആണ് കുഞ്ഞുങ്ങളെ വളർത്തിയത്. അപ്പച്ചന്റെ ആത്മീയ ശിക്ഷണത്തിൽ വളരുകയും അപ്പച്ചന്റെയും ഞങ്ങളുടെയും ഇടവക, സഭാത്മക ജീവിതം നേരിട്ടനുഭവിക്കുകയും ചെയ്തു. വൈദീകനാകാനുള്ള താല്പര്യം ജനിച്ചതു അപ്പച്ചന്റെ പ്രാർത്ഥനയും പ്രചോനദവും ആണെന്ന് ദൈവ തിരുമുമ്പിൽ നന്ദിയോടെ സ്മരിക്കുകയും ദൈവ സന്നിധിയിലായിരുന്ന അപ്പച്ചന്റെയും അമ്മച്ചിയുടെയും ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

ദേവർഷോല ഹോളിക്രോസ് മെട്രിക് സ്കൂളിൽ നിന്ന് 10-ാം ക്ലാസ് പാസായി. ദൈവീകനാകണമെന്നും അതു സമൂഹജീവിതത്തിലൂന്നിയ ബഥനി സന്യാസ സമൂഹത്തിലൂടെ എന്നുള്ളതും മകന്റെ

www.malankaralibrary.com

പ്രത്യേക താല്പര്യമായിരുന്നു. 2004 ജൂൺ 14-ാം തിയ്യതി ഭവനത്തിൽ നിന്നും തിരിച്ച് ആലുവ ബഥനി പ്രൊവിൻഷ്യൽ ആശ്രമത്തിൽ എത്തി ചേർന്നു. മൈനർ സെമിനാരി പഠനവും തത്വശാസ്ത്ര പഠനവും, ദൈവ ശാസ്ത്ര പഠനവും പൂർത്തിയാക്കുവാൻ അനന്ത കാരുണ്യവാനായ ദൈവം വഴി നടത്തിയതിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. സ്കൂളിൽ രണ്ടാം ഭാഷ തമിഴാണ് പഠിച്ചിരുന്നത്. സണ്ടേസ്കൂൾ, അൾത്താര ശുശ്രൂഷ, ദിനം പ്രതിയുള്ള പ്രാർത്ഥന, വേദ പുസ്തക പരായണം എന്നിവ നിർബന്ധമായും മലയാളത്തിൽ നടത്തണമെന്നുള്ള അതിയായ ആഗ്രഹം മൂലം വീട്ടിൽ വെച്ച് മലയാളം പഠിച്ചെടുത്തു. വൈദീക പരിശീലന കാലത്ത് ഇത് വളരെയധികം പ്രയോജനപ്പെട്ടു. ദൈവം താൻ തെരഞ്ഞെടുക്കുന്നവർക്ക് വേണ്ടത് എല്ലാം മുൻകൂട്ടി ഒരുക്കുന്നു എന്നതിന് ഇത് ഒരു ഉദാഹരണമാണ്.

ഞങ്ങളുടെ മകൻ വൈദീകനായി അഭിഷിക്തനാകുമ്പോൾ നന്ദിപൂർവ്വം ഓർക്കേണ്ടവർ നിരവധിയാണ്. ആശ്രമത്തിൽ ചേരുമ്പോൾ വികാരിയായിരുന്ന വന്ദ്യ വർഗ്ഗീസ് മാളിയേക്കൽ അച്ചൻ നൽകിയ പ്രോത്സാഹനം, തുടർന്നുവന്ന വികാരിമാരുടെ സഹകരണവും ഡീക്കൻ ശുശ്രൂഷ കാലത്ത് വേണ്ട ഉത്തേജനം നൽകി പ്രോത്സാഹിപ്പിച്ച ബഹു. സെബാസ്റ്റ്യൻ കീപ്പള്ളിൽ അച്ചൻ, കുന്നലാടി പള്ളി വികാരി ബഹു. തോമസ് പൊൻതൊട്ടിയിൽ അച്ചൻ, ഉപ്പട്ടി ബഥനി കോൺവെന്റിലെ സിസ്റ്റേഴ്സ്, സന്യാസ ജീവിത രൂപീകരണത്തിന് പങ്കുവഹിച്ച ഗുരുഭൂതന്മാർ, പ്രാർത്ഥിക്കുകയും അനുഗ്രഹിക്കുകയും ചെയ്ത വന്ദ്യതിരുമേനിമാർ ബഥനിയിലെ ബഹു. വൈദീകർ പ്രാർത്ഥനാപൂർവ്വം കൂടെയായിരുന്ന ഇവകാംഗങ്ങൾ, ബന്ധുമിത്രാദികൾ, സുഹൃത്തുകൾ, നല്ലവരായ നാട്ടുകാർ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഞങ്ങളുടെ മകൻ മോൺസൺ കുര്യാക്കോസ് മേക്കാട്ട് വൈദീകനാകണമെന്ന തീരുമാനം എടുത്തതിൽ ഞങ്ങൾ വളരെയധികം സന്തോഷിക്കുന്നു. സന്യാസ പരിശീലന കാലത്ത് സ്വായത്തമാക്കിയ ബഥനിയുടെ ആദ്ധ്യാത്മീകതയിൽ ഊന്നി നിന്നുകൊണ്ട് ധാരാളം ആത്മാക്കളെ ദൈവത്തിങ്കലേക്ക് നയിക്കുവാൻ നിത്യ പുരോഹിതനായ യേശുവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ ബഥനി സന്യാസ സമൂഹത്തിലെ ശുശ്രൂഷയിലൂടെ സാധ്യമാകട്ടെ. അതിനായി സർവ്വേശ്വരൻ എല്ലാ അനുഗ്രഹങ്ങളും നൽകുമാറാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. മകന്റെ കൂടെ അഭിഷിക്തരാകുന്ന ബഥനിയിലെ എല്ലാ വൈദീകർക്കും ആശംസകൾ നേരുന്നു. ഏവർക്കും നന്ദി അർപ്പിക്കുന്നു.

www.malankaralibrary.com

# മൃദുമന്ത്രണം
# മോൻസൺ കുറിയാക്കോസ് അച്ചൻ

ബ്രദർ ബഞ്ചമിൻ വാഴയിൽ ഒ.ഐ.സി.

തന്റെ ഭവനത്തിൽനിന്നും ലഭിച്ച വിശ്വാസപരിശീലനം വൈദിക പരിശീലനത്തോട് ചേർത്തുവച്ചുകൊണ്ട് അനുദിനം ജീവിക്കുവാൻ മോൻസൺ അച്ചൻ പരിശ്രമിച്ചിരുന്നു. ആരോടു സംസാരിച്ചാലും ഒരു പുഞ്ചിരിയോടെ സംസാരം ആരംഭിക്കുന്ന അച്ചന്റെ പ്രകൃതം ഏവരേയും ആകർഷിക്കുന്ന ഒന്നാണ്. സ്നേഹത്തോടെ ചേർത്തുനിർത്തി പുഞ്ചിരിയോടെ സംസാരിക്കുന്ന മോൻസൺ അച്ചൻ, തന്റെ പരിശീലന കാലയളവിൽ എന്നും ഈ സ്നേഹത്തിൽ വിടരുന്ന പുഞ്ചിരി മായാതെ സൂക്ഷിച്ചിരുന്നു. ഒരു സുകൃതംപോലെ...

തന്റെ പ്രാർത്ഥനാജീവിതം എന്നും മറ്റുള്ളവർക്ക് ഒരു മാതൃകയാകണം എന്ന് അച്ചന് നർബന്ധമുണ്ടായിരുന്നു. ആശ്രമചാപ്പലിൽ അനുദിനമുള്ള പ്രാർത്ഥനകളിൽ അദ്ദേഹം കാണിച്ചിരുന്ന ആത്മാർത്ഥത എന്നും ഒരു മാതൃക തന്നെ ആയിരുന്നു. ആധികാരികമായും വിചിന്തനാത്മകമായും അച്ചൻ വചനം പങ്കുവയ്ക്കുന്നത് എന്നും മനസ്സിൽ മായാതെ നിൽക്കുന്നവയാണ്.

പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും അച്ചൻ തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്. ഏല്പിച്ച ഉത്തരവാദിത്വങ്ങളോട് അദ്ദേഹം പുലർത്തിയിരുന്ന ആത്മാർത്ഥതയും മറ്റുള്ളവരെ സഹായിക്കാൻ കാണിച്ചിരുന്ന തീക്ഷ്ണതയും അനുകരണാർഹമായിരുന്നു. ഈ മികവുകൾ അദ്ദേഹത്തെ, തന്റെ അവസാനവർഷ JDV പരീക്ഷയിൽ ഒന്നാംസ്ഥാനക്കാരനാക്കുകയും ചെയ്തു.

ദൈവാംശം ഉള്ളിൽ നിറച്ചുകൊണ്ട് വളരെ ശാന്തനായി നടന്നുപോകുന്ന മോൻസനച്ചനെ നോക്കി നിൽക്കുന്നതുതന്നെ ഒരു ഹരമായിരുന്നു. ഈ ദൈവസാമീപ്യം അച്ചന്റെ ജീവിതത്തിൽ എന്നും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. തന്റെ ആഗ്രഹങ്ങളെ ബലി അർപ്പിച്ചുകൊണ്ട് ദൈവകരംഗ്രഹിച്ച് അച്ചൻ ബലിപീഠത്തിലേക്ക് നടന്നടുക്കുമ്പോൾ അച്ചന്റെ ജീവിതവും ഒരു ബലിപീഠമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവരേയും സ്നേഹത്തോടെ ചേർത്തുനിർത്തുന്ന ബലിപീഠം! വേദനകളെയെല്ലാം സന്തോഷങ്ങളാക്കുന്ന ബലിപീഠം! ആശ്വാസത്തിന്റെ ബലിപീഠം!

www.malankaralibrary.com

# ദൈവീക നിറവിൽ അമ്പരപ്പോടെ

ഫാ. മോൻസൺ കുര്യാക്കോസ് മേക്കാട്ട് ഒ.ഐ.സി

താഴ്‌വാരത്തു താമസിക്കുന്ന ഒരു കുട്ടി, സ്വപ്നം സാക്ഷാത്കരിച്ച് മലമുകളിൽ എത്തിച്ചേരുമ്പോൾ അനുഭവിക്കുന്ന അമ്പരപ്പാണ് ഞാനീ വരികൾ കുറിക്കുമ്പോൾ അനുഭവിക്കുന്നത്. പിന്നിട്ട ജീവിത പാതകളിലേക്ക് ഒരു തിരനോട്ടം നടത്തുമ്പോൾ ദൈവസ്നേഹവും കരുതലും ഇഴചേർന്ന് പടുത്തുയർത്തിയ ധാരാളിത്തത്തിൽ ഞാൻ സുരക്ഷിതനാണെന്ന ചിന്ത എന്നെ ശക്തിപ്പെടുത്തുന്നു. ജീവിതത്തിലെ ആകസ്മിക മുഹൂർത്തങ്ങൾ അനുഗ്രഹമാക്കി മാറ്റിയ പൊന്നുതമ്പുരാന്റെ ദയാവായ്പിനു മുമ്പിൽ ശിരസ്സു നമിക്കുമ്പോൾ, നിരന്തരം എന്നെ നയിക്കുന്ന മന്ത്രണം, 'ഞാനില്ലെങ്കിൽ നീയൊന്നുമല്ല' എന്ന ദൈവസ്വരമാണ്. സ്വന്തം പദ്ധതികൾക്കപ്പുറത്ത് ദൈവീകപദ്ധതിയുടെ കനിവിൽ തീരമണയു മ്പോൾ ഈ ജീവിതം മുഴുവൻ ഒപ്പം നടന്ന അനേകരുടെ നിസ്വാർത്ഥത യുടെ ആവിഷ്കാരം മാത്രമാണെന്ന് ഉൾവെളിച്ചം എന്നിൽ നിറയ്ക്കുന്നത് കൃതജ്ഞത മാത്രം. ജീവിതയാത്രയിൽ അനുഗ്രഹ പേമാരിയായി പെയ്തിറങ്ങിയ ബഥാന്യൻ അസ്ഥിത്വത്തിന്റെ ദീപ്താനുഭവം ബഥനി വൈദികനെന്ന പൂർണ്ണ അനുഗ്രഹമായി എന്നിൽ നിറയുമ്പോൾ നന്ദിയോടെ ഓർക്കേണ്ടവർ അനവധിയാണ്.

ദൈവവിളിയിൽ എന്നെ കൈപിടിച്ചുനടത്തിയ വല്ല്യപ്പച്ചന്റെയും വല്ല്യമ്മച്ചിയുടെയും ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനകൾ സമർപ്പി ക്കുന്നു. കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും ഒരായുസ്സിന്റെ മുഴുവൻ സ്നേഹം അർപ്പിക്കുന്നു. സ്നേഹവാത്സല്യങ്ങൾ നൽകുന്ന ബന്ധുക്കൾക്കും സുഹൃത്തു ക്കൾക്കും നന്ദിയർപ്പിക്കുന്നു.

നിർദ്ദേശങ്ങൾ നല്കി വളർത്തുന്ന ബഹുമാന്യനായ സുപ്പീര്യർ ജനറൽ ജോസ് കുരുവിളയച്ചനും, പ്രൊവിൻഷ്യൽ സുപ്പീര്യർ വില്യം നെടുമ്പുറത്തച്ചനും, അവരുടെ കൗൺസിലംഗങ്ങൾക്കും പ്രത്യേകം

www.malankaralibrary.com

നന്ദി. കരുതലോടെ വളർത്തിയ മുൻസുപ്പീര്യർ ജനറൽമാരായ ജോർജ്ജ് തോമസ് അച്ചനും, മരിയദാസച്ചനും, മുൻ പ്രൊവിൻഷ്യൽ സുപ്പീര്യേഴ്സായ ചാക്കോ ഏറത്തച്ചനും (ജേക്കബ് മാർ ബർണബാസ് പിതാവ്), മത്തായി കടവിലച്ചനും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

ബഥാന്യൻ സന്ന്യാസവൈദികരൂപീകരണത്തിൽ വേണ്ടതായ നിർദ്ദേശങ്ങൾ നല്കി വളർത്തിയ ഗുരുഅച്ചന്മാർ കുര്യാക്കോസ് ഏബ്രഹാമച്ചൻ, ജോസഫ് സിപ്രിയാനച്ചൻ, നൈനാൻ ചെറുപുഴത്തോട്ടത്തിലച്ചൻ, അനി സഖറിയാച്ചൻ, ഐസക് പാറയ്ക്കലച്ചൻ, സിറിലാനന്ദച്ചൻ എന്നിവർക്ക് ആദരവോടെ നന്ദി അർപ്പിക്കുന്നു. സ്നേഹ വാത്സല്യങ്ങളോടെ അനുവാധനം ചെയ്ത ആദ്ധ്യാത്മിക പിതാക്കന്മാർ, ആശ്രമ അദ്ധ്യക്ഷന്മാർ, പരിശീലനത്തിൽ സഹായിച്ച ബഥനിയിലെ ജ്യേഷ്ഠസഹോദരന്മാർ, കുഞ്ഞനുജന്മാർ, അറിവിന്റെ വെളിച്ചം പകർന്ന ഗുരുഭൂതന്മാർ ഏവർക്കും നന്ദി.

ഓർമ്മവെച്ചകാലം മുതൽ എന്നിലെ വൈദികനാകുവാനുള്ള ആഗ്രഹത്തെ താലോലിച്ചുവളർത്തിയ ഇടവക സമൂഹത്തിനും, മുൻവികാരി അച്ചന്മാർക്കും സന്ന്യസ്തർക്കും ജ്യേഷ്ഠവൈദികർക്കും സന്ന്യസ്തർക്കും, ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച സഹോദരങ്ങൾക്കും, മതാദ്ധ്യാപകർക്കും, സ്കൂൾ പഠനകാലത്ത് പ്രോത്സാഹിപ്പിച്ച സന്ന്യസ്തർക്കും, ഏറ്റവും ഉപരിയായി ഇപ്പോഴത്തെ വികാരിയച്ചൻ സെബാസ്റ്റ്യൻ കീപ്പള്ളിലച്ചനും ഒത്തിരി നന്ദി.

വൈദികനായി ഒരു നവയാത്രയ്ക്ക് സജ്ജനാകുമ്പോൾ ദൈവസ്നേഹമെന്ന ബലിക്കല്ലിൽ ജീവിതം സമർപ്പിച്ച് മുന്നേറുവാൻ ഏവരുടെയും പ്രാർത്ഥന സ്നേഹപൂർവ്വം അപേക്ഷിക്കുന്നു. കടന്നുവന്ന വഴികളിൽ തുണയായിരുന്ന ഏവർക്കും നന്ദിയർപ്പിച്ച് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുമ്പോൾ മനസ്സിൽ ഉയരുന്നത് സങ്കീർത്തന വചസ്സുകൾ മാത്രം, "കർത്താവേ, അങ്ങയുടെ മാർഗ്ഗങ്ങൾ എനിക്കു മനസ്സിലാക്കിതരണമേ! അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കണമേ" (സങ്കീ 25:4).

www.malankaralibrary.com



# എന്റെ ദൈവത്തെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു

സി.കെ. തോമസ് & ആലീസ് തോമസ്
ഫാദർ ജോൺ ഏലിയാസിന്റെ മാതാപിതാക്കൾ

1989 ഏപ്രിൽ 21-ാം തീയതി പത്തനംതിട്ട ജില്ലയിൽ പരിപാവനമായ പമ്പാനദിയാൽ ചുറ്റപ്പെട്ട വടശേരിക്കര ഗ്രാമപഞ്ചായത്തിൽ ചെറുത്തോൺ മാളിയേക്കൽ കുടുംബത്തിൽ ലിബിൻ തോമസ് ജനിച്ചു. ശ്രീ.സി.കെ.തോമസിന്റെയും ശ്രീമതി ആലീസ് തോമസിന്റെയും ഇളയമകനായ ലിബിൻ 2005ൽ ബഥനി സന്ന്യാസസമൂഹത്തിൽ പ്രവേശിച്ചു. 2007ൽ ജോൺ ഏലിയാസ് എന്ന സന്ന്യാസനാമം സ്വീകരിച്ചുകൊണ്ട് വ്രതസ്ഥനായി ജീവിതം ആരംഭിച്ചു. സ്കൂൾ പഠനകാലത്തുതന്നെ നീന്തൽ പരിശീലനം, ക്രിക്കറ്റ് കളി തുടങ്ങിയ കായിക വിഷയങ്ങളിൽ ശ്രദ്ധ പിടിച്ച് പറ്റിയിരുന്നു. ഡിഗ്രി പഠനം തിരുവനന്തപുരത്തുവച്ചും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ, കോട്ടയം, ഛത്തീസ്ഗഡ്ഡ്, റിഷികേശ്, ബാംഗ്ലൂർ, ഭോപ്പാൽ തുടങ്ങിയ സെമിനാരികളിൽവച്ച് - വിജയകരമായി പൂർത്തിയാക്കി. നീണ്ട കാലഘട്ടത്തിലെ പരിശീലനത്തിനുശേഷം വൈദിക പദവിയിലേക്ക് ഉയർത്തപ്പെടുന്ന ബഹുമാനപ്പെട്ട ഏലിയാസച്ചന് ഒരായിരം ആശംസകൾ.... മംഗളങ്ങൾ....

പേരിന്റെ അനന്യത തന്നെയാണ് ബഹു.ഏലിയാസച്ചനെ ശ്രദ്ധേയനാക്കുന്ന്. ബഥനി സമൂഹത്തിൽ ഏലിയാ പ്രവാചകന്റെ ജീവിതശൈലി സ്വീകരിക്കുന്നതിനുവേണ്ടിയാണ് കൊച്ചച്ചൻ ശ്രദ്ധിച്ചുവരുന്ന്. നിരവധി കഴിവുകളുടെ ഭണ്ഡാരമാണ് കൊച്ചച്ചൻ. പുഞ്ചിരിതൂകുന്ന മുഖവും, ഊഷ്മളമായ സംസാരവും അദ്ദേഹത്തെ നമ്മുടെ മനസ്സുകളിൽ പ്രതിഷ്ഠിക്കുന്നു. ഏവർക്കും ഹൃദ്യമായ സമീപനരീതികളും ഏവരുമായി ചങ്ങാത്തം പുലർത്താൻ ഈ കൊച്ചനെ പ്രാപ്തനാക്കുന്നു. ബഥനി സന്ന്യാസിസമൂഹത്തിലെ ഒരു

www.malankaralibrary.com

വൈദികനാകണമെന്നുള്ള നിശ്ചയദാർഢ്യം അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു.

പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പിയും, ബഥനിസന്ന്യാസ സമൂഹത്തിന്റെ സ്ഥാപകപിതാവുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പെരുന്നാട് മുണ്ടൻമലയിൽ നിന്നും വെറുംകൈയ്യോടെ ഇറങ്ങിവന്ന ചെറുത്തോൺ തോമ്മാച്ചൻ എന്ന് അറിയപ്പെടുന്ന പിതാവിന്റെ മകൻ ശ്രീ.സി.റ്റികുരുവിളയുടെ കൊച്ചുമകനാണാണ് കൊച്ചച്ചൻ.

കൊച്ചച്ചന്റെ പിതാവിന്റെ ഇളയസഹോദരൻ ഫാ.തോമസ് കുരുവിള ഒ.ഐ.സി ഇന്ന് ബഥനി സന്ന്യാസസമൂഹത്തിൽ വിവിധ മേഖലകളിൽ വളരെ സ്തുത്യർഹമായ സേവനം നടത്തിവരുന്നു.

ജീവിതത്തിന്റെ പല മേഖലകളിലും തിളങ്ങി പ്രവർത്തിക്കുവാൻ കൊച്ചച്ചൻ കാണിക്കുന്ന സാമർത്ഥ്യം ഭാവിയിലേക്ക് ബഥനി സന്ന്യാസസമൂഹത്തിന് മുതൽക്കൂട്ടായി നിലനില്ക്കുകയും സഭയ്ക്കും, സമൂഹത്തിനും, മികവുറ്റ സംഭാവനകൾ നൽകുന്നതിന് കൊച്ചച്ചന് കഴിയും എന്നതിൽ സംശയമില്ല. ഏവർക്കും പ്രകാശം നൽകുന്ന ദീപമായി വിളങ്ങിടട്ടെ എന്നാശംസിക്കുന്നു.

**കാരുണ്യവാനായ കർത്താവേ, നിന്റെ പരിശുദ്ധ ശരീരത്തിലും വിലയേറിയ തിരുരക്തത്തിലും സംബന്ധിക്കുന്നതുമൂലം പാപത്തിന്റെ സകല മുള്ളുകളെയും ഞങ്ങളിൽനിന്ന് നീക്കിമായിച്ചു കളയണമേ. നിന്റെ പരിശുദ്ധ ശരീരവും പുണ്യ ദായകവുമായ തിരുരക്തവും ഞങ്ങൾക്ക് ജീവന്റെ അച്ചാരവും രക്ഷയുടെ വാഗ്ദാനവുമായി ഭവിക്കു മാറാകണമെ.**

കുർബാന തക്സ

www.malankaralibrary.com

# അതിരുകളില്ലാത്ത മനുഷ്യസ്നേഹിയായ ഏലിയാസച്ചൻ

ബ്രദർ ജോൺസൺ ഒ.ഐ.സി.

ചെറുതോൺ കുടുംബത്തിലെ സി.കെ.തോമസിന്റെയും ആലിസ് തോമസ്സിന്റെയും മൂന്നുമക്കളിലെ മൂന്നാമത്തെ മകൻ 1989 ഏപ്രിൽ 21-ാം തീയതി ജനിച്ചു. ലിബിൻ തോമസ് എന്ന നാമമായിരുന്നു മാതാപിതാക്കൾ നല്കിയത്. വടശ്ശേരിക്കര T.T.M.ലും N.H.S.S.ലും പ്രാഥമിക വിദ്യാഭ്യാസവും, ഹൈസ്കൂൾ പഠനവും നടത്തി. കുട്ടിക്കാലത്ത് കുസൃതി നിറഞ്ഞ, തമാശ നിറഞ്ഞ കുട്ടി. എന്നാൽ എന്തും അനുസരിക്കുന്ന, സ്നേഹത്തോടെ അരികിലേക്ക് ഓടിയെത്തുന്ന നിഷ്കളങ്കമായ പാവം കുട്ടി എന്നായിരുന്നു പഴയ വികാരിയച്ചന്റെ വാക്കുകൾ. സ്കൂൾ പഠനകാലത്ത് ഒരു സ്പോർട്സ്മാൻ ആയിരുന്നു. അതുപോലെ എല്ലാ കുട്ടികൾക്കും കൂട്ടുകൂടാൻ കഴിയുന്ന ഒരു നല്ല സുഹൃത്തുമായിരുന്നു.

2005 ജൂൺ മാസം ദൈവവിളി തിരിച്ചറിഞ്ഞ് നാലാഞ്ചിറയിൽ ബഥനി ആശ്രമത്തിലേക്ക് കടന്നുവന്നു. പിതൃസഹോദരനായ തോമസ്സ് കുരുവിള അച്ചന്റെയും, മറ്റ് സിസ്റ്റേഴ്സിന്റെയും പ്രോത്സാഹനവും പ്രാർത്ഥനയും ബ്രദറിന്റെ ദൈവവിളിയിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. തുടർന്ന് വൈദിക പരിശീലനത്തിലൂടെ കടന്നുപോകുമ്പോൾ ആശ്രമത്തിലേക്ക് കൊണ്ടുവന്നത് ദയാനന്ദച്ചനായിരുന്നു. തുടർന്നുള്ള ഒന്നാംവർഷം പോൾ കൈതവനയച്ചനും, രണ്ടുമൂന്നു വർഷം ഷാജൻ കുറ്റിയിൽ അച്ചനും ആയിരുന്നു. ആദ്യവർഷങ്ങളിൽ പഠനത്തിനുള്ള ശ്രദ്ധയും, സന്ന്യാസനിഷ്ഠയും, പ്രാർത്ഥനയും മറ്റ് കാര്യങ്ങൾ എല്ലാംതന്നെ പാലിക്കുന്നതിൽ അതീവ ഉത്സാഹിയുമായിരുന്നു. ധർമ്മശിഷ്യപദം ആലുവ അശോകപുരം ആശ്രമത്തിൽ ബഹുമാനപ്പെട്ട നൈനാൻ ചെറുപുഴതോട്ടം അച്ചന്റെ പരിശീലനത്തിൽ കീഴിൽ ആയിരുന്നു. ആദ്യവ്രതവാഗ്ദാനം നടത്തിയത് 2009-ൽ ജൂൺമാസം ആയിരുന്നു. ഈ സമയം ജോൺ ഏലിയാസ് എന്ന സന്ന്യാസനാമം സ്വീകരിക്കുകയുണ്ടായി. തുടർന്ന് നാലാഞ്ചിറ ആശ്രമത്തിലേക്കു കടന്നുവരികയും തത്വശാസ്ത്രപഠനം ആരംഭിക്കുകയും ചെയ്തു. ഈ കാലത്ത് ബഹുമാനപ്പെട്ട ജസ്റ്റിൻ തുണ്ടുമണ്ണിൽ അച്ചന്റെ പരിശീലനത്തിൽകീഴിൽ ആയിരുന്നു. ഈ സമയങ്ങളിൽ ഏറെ വിഷമാവസ്ഥകളിലൂടെയാണ് ബ്രദറും മറ്റ് എല്ലാവരും കടന്നുപോയത്. സ്വന്തം ബാച്ചിലെ സഹോദരൻ ഡൊമിനിക്കിന്റെയും സീനിയർ

www.malankaralibrary.com

ബാച്ചിലെ ബ്രദർ ഷെജിന്റെയും വേർപാട് തീർത്തും ദുഃഖമുളവാക്കിയ നിമിഷങ്ങളായിരുന്നു. തുടർന്നുള്ള രണ്ട് വർഷകാലം ഫിലോസഫി പഠിക്കുവാനായി വടവാതൂരിലേക്ക് അയയ്ക്കപ്പെട്ടു. ഈ സമയം കോട്ടയം ബഥനി ആശ്രമജനറലേറ്റിൽ നിന്നുകൊണ്ടാണ് പഠിക്കുവാൻ ഇടയായത്. ബഹുമാനപ്പെട്ട സാജൻ തോമസ് അച്ചന്റെയും ജോൺ ആലുവിള അച്ചന്റെയും പരിശീലനവും, ജനറാൾ ആയിരുന്ന ബഹുമാനപ്പെട്ട ജോസ് മരിയദാസ് അച്ചന്റെയും മറ്റ് വന്ദ്യവൈദികരുടെയും സ്നേഹസംരക്ഷണവും ഈ കാലയളവിൽ ലഭിക്കുകയുണ്ടായി.

തുടർന്ന് ഒരു വർഷം റീജൻസി നിർവ്വഹണത്തിനായി ബ്രദറിനെ ലഭിച്ചത് ഹൈദരാബാദ് ബഥനി കരുണാലയത്തിലേക്ക്, കൂടെ ജസ്റ്റിൻ തോമസ് ബ്രദറും ഉണ്ടായിരുന്നു. അവിടെയുള്ള ഓരോ വ്യക്തികൾക്കും കുഞ്ഞുങ്ങൾക്കും ബ്രദർ പ്രിയപ്പെട്ടവനായിരുന്നു. ബ്രദറിന്റെ സ്നേഹനിർഭരമായ പെരുമാറ്റവും കാര്യപ്രാപ്തിയും എല്ലാവരും മനസ്സിലാക്കി. ഈ കാലഘട്ടത്തിൽ ഇവർക്ക് പരിശീലനം നല്കിയത് ജോസഫ് വട്ടപ്പറമ്പിൽ അച്ചനായിരുന്നു.

തുടർന്ന് ദൈവശാസ്ത്രപഠനത്തിനായി സമന്വയ CMI സെമിനാരിയിലേക്കായിരുന്നു. വിവിധ സ്ഥലങ്ങളിൽ ആയിരുന്നു കൊണ്ട് ദൈവശാസ്ത്രം പഠിക്കുവാനായി ശെമ്മാശനു സാധിച്ചു. ഈ കാലത്ത് ഫോർമേഷൻ നല്കിയത് CMIയിലെ അച്ചനായിരുന്നു. ഭോപ്പാൽ, ഋഷികേശ്, ധർമ്മാരാം വിവിധസ്ഥലങ്ങളിൽ പല Mission Activityയിലും ഏർപ്പെടാൻ ഇടയായി.

ശെമ്മാശനെക്കുറിച്ച് ഓർക്കുമ്പോൾ മുഖത്ത് സ്ഫുരിക്കുന്ന എളിമയാർന്ന ചിരിയും തമാശയും ആണ് എല്ലാവരെയും ആകർഷിക്കുന്നത്. ഒരുവട്ടം ശെമ്മാശനെ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ പിന്നെയും ഒരിക്കലും മറക്കില്ല അത്രയ്ക്കും സ്നേഹം നിറഞ്ഞ ഇടപെടലാണ്. മറ്റ് സഭാസമൂഹത്തിലെ അച്ചൻമാർക്കും ബ്രദേഴ്സിനും ഏറ്റവും പ്രിയപ്പെട്ട വ്യക്തിയായിരുന്നു. ശെമ്മാശന്റെ കഴിവുകൾ അനവധിയാണ് ദൈവം നല്കിയിരിക്കുന്നത്. പാടുവാനും, പ്രസംഗിക്കുവാനും, പഠിപ്പിക്കുവാനും, അഭിനയിക്കുവാനും, തമാശകളോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുവാനും അങ്ങനെ ഒട്ടനവധി കഴിവുകൾ നിറഞ്ഞുനില്ക്കുന്നുവെങ്കിലും, മറ്റുള്ളവരെ മനസ്സിലാക്കാനും, കേൾക്കാനും, ആശ്വസിപ്പിക്കാനും, പ്രാർത്ഥിക്കുവാനും, സന്ന്യാസ വൈദിക പദവിയിലേക്ക് ഉയർത്തപ്പെടുന്ന ഈ വേളയിൽ എല്ലാവിധ ആശംസകളും നേരുന്നു.

www.malankaralibrary.com

# കൈപിടിച്ചു നടത്തുന്ന ദൈവം

ഫാ. ജോൺ ഏലിയാസ് ഒ.ഐ.സി.

ജനങ്ങളിൽനിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ, ദൈവിക കാര്യങ്ങൾക്കു നിയമിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്. അവൻ തന്നെ ബലഹീനരായതുകൊണ്ട്, ആജ്ഞരോടും, വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറാൻ അവനു കഴിയും" (ഹെബ്രാ 5:1-2).

എന്റെയുള്ളിൽ എന്നും മുഴങ്ങിയിരുന്ന ഒരു ചോദ്യത്തിന്റെ ഉത്തരമാണിത്. ഈ ലോകത്ത് അനേകർ ഉണ്ടായിരിക്കെ, അനേക സാധ്യതകൾ ഉണ്ടായിരിക്കെ എന്നെ ദൈവവേലക്കായി തിരഞ്ഞെടുത്ത ദൈവത്തിന് നന്ദിയല്ലാതെ എന്തുപറയാൻ. പെറ്റമ്മ നിന്നെ മറന്നാലും മറക്കാത്തവനായ യേശുനാഥൻ എന്റെ കരങ്ങളിൽ വിടാതെ മുറുക്കി പിടിച്ചിട്ടുണ്ട് എന്ന ഒറ്റ ഒരു വിശ്വാസം മാത്രം മതി ഏതു സമുദ്രവും നീന്തിക്കയറാൻ. എന്നെ ദൈവവേലക്കായി തിരഞ്ഞെടുത്ത എന്റെ ദൈവത്തെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

കുട്ടിക്കാലം മുതൽതന്നെ കണ്ടുവരുന്ന അപ്പച്ചന്റെ പ്രാർത്ഥനാജീവിതവും അമ്മച്ചിയുടെ ബൈബിൾ വായനയും ദിവസവുമുള്ള കുർബാന പങ്കെടുക്കലും, കേട്ടുവളർന്ന ക്രിസ്തീയ മൂല്യങ്ങളും തുടർന്ന് മാതാപിതാക്കളുടെ കൂടെയുള്ള ജീവിതവും എന്നെ ക്രിസ്തുവിൽ വളരാൻ ഏറെ സഹായിച്ചു. കൂടാതെ ക്രിസ്തീയ സ്നേഹവും, മൂല്യങ്ങളും തിരിച്ചറിഞ്ഞ സഹോദരങ്ങളുടെ പ്രോത്സാഹനവും സ്നേഹവും പറയാതെ വയ്യ. എന്നെ ഈ നിലയിലെത്താൻ സഹായിച്ച അവർക്ക് നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ.

www.malankaralibrary.com

സന്ന്യാസജീവിതത്തിലേക്കുള്ള പ്രേരണ എന്റെ ഉപ്പാപ്പനും കൂടിയായ തോമസ് കുരുവിള അച്ചനാണ് അദ്ദേഹത്തിനും ഒരായിരം നന്ദി.

ബഥനി സമൂഹത്തിലേക്ക് നയിച്ചത് ജേക്കബ് ദയാനന്ദ് ഒ.ഐ.സി. അച്ചനും സന്ന്യാസസമൂഹത്തിലേക്ക് ഒരു യോഗാർത്ഥി യായി എന്നെ സ്വീകരിച്ച ബഹു.തോമസ് റെജി അച്ചനും, നവശിഷ്യ പദത്തിലേക്ക് എന്നെ ഉയർത്തിയ ബഹു.ജോസ് മരിയദാസ് അച്ചനും ഒരായിരം നന്ദി.

എന്റെ താഴ്ചയിലും, വീഴ്ചയിലും എന്നും പ്രചോദനവും, താങ്ങുമായി മാറിയ, സുപ്പീരിയർ ജനറൽ പെരു.ബഹു. ജോസ് കുരുവിള അച്ചൻ, സഹോദരതുല്യമായ സ്നേഹത്തോടും, കരുതലോടും മാർഗ്ഗദർശനം നൽകുന്ന പെരി.ബഹു.പ്രൊവിൻഷ്യാൽ അച്ചന്മാരെയും നന്ദിയോടം പ്രാർത്ഥനയോടും കൂടെ ഓർക്കുന്നു.

സന്ന്യാസപൗരോഹിത്യജീവിതത്തിൽ എന്നും വഴികാട്ടികളായി എന്നെ നടത്തിയ ബഥനിയിലെ ഗുരുക്കന്മാരായ ബഹു.ഫാ.പോൾ കൈതവന, ഫാ.ഷാജൻ കുറ്റിയിൽ (പ്രൊവിൻഷ്യൽ സുപ്പീര്യർ), ഫാ. നൈനാൻ ചെറുപുഴതോട്ടത്തിൽ, ഫാ.ജസ്റ്റിൻ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

റീജൻസി കാലഘട്ടത്തിൽ എന്നെ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിച്ച ബഹു.ജോസഫ് വട്ടപ്പറമ്പിൽ, ബഹു.ഫെലിക്സ് അച്ചൻ, തത്വശാസ്ത്ര പഠനകാലത്തെ എന്റെ ഗുരുക്കന്മാരായിരുന്ന ബഹു.സാജൻ തോമസ് അച്ചനെയും ബഹു.ജോൺ ആലുവിള അച്ചനെയും, സ്നേഹത്തോടെയും, പ്രാർത്ഥനയോടെയും ഓർക്കുന്നു. അതോടൊപ്പം തിയോളജി പഠനകാലത്ത് ഗുരുക്കന്മാരായിരുന്ന ഫാ.അലക്സ് മാറാമറ്റം സി.എം.ഐ., ഫാ.ലൂയിസ് മാളിയേക്കൽ സി.എം.ഐ., ഫാ.ജോയി കാക്കനാട്ട് സി.എം.ഐ., ഫാ.ഡേവിഡ് വരയാൽ എന്നിവർക്ക് കൃതജ്ഞതയുടെ നറുമലരുകൾ.

പ്രാർത്ഥനയിലൂടെയും സാമ്പത്തികസഹായത്തിലൂടെയും എന്റെ സന്ന്യാസജീവിതത്തെ സഹായിച്ച എല്ലാ ഉപകാരികളെയും

www.malankaralibrary.com

അഭ്യുദയകാംക്ഷികളെയും ഈയവസരത്തിൽ ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്റെ ദൈവവിളിയെ പരിപോഷിപ്പിച്ച എന്റെ ഇടവക വികാരി മാരോടും ഇടവക വൈദികരോടും നന്ദിപറയുന്നു. അതോടൊപ്പം അതിൽ പങ്കാളികളായ ബഥനിയിലെ ബഹു.സിസ്റ്റേഴ്സിനെ നന്ദി യോടെ ഓർക്കുന്നു. പ്രത്യേകിച്ച് സി.ബ്ലസി എസ്.ഐ.സി., സി.അഗാപ്പെ എസ്.ഐ.സി. എന്നിവരെയും. പന്ത്രണ്ടര വർഷക്കാലം ചിരിച്ചും, കളിച്ചും, ഇണങ്ങിയും പിണങ്ങിയും സന്തോഷത്തോടെ സുഖദുഃഖങ്ങൾ പങ്കിട്ട ബഥനിയിലെ എല്ലാ സഹോദരങ്ങൾക്കും അതോടൊപ്പം സി.എം.ഐ. ബ്രദേഴ്സിനും ഹൃദയത്തിൽ ഒരായിരം നന്ദികളർപ്പിക്കുന്നു.

ഞങ്ങളിൽ ഒരാളായിരുന്ന ദൈവത്തിനേറ്റവും പ്രിയപ്പെട്ടവ നാകയാൽ ദൗത്യനിർവ്വഹണത്തിനുമുമ്പേ ഞങ്ങളെ വിട്ടുപോയ, തിരുസന്നിധിയിൽ എന്നും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന ബഹു.ഡൊമനിക് വർഗീസ് ഒ.ഐ.സി.യെ കണ്ണീർ നനവോടെ ഓർമ്മിക്കുന്നു

ജീവിതത്തിൽ എന്നും സൗഹൃദത്താങ്ങുതന്ന് കൈപിടിച്ച് എല്ലാ സുഹൃത്തുക്കളെയും സ്നേഹത്തോടെയും പ്രാർത്ഥനയോടെയും ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ഹൃദയം നിറഞ്ഞ നന്ദിയുടെ നിറവിൽ നിന്നുകൊണ്ട് ഞാൻ വിശ്വസിക്കുന്നു, ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപ യാലാണ്. ഞാനോ വെറും കുശവന്റെ കൈയ്യിലെ മൺപാത്രവും. എല്ലാവർക്കും എല്ലാമായിത്തീരുന്ന ക്രിസ്തുവിനോടു കൂടെ ആയിരുന്നുകൊണ്ട് യേശുവിനെപ്പോലെ ജീവിക്കുവാനും നന്മ ചെയ്യാനും, എന്റെ എളിയ ജീവിതത്തിലൂടെ ദൈവനാമം മഹത്വപ്പെടു ത്തുവാനും, എനിക്കുവേണ്ടി നിങ്ങൾ നിരന്തരം പ്രാർത്ഥിക്കുക.

ഒരിക്കൽകൂടി എല്ലാവർക്കും നിറഞ്ഞ മനസ്സോടെ ഒരുപാടൊരുപാട് നന്ദി.....!!!

www.malankaralibrary.com



# നന്ദിപൂർവ്വം...

പി.സി യോഹന്നാൻ & ലീലാമ്മ യോഹന്നാൻ
ഫാ. ജോൺപോളിന്റെ മാതാപിതാക്കൾ

ദൈവത്തിനു നന്ദിപറയുവിൻ അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ ജനതകളുടെ ഇടയിൽ അവിടുത്തെ പ്രവർത്തികൾ വിളമ്പരം ചെയ്യുവിൻ അവിടുത്തെ നാമം ഉന്നതമാണെന്ന് ഉദ്ഘോഷിക്കുവിൻ കർത്താവിന് സ്തുതി പാടുവീൻ അവിടുന്ന് മഹത്വത്തോടെ പ്രവർത്തിച്ചു (ഏശയ്യ 12:4-5).

ഞങ്ങൾക്ക് രണ്ട് മക്കളാണ്. മൂത്തമകനായി ബിബിൻ ജോൺ ജനിച്ചു. ഇളയത് ബീറ്റ റൈച്ചൽ ജോൺ എന്ന മകളാണ്. ദൈവകൃപയാൽ മകൾ കുറത്തികാട് ഇടവാംഗമായ തറയിൽ ജോബിൻ വർഗ്ഗീസിനെ വിവാഹംകഴിച്ച് കുടുംബസമേതം കുറത്തികാട് സുഖമായി താമസിക്കുന്നു.



നിങ്ങളെന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്, നിങ്ങൾപോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നില നിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു (യോഹ:15-16). ഞങ്ങളുടെ മകൻ പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ ഈ വചനഭാഗമാണ് ഹൃദയത്തിലേക്ക് വരുന്നത്. ബിബിൻ വളരെ ചെറുപ്പത്തിൽതന്നെ ആത്മീയ കാര്യങ്ങളിൽ കൂടുതൽ താൽപ്പര്യം കാണിച്ചിരുന്നു. സന്ധ്യാപ്രാർത്ഥനയും പ്രഭാത പ്രാർത്ഥനയും ഞങ്ങളുടെ ഭവനത്തിൽ വളരെ നിർബന്ധമായിരുന്നു. ഈ പ്രാർത്ഥനകളിലും വി. ബൈബിൾ വായിക്കുന്നതിലും പരി: ബലിയിൽ സംബന്ധിക്കുന്നതിനും അവൻ പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നു. 1989 മെയ് മാസം 16-ാം തീയതിയാണ് ജനനം. ബഹു. ജസ്റ്റിൻ തുണ്ടുമണ്ണിൽ ഒ.ഐ.സി അച്ചനാണ് മാമോദീസ നൽകിയത്. കാലം ചെയ്ത അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിൽനിന്നും ആദ്യകുർബാന സ്വീകരിക്കുവാനുള്ള ഭാഗ്യമുായി, അതിനുവേണ്ടി ഒരുക്കിയത് ബഹു. സിസ്റ്റർ ഹലിയൂസ് എസ്.ഐ.സി ആണ്. 10-ാം ക്ലാസ് കഴിഞ്ഞ് തിരുവനന്തപുര

www.malankaralibrary.com

ത്തുവെച്ച് നടന്ന റ്റി.ഒ.സി. ക്യാമ്പിൽ ഞങ്ങളുടെ മകൻ പങ്കെടുക്കുകയും അവിടെവച്ച് മോൻ തന്റെ ആഗ്രഹം ബഹു. അച്ചന്മാരെ അറിയിക്കുകയും ചെയ്തു. ക്യാമ്പ് കഴിഞ്ഞ് വീട്ടിൽ വന്നതിനുശേഷം ബഹു. പോൾ കൈതവന അച്ചനും ബഹു. ദയാനന്ദ് അച്ചനും വീട്ടിൽ വന്നപ്പോഴാണ് ഞങ്ങൾ അറിയുന്നത് മകൻ ഇങ്ങനെ ഒരു തീരുമാനം അറിയിച്ചിട്ടാണ് ക്യാമ്പിൽനിന്നും വന്നത് എന്ന്. അതുകേട്ടപ്പോൾ ഒരു പാട് വിഷമം തോന്നിയെങ്കിലും മോന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെയാകട്ടെയെന്ന് ഞങ്ങളും തീരുമാനിച്ച് ദൈവഹിതത്തിന് വിട്ടുകൊടുത്തു. 2005 ജൂൺ മാസം 2-ാം തീയതി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ മോനെ കൊണ്ടുവിട്ടിട്ടുവന്നപ്പോൾ ഹൃദയം വല്ലാതെ തേങ്ങി, അവന്റെ കളിയും ചിരിയും തമാശകളും എല്ലാം ഹൃദയത്തിൽ മുഴങ്ങി കേട്ടുകൊണ്ടിരുന്നു. വിളിച്ചവൻ വിശ്വസ്തനാണ്, വിളിച്ചവന്റെ വിശ്വസ്തതയിൽ പൂർണ്ണമായ് മനസുറപ്പിച്ച് മുന്നോട്ടുനീങ്ങുവാൻ പൊന്നുതമ്പുരാൻ മകന് കൃപകൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മോന്റെ വളർച്ചയിൽ സഹായിച്ച എല്ലാ വന്ദ്യരായ അച്ചന്മാരേയും നന്ദിയോടെ ഞങ്ങൾ ഓർക്കുന്നു.

ഞങ്ങളുടെ മകന്റെ ദൈവവിളിയേ പ്രോത്സാഹിപ്പിച്ച ബഹു. സിസ്റ്റർ ബ്ലസി എസ്.ഐ.സി യേയും ബഹു. ഗീവർഗ്ഗീസ് ജോർജ്ജ് അച്ചനേയും പ്രത്യേകം ഓർക്കുന്നു. പൗരോഹിത്യ ജീവിതത്തിന്റെ മഹത്വം മനസ്സിലാക്കി ദൈവം ഏൽപ്പിച്ച ദൗത്യം സന്തോഷത്തോടെ പൂർത്തിയാക്കുവാൻ ജോൺപോളിനേയും കൂടെയുള്ള എല്ലാ ഡീക്കന്മാരേയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതോടൊപ്പം മോന്റെകൂടെ ആശ്രമത്തിൽചേർന്ന ബഹു.ബ്രദർ ഡോമനിക്ക് വർഗ്ഗീസ് സ്വർഗ്ഗത്തിലേക്ക് വിളിക്കപ്പെട്ടു എങ്കിലും ഈ സമയം ആ മകനെ വേദനയോടെ ഓർക്കുകയും ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഥനി സന്യാസ സമൂഹത്തിലെ എല്ലാ വൈദീകരേയും സിസ്റ്റേഴ്സിനേയും പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും മറ്റും അനുഗ്രഹിച്ച ഇടവകാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും മറ്റ് എല്ലാവർക്കുമുള്ള നന്ദിയും സ്നേഹവും പ്രാർത്ഥനയും ഈ അവസരത്തിൽ അറിയിക്കുന്നു. തുടർന്നും പ്രാർത്ഥിക്കേണമേ എന്ന് അപേക്ഷിച്ചുകൊണ്ട്.

www.malankaralibrary.com

# സൗമ്യനായ ജോൺപോൾ അച്ചൻ

ബ്രദർ ജയിംസ് തടത്തിൽ ഒ.ഐ.സി.

മാർ ഈവാനിയോസ് പിതാവിന്റെ ജന്മംകൊണ്ട് പുണ്യപ്പെട്ട മാവേലിക്കരയ്ക്കടുത്തുള്ള വെട്ടിയാർ ഇടവകയിൽ പുത്തൻക്കളിക്കൽ വീട്ടിൽ 1989 മെയ്മാസം 15-ാം തീയതിയാണ് ബഹു.ജോൺ പോൾ അച്ചൻ ജനിച്ചത്. തന്നെക്കുറിച്ചുള്ള ദൈവീകപദ്ധതിയ്ക്ക് പ്രത്യുത്തരം നൽകികൊണ്ട് ബഥനി ആശ്രമത്തിൽ അംഗമായി ചേർന്ന ജോൺപോൾ അച്ചൻ 2009 ജൂൺമാസം 2-ാം തിയതി തന്റെ പ്രഥമ വ്രത വാഗ്ദാനത്തിലൂടെ തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. തുടർന്ന് വൈദികപരിശീലനത്തിലേക്ക് പ്രവേശിച്ച അച്ചൻ 'IGNOU' യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദവും, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽനിന്ന് ഫിലോസഫി ബിരുദവും നേടി. തുടർന്ന് ബഥനിയുടെ പഞ്ചാബ് മിഷനിലേക്ക് റീജൻസിയ്ക്കായി അയയ്ക്കപ്പെട്ട ജോൺ അച്ചൻ അവിടെയുള്ള ജലന്തർ സെമിനാരിയിൽ നിന്ന് തിയോളജി പഠനവും പൂർത്തീകരിച്ച് കർത്താവിന്റെ നിത്യപൗരോഹിത്യത്തിലേക്ക് പ്രവേശിക്കുമ്പോൾ പരിശീലനകാലഘട്ടത്തിൽ നാല് വർഷങ്ങൾ അച്ചനോടൊപ്പം ഒന്നിച്ച് ജീവിക്കാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുകയാണ്.

സദാ സൗമ്യനും ശാന്തശീലനുമായ ജോൺ അച്ചൻ ജീവിതത്തിലെ സുഖദുഃഖങ്ങളെ ഒരുപോലെ ഒരു നിറപുഞ്ചിരിയോടെ നേരിടുന്നത് ഞങ്ങൾ സഹപാഠികൾക്ക് എന്നും ഒരത്ഭുതമായിരുന്നു. സംസാരത്തിൽ എപ്പോഴും സന്തോഷവും നർമ്മബോധവും കാത്തുസൂക്ഷിക്കുന്ന അച്ചൻ തന്റെ നർമ്മങ്ങളിലൂടെയും മധുരമായ ഗാനാലാപനത്തിലൂടെയും ഞങ്ങളുടെ ഉല്ലാസവേളകളെ സന്തോഷഭരിതമാക്കാൻ സദാ ശ്രദ്ധിച്ചിരുന്നു. ബഹുമാനപ്പെട്ട ജോൺപോൾ അച്ചാ, ബഥനി സന്ന്യാസ സമൂഹത്തിലൂടെ നിത്യപുരോഹിതനായ യേശുവിന്റെ നിത്യപൗരോഹിത്യത്തിലേക്ക് അങ്ങ് പ്രവേശിക്കുമ്പോൾ ഒരായിരം പ്രാർത്ഥനാശംസകൾ ഞങ്ങൾ സഹോദരങ്ങൾ ഒന്നായി അച്ചന് നേരുന്നു. അച്ചന്റെ സന്ന്യാസ പൗരോഹിത്യം മലങ്കര സഭയിലൂടെ ആഗോളസഭയ്ക്കും ബഥനി സന്ന്യാസസമൂഹത്തിനും ദൈവജനത്തിനും അനുഗ്രഹമായിത്തീരട്ടെ. പരിശുദ്ധ ബലിപീഠം അങ്ങയുടെ വിലയേറിയ അവകാശമായിരിക്കട്ടെ എപ്പോഴും. ഇപ്രകാരം അങ്ങേ പൗരോഹിത്യം സർവ്വചരാചരങ്ങൾക്കും ഒരനുഗ്രഹമായി ഭവിക്കട്ടെ!

www.malankaralibrary.com



# "തനിക്കിഷ്ടമുള്ളവരെ അടുത്തേക്കുവിളിച്ചു"

വി.റ്റി. തോമസ് & അന്നമ്മ തോമസ്
വാലുപറമ്പിൽ അച്ചന്റെ മാതാപിതാക്കൾ

ബഥനി - ആശ്വാസഭവനം: അതെ. ആശ്വാസവും, ആശ്രയവും സ്നേഹവും, കരുതലും, കാരുണ്യവും, അനുകമ്പയും തേടിയെത്തുന്ന അനേകായിരങ്ങൾക്ക് എന്നും താങ്ങും തണലുമായി ശോഭിക്കുന്ന ഇടം. ബഥനിക്കുന്നിൽ പുണ്യശ്ലോകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നട്ടുപിടിപ്പിച്ച് സൗരഭ്യം പരത്തുന്ന പൂന്തോട്ടം - അതിന്റെ 100-ാം വാർഷികത്തോടടുത്തുകൊണ്ടിരിക്കുന്ന സുന്ദര മുഹൂർത്തം. ആ പൂന്തോട്ടത്തെ കൂടുതൽ സുന്ദരമാക്കാൻ, സുഗന്ധം പരത്തുവാൻ 2017-ൽ ഇതാ 22 സുഗന്ധകുസുമങ്ങൾ. ദൈവപിതാവ് ബഥനി കുടുംബത്തിനു സമ്മാനിച്ച സന്ന്യാസവൈദികർ. ബഥനി കുടുംബത്തിനു സന്തോഷിക്കുവാൻ, ദൈവത്തിനു നന്ദി പറയുവാൻ, കൃതജ്ഞതയർപ്പിക്കുവാൻ ആ കുടുംബത്തിലെ ഒരു എളിയ അംഗമെന്ന നിലയിൽ അതിൽ ഭാഗഭാക്കാകാൻ ഞങ്ങളുടെ ഒരു മകനേയും തെരഞ്ഞെടുത്തതിൽ ദൈവത്തിനു സ്തോത്രവും കൃതജ്ഞതയും അർപ്പിക്കുന്നു. ഒപ്പം എല്ലാവിധ ആശംസകളും പ്രാർത്ഥനയും ഹൃദയപൂർവ്വം നേരുന്നു.

1989 മെയ് 22 ഞങ്ങളുടെ ഇളയമകൻ ഫ്രാൻസിസ് കുര്യൻ എന്ന സന്ന്യാസനാമം സ്വീകരിച്ച ജയ്സൺ കുര്യൻ ജനിച്ചു. വളരെ ചെറുപ്പം മുതലേ ദേവാലയസംബന്ധിയായ കാര്യങ്ങളിൽ തല്പരനായിരുന്നു. സെമിനാരിയിൽ ചേർന്ന് ഒരു ഇടവകവൈദികനാകണമെന്ന് ഞങ്ങളോടു പറയുമായിരുന്നു. അതിനുള്ള ഒരുക്കം വളരെ ചെറുപ്പത്തിൽ തന്നെ അവൻ തുടങ്ങിയിരുന്നു. സ്കൂളിൽ പോകുന്നിനുമുമ്പ് മുറിയിൽ കയറി കതകടച്ചു വചനം വായിച്ചു പ്രാർത്ഥിക്കുമായിരുന്നു. 2000-ാമാണ്ടിൽ ഞങ്ങളുടെ ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി വന്ന് ബഹു.ജോസഫ് നെടുമക്കുഴി അച്ചനോടു ഒരു ദിവസം പറഞ്ഞത് "അച്ചൻ 40 വയസ്സാകുമ്പോൾ ഞാൻ കൊച്ചച്ചനായി ബഹു.അച്ചന്റെ അസിസ്റ്റന്റ് വികാരിയാകും" എന്ന്. ദൈവത്തിന്റെ പദ്ധതി ബാലനായിരുന്ന ജെയ്സന്റെ

www.malankaralibrary.com

അധരങ്ങളിലൂടെ ദൈവം വെളിപ്പെടുത്തുകായിരുന്നു എന്ന് ഞങ്ങൾ ഓർക്കുന്നു. പത്താംക്ലാസ് പരീക്ഷ എഴുതി കഴിഞ്ഞപ്പോൾ ജെയ്സൻ തന്റെ ആഗ്രഹം വീണ്ടും ഉണർത്തിച്ചു. 12-ാം ക്ലാസ് പഠനം പൂർത്തിയാക്കിയിട്ട് നമുക്ക് അതേക്കുറിച്ച് ചിന്തിക്കാമെന്നു ഞങ്ങൾ മാതാപിതാക്കൾ അവനോടു പറഞ്ഞു. ഇതേസമയം അവന്റെ ആഗ്രഹം ബഹു.ഇടവക വികാരിയച്ചനോടും ഞങ്ങളുടെ ജ്യേഷ്ഠസഹോദരൻ കുര്യൻ വാലുപറമ്പിൽ അച്ചനേയും അറിയിച്ചു. രണ്ടു വൈദികരും അവനെ നിരുത്സാഹപ്പെടുത്തി. അതിന്റെ കാരണം ആ സമയം ഞങ്ങളുടെ ഒരു മകൻ സെമിനാരിയിൽ ഫിലോസഫി വിദ്യാർത്ഥിയാണ് (ഇപ്പോൾ ഫാ.ജോസ് വാലുപറമ്പിൽ). കൂടാതെ ഇളയ മകനല്ലേ മാതാപിതാക്കളെ സംരക്ഷിക്കേണ്ടവനല്ലേ, എന്നും മറ്റുമുള്ള ഒഴിവുകഴിവുകൾ പറഞ്ഞ് അവനെ വിലക്കി. തന്നെയുമല്ല സെമിനാരിയിൽ ചേരാനുള്ള ദൈവവിളി ക്യാമ്പിൽ സ്ഥലമോ തീയതിയോ അവനെ അറിയിച്ചുമില്ല.

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ നിന്നെ ഞാൻ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറ 1:5) പത്താംക്ലാസ് പരീക്ഷാഫലം വന്നു. നല്ല ഗ്രേഡിംഗ് നേടി പാസായി. സെമിനാരിയിൽ ചേരണമെന്നുള്ള ആഗ്രഹം, അതു ഉറച്ച തീരുമാനമായി ഞങ്ങളെ അറിയിച്ചു. എന്നാൽ ദൈവവിളിക്യാമ്പും കഴിഞ്ഞുപോയതിനാൽ പ്ലസ് ടു കഴിഞ്ഞിട്ടു പോകാം എന്നു ഞങ്ങൾ അവനോടു പറഞ്ഞു. ഈ സമയം സീതത്തോട്ടിൽ ബഥനി മഠത്തിലുള്ള സിസ്റ്റേഴ്സ് മുഖേന ബഥനി ക്യാമ്പിനെക്കുറിച്ചറിഞ്ഞ് അതിൽ പങ്കെടുത്തു. ബഹു. പോൾ മാത്യു കൈതവനയച്ചനും, ബഹു.ജേക്കബ് ദയാനന്ദച്ചനുംകൂടി ഞങ്ങളുടെ വീട്ടിൽവന്നു സംസാരിച്ച് ബഥനി സന്ന്യാസസമൂഹാംഗമാകാനുള്ള പരിശീലനത്തിൽ പ്രവേശിച്ചു. "തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടെ ആയിരിക്കുന്നതിനും, പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുന്നതിനുള്ള അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോ 3:13-15). മേലുദ്ധരിച്ച രണ്ടു വചനങ്ങളും ജെയ്സനെക്കുറിച്ചുള്ള ദൈവിക പദ്ധതി മുൻകൂട്ടി തീരുമാനിക്കപ്പെട്ടു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. "മനുഷ്യർ കാണുന്നതല്ല കർത്താവു കാണുന്നത്.

www.malankaralibrary.com

മനുഷ്യൻ ബാഹ്യജയത്തിൽ ശ്രദ്ധിക്കുന്നു, കർത്താവാകട്ടെ ഹൃദയഭാവത്തിലും" (1സാമു 16:7) വളരെ വിനയത്തോടെ ഞങ്ങൾ അതു സ്വീകരിക്കുന്നു.

ഈ ലോകത്തിൽ ജീവിച്ചുകൊണ്ട് ലോകത്തിന്റെ ആനന്ദം സ്വീകരിക്കാതെ ''ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം'' എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആപ്തവാക്യം എപ്പോഴും നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കുക. കൂടാതെ ''മകനേ നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക. നിന്റെ ഹൃദയം അവക്രവും അചഞ്ചലവുമായിരിക്കട്ടെ" (പ്രഭാ 2:1-2). പൂമെത്തയല്ല കൂരമ്പുകളുമായിരിക്കും നിങ്ങളെ കാത്തിരിക്കുക. വി.പൗലോസ് ശ്ലീഹായോടു കർത്താവു പറഞ്ഞ വചനം നിങ്ങൾക്കു കവചമായിരിക്കട്ടെ "എന്റെ കൃപ നിനക്കു മതി" (2കൊറി 12:9). അതേ ദൈവകൃപയിൽ ഉത്തരോത്തരം വളരുവാൻ നിങ്ങൾക്കു സാധിക്കട്ടെ.

വയ്യാറ്റുപുഴ ഇടവകയെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെ, നന്ദിയുടെ അവസരമാണ്. ഡയമണ്ട് ജൂബിലി വർഷമായ 2017-ൽ ഈ ഇടവകയിൽ ഒന്നിച്ചു കളിച്ചും രസിച്ചും, വിശ്വാസ പരിശീലനത്തിലേർപ്പെട്ടും അൾത്താരബാലരായി ശുശ്രൂഷ ചെയ്തും പോന്ന രണ്ടുമക്കൾ ലിജോയും ജെയ്സനും (ആബേൽ മാത്യു, ഫ്രാൻസിസ് കുര്യൻ) ഒന്നിച്ച് പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ധന്യനിമിഷം, അതു കർത്താവിന്റെ ദാനവും ഈ ഇടവകയ്ക്കുള്ള സമ്മാനവുമാണ്.

അവസാനമായി "ജീവിക്കുന്ന ദൈവരാജ്യത്തിന്റെ പ്രതീകമായ" സന്ന്യാസജീവിതത്തിലേക്ക് വൈദിക ജീവിതാന്തസിലേക്ക് തങ്ങളുടെ മകനെ വിളിച്ചു വേർതിരിച്ചെടുത്ത സ്വർഗ്ഗസ്ഥനായ ദൈവത്തിനു സ്തോത്രവും നന്ദിയർപ്പിച്ചുകൊണ്ട് ആയതിലേക്ക് അവനെ രൂപപ്പെടുത്തിയെടുത്ത, ഒരുക്കിയെടുത്ത, സ്നേഹിച്ചു കരുതിയ, പരിശീലിപ്പിച്ച, മാർഗ്ഗനിർദ്ദേശം നൽകിയ എല്ലാ വൈദികരോടും സിസ്റ്റേഴ്സിനോടും ഞങ്ങളുടെ കുടുംബത്തിന്റെ പേരിൽ നന്ദിയർപ്പിക്കുന്നു.

www.malankaralibrary.com

# ഫ്രാൻസിസ് കുര്യൻ അച്ചൻ

ബ്രദർ ജീവൻ ഒ.ഐ.സി.

ഗാംഭീര്യമുള്ള സ്വരം, ഗൗരവമായ പ്രകൃതം. അടുത്തിടപഴകുമ്പോൾ സ്നേഹവും സൗഹൃദവും പകരുന്ന സ്വഭാവം. ഇതൊക്കെയാണ് ഡീക്കൻ ഫ്രാൻസിസ് കുര്യനെക്കുറിച്ച് പറയുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്നത്. 1989 മെയ് മാസം 22-ാം തീയതി വയ്യാറ്റുപുഴ വാലുപറമ്പിൽ കുടുംബത്തിൽ വി. റ്റി. തോമസ് - അന്നമ്മ തോമസ് ദമ്പതികളുടെ മകനായി ജനിച്ച ജെയ്സൺ ബഥനി ആശ്രമത്തിൽ ചേർന്ന് ഡീക്കൻ ഫ്രാൻസിസ് കുര്യനായി വൈദീകപട്ടം സ്വീകരിക്കുമ്പോൾ ബഥനിക്ക് ഓർക്കാൻ ഏറെ കാര്യങ്ങളുണ്ട്. വയ്യാറ്റുപുഴ VKN MVHSSൽ നിന്നും പഠിച്ചിറങ്ങി നാലാഞ്ചിറ ബഥനിയാശ്രമം, കോട്ടയം വടവാതൂർ സെമിനാരി, വിദ്യാജ്യോതി ഡൽഹി എന്നിവിടങ്ങളിൽ നിന്നും പരിശീലനം കഴിഞ്ഞിറങ്ങിയ ഡീക്കൻ ചെന്ന സ്ഥലങ്ങളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. സ്വന്തം മൂത്ത സഹോദരൻ തിരുവനന്തപുരം മേജർ അതിരൂപതയിൽ വൈദികനായി ശുശ്രൂഷചെയ്യുന്നു.

ജീവിതത്തിൽ ഏറ്റെടുക്കുന്ന ഓരോ കാര്യത്തോടും കൃത്യമായ ഒരു സമീപനം ഏറ്റെടുക്കുന്ന ഡീക്കന്റെ കാര്യനിർവ്വഹണശേഷി പ്രശംസനീയമാണ്. പ്രത്യക്ഷത്തിൽ ഗൗരവക്കാരനായി തോന്നുമെങ്കിലും ഇടപെടുന്നവരോടെല്ലാം നല്ല സൗഹൃദം പുലർത്തുകയും കൂടെയുള്ളവരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിന്റെ പ്രത്യേകസവിശേഷതയാണ്. ദൈവം ദാനമായി നൽകിയ മനോഹരമായ ശബ്ദം അദ്ദേഹത്തിന് ഒരു മുതൽക്കൂട്ടാണ്.

പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും ഒരേപോലെ പ്രാധാന്യം കൊടുക്കുന്ന അദ്ദേഹത്തിന്റെ കർമ്മവീഥികളിൽ ദൈവത്തിന്റെ അനുഗ്രഹമുണ്ടാകട്ടെ എന്ന് ബഥാനിയർ ഒരുമിച്ച് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# അളവുകൾ ഇല്ലാതെ എന്നെ സ്നേഹിച്ചു

ഫാ. ഫ്രാൻസിസ് കുര്യൻ ഒ.ഐ.സി.

"കരുണാസമ്പന്നനായ ദൈവം നമ്മോടുകൂണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോടുകൂടെ നമ്മെ ജിവിപ്പിച്ചു...." (എഫേ.2:46)

അളവുകൾ ഇല്ലാതെ എന്നെ സ്നേഹിച്ച എന്റെ ദൈവത്തിന് ഞാൻ എന്തു പകരം ചെയ്യും. കരുണാസമ്പന്നനായ ദൈവം തന്റെ സ്നേഹം തനിക്ക് ഇഷ്ടമുള്ളർക്ക് ആവശ്യാനുസരണം ഒഴുക്കി നൽകുന്നു. ഈ പ്രതിഫലം ഇച്ഛിക്കാത്ത മനസ്സിന് നാം കാണപ്പെടുന്ന സഹോദരനിലേക്ക് അവന്റെ ആവശ്യങ്ങളിലേക്ക് നമ്മുടെ കരം നീട്ടുവാൻ, അവന്റെ ആത്മ മുറിവുകളിൽ സ്നേഹതൈലം പൂശുവാനും കഴിഞ്ഞില്ലെങ്കിൽ അതൊരു ആത്മീയ അനീതി ആകില്ലെ?

ദൈവത്തിന്റെ ഈ വിളിയെ കൂടുതൽ പ്രോജ്വലിപ്പിക്കുവാൻ അവിടുന്ന് മനുഷ്യവർഗ്ഗത്തിന് നൽകിയ ദാനം ആണ് പൗരോഹിത്യം. അത് ശുശ്രൂഷാപൗരോഹിത്യം ആകട്ടെ, രാജകീയ പൗരോഹിത്യം ആകട്ടെ, ദൈവസ്നേഹത്തിന്റെ, കരുണയുടെ മുഖം മറ്റുള്ളവർക്ക് ദർശിക്കാൻ ദൈവം നൽകിയ മാർഗ്ഗം. അങ്ങനെയെങ്കിൽ പൗരോഹിത്യത്തിന്റെ മുഖം സ്നേഹത്തിന്റെ ബഹുസ്ഫുരണായ കരുണയാകുന്നു.

ഈ കരുണയെന്ന പുണ്യസുകൃതത്തെ, ദൈവസ്നേഹത്തിന്റെ പങ്കുവയ്പ്പിനൊപ്പം നൽകാൻ, അത് കുറച്ചു വ്യക്തികൾക്ക് മാത്രമായി പങ്കുവയ്ക്കപ്പെടാതെ ഹൃദയത്തോടെ ഏവരെയും ദർശിക്കുവാൻ. ദൈവം തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിക്കുന്നു. ഈ വിളിയുടെ മാനദണ്ഡം നിറവുകളുടെ കണക്കുപുസ്തകം പരിശോധിച്ചല്ല തീരുമാനിക്കപ്പെടുന്നത്. പിന്നെയോ കുറവുകൾ ഉള്ള ബലഹീനനായ മനുഷ്യനെയാണ് വിളിക്കുന്നത്. അശുദ്ധ അധരങ്ങൾ ഉള്ളവനാണെങ്കിൽ ചുട്ടുപൊള്ളുന്ന വിശുദ്ധിയുടെ കനൽകൊണ്ട് ശുദ്ധീകരണം നടത്തും. ബാലനാണെങ്കിൽ വചനംകൊണ്ട് അവന്റെ അധരം നിറയ്ക്കും, ഭയവും അജ്ഞതയും ആണെങ്കിൽ അറിവിന്റേയും

www.malankaralibrary.com

ധൈര്യത്തിന്റേയും ആത്മാവിനെക്കൊണ്ട് അവൻ അഭിഷേകം ചെയ്യും. പക്ഷേ കുറവുകളെ ഏറ്റുപറയുവാൻ, ലഹരിയുള്ള വീഞ്ഞായി പരിണമിക്കുവാൻ പാകമായ പച്ചവെള്ളംപോലെയുള്ള തെളിഞ്ഞ ഒരു ഹൃദയത്തോടെ ദൈവസന്നിധിയിൽ ആയിരിക്കാൻ നമുക്ക് കഴിയണം. ഇതിന് ഒരു ഗോഗുൽത്താബലി നമുക്ക് ആവശ്യം ഉണ്ട്. അവിടെ സുവിശേഷം ആവശ്യപ്പെടുന്ന ഉപേക്ഷയുടെ ഒരുതലം ഉണ്ട്. ഉറ്റവരോടും, സൗഹൃദങ്ങളോടും വിടപറയണം. ഈ ബലിക്ക് എന്റെ പരി.അമ്മ പ്രാർത്ഥനയോടെ അൾത്താരയിൽ കൂട്ടായി ഉണ്ടാകട്ടെ.

"മോശയെപ്പോലെ
അങ്ങയുടെ സ്നേഹിതനാകാൻ
അഹറോനെപ്പോലെ
മദ്ധ്യസ്ഥപ്രാർത്ഥന നിർവഹിക്കാൻ
ദാവീദിനെപ്പോലെ
മഹത്വത്തെ വാഴ്ത്താൻ
സോളമനെപ്പോലെ
താബോറിന്റെ പാപത്താഴ്വാരങ്ങളിൽനിന്നും....
ദുർബലരായ മനുഷ്യരെ

ബലിയർപ്പകരും
പുരോഹിതരുമായി
ഉയർത്തിയ കർത്താവേ
അവർണ്ണനീയമായ അങ്ങയുടെ
ദാനത്തിന് സ്തുതി."

കർത്താവേ, സത്യമായ നിന്റെ വാഗ്ദാനത്തെ പാലിച്ചുകൊണ്ടു നിന്റെ ആചാര്യന്മാരുടെ പ്രാർത്ഥനകളിൽ നീ സംപ്രീതനാവുകയും, അവരുടെ ഇടവകകൾക്കു ദയാപൂർവ്വം പാപപരിഹാരം നൽകുകയും ചെയ്യണമേ.

കുർബാന തക്സ

www.malankaralibrary.com



# പൊന്നുതമ്പുരാന്റെ വഴിയേ.... വിശ്വസ്തതയോടെ

എം. ബാബു & ശാന്ത ബാബു
ഫാ.ക്രിസ്തുരാജിന്റെ മാതാപിതാക്കൾ

സങ്കീർത്തകൻ 15:1–ൽ ഇപ്രകാരം പറയുന്നു "കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വാസമുറപ്പിക്കും?" ദൈവകൃപയാൽ അവിടുത്തെ കൂടാരത്തിൽ വസിക്കുവാനും അവിടുത്തേക്ക് ശുശ്രൂഷ ചെയ്യാനും ഞങ്ങളുടെ മകനെ തിരഞ്ഞെടുത്ത പൊന്നുതമ്പുരാന് സ്തുതി.

ഞങ്ങളുടെ ആഗ്രഹം മൂത്തമകനെ ഒരു വൈദികനാക്കണം എന്നതായിരുന്നു. എന്നാൽ കുഞ്ഞുനാൾ മുതലേ ഇളയമകനിലൽ വിളങ്ങിനിന്നിരുന്ന ഗുണങ്ങൾ ഒരു വൈദികന്റേതായിരുന്നു. മറ്റുള്ള വരെ കരുതാനും സ്നേഹിക്കാനും അതിനെക്കാളുപരി എല്ലാ മേഖല കളിലുമുള്ള മകന്റെ കഴിവും ഞങ്ങളെ ആകർഷിച്ചിരുന്നു. പത്താം ക്ലാസിലെ ഫൈനൽ റിസൾട്ട് വന്നപ്പോൾ ഇമ്മാനുവേൽ ബംഗ്ലാവിൽ അച്ചനാണ് മകനെ ബഥനി ആശ്രമത്തിൽ ചേരാൻ പ്രോത്സാഹിപ്പിച്ചത്. മോന്റെ പപ്പ അറിയാതെയാണ് അവൻ ആശ്രമത്തിൽ ചേർന്നത്. ഏകദേശം 6 മാസം കഴിഞ്ഞാണ് പപ്പ അറിയുന്നത്. ഒരുതരത്തിൽ മറ്റ് ഒളിച്ചോട്ടമായിരുന്നു അത്. വൈദികനാകണം എന്ന തീക്ഷ്ണമായ ആഗ്രഹത്തിൽ നിന്നുടലെടുത്ത ഒരു ഒളിച്ചോട്ടം. തുടർന്ന് ദീർഘമായ 12 വർഷക്കാലം ദൈവം മകനെ നടത്തി. എല്ലാ അവധിക്കുവരുമ്പോഴും ആശ്രമത്തെക്കുറിച്ചും ആശ്രമത്തിലെ കൂട്ടായ ജീവിതത്തെക്കുറിച്ചും മകൻ വാതോരാതെ സംസാരിക്കുമയിരുന്നു. അങ്ങനെ ബഥനിയെപ്പറ്റി ഞങ്ങൾ കൂടുതലറിയുകയും ഇപ്പോൾ ബഥനി ആശ്രമവും ഞങ്ങളും ഒരു കുടുംബമാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ദൈവത്തിന്റെ അവർണ്ണനീയമായ ഈ ദാനത്തിന് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല.

മകൻ വൈദികനായി അഭിഷേകം ചെയ്യുന്ന ഈ ധന്യമുഹൂർത്ത

www.malankaralibrary.com

ത്തിൽ മോന്റെ സന്ന്യാസവൈദികജീവിതത്തെ കരുപ്പിടിപ്പിച്ച എല്ലാ വന്ദ്യവൈദികരെയും സഹപാഠികളെയും ഓർത്ത് പ്രാർത്ഥിക്കുകും നന്ദി പറയുകയും ചെയ്യുന്നു. വിളിച്ചവൻ വിശ്വസ്തനാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. തുടർന്നും മകന്റെ ശുശ്രൂഷയിൽ തമ്പുരാൻ കാവലും തുണയുമായി ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. "ഞാനാണ് വഴിയും സത്യവും ജീവനും എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ സന്നിധിയിൽ എത്തുന്നില്ല" (യോഹന്നാൻ 14:6) എന്ന് അരുളിച്ചെയ്ത പൊന്നുതമ്പുരാന്റെ വചനങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് യേശുതമ്പുരാനാകുന്ന വഴിയിലൂടെ, അവിടുന്നാകുന്ന സത്യത്തെ മുറുകെ പിടിച്ചുകൊണ്ട് അനേകരെ പിതാവിന്റെ സന്നിധിയിലേക്ക് ആനയിക്കാൻ കൊച്ചച്ചന് സാധിക്കട്ടെ, അതിന് പരിശുദ്ധാത്മാവിന്റെ നല്വരങ്ങളും അഭിഷേകവും ലഭിക്കട്ടെ എന്ന് ആഗ്രഹിക്കുകയും ഭാവി ജീവിതത്തിന് എല്ലാ ആശംസകളും നേരുന്നു.

**തന്റെ തിരുമേനിയാൽ ഞങ്ങളുടെ പാപങ്ങൾ കഴുകി ഞങ്ങളെ ശുദ്ധീകരിക്കുകയും ബലി മുഖാന്തരം ലോകത്തിന് പാപപരിഹാരം നൽകുകയും ചെയ്ത ഞങ്ങളുടെ പ്രധാനാചാര്യനായ മിശിഹാ കർത്താവിന് സുകൃത പ്രവർത്തികളും നിർമ്മല ചിന്തകളും വിശ്വാസത്തിന്റെ പരിമളവും സ്വീകാര്യമായ ആദ്യഫലങ്ങളും സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.**

കുർബാന തക്സ

www.malankaralibrary.com

# ത്യാഗോജ്വലമായ ജീവിതദർശി ക്രിസ്തുരാജ് അച്ചൻ

ബ്രദർ ജീവൻ ഒ.ഐ.സി.

1989 –ൽ പള്ളിതെക്കേതിൽ വീട്ടിൽ എം.ബാബു–ശാന്ത ബാബു ദമ്പതികളുടെ മകനായി ജനിച്ച ഡീക്കൻ ക്രിസ്തുരാജ് മാർത്തോമ്മ ഹൈസ്ക്കൂൾ, നാലാഞ്ചിറ സെന്റ് ജോൺസ് ഡൽഹി വിദ്യാജ്യോതി എന്നിവിടങ്ങളിൽ പഠിച്ച് പരിശീലനം പൂർത്തിയാക്കിയിറങ്ങുന്നു. ജീവിതത്തിൽ കണ്ടുമുട്ടുന്നവരെയൊക്കെ ആകർഷിക്കുന്ന സ്നേഹപൂർവ്വമായ പെരുമാറ്റം, കഠിനാധ്വാന ശീലം, പഠനത്തിലെ മികവ്, ശബ്ദസൗകുമാര്യം, സഹായിക്കാനുള്ള മനഃസ്ഥിതി ഇതൊക്കെ അദ്ദേഹത്തിന്റെ സവിശേഷതയാണ്.

ഏൽപ്പിക്കുന്ന ജോലികളിൽ കർമ്മകുശലതയും വിശ്വസ്തതയുമുള്ള അദ്ദേഹത്തെ ഒരുപ്രാവശ്യം പരിചയപ്പെടുന്നവരൊന്നും മറക്കില്ല. കൂടെയുള്ളവരെ പ്രോൽസാഹിപ്പിക്കുകയും കരുതുകയും ചെയ്യുക അദ്ദേഹത്തിന്റെ സവിശേഷതയാണ്. സരസവും സ്നേഹമസൃണവുമായ സ്വഭാവത്തിലൂടെ സകലരേയും വരവേൽക്കാനും കൂടെയുള്ളവരുടെ വേദനകൾ മനസ്സിലാക്കി അവരെ താങ്ങുവാനും ക്ഷമയോടുകൂടി അവരെ കേൾക്കുവാനുമുള്ള കഴിവ് അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതയാണ്.

പരിശീലന ഘട്ടത്തിന്റെ പടിവാതിലിറങ്ങി കർമ്മവീഥികളിലേക്കിറങ്ങുമ്പോൾ ഏറ്റെടുക്കുന്ന ഓരോ ദൗത്യത്തിനും ദൈവം തുണയേകട്ടെയെന്ന് ബഥാനിയർ ഒരുമിച്ച് ചേർന്ന് നേരുന്നു. പൗരോഹിത്യജീവിതത്തിന് മംഗളാശംസകൾ.

www.malankaralibrary.com

# ബലഹീനതകളിൽ അത്ഭുതം പ്രവർത്തിക്കുന്നവന്റെ പിന്നാലെ...

ഫാദർ ക്രിസ്തുരാജ് ഒ.ഐ.സി.

"ഒരു കോടി ജന്മമീ ഭൂമിയിൽ തന്നാലും ഒരു കോടി നാവെനിക്കേകിയാലും....

നിറകോടി നന്മയാൽ നിൻ സ്തുതി പാടുവാൻ അടിയനിന്നാകുമോ തമ്പുരാനെ....

എന്റെ ദൈവമേ എന്റെ സ്നേഹമേ നന്ദി ഞാൻ ചൊല്ലുന്നതെങ്ങനെ?..."

വി.ഗ്രന്ഥത്തിൽ ഉടനീളം യേശുതമ്പുരാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുക, ബലഹീനതകളിൽ ആണെന്ന് നമുക്കറിയാം. താൻ ഒന്നുമല്ല എന്ന് ഏറ്റുപറയുന്ന ചുങ്കക്കാരൻ നീതീകരിക്കിപ്പെട്ടവനായി ഭവനത്തിലേക്കു മടങ്ങുന്നു. പാപിനിയായ് സ്ത്രീ ശുദ്ധീകരിക്കപ്പെട്ട വളായി ശിഷ്ടകാലം ജീവിക്കുന്നു. തന്റെ ബലഹീനതകളെ തിരിച്ചറിഞ്ഞ സക്കേവൂസിനെ പുതിയ സൃഷ്ടിയാക്കി യേശു തമ്പുരാൻ മാറ്റുന്നു. ഇതിനെല്ലാം ഉപരിയായി കുറവുകളും ബലഹീനതകളും ഉള്ള ശിഷ്യന്മാരുടെ ജീവിതം നിറവുകളുടേതായി മാറുന്നു.

പത്രോസിന്റെ നിഴൽ വീണ രോഗികൾ പോലും സൗഖ്യം പ്രാപിക്കുന്നതായി നാം വായിക്കുന്നു ഇപ്രകാരം ബലഹീനനായ എന്നിൽ അത്ഭുതം പ്രവർത്തിച്ചവനാണ് എന്റെ ദൈവം....

യോഗ്യതകളിലല്ല അയോഗ്യതകളിലാണ് തമ്പുരാൻ വെളിപ്പെടുന്നത് എന്നും അയോഗ്യതകള യോഗ്യതകളാക്കുവാൻ കഴിവുള്ളനാണ് എന്റെ ദൈവമെന്നും ഞാൻ തിരിച്ചറിയുകയും അഭിഷേകത്തിന്റെ ഈ നാളുകളിൽ ശ്രേഷ്ഠനും മഹാകാരുണ്യവാനു മായ ദൈവത്തിന് എന്നെതന്നെ സമർപ്പിക്കുകയും നന്ദിയർപ്പിക്കു കയും ചെയ്യുന്നു....

www.malankaralibrary.com

ഈ അവസരത്തിൽ ഓർമ്മയുടെ തെളിഞ്ഞ മുഖങ്ങളിലൂടെ അനേകം വ്യക്തിത്വങ്ങൾ കടന്നുപോകുന്നു...

ഞാനെന്ന മൺപാത്രത്തെ ശക്തിപ്പെടുത്തിയ ഒട്ടേറെ കരങ്ങൾ...

എന്റെ ഗുരുക്കന്മാർ, ബഥനി വൈദികർ, സഹപാഠികൾ...

ഒരുപക്ഷേ എന്റെ കുടുംബത്തിൽ വസിച്ച നാളുകളെക്കാൾ ഞാൻ വർഷങ്ങളോളം ബഥനിയിൽ താമസിച്ചു. എന്നെ കരുപ്പിടിപ്പിച്ച എല്ലാ സോദരങ്ങൾക്കും..

എല്ലാ കുർബാനകളിലും എനിക്ക് ചേർത്തുവെച്ച് പ്രാർത്ഥിക്കാൻ നിങ്ങൾ ഉണ്ടാകും എന്ന ഉറപ്പാണ് എന്റെ നന്ദി.

എന്റെ ജീവിതത്തിലെ ആദ്യഗുരുക്കന്മാർ, അമ്മ, പപ്പ, സഹോദരങ്ങൾ.. ജീവിത വഴിയിൽ വെളിച്ചം നൽകിയ വൈദികർ, സുഹൃത്തുക്കൾ, കണ്ണുനീരോടുകൂടി എനിക്കുവേണ്ടി പ്രാർത്ഥിച്ച ബന്ധുക്കൾ ഏവരെയും നെഞ്ചോടുചേരർത്തു പ്രാർത്ഥിക്കുന്നു, നന്ദി പറയുന്നു.

''എന്റെ കൽപ്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും'' (യോഹ 14:21).

''എന്റെ ദൈവമേ എന്റെ സ്നേഹമെ''
ഒരായിരം നന്ദി....

www.malankaralibrary.com

# നാളെയുടെ ശില്പികൾ നിങ്ങൾ നവവൈദികർ

ഫാ.ജയിംസ് മാമൂട്ടിൽ ഒ.ഐ.സി.,

"ഇന്ന് പ്രശസ്തർ തിരക്കും ചക്രം
നാളത്തെ മന്നിന്റെ സൂത്രധാരത്വം
നാളത്തെ പൂക്കൾ നിങ്ങൾ"

എന്ന കവി വാക്യം ബഹുമാനപ്പെട്ട നവവൈദീകർക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് ആവർത്തിക്കട്ടെ. സഭയ്ക്കും സന്യാസസഭയ്ക്കും മനുഷ്യമഹാസമൂഹത്തിനും ഭാസുരമായ ഭാവി വാഗ്ദാനങ്ങളാണ് നവവൈദീകർ. അവർക്കോരോരുത്തർക്കും പ്രാർത്ഥനാ നിർഭരമായ അനുമോദനങ്ങളും ഭാവുകങ്ങളും ആശംസിക്കുന്നു.

**അന്ത്യമല്ല ആരംഭമാണ്**

നയിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്ന വൈദീകർ ദീർഘ നാളത്തെ പ്രാർത്ഥനയുടെയും ഒരുക്കത്തിന്റെയും പഠനത്തിന്റെയും സർവ്വോപരി സമർപ്പണത്തിന്റെയും ധാരയിലാണ് പൗരോഹിത്യപദവിയിലേക്ക് പ്രവേശിച്ചിരിക്കുന്നത്. അവരും അവരുടെ മാതാപിതാക്കളും ഗുരുജനങ്ങളും അഭിനന്ദനമർഹിക്കുന്നു.യാത്രയുടെ അന്ത്യമല്ല ആരംഭമാണ്.

**കസ്തൂരിപോലെ മണക്കട്ടെ വാക്കുകൾ**

സൃഷ്ടിക്കു മുഴുവനും വേണ്ടി പ്രാർത്ഥിക്കുന്നവരും മോചനം അപേക്ഷിക്കുന്നവരുമാണ് പുരോഹിതർ. സ്വയ ബലിയാൽ ലോകത്തെ രക്ഷിച്ച ക്രിസ്തുവിന്റെ പ്രതിപുരുഷൻ എന്ന പദവിയിലാണ് ഓരോ പുരേഹിതനും. ആ പദവിയുടെ ഔന്നത്യം കാത്തുസൂക്ഷിക്കുക ഭാഗ്യകരമാണ്.വാക്കുകയിലും പ്രവർത്തികളിലും ചിന്തയിലും ഈ ഔന്നത്വം അവർ കാത്തുസൂക്ഷിക്കണം. പദവിക്ക് നിരക്കാത്തതൊന്നും വൈദീകനിൽ നിന്നുണ്ടാകാൻ പാടില്ല. വാക്കുകൾ കുലീനമാകണം. കസ്തൂരിപോലെ മണക്കട്ടെ വാക്കുകൾ കടമ്മനിട്ടയുടെ വരികളാണവ.

**തട്ടരുത് മുട്ടരുത് മൺപാത്രങ്ങളിലാണ് ഈ നിധി**

വി.പൗലോസ് പറയുന്നതുപോലെ മൺപാത്രങ്ങളിലാണ് ഈ നിധി നൽകപ്പെട്ടിരിക്കുന്നത് എന്നതിനാൽ തട്ടാതെയും മുട്ടാതെയും ആ നിധി കാത്തുസൂക്ഷിക്കേണ്ടതുണ്ട് (2 കൊറി. 4:7)ധീരതയും സൂക്ഷ്മതയും അതിനാവശ്യമാണ്. ശക്തനായവനിൽഎനിക്കെല്ലാം സാദ്ധ്യമാണ്. നിനക്കു എന്റെ കൃപമതി എന്ന് ഓർക്കാം .

www.malankaralibrary.com

**തങ്ങളിൽനിന്ന് പുറത്തേക്ക് പോകണം.**

നല്ലവരായിരിക്കാനും നല്ലവരായി കാണപ്പെടുവാനും നിർബന്ധിക്കുന്ന നേതൃത്വത്തിനായുള്ള പൗരോഹിത്യവിളി. മാതൃകകളായ പുരോഹിതരും സന്യസ്തരും നമ്മുടെ ജീവിതത്തിന്റെ വഴി വിളക്കുകളായി വിരാജിക്കുന്നു. മറ്റുള്ളവർക്കായി സമർപ്പിക്കപ്പെട്ട ജീവിതം എന്നതാണ് കർത്താവിന്റെ ജീവിതത്തിന് ബോൺഹോഫർ നൽകുന്ന നിർവ്വചനം. അതുതന്നെയാണ് ഓരോ ക്രിസ്തു ശിഷ്യനും ചേരുന്ന മേലങ്കി എന്ന് നമ്മുക്കോർക്കാം.

**നാളെയുടെ ശില്പികൾ**

യുവജനങ്ങളെപ്പറ്റി വി.ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ പറഞ്ഞു യുവജനങ്ങൾ ഇന്നത്തെയും നാളത്തെയും സഭയാണ്. നവവൈദീകരെപ്പറ്റിയും പറയാവുന്നത് ഇതാണ്. അവരാണ് ഇന്നത്തെയും നാളത്തെയും സഭയുംസന്യാസ സഭയും സമൂഹവും.

**ആവേശാഗ്നിയാൽ അഭിഷേകം**

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നതുപോലെ ആവേശത്തിന്റെ അഗ്നിയാൽ അഭിഷേകം ചെയ്യപ്പെട്ടവരായി ഓരോ വൈദീകനും സന്യസ്തരും സ്വയം തിരിച്ചറിയണം. വെളിപാടു പുസ്തകത്തിൽ വി.യോഹന്നാൻ പറയുന്നതുപോലെ തണുപ്പോ ചൂടോ ഉള്ളവനാകാൻ(വെളി. 3 .15) തീക്ഷ്ണതയുള്ളവനാകാൻ (വെളി. 3 .19) നാം വിളിക്കപ്പെടുന്നു. മറ്റുള്ളവരിലേക്ക് ഉത്സാഹം പ്രസരിപ്പിക്കുന്ന വ്യക്തിത്വങ്ങളാണ് ഇന്നിന്റെ ആവശ്യമെന്ന് നമ്മുക്കോർക്കാം.

**ഭൂതലസീമകളോളം**

ലോകത്തിന്റെ അറ്റത്തോളം (അ.പ്ര.1 .8) സാക്ഷികളായിരിക്കാനാണ് കർത്താവ് സ്വർഗ്ഗാരോഹണ വേളയിൽ ശിഷ്യന്മാരോടും അതുവഴിയായി നമ്മോടും ആഹ്വാനം ചെയ്യുന്നത്. കേരളത്തിന്റെ എല്ലാ ഭാഗത്തും എത്തിച്ചേരാൻപോലും നമ്മുക്കാകുന്നില്ലെങ്കിൽ ഭാരതത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലും സാന്നിദ്ധ്യമറിയിക്കാൻ നമ്മുക്കെങ്ങനെ കഴിയും. ക്രിസ്തുവിനെ കേട്ടിട്ടില്ലാത്ത ദേശങ്ങൾ ഇന്നും എത്രയധികം.

**ഐക്യത്തിന്റെ ശുശ്രൂഷകൾ**

ദൈവം പിതാവും എല്ലാ മനുഷ്യരും ദൈവമക്കളും സഹോദരി സഹോദരന്മാരും എന്ന ലോകമേ തറവാട് എന്ന കുടുംബഭാവനയിലേക്ക് ഏവരേയും നയിക്കാനാണ് " സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന്

www.malankaralibrary.com

ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ട് കർത്താവായ യേശു ക്രിസ്തു അഭിലഷിക്കുന്നത്. യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന വരുടെ ഐക്യത്തിലൂടെയാണ് ഇതിന്റെ ആദ്യപടി പണിതുയർ ത്തേണ്ടത്. വി.പത്രോസ് ശ്ലീഹാ പറയുന്നതുപോലെ നാമാകുന്ന ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെടുന്ന (1 പത്രോ. 2 .5) ഭവനമായി പടുത്തുയർത്തപ്പെടട്ടെ.

**മാനവ മഹാകുടുംബം**

1892-ൽ അമേരിക്കയിലെ ഷിക്കാഗോയിൽ ലോകമതങ്ങളുടെ പാർലമെന്റിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞു യേശുദേവൻ ലോകത്തെ പഠിപ്പിച്ച പ്രാർത്ഥന "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാവുമ്പോൾ ഭൂമിയിലുള്ള എല്ലാവരും സഹോദരി സഹോദരൻമാരും ഈശ്വരൻ എല്ലാവരുടെയും പിതാവുമാണ്. മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞുഭാരതത്തിലെ നൂറു നൂറു ഗ്രാമങ്ങളിൽ നൂറുനൂറു ക്രിസ്തുമാരെ ആവശ്യമുണ്ട്. ക്രിസ്ത്യാനി എന്നു പേരുള്ളവരെയെല്ലാം ക്രിസ്തുവിന്റെ നന്മയും കരുണയും സ്വന്തമാക്കിയവരെ ഇരുമ്പിന്റെ ശരീരവും ഉരുക്കിന്റെ ഹൃദയവുമുള്ള യുവതി യുവാക്കന്മാരെ ധീരതയുടെയും കരുത്തിന്റെ പര്യായമായുള്ള തലമുറയായി നാം മാറണം. അതാണ് ലോകത്തിനാവശ്യം ഭാരതത്തിനാവശ്യം.

**സാഹസിക മുന്നേറ്റം**

എല്ലാ മേഖലകളിലും സാഹസികമായ മുന്നേറ്റങ്ങൾക്ക് സന്നദ്ധതയുള്ള വ്യക്തിത്വങ്ങളായി നാം മാറണം.ആത്മീയ മേഖലയിലും സാക്ഷ്യത്തിന്റെ തലത്തിലും ദൈവജനം ആഗ്രഹിക്കുന്ന അർപ്പണ ബോധത്തോടെ നമ്മുക്ക് മുന്നേറാനാകണം. നമ്മോടുള്ള സ്നേഹത്തെ പ്രതി സ്വയം ശൂന്യനാക്കിയ കർത്താവ് ത്യാഗനിർഭര മായ തന്റെ സ്നേഹം ജീവിക്കാൻ നമ്മെ ക്ഷണിക്കുന്നു. ആ ക്ഷണമാണ് പൗരോഹിത്യം. സന്യാസം ശിഷ്യത്വം. സേവനത്തിലും സംലഭ്യതയിലും സമ്പന്നമാകണം ശുശ്രൂഷാ പൗരോഹിത്യം.

**പ്രത്യാശയുടെ പ്രസക്തി**

ഭാസുരമായ ഭാവിയുടെ പ്രത്യാശാവാഹകരാകുവാൻ വിശ്വാസ ത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകങ്ങളാകുവാൻ ഏവർക്കു മാകട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു. ഔദാര്യവാനായ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

www.malankaralibrary.com



# എത്രയോ ഭാഗ്യം....

വർഗ്ഗീസ് പി. എം. & ഗ്രേസി വർഗ്ഗീസ്
ഫാദർ വിജോയി വർഗ്ഗീസിന്റെ മാതാപിതാക്കൾ

മാതാവിന്റെ ഉദരത്തിൽ രൂപം നല്കുന്നതിനുമുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു (ജറെ 1:4).

ദൈവത്തിന്റെ ബലിപീഠത്തിലേക്ക് ബലിയർപ്പകനായി ഞങ്ങളുടെ മകൻ വിജോയിയെ തിരഞ്ഞെടുത്തതിനാൽ ദൈവത്തെ ഞങ്ങൾ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. ഈ അനുഗ്രഹ നിമിഷത്തിൽ കർത്താവിന്റെ ശുശ്രൂഷയ്ക്കായി വിളിച്ച് വേർതിരിക്കപ്പെട്ട എല്ലാ നവവൈദികർക്കും ഞങ്ങളുടെ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ഞങ്ങൾക്ക് ദൈവം ദാനമായി രണ്ട് ആൺമക്കളെ തന്നു. ഇവരിൽ മൂത്തപുത്രനായ വിജോയി വർഗ്ഗീസിനെ ദൈവശുശ്രൂഷ യ്ക്കായി ദൈവത്തിനു നല്കണമെന്നുള്ള സ്വപ്നം 2016 ജനുവരി 17,21 തീയതികളിൽ പൂവണിയുകയാണ്. കുട്ടിക്കാലം മുതലേ വിജോയി പ്രാർത്ഥിക്കുമായിരുന്നു. 'ഈശോയെ അങ്ങയുടെ മുന്തിരിത്തോട്ട ത്തിലെ ഒരു വേലക്കാരനാവാൻ എന്നെ ഒരുക്കണമേ.'

ഈ പ്രാർത്ഥന സഫലമാവുകയാണ്. നിനക്കാരാകാനാണ് താത്പര്യം എന്ന ചോദ്യത്തിന് വൈദികനാകുവാനാണ് താത്പര്യം എന്നു പറഞ്ഞിരുന്ന വിജോയി ആത്മീയ കാര്യങ്ങളിൽ വളരെ ഉത്സാലുവായിരുന്നു...

സന്ധ്യാപ്രാർത്ഥന, മതബോധനം, വി.കുർബാന എന്നിവയിൽ സജീവമായി പങ്കെടുക്കുകയും പത്താംവയസ്സിൽ പ്രഥമദിവ്യകാരുണ്യം അനുഭവിക്കുകയും ചെയ്തു. അന്നുമുതൽ അൾത്താരബാലനായി ശുശ്രൂഷ ചെയ്യുകയും ചെയ്തുപോന്നു...

www.malankaralibrary.com

പഠനകാര്യത്തിൽ മുൻപന്തിയിൽ നിന്നുകൊണ്ട് എല്ലാ കാര്യങ്ങളിലും ഉത്സാഹിയായി പങ്കെടുത്തിരുന്ന വിജോയിയെ എല്ലാവർക്കും വളരെ ഇഷ്ടമായിരുന്നു...

ഭവനത്തിലായിരിക്കുമ്പോൾ ഞങ്ങളെ സഹായിക്കുന്നതിലും താത്പര്യം കാട്ടി... വൈദികപരിശീലനത്തിൽ ആശ്രമത്തിൽ ചേർന്ന നിമിഷം മുതൽ 'ദൈവമേ അങ്ങയുടെ ഇഷ്ടംപോലെ അങ്ങയുടെ മകനെ വാർത്തെടുക്കണമേ' എന്നതായിരുന്നു ഞങ്ങളുടെ പ്രാർത്ഥന.

15 വയസ്സുമുതൽ ചൊല്ലുംചോരും ശിക്ഷണവും നല്കി വെട്ടിയൊരുക്കി പാകപ്പെടുത്തിയ ബഥനി സമൂഹത്തോടും വൈദീകശ്രേഷ്ഠരോടുമുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു...

"വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ വിളവിന്റെ ഭൂമിയിലേക്ക് വേലക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9:37-38).

അനേകരുടെ പ്രാർത്ഥനകളാലും അതിലുപരി ദൈവത്തിന്റെ തിരഞ്ഞെടുപ്പിലൂടെയും സ്വയം സമർപ്പണത്തിലൂടെയും ഞങ്ങളുടെ മകൻ വിജോയിയുടെ കൂടെ പൗരോഹിത്യം സ്വീകരിക്കുന്ന എല്ലാവരേയും അനുമോദിക്കുകയും ഒപ്പം പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, ജ്വലിക്കുന്ന അഗ്നിയായി അനേകം ആത്മാക്കളെ ഈശോയ്ക്കുവേണ്ടി നേടുന്നതിനും, അനേകർക്ക് വഴികാട്ടിയായി നമ്മുടെ കർത്താവായ യേശുമിശിഹായെ അനുകരിക്കുന്ന ഒരു ഉത്തമ വ്യക്തിത്വത്തിന്റെ ഉടമകളാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു...

www.malankaralibrary.com

# സഹൃദയനായ വിജോയി അച്ചൻ...

ബ്രദർ ജോബി തോമസ്

ആത്മാവിൽ അഗ്നിയും, ശിരസ്സിൽ അഭിഷേകവും ഹൃദയത്തിൽ മായാത്ത മുദ്രയുമായി ഒരുപറ്റം വൈദീകർ കൂടി ബഥനിയിൽ നിന്നും അജപാലനത്തിന്റെ സുകൃതഭൂമിയിലേക്ക്... ഏവർക്കും ഭാവുകങ്ങൾ.

വിശുദ്ധീകരണത്തിന്റെ ബലിവേദിയിലേയ്ക്ക് കയറുന്ന... ഇച്ഛാശക്തിയോടെ കർമ്മമണ്ഡലത്തിലേയ്ക്കു ഇറങ്ങുന്ന... വിജോയ് അച്ചന് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു... കർണാടകത്തിലെ കോടിയംബാളയിൽ 1990 ജനുവരി മാസം 14-ാം തീയ്യതി തെക്കെപ്പൂക്കളം വീട്ടിൽ വർഗ്ഗീസിന്റെയും ഗ്രേസി വർഗ്ഗീസിന്റെയും രണ്ടു മക്കളിൽ മൂത്തവനായി ജനിച്ചു. പ്രാഥമിക വിദ്യഭ്യാസം കർണാടയിൽ പൂർത്തീകരിച്ച് 2005 ജൂൺ മാസം ബഥനിയിൽ പ്രവേശിച്ചു. മംഗലപ്പുഴ, പൂന സെമിനാരികളിൽ നിന്നു തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് തന്റെ വൈദീകജീവിതം ആരംഭിക്കുമ്പോൾ, ബഥനി സമൂഹം അച്ചനിൽ നിന്നും ഒത്തിരിയേറെ നന്മകൾ പ്രതീക്ഷിക്കുന്നു.

തന്റെ വൈകാരിക പക്വതയും സമൂഹ ജീവിതത്തിലെ ഉത്സാഹവും കൂടെ വസിക്കുന്നവർക്ക് ഏറെ പ്രചോദനമാണ്. ഹിന്ദി, കർണാടക, തുളു തുടങ്ങി അഞ്ചോളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്ന അച്ചന്റെ ആശയവിനിമയ ചാതുര്യം ബഥനിയുടെ നാളെകളിലെ മിഷൻ വേലകൾക്ക് മിഴിവേകും. പഠനത്തിലുള്ള അദ്ദേഹത്തിന്റെ കഴിവും അനുഗ്രഹപ്രദമായ ശബ്ദവും അച്ചന്റെ ജീവിതത്തിൽ ഒരു മുതൽക്കൂട്ടാണ്. പഠനകാലത്തിൽ പൂന BVPയുടെ 'സ്റ്റുഡന്റ് റെപ്പ്' ആയിരുന്നു കൊണ്ട് തന്റെ സംഘടനാ മികവും അദ്ദേഹം വളർത്തിയെടുത്തു. എല്ലാം തികഞ്ഞ ഒരു ഡ്രൈവർ... ബാസ്കറ്റ് ബോൾ കളിക്കാരൻ, കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ ഗുണങ്ങൾ അച്ചന്റെ വൈദീക ജീവിതത്തെ ഏറെ സഹായകരമാക്കും. എല്ലാറ്റിലും ഉപരി ഞങ്ങളുടെ എല്ലാം നല്ല സ്നേഹിതൻ...

ബഹുമാനപ്പെട്ട കൊച്ചച്ചാ, അച്ചന്റെ പ്രേക്ഷിത നിയോഗങ്ങൾ ദൈവജനത്തിന് പുതിയ ഉണർവ്വ് പകരട്ടെ. അച്ചന്റെ സാന്നിദ്ധ്യവും, സാമീപ്യവും വേദനിക്കുന്ന ഹൃദയങ്ങൾക്ക് സാന്ത്വനം പകരട്ടെ എന്നു ആശംസിക്കുന്നു.

www.malankaralibrary.com

# വിശ്വസ്ഥനായി പരിഗണിച്ചവന്റെ മുമ്പിൽ നന്ദിയോടെ...

**ഫാ. വിജോയ് വർഗ്ഗീസ് ഒ.ഐ.സി**

എന്നെ ശക്തിപ്പെടുത്തുന്ന കർത്താവായ യേശുക്രിസ്തുവിനു ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്ഥനായി കണക്കാക്കി. (തിമോത്തി.1:12)

സന്തോഷത്തിന്റെയും നന്ദിയുടേയും അനർഘനിമിഷങ്ങൾ... തന്റെ ശുശ്രൂഷയ്ക്കായി ഒരു വിശ്വസ്ഥനായി പരിഗണിച്ചുകൊണ്ട് ബഥനിയിലൂടെ സന്ന്യാസ വൈദീക ജീവിതത്തിലേയ്ക്ക് എന്നെ കൈപിടിച്ചു നടത്തിയ പൊന്നു തമ്പുരാന്റെ മുമ്പിൽ ഞാൻ എന്നെ തന്നെ സമർപ്പിക്കുന്നു. എവിടെയോ നഷ്ടപ്പെട്ടു പോകാമായിരുന്ന ഈ ജീവിതത്തെ ഇത്രത്തോളം താങ്ങി ഇന്ന് അൾത്താരയിൽ ഒരു ബലിയായി അർപ്പിക്കാൻ എന്നെ യോഗ്യനാക്കിയതിന് ദൈവമേ നിനക്ക് നന്ദി...

നീ എന്നെ സ്വന്തമാക്കിയത് എന്റെ പ്രിയപ്പെട്ടവരിലൂടെയാണ്. എനിക്കു ജന്മം തന്ന് എന്നെ ഞാനാക്കിയ എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ. മൂത്തമകന്റെ ആഗ്രഹത്തിന് സമ്മതം നൽകി പ്രാർത്ഥനയോടെ എനിക്കും കൂടെയുള്ളവർക്കും ഒരു ശക്തി കേന്ദ്രമായി നിലകൊള്ളുന്നവർ... ഏക സഹോദരന്റെ ആഗ്രഹത്തിന് എന്നും തണലായി നിലകൊള്ളുന്ന പ്രിയ അനുജന്...

പൗരോഹിത്യ ജീവിതത്തിൽ എന്നും എനിക്ക് പ്രചോദനമായി നിലകൊള്ളുന്ന പ്രിയ ജ്യേഷ്ഠ സഹോദരൻ ഫ്രാൻസീസ് അച്ചനും പിന്നെ... കരുതലായി കൂടെ ആയിരുന്ന കുടുംബാംഗങ്ങൾ, ബന്ധുക്കൾ, എന്റെ പ്രിയ സുഹൃത്തുക്കൾ...

www.malankaralibrary.com

പിതൃവാത്സല്യത്തോടെ നിലകൊള്ളുന്ന പെരിയ ബഹുമാനപ്പെട്ട ജനറാളച്ചനും, പ്രൊവിൻഷ്യൽ അച്ചന്മാർക്കും...

അറിവിന്റെ വെളിച്ചം പകർന്ന ബഥനിയിലെ ഗുരുക്കന്മാർ, ബഹുമാനപ്പെട്ട കുര്യാക്കോസ് അച്ചൻ, ബ. സിപ്രിയാനച്ചൻ, ബ. നൈനാനച്ചൻ, ബ. അനിയച്ചൻ, ബ. ബിനോയ് അച്ചൻ, ബ. ഐസക്കച്ചൻ, ബ. സിറിൾ അച്ചൻ... ആദ്ധ്യാത്മിക വെളിച്ചം പകർന്നു തന്ന ആദ്ധ്യാത്മിക പിതാക്കന്മാർ...

പ്രാർത്ഥനയിലൂടെ എന്നെ ശക്തിപ്പെടുത്തുന്ന പ്രിയ ഇടവക ജനം. ഇടവകയിലെ വൈദീകർ, മുൻ വികാരിമാർ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് വിശിഷ്യാ ഇന്ന് എന്റെ വികാരിയായിരുന്ന സ്നേഹവും കരുതലും തന്ന് ബലപ്പെടുത്തുന്ന ബഹുമാനപ്പെട്ട മാത്യു വാഴക്കപ്പാറ അച്ചനും...

കഴിഞ്ഞ വർഷങ്ങളിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനത്തിന് വഴിയൊരുക്കി തന്ന മംഗലപ്പുഴ, പൂന JDV കുടുംബങ്ങൾ...

നിറപുഞ്ചിരിയും മധുരവും പകർന്ന് നൽകിയ പൂന ബഥനി ആശ്രമത്തിലെ വൈദീകർ, കുഞ്ഞനുജന്മാർ...

ഡെക്കനേറ്റ് മിനിസ്ട്രിയിൽ സ്നേഹവും തിരുത്തലുമായി എന്നെ കരുതിയ അയിരൂർ, കാഞ്ഞേറ്റുകര ഇടവക ജനം... പ്രിയ വലിയ പറമ്പിലച്ചൻ...

പ്രിയപ്പെട്ടവരേവരുമേ ഒരായിരം നന്ദി.

വിശ്വസ്ഥനായി എന്നെ പരിഗണിച്ചവന്റെ മുമ്പിൽ വിശ്വസ്ഥതയോടെ ജീവിപ്പാൻ ഒരു സാധാരണ സന്ന്യാസ വൈദീകനായി ജീവിക്കുവാൻ തുടർന്നും പ്രാർത്ഥനയുടെ കൈകൾ എനിക്കായ് ഉയർത്തണമേ. തമ്പുരാന്റെ ഈ കൊച്ചു ജീവിതം അനേകർക്കായ് പങ്ക് വയ്ക്കാൻ എന്നെ ഇടയാക്കണേ. കുറവുകളേയും നിറവുകളേയും തമ്പുരാന്റെ ശക്തിയിൽ വിശ്വസിച്ച് ബലിവേദിയിൽ ജീവിതം ആരംഭിക്കുന്നു.

www.malankaralibrary.com



# തീയായ മദ്ബഹായിലേക്ക്...

മാത്യു ഡി. & ലില്ലി മാത്യു
ഫാദർ ഡാനി മാത്യുവിന്റെ മാതാപിതാക്കൾ

മാതാവിന്റെ ഉദരത്തിൽനിനക്കു രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (1ജെറ 1-5).

എല്ലാം ഉപേക്ഷിച്ച് സ്വമനസ്സാലെ തമ്പുരാന്റെ തോട്ടത്തിലേക്ക് അവിടുത്തെ ദാനമായി, വേലക്കാരനായി ഇറങ്ങിപ്പുറപ്പെട്ടു. ഞങ്ങളുടെ മകന്റെ ആ തീരുമാനത്തെ മാതാപിതാക്കളായ ഞങ്ങളും സ്വമനസ്സാ അംഗീകരിക്കുകയായിരുന്നു. ഞങ്ങളുടെ മകനെ വിളിച്ച് വേർതിരിച്ച് ഇപ്പോൾ സന്ന്യാസപൗരോഹിത്യത്തിലേക്ക് ഉയർത്തുന്ന പൊന്നുതമ്പുരാന് ഞങ്ങളും മറ്റ് എല്ലാ കുടുംബങ്ങളും ഒരായിരം നന്ദി പറയുന്നു.

കുഞ്ഞുനാൾ മുതൽ വളരെ ലളിതമായ ജീവിതശൈലിയാൽ മറ്റുള്ളവരുടെ സ്നേഹം കവർന്നെടുക്കുന്ന കുട്ടിയായിരുന്നു. സണ്ടേസ്കൂൾ, എം.സി.വൈ.എം., അൾത്താരശുശ്രൂഷ എന്നിവയിലുള്ള സജീവ പങ്കാളിത്തം വൈദികശ്രേഷ്ഠർക്കും സിസ്റ്റേഴ്സിനും ഡാനിയോട് നല്ല അടുപ്പം നേടിക്കൊടുത്തു.

വി.മത്തായി ശ്ലീഹായുടെ സുവിശേഷം 5:48ൽ പറയുന്നു. സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ. ഓർക്കുക - പരിപൂർണതയിലേക്കാണ് ദൈവം നിന്നെ വിളിച്ച് വേർതിരിച്ച് അഭിഷിക്തനാക്കിയിരിക്കുന്നത്. ആ പരിപൂർണതയ്ക്കും പരിശുദ്ധിക്കും അനുസരിച്ച് ജീവിക്കുവാൻ ജീവന്റെ കൂദാശയിൽനിന്നും ശക്തി അനുദിനം സ്വീകരിക്കാം.

ബലിയാകുവാനും ബലിയേകുവാനും ഇറങ്ങിത്തിരിച്ച നവ വൈദികരെ നിങ്ങുടെ ജീവിതവഴിത്താരകളിൽ നിങ്ങളെ വളർത്തിയ ഈ കരങ്ങളും നിങ്ങൾക്കായി പ്രാർത്ഥിച്ച ഈ നാവുകളും നിങ്ങളെ

www.malankaralibrary.com

സ്നേഹിച്ച ഈ ഹൃദയവും എന്നും നിങ്ങളുടെ കൂടെയുണ്ടായിരിക്കും. നിർമ്മലഹൃദയത്തോടെ ഉയർത്തുക. തിരുശരീരരക്തങ്ങൾ ഞങ്ങൾക്കായി....

"ഹേ! പുരോഹിതാ നിന്റെ ജീവിതം എത്ര പവിത്രം, എത്ര മഹനീയം, എത്രയോ ശ്രേഷ്ഠം."

ദൈവശുശ്രൂഷയ്ക്കായി ഞങ്ങളുടെ മകനെ തിരഞ്ഞെടുത്തതിൽ ദൈവത്തോടുള്ള കടപ്പാട് ഓർമ്മിക്കുകയും ഞങ്ങളുടെ മകൻ എല്ലാവർക്കും ശുശ്രൂഷകനും സഹായിയും ആയിത്തീരട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തനാകുമ്പോൾ ആയതിന് സഹായകമായ പരിശീലനവും ശിക്ഷണവും അനുഗ്രഹവും എല്ലാം നൽകി വളർത്തിക്കൊണ്ടുവന്ന ബഥനി സന്ന്യാസസമൂഹത്തിലെ എല്ലാ വൈദികശ്രേഷ്ഠരെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. താങ്ങും തണലുമായി എന്നും എന്നും ഞങ്ങളുടെ കുടുംബത്തോടും ഡാനിയുടെ പരിശീലനയാത്രയോടും ഒപ്പം ഉണ്ടായിരുന്ന ഇടവകാംഗങ്ങളോടും വികാരിയച്ചനോടും ഞങ്ങളുടെ എല്ലാ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും സ്നേഹനിധികളായ നാട്ടുകാരോടും ഉള്ള നന്ദിയും കടപ്പാടും ഞങ്ങൾ നേരുന്നു.

ഇത്രത്തോളം ദൈവം സഹായിച്ചു. തുടർന്നും ഞങ്ങളുടെ മകന്റെ ഓരോ പ്രവർത്തനങ്ങളിലും എല്ലാവരുടെയും പ്രാർത്ഥനയും അനുഗ്രഹങ്ങളും തുടർന്ന് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

എനിക്കു സംഭവിക്കുന്ന സകലതും
ദൈവസന്നിധിയിൽനിന്നും വരുന്നതാകുന്നു.
അതുകൊണ്ട് നന്ദിയോടെ സ്വീകരിക്കുക.
ദൈവത്തിന്റെ സൂക്ഷിപ്പിലേക്കു നാം
പരിപൂർണ്ണമായി കൈ ഒഴിഞ്ഞു കൊടുക്കണം.

(ദൈവദാസൻ മാർ ഈവാനിയോസ്)

www.malankaralibrary.com

# വീഥികളെ സുകൃതമാകുന്ന ഡാനി അച്ചൻ

ബ്രദർ ലിബിൻ മാത്യു ഒ.ഐ.സി.

ബഥനി ആശ്രമത്തിന്റെ ചുറ്റുപാടുകളിൽ വളർന്ന് സഭയുടെ ശുശ്രൂഷ രംഗത്തേക്ക് കടന്നുവരുന്ന ഡാനി മാത്യു അച്ചൻ ഏവർക്കും മാതൃകാപരമായ ജീവിതത്തിന്റെ ഉടമയാണ്. 1990 ഏപ്രിൽ 21-ാം തീയതി ജനിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2005-ൽ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. തുടർന്ന്, തിരുവനന്തപുരം, ആലുവ, കോട്ടയം വടവാതൂർ സെമിനാരി, ഭിലായ്, സമന്വയ തിയോളജിയുടെ ഭാഗമായി ഋഷികേശ്, ബാംഗ്ലൂർ തുടങ്ങി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പരിശീലനം പൂർത്തിയാക്കി അൾത്താരയോട് അടുക്കുമ്പോൾ ദൈവത്തിന് നന്ദിപറയുന്നു.

പരിശീലനകാലയളവിൽ കണ്ടുമുട്ടിയതും ഇടപഴകിയട്ടുള്ളതുമായ അവസരങ്ങളിൽ ഓർമ്മിക്കാൻ എന്തെങ്കിലുമൊക്കെ തന്നിട്ടു പോകുന്ന ഒരു ബഥാന്യൻ. ശരീര പ്രകൃതിപോലെയുള്ള മനസ്സിന്റെ വലിപ്പവും ഡാനി അച്ചനുമായി ഇടപഴകിയിട്ടുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കും. പരിശീലനത്തിൽ ആയിരുന്നിട്ടുള്ള വിവിധ സെമിനാരികളിലെ ബ്രദേഴ്സിന്റെ അഭിപ്രായത്തിൽ നിന്ന് ഡാനി ബ്രദർ ആരെന്നുള്ള കാര്യം കൂടുതൽ മനസ്സിലാക്കാൻ സാധിക്കും. കൂടെ താമസിക്കുന്നവർ മുതൽ ഗുരുക്കന്മാർ വരെയും ചെറുതും വലുതുമായിട്ടുള്ള കാര്യങ്ങൾ വിശ്വാസപൂർവ്വം ഏൽപ്പിക്കുമ്പോഴും അത് ഉത്തരവാദിത്വത്തോടും കൃത്യമായും ചെയ്തു കൊടുക്കുമ്പോഴും പ്രിയ ഡാനി അച്ചന്റെ ശുശ്രൂഷ ജീവിതത്തിന്റെ ആഴം മനസ്സിലാക്കാൻ സാധിക്കും. പഠന മേഖലയിൽ വളരെ മുന്നിട്ട് നില്ക്കുന്ന ഡാനി അച്ചൻ ഒരു കവികൂടിയാണ് എന്നുള്ളത് അച്ചന്റെ കഴിവുകളിൽ വ്യത്യസ്തനാക്കുന്നു. ഒരിക്കൽ പരിചയപ്പെട്ടവർ ഒരിക്കലും മറക്കാൻ സാധിക്കാത്ത വ്യക്തിത്വത്തിന് ഉടമയാണ് പ്രിയ ഡാനി അച്ചൻ. ഒന്നിച്ച് പല കാര്യങ്ങളും ചെയ്തിട്ടുള്ള അവസരങ്ങളിൽ, ഒരു ജ്യേഷ്ഠന്റെ സഹോദരസ്നേഹത്തോടെ, കൂട്ടുകാരന്റെ സ്വാതന്ത്ര്യത്തോടെ ഇടപഴകുന്ന ഒരു മാതൃക ബഥന്യൻ ആണ്.

വൈദീകപദവിയിലേക്ക് കടക്കുന്ന പ്രിയ കൊച്ചച്ചന്റെ ശുശ്രൂഷ ജീവിതം സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# നാഥാ എന്നെ അയച്ചാലും

ഫാദർ ഡാനി മാത്യു ഒ.ഐ.സി.

ഈ ലോകത്തെ മുഴുവനും കരങ്ങളിൽ സംവഹിക്കുവാൻ കെല്പുള്ളവൻ സ്വയം ശൂന്യനായി ഒരു കന്യകയുടെ ഉദരത്തിൽ ഒതുങ്ങി കൂടി...

സാത്താന്റെ പരീക്ഷണങ്ങളിൽ അടിപതറാതെ പിതാവിന്റെ ഇംഗിതം നിറവേറ്റാൻ സങ്കോചമില്ലാതെ ഇറങ്ങിപ്പുറപ്പെട്ടവൻ...

കാനായിലെ വിവാഹവിരുന്നിനു കുറവിനെ തിരിച്ചറിഞ്ഞ് പരിഹരിച്ച പരമകാരുണ്യവാൻ...

വേദനിക്കുന്നവരുടെ വേദനകൾ അകറ്റിയും രോഗികളുടെ മുറിവുകൾ ഉണക്കിയും ജനഹൃദയങ്ങളെ കീഴടക്കിയ നിത്യവൈദ്യൻ...

പരിത്യാഗത്തിന്റെയും ഉപേക്ഷയുടെയും ഉദാത്തരൂപമായിരുന്നു യേശുതമ്പുരാൻ. തന്റെ ദൗത്യനിർവ്വഹണത്തിനായി എല്ലാമുപേക്ഷിച്ച് സ്വയം ശൂന്യനായി...

ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി "ഞാൻ വന്നത് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനാണ്" എന്ന് കാട്ടിത്തന്നു....

മുറിക്കപ്പെടാനായി, യാഗമാകാനായി തയ്യാറെടുത്തപ്പോൾ സഹനത്തിന്റെ ഉഗ്രവേദനകൾ അവൻ തിരിച്ചറിഞ്ഞു...

എന്നാൽ മനുഷ്യരക്ഷയെ മുൻനിർത്തിയപ്പോൾ ഇവയൊന്നും ഒരു പീഡയായി അവനു തോന്നിയില്ല...

അവനു മുൻപിൽ ജ്വലിച്ചു നിന്നത് പിതാവിന്റെ ഇംഗിതം മാത്രം... കുരിശുചുമന്ന് ഗോഗുൽത്താ മലകയറുമ്പോൾ സങ്കുലിതമായ കടലിനെ ത്രസിക്കുമ്പോൾ ലാസറിനെ ഉയിർപ്പിക്കുമ്പോൾ തന്നെ അയച്ചതിന്റെ ലക്ഷ്യപൂർത്തീകരണം മാത്രമായിരുന്നു മനസ്സിൽ...

ലഭിച്ച ദൈവവിളിയെ താലോലിച്ചൂട്ടി പരിപാലിച്ചു വളർത്തി, അനുസരണം, ബ്രഹ്മചര്യം എന്നീ വെള്ളവും വളവും കൂടി

www.malankaralibrary.com

നല്കിയപ്പോൾ ഒരു ഉത്തമ അർത്ഥിയായി മാറുകയായിരുന്നു.

സകല ജനതകൾക്കും സംലഭ്യമാകുവാൻ സ്വയം ചെറുതായി...

ഏവർക്കും ഭോജ്യമായി...

രക്തം ചിന്തി...

പാനീയമായി മാറി...

സ്വയം യാഗമായി അർപ്പിക്കപ്പെട്ട് ജനത്തിന് പാപപരിഹാര ത്തിനായി മാറിയ ബലിയർപ്പണത്തിന്റെ ഓർമ്മയാചരിക്കുമ്പോൾ യേശുവേ നിന്റെ ദാസനിതാ സകലവുമുപേക്ഷിച്ച് നിന്റെ മുന്തിരിത്തോട്ടത്തിലെ ഒരു തോട്ടക്കാരനാവാൻ ഒരുങ്ങുമ്പോൾ നീയെന്ന ആ വലിയ വിളിയെ മനസ്സാ വരിക്കുന്നു...

എല്ലാം എല്ലാം ദാനമല്ലേ...

ഇതൊന്നും ഞാൻ നേടിയതല്ല...

എല്ലാം എല്ലാം തന്നതല്ലേ...

ഇതൊന്നും എന്റേതല്ല...

മുപ്പത്തിമൂന്ന് എന്ന അത്ഭുതസംഖ്യ അവൻ ജീവിച്ചുതീർത്ത വർഷങ്ങളുടെ എണ്ണമല്ല. എന്നാൽ അവൻ നേടിയ ജനഹൃദയങ്ങൾ അവന് വിധിച്ച ആയുസ്സ്...

അളവറ്റ് സ്നേഹിച്ച സ്വസമൂഹം പോലും പോയപ്പോൾ അവൻ തളർന്നില്ല. ഒരു യഥാർത്ഥ വിളിയുടെ പ്രത്യുത്തരം എപ്രകാരം വേണമെന്ന ജീവിച്ച് പഠിപ്പിക്കുകയായിരുന്നു. അപരനുവേണ്ടി മരിക്കാനായി താൻ തയ്യാറാണെന്ന് തെളിയിക്കുകയായിരുന്നു.

നിത്യപുരോഹിതനായ ഈശോയെ,

നിന്റെ വിളി സ്വീകരിച്ച് 'മാലാഖമാർപോലും ഉറ്റു നോക്കുവാൻ വാഞ്ചിക്കുന്ന അവർണ്ണനീയമായ വിശുദ്ധ സ്ഥലത്ത് ശുശ്രൂഷ ചെയ്യാൻ നല്കിയിരിക്കുന്ന ഭാഗ്യത്തിന് നന്ദി...

വിശക്കുന്നവന്റെ നിത്യഅപ്പമായി മാറാൻ തിരുവുള്ളം കാട്ടി കുർബ്ബാനയായി മാറിയ നല്ല ഉടയവനേ നിനക്ക് നന്ദി...

www.malankaralibrary.com

ജന്മം നല്കി വളർത്തിയ മാതാപിതാക്കളേയും...

സ്നേഹം നല്കി വളർത്തിയ സഹോദരങ്ങളേയും...

അറിവ് നല്കി വളർത്തിയ ഗുരുഭൂതന്മാരേയും...

ഉത്തമപുത്രനായി സ്വീകരിച്ച ബഥനി മാതാവിനേയും...

സന്ന്യാസം പഠിപ്പിച്ച പരിശീലകരേയും...

സാഹോദര്യത്തിന്റെ രസമുഹൂർത്തങ്ങൾ സമ്മാനിച്ച സഹപാഠികളേയും...

തത്വശാസ്ത്ര ദൈവശാസ്ത്ര ചിന്തകൾ രൂപപ്പെടുത്താൻ പ്രേരിപ്പിച്ച വൈദികശ്രേഷ്ഠരേയും...

ആദ്ധ്യാത്മിക പാഠങ്ങൾ പഠിപ്പിച്ച് ആത്മീയതയുടെ പുത്തനനുഭവങ്ങൾ പകർന്നുതന്ന കുമ്പസാരപിതാക്കന്മാരേയും ആദ്ധ്യാത്മിക പിതാക്കന്മാരേയും...

പരിശീലനത്തിന്റെ അവസാനഭാഗത്ത് സ്നേഹവും പ്രാർത്ഥനയും പകർന്നു വളർത്തിയ സി.എം.ഐ. സമന്വയ, ധർമ്മാരാം ദൈവശാസ്ത്ര പഠനഗൃഹങ്ങളോടും...

എന്റെ എല്ലാമെല്ലാമായ ബഥാന്യൻ സഹോദരങ്ങൾക്കും...

കടപ്പാടിന്റെ ചൂണ്ടുവിരലുകൾ നീളുന്ന അനേകായിരങ്ങളോടും...

പ്രാർത്ഥനകൊണ്ടും സാന്നിദ്ധ്യംകൊണ്ടും അനുഗ്രഹിക്കുന്ന ഏവർക്കും നന്ദി... നന്ദി...

“കർത്താവേ പാപിയെങ്കിലും നിന്റെ ദാസനായ എന്നെ നീ ഭരമേല്പിച്ച ഈ ആചാര്യശുശ്രൂഷ യഥാർത്ഥ ആചാര്യന്മാർക്ക് ചേർന്നവിധം നിർവ്വഹിക്കുവാൻ ഇടയാക്കണമേ...

ഞാൻ അയോഗ്യനായിരിക്കേ നീ എന്നെ ഭരമേല്പിച്ചിട്ടുള്ള ആ താലന്ത് നീ എന്നിൽ ഫലവത്താക്കണമേ...

വിശ്വസ്തരും ജ്ഞാനികളുമായ ഭവനവിചാരിപ്പുകാരുടെ കൂട്ടത്തിൽ നിന്നിൽ നിന്നുള്ള പ്രതിഫലം സ്വീകരിക്കുവാൻ കൃപയാൽ ഞാൻ യോഗ്യനായിത്തീരണമേ...”

നാഥാ ഇതാ ഞാൻ, എന്നെ അയച്ചാലും...

www.malankaralibrary.com



# എല്ലാം ദൈവത്തിന്റെ ദാനം

ജോസഫ് & കുഞ്ഞുമോൾ മാമ്പൂത്തറ ഒ.ഐ.സി.
ആഞ്ചലൊ അച്ചന്റെ മാതാപിതാക്കൾ

സർവ്വശക്തനായ ദൈവത്തിന്റെ അനന്തസ്നേഹം ഞങ്ങളുടെ മകൻ റ്റിനുവിനെ - ഡീക്കൻ അഞ്ചലൊയെ -പൗരോഹിത്യ പദവിയിലേക്ക് എത്തിച്ചിരിക്കുന്നു.

തമ്പുരാന്റെ വയലിലെ വിശ്വസ്ത ദാസനാകുവാൻ അവൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ദൈവം ഞങ്ങൾക്കു ദാനമായി വളർത്താനായി ഏൽപ്പിച്ച മകൻ ദൈവവേലയ്ക്കായി സമർപ്പിക്കപ്പെടുമ്പോൾ ചാരിതാർത്ഥ്യവും അത്യധികമായ സന്തോഷവുമാണ് ഞങ്ങൾക്ക് ഉള്ളത്. ഇത്തരുണത്തിൽ ദൈവത്തിന് ആയിരമായിരം കൃതജ്ഞത അർപ്പിക്കുന്നു.



വളരെ ചെറുപ്പത്തിൽ തന്നെ ഒരു വൈദികനാകാനുള്ള അഭിവാഞ്ഛ റ്റിനുവിൽ പ്രകടമായിരുന്നു. ചെറുപ്പത്തിലെ തന്നെ വി.മദ്ബഹായിൽ പ്രവേശിക്കുകയും അൾത്താര ശുശ്രൂഷ നിർവഹിക്കുവാൻ ആരംഭിക്കുകയും ചെയ്തു. പള്ളിയിലെയും വേദപാഠ ക്ലാസുകളിലെയും സജീവവും നേതൃപരവുമായ പ്രവർത്തനങ്ങൾ ഇന്നും പലരും ഓർമ്മയിൽ നിന്നെടുത്ത് പങ്കുവയ്ക്കാറുണ്ട്.

മകന്റെ പൗരോഹിത്യ ജീവിതത്തിലേക്കുള്ള വിളിയിൽ ഈ ശുശ്രൂഷകളും അനേകരുടെ പ്രാർത്ഥനയുമെല്ലാം ഒത്തിരിയേറെ സ്വാധീനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ജോസഫ് മുരിങ്ങയിലച്ചനോട് ഞങ്ങൾ ഒത്തിരിയേറെ കടപ്പെട്ടിരിക്കുന്നു.

പുന്നക്കുന്നം മേരിമാതാ എൽ.പി.സ്കൂളിലെയും പുളിങ്കുന്ന് സെന്റ് ജോസഫ് സ്കൂളിലെയും പഠനത്തിനുശേഷം 2005 ജൂൺ 27-ാം തീയതിയാണ് ഞങ്ങളുടെ മകൻ ബഥനി സന്ന്യാസി സമൂഹത്തിലേക്ക്

www.malankaralibrary.com

യാത്രയാകുന്നത്. റ്റിനു സർവ്വാത്മനാ എടുത്ത തീരുമാനത്തെ ഞങ്ങൾ ദൈവനിയോഗമെന്നവണ്ണം അംഗീകരിക്കുകയായിരുന്നു. എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ തിരുവിഷ്ടത്തിന് വിട്ടുകൊടുത്തു കൊണ്ട് കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലം പ്രാർത്ഥനയോടെ കാത്തിരുന്നു. സുദീർഘമായ പരിശീലനവും എല്ലാവരുടെയും പ്രാർത്ഥനകളും പ്രതീക്ഷകളും ഫലമണിയാൻ പോകുന്ന ധന്യനിമിഷ ങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തനാകുമ്പോൾ ആയതിന് സഹായകമായ പരിശീലനവും ശിക്ഷണവും അനുഗ്രഹവും എല്ലാം നൽകി വളർത്തിക്കൊണ്ടുവന്ന ബഥനി സന്ന്യാസ സമൂഹത്തിലെ എല്ലാ വൈദികരെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തി ലൂടെയും മറ്റും അനുഗ്രഹിച്ച വന്ദ്യപിതാക്കന്മാർ, ബഹു.വൈദികർ, സിസ്റ്റേഴ്സ് ഗുരുക്കന്മാർ, ഇടവകാംഗങ്ങൾ, ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ ഏവരോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.

ദൈവികസ്നേഹത്തിൽ അടിയുറച്ചു നിന്നുകൊണ്ട്, ഏറ്റെടുക്കുന്ന പദവി അതിന്റെ പരിശുദ്ധിയോടെ കാത്തു സൂക്ഷിക്കുന്നതിനും തദനുസരണം ഫലം പുറപ്പെടുവിക്കുന്നതിനും ആഞ്ചലോ അച്ചനും മറ്റ് 21 കൊച്ചച്ചന്മാർക്കും കഴിയട്ടെയെന്നു സർവ്വശക്തനായ ദൈവത്തോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, നീ ദാനങ്ങൾകൊണ്ടു ഞങ്ങളെ നിറയ്ക്കുകയും നിന്റെ ദൈവീകനൽവരങ്ങളുടെമേൽ ഞങ്ങൾക്ക് അധികാരം നൽകുകയും ചെയ്തു.**

കുർബാന തക്സ

www.malankaralibrary.com

# അജപാലനത്തിന്റെ സുകൃത ഭൂമിയിലേക്ക് ജോസഫ് ആഞ്ചലൊ അച്ചൻ

ബ്രദർ ഷൈജു മാത്യു ഒ.ഐ.സി.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് ഗ്രാമത്തിൽ ജോസഫിന്റെയും കുഞ്ഞുമോൾ ജോസഫിന്റെയും മൂന്നാമത്തെ മകനായി 1990 ജൂൺ മാസം 19–ാം തീയതി ജനിച്ചു. ജോസഫ് എന്ന മാമ്മോദീസാ നാമമായിരുന്നു മാതാപിതാക്കൾ നല്കിയത്. സന്ന്യാസനാമം ജോസഫ് ആഞ്ചലോ എന്നായിരുന്നു.

വളരെ ചെറുപ്പത്തിൽതന്നെ എല്ലാവർക്കും മാതൃകാപരമായ ജീവിതമായിരുന്നു. 2005 ജൂൺ മാസം ബഥനി ആശ്രമത്തിനുവേണ്ടി സന്ന്യാസ വൈദീകനാകാൻ കടന്നുവന്നു. ആദ്യവർഷം ബഹുമാനപ്പെട്ട കുറിയാക്കോസ് അച്ചന്റെ പരിശീലനത്തിൻ കീഴിൽ ബഥനി ആശ്രമം തിരുവല്ലായിൽ നിർവഹിച്ചു. തുടർന്നുള്ള +1, +2 പഠനം ബത്തേരിയിലെ സെന്റ് ജോസഫ് സ്കൂളിൽ നിർവ്വഹിച്ചു. ഈ സമയത്ത് ബഹുമാനപ്പെട്ട സിപ്രിയാനച്ചൻ ആയിരുന്നു ബ്രദറിന് ഫോർമേഷൻ നല്കിയത്. തുടർന്ന് സന്ന്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ധർമശിഷ്യപദം നിർവ്വഹിച്ചത് ആലുവ അശോകപുരം ആശ്രമത്തിലായിരുന്നു. ഈ സമയത്ത് ബഹുമാനപ്പെട്ട നൈനാനച്ചൻ ആയിരുന്നു ബ്രദറിന്റെ ഗുരു. തുടർന്ന് ആലുവ പ്രൊവിൻഷ്യൽ ഹൗസിൽനിന്നുകൊണ്ട് മംഗലപ്പുഴ സെമിനാരിയിൽനിന്നും തത്വശാസ്ത്രം പഠിക്കുകയുണ്ടായി. ഈ സമയത്ത് പരിശീലനം നൽകിയത് ബഹുമാനപ്പെട്ട അനിയച്ചനും, അഗസ്റ്റിൻ അച്ചനുമായിരുന്നു. തുടർന്ന് റീജൻസി ആദ്യത്തെ ആറുമാസം നൂജിബാൽത്തില, ബഥനി ആശ്രമത്തിലും തുടർന്നുള്ള ആറുമാസം കോട്ടയം ജനറലേറ്റിലും നിർവ്വഹിച്ചു. ഈ രണ്ട് സ്ഥലങ്ങളിലും ശെമ്മാശൻ തന്റെ ഉത്തരവാദിത്വങ്ങൾ വിശ്വസ്തമായി നിർവഹിച്ചു.

www.malankaralibrary.com

തുടർന്നു തിയോളജി പഠനത്തിനായി അയക്കപ്പെട്ടത് പൂന ജ്ഞാനദീപ വിദ്യാപീഠത്തിലേക്കായിരുന്നു. പഠനകാലത്ത് ഉന്നതമായ വിജയം നേടാൻ ശെമ്മാശന് സാധിച്ചു. ഫാ.ഐസക്കിന്റെയും ഫാ.സിറിലിന്റെയും പരിശീലനം പൂനാ ബഥനി ആശ്രമത്തിൽ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

സന്ന്യാസവൈദിക പദവിയിലേക്കുയർത്തപ്പെടുന്ന ഈ വേളയിൽ ശെമ്മാശനെ ബഥനി സമൂഹത്തിന് ലഭിച്ചത് ഒരു ഭാഗ്യമായി കാണുന്നു. കഴിവുകളുടെ നിറകുടമാണ് ബഹുമാനപ്പെട്ട അഞ്ചലോ അച്ചൻ. ഉത്തമ സുഹൃദ് ബന്ധം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിത്വത്തിനുടമയാണ് അച്ചൻ. തന്റെ കാര്യങ്ങൾപോലും മാറ്റിവെച്ച് തന്റെ കൂടെയുള്ള ബ്രദേഴ്സിനെ സഹായിക്കാൻ മനസുകാട്ടുന്നു. തന്നെ ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കാൻ ശെമ്മാശൻ വളരെയേറെ ശ്രദ്ധിച്ചിരുന്നു.

ശാന്തശീലനായ ശെമ്മാശനിൽ ഉത്തമ സന്ന്യാസബോധവും, സഹോദര സ്നേഹവും, കാണാൻ കഴിയും. ബഥനി സന്ന്യസ സമൂഹത്തിനുവേണ്ടി ശുശ്രൂഷാപൗരോഹിത്യം അതിന്റെ പൂർണതയിൽ ജീവിക്കാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാവിധ അനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും അനുജൻമാർ നേരുന്നു.

**"ദൈവമേ എന്റെ ആയുസ്സിന്റെ അവസാനം വരെയും അങ്ങേ വിശ്വസ്തതയോടെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യാൻ എന്നെ സഹായിക്കണമേ. അവസാനം തൃക്കൈയിൽനിന്ന് ജീവന്റെ കിരീടം പ്രാപിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ."**

മാർ ഈവാനിയോസ്

www.malankaralibrary.com

# നന്ദിചൊല്ലി തീർക്കുവാനീ ജീവിതംപോരാ...

ഫാ. ജോസഫ് ആഞ്ചെലോ മാമ്പൂത്തറ ഒ.ഐ.സി.

തിരുവോസ്തിയിൽ ദൈവിക ശക്തി നിവേശിപ്പിക്കപ്പെടുന്നതും വീഞ്ഞ് രൂപാന്തരം പ്രാപിച്ച് രക്തമായി പരിണമിക്കുകയും ചെയ്യുന്ന ആ സമയത്ത് എന്റെ ജീവൻ നിന്റേതിൽ കലർത്തപ്പെടുവാനും, മാലാഖമാർ നിൽക്കുവാൻ പരിഭ്രമിക്കുകയും വിറയ്ക്കുകയും ചെയ്യുന്ന മഹോന്നതങ്ങളിൽ പ്രവേശിച്ച് സകല ജനത്തിനും പാപപരിഹാരം ആകുന്ന വിലയേറിയ തിരുശരീര രക്തങ്ങൾ വഹിക്കുന്നതിനും കൊടുക്കുന്നതിനും, അയോഗ്യനായ എന്നെ പരിശുദ്ധിയുടെ ബലിപീഠത്തിലേക്ക് ഒരു പുരോഹിതനാകാൻ യോഗ്യത നല്കിയ എന്റെ ദൈവമേ, അവിടുത്തെ മുമ്പിൽ ഞാൻ ഈ എളിയ ജീവിതം സമർപ്പിക്കുന്നു.

'നിന്റെ ആത്മീയ ശുശ്രൂഷയ്ക്ക് അയോഗ്യനായിരിക്കേ, കരുണാപൂർവ്വം എന്നെ വിളിക്കുകയും ആ അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാൻ ഔദാര്യപൂർവ്വം എന്നെ ധൈര്യപ്പെടുത്തുകയും, നിന്റെ ബലിപീഠത്തിന്റെ മുമ്പാകെ നിന്ന് സ്വാതന്ത്ര്യത്തോടുകൂടി നിന്നോട് സംഭാഷണം ചെയ്യുവാൻ സ്നേഹപൂർവ്വം എന്നെ ശക്തനാക്കുകയും ചെയ്ത' കർത്താവേ, നന്ദിയോടെ ഈ ജീവിതം കാഴ്ചയേകുന്നു.

'എന്നെ ശക്തനാക്കുന്ന' നിന്നിലൂടെ എല്ലാ വേദനകളിലും പങ്കുചേരുവാനും മുറിവുകൾ സുഖപ്പെടുത്തുവാനും ആശയും ആശ്രയവുമാകുവാനും ആശ്വസിപ്പിക്കുവാനും എനിക്കു സാധിക്കും.

സന്ന്യാസജീവിതത്തിലൂടെ ക്രിസ്തുവിന്റെ പുരോഹിതനായി തീരുവാൻ നാളിതുവരെയും വഴി നടത്തിയ എല്ലാവരേയും നന്ദിയോടുകൂടി ഓർക്കുന്നു.

ജന്മവും സ്നേഹവും നൽകി പ്രാർത്ഥനയിലൂടെയും പ്രാണനിലൂടെയും എന്നെ വളർത്തിയ, എന്റെ ജീവിതത്തിലെ ഏറ്റവും

www.malankaralibrary.com

വലിയ മാതൃകയും പ്രചോദനവുമായ എന്റെ അച്ചാച്ചിക്കും അമ്മയ്ക്കും....

എന്നെ കൈപിടിച്ചു നടത്തിയ, സുഖത്തിലും ദുഃഖത്തിലും എന്നും ഒപ്പം നിൽക്കുന്ന, നിരന്തരം എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന എന്റെ ചേച്ചിമാരായ റ്റിന്റുവിനും റ്റീനായ്ക്കും....

ജീവിതയാത്രയിൽ എല്ലാമായിരുന്ന വല്യമ്മച്ചിക്കും ബന്ധുക്കൾക്കെല്ലാവർക്കും....

വിശ്വാസവെളിച്ചം പകർന്നുതന്ന് നിത്യതയിലേക്കു കടന്നുപോയ എല്ലാവർക്കും...

എനിക്കു നിർവചിക്കുവാനറിയാത്ത ബന്ധങ്ങൾ സമ്മാനിച്ച, എന്റെ സുഹൃത്തുക്കൾക്ക്...

അക്ഷരവെളിച്ചം പകർന്നുതന്ന ഗുരുഭൂതർക്ക്...

പൗരോഹിത്യശുശ്രൂഷയിലേക്ക് എന്നെ കൈപിടിച്ചു നടത്തുകയും പ്രോത്സാഹിപ്പിക്കുകയും കരുതലിന്റെ സ്പർശം നൽകിയ ബഹു.മുരിങ്ങയിലച്ചൻ, മനോജ് ഒടാലിൽ ഒ.ഐ.സി.അച്ചൻ, സഹോദരങ്ങളായ അനിൽ ഉമ്മാശ്ശേരിയച്ചൻ, ലിജോ മാമ്പൂത്തറയച്ചൻ, ബഹു.ഗുരുവച്ചന്മാർ, ആദ്ധ്യാത്മിക പിതാക്കന്മാർ, സിസ്റ്റേഴ്സ്....

ദൈവവിളിയോട് പ്രത്യുത്തരിച്ച് അടുത്ത ഒരുക്കത്തിനു പ്രചോദനമായ വികാരി ബഹു.ടോണി മണിയഞ്ചിറയച്ചൻ, ആരാധന മഠത്തിലെ സിസ്റ്റേഴ്സ്...

ജീവിത ബലിവേദിയിലേക്കുള്ള ഗമനത്തിൽ എന്നോടൊപ്പം പങ്കുചേർന്നതും ചേരുന്നതുമായ ജ്യേഷ്ഠന്മാർക്കും അനുജന്മാർക്കും, ബാച്ചുകാർക്കും...

സാഹോദര്യംകൊണ്ട് മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിച്ച ബഥാന്യർക്ക്....

എന്നെ ഞാനാക്കിയ എല്ലാവർക്കും, ഇനിയും ഈ യാത്രയിൽ തണലായി, താങ്ങായി എന്നെ ശക്തിപ്പെടുത്തുന്നവർക്കും... നിറമനസ്സോടെ, പ്രാർത്ഥനയോടെ ഒരുപാട്... ഒരുപാട് നന്ദി... നന്ദി.. നന്ദി...

www.malankaralibrary.com



# ഹൃദയം നിറയെ നന്ദിയുടെ നിറവാണ്

ഗീവർഗ്ഗീസ് & ലില്ലി
ലിബിനച്ചന്റെ മാതാപിതാക്കൾ

അനേക വർഷങ്ങളിലെ ഞങ്ങളുടെ പ്രതീക്ഷാനിർഭരമായ കാത്തിരിപ്പും, ഉപവാസവും, പ്രാർത്ഥനയും, ത്യാഗവും എല്ലാം ഇന്ന് പൂവണിയുകയാണ് ഈ ദൈവീകനിയോഗത്തിന് മുമ്പിൽ. ഹൃദയനിറവോടെ ദൈവത്തിനു നന്ദി പറയുന്നു. നന്നേ ചെറുപ്പം മുതൽ പള്ളിയിലെ കാര്യങ്ങളിൽ വളരെ തത്പരനായിരുന്നു. ഈ കാലയളവിൽ വൈദികനാകണമെന്ന് ആഗ്രഹം അവന്റെ മനസ്സിലുണ്ടായിരുന്നു. അത് നിരന്തരം അവൻ ഞങ്ങളോട് പറയുമായിരുന്നു. പത്താംക്ലാസ് പാസായതിനുശേഷം ബഹുമാനപ്പെട്ട ജോൺ ഇലവിനാക്കുഴിയച്ചനെ, ആശ്രമത്തിൽ ചേരുവാനുള്ള ലിബിന്റെ ആഗ്രഹത്തെ ഞങ്ങൾ അറിയിച്ചു. ഈ തീരുമാനം ഞങ്ങൾ ബഹുമാനപ്പെട്ട സജി മാടമണ്ണിലച്ചനെയും അറിയിച്ചു. അങ്ങനെ ദൈവം ആവശ്യപ്പെട്ടതും, ആഗ്രഹിച്ചതും ഞങ്ങൾ ബഥനി ആശ്രമത്തിന് നേദിച്ചു. ബഥനി സമൂഹത്തിലെ നീണ്ട വർഷത്തിലെ രൂപീകരണത്തിലൂടെ ഞങ്ങളുടെ മകൻ 2017 ജനുവരി 10-ാം തീയ്യതി വൈദീകനായി അഭിഷിക്തനാവുകയാണ്. ഈ മഹനീയ നിമിഷത്തിൽ ദൈവതിരുമുമ്പാകെ ശിരസ്സു നമിക്കുന്നു. ബഥനിയിൽ നിന്നും ആർജ്ജിച്ച സന്ന്യാസ നിഷ്ഠകളും സമർപ്പണ മനോഭാവവും തുടർന്നും അച്ചന് തുണയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവിന്റെ ബലിപീഠത്തിലേക്കുള്ള യാത്രയിൽ ഞങ്ങളുടെ മകനെ പ്രാർത്ഥനകൊണ്ടും, പ്രോത്സാഹനംകൊണ്ടും വളർത്തുന്ന ഏവരേയും പ്രാർത്ഥനാപൂർവ്വം ഈ അവസരത്തിൽ ഓർക്കുന്നു.

ഞങ്ങളുടെ ഇടവകയിൽനിന്നും ബഥനി സന്ന്യാസ സമൂഹത്തിനു വേണ്ടി വൈദീകപട്ടം സ്വീകരിക്കുന്ന രണ്ടാമത്തെ വൈദീകനാണ് ബഹുമാനപ്പെട്ട ലിബിനച്ചൻ. അതിൽ ഞങ്ങളേറെ അഭിമാനിക്കുന്നു ഈ അവസരത്തിൽ ലിബിന്റെ വളർച്ചയിൽ സഹായിച്ച എല്ലാ ബഥാന്യരോടും നന്ദിയർപ്പിക്കുന്നു. ബഥനിയ്ക്കുള്ള ഞങ്ങളുടെ ആദ്യഫലം ഇതാ നാഥാ കൃതജ്ഞതയോടെ സ്വീകരിച്ചാലും. വിളിച്ചവനായ ദൈവത്തെ, എന്നും കൂടെയുള്ള ദൈവത്തെ മുറുകെപ്പിടിച്ച് മുന്നേറുവാൻ അച്ചന് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബഥനിയിലെ എല്ലാ നവാഭിഷിക്തർക്കും മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

www.malankaralibrary.com

# ശാന്തശീലനായ സന്തത സഹചാരി ലിബിനച്ചൻ

ബ്രദർ ജോൺസൺ ഒ.ഐ.സി.

പാറച്ചെരുവിളയിൽ ഗീവർഗ്ഗീസിന്റെയും ലില്ലി വർഗ്ഗീസിന്റെയും മക്കളിലെ മൂത്തമകൻ 1990 മെയ് 31-ാം തീയതി ജനിച്ചു. മാത്യു എന്ന മാമ്മോദീസ നാമമായിരുന്നു മാതാപിതാക്കൾ നല്കിയത്. സന്ന്യാസനാമം ലിബിൻ വർഗ്ഗീസ് എന്നുമായിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ പാടാനുള്ള കഴിവും പ്രസംഗിക്കാനുള്ള കഴിവും ഉണ്ടായിരുന്നു. എല്ലാവരോടും പെട്ടെന്ന് സൗഹൃദത്തിലാകുന്ന പെരുമാറ്റവും, ആരാധനകാര്യങ്ങളോടുള്ള ഭക്തിയും, വൈദികരോടും സിസ്റ്റേഴ്സിനോടും കാണിക്കുന്ന ആദരവും, ബഹുമാനവും വളരെ ചെറുപ്പത്തിൽ തന്നെ പ്രകടമായിരുന്നു. അങ്ങാടിക്കൽ ദേവാലയത്തിൽ നന്നും ബഥനി ആശ്രമത്തിലേക്കുള്ള യാത്ര ഇപ്രകാരം ആയിരുന്നു.

2005 ജൂൺമാസം ബഥനി ആശ്രമത്തിനുവേണ്ടി സന്ന്യാസ വൈദികനാകാൻ കടന്നുവന്നു. ആദ്യവർഷം ബഹുമാനപ്പെട്ട കുറിയാക്കോസ് അച്ചന്റെ പരിശീലനത്തിൻകീഴിൽ ബഥനി ആശ്രമം തിരുവല്ലയിൽ നിർവ്വഹിച്ചു. തുടർന്നുള്ള +1, +2 പഠനം ബത്തേരിയിലെ സെന്റ് ജോസഫ്സ് സ്കൂളിൽ നിർവ്വഹിച്ചു. ഈ സമയത്താണ് ബഹുമാനപ്പെട്ട സിപ്രിയാനച്ചൻ ബ്രദറിന് ഫോർമേഷൻ നല്കിയത്. തുടർന്നുള്ള സന്ന്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മശിഷ്യപദം നിർവ്വഹിച്ചത് ആലുവ അശോകപുരം ആശ്രമത്തിലെ ബഹുമാനപ്പെട്ട നൈനാൻ അച്ചനായിരുന്നു ബ്രദറിന്റെ ഗുരു. തുടർന്ന് ആലുവ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നുകൊണ്ട് മംഗലപ്പുഴ സെമിനാരിയിൽനിന്നും തത്വശാസ്ത്രം പഠിക്കുകയുണ്ടായി. ഈ സമയത്ത് പരിശീലനം നല്കിയത് ബഹുമാനപ്പെട്ട അനി അച്ചനും അഗസ്റ്റിൻ അച്ചനും ആയിരുന്നു.

www.malankaralibrary.com

തുടർന്ന് റീജൻസിക്കായി അയയ്ക്കപ്പെട്ടത് കോട്ടയം ജനറലേറ്റിലും അടിമാലി ആശ്രമത്തിലേക്കും ആയിരുന്നു. ഈ കാലഘട്ടത്തിലെ ബ്രദറിന്റെ ചുമതല പ്രേമാനന്ദച്ചനും വർഗ്ഗീസ് തറമുട്ടം അച്ചനുമായിരുന്നു. രണ്ടു സ്ഥലത്തും ശെമ്മാശന്റെ കാര്യപ്രാപ്തിയും, എല്ലാ കാര്യങ്ങളോടുമുള്ള സമീപനവും വളരെയധികം അഭിനന്ദനാർഹമാണ്. തുടർന്ന് തിയോളജി പഠനത്തിനായി അയയ്ക്കപ്പെട്ടത് പൂനെ JDVയിലേക്കായിരുന്നു. ഫാ. ഐസക് അച്ചന്റെയും സിറിൽ അച്ചന്റെയും പരിശീലനം ഈ കാലത്ത് ലഭിക്കുകയുണ്ടായി. പഠനത്തിന്റെ കാലഘട്ടത്ത് കഠിനാദ്ധ്വാനം ചെയ്തത് ഉന്നതമായ വിജയം നേടുവാൻ ശെമ്മാശന് സാധിച്ചു.

സന്ന്യാസവൈദിക പദവിയിലേക്കുയർത്തപ്പെടുന്ന ഈ വേളയിൽ ശെമ്മാനെ ബഥനി സന്ന്യാസ സമൂഹത്തിന് ലഭിച്ചത് ഒരു ഭാഗ്യമാണ്. ഇതിനോടകം ധാരാളം സാഹിത്യസൃഷ്ടികൾ സ്വന്തം ചിന്തയിൽനിന്നും ഉരിതിരിഞ്ഞിട്ടുണ്ട്.

ധാരാളം പ്രഗത്ഭരായ ആളുകളെ ശെമ്മാശനിലൂടെ ബഥനി ആശ്രമത്തിന്റെ സുഹൃത്തുക്കളായിട്ടുണ്ട്. ഡാനിയേൽ പൂവണ്ണത്തിലച്ചന്റെയും ബോബിജോസ് കട്ടിക്കാട് അച്ചന്റെയും പോലെയുള്ള ഒരു പ്രസംഗ ശൈലിയിൽ പ്രസംഗിക്കാനും ശെമ്മാശന് ദൈവം അനുഗ്രഹം നല്കിയിട്ടുണ്ട്. ദൈവം ദാനമായി നല്കിയ ശബ്ദം ഒരു മുതൽക്കൂട്ടാണ്. പാടാനും, പ്രസംഗിക്കാനും, ഇമ്പകരമായി പ്രാർത്ഥനകൾ ചൊല്ലുവാനും. ശാന്തശീലനായ ശെമ്മാശനെ അടുത്തറിയുമ്പോൾ ഉത്തമ സന്ന്യാസബോധ്യവും ദൈവഭക്തിയും സാഹോദര്യസ്നേഹവും കരുതലും കാണുവാൻ കഴിയും.

ബഥനി സന്ന്യാസ സമൂഹത്തിനുവേണ്ടി ശുശ്രൂഷ പൗരോഹിത്യം അതിന്റെ പൂർണ്ണതയിൽ ജീവിതാവസാനംവരെ ചെയ്യുവാൻ സാധിക്കട്ടെ. എല്ലാവിധ അനുഗ്രഹ ആശംസകളും അനുജന്മാർ നേരുന്നു.

www.malankaralibrary.com

# കാരുണ്യത്തിന്റെ വിരുന്നൊരുക്കിയ പൊന്നു നാഥനു നന്ദി, നന്ദി, നന്ദി

ഫാ. ലിബിൻ വർഗ്ഗീസ് പാറച്ചരുവിളയിൽ ഒ.ഐ.സി.

ഒരു വൈദീകനാകണം. കുഞ്ഞുന്നാളിൽ മനസ്സിലുയർന്ന ഒരു കുഞ്ഞു സ്വപ്നം. അതൊരു ശക്തിയാർജ്ജിച്ച ആഗ്രഹമായി, ഇന്നിതാ അതൊരു യാഥാർത്ഥ്യമായി. അങ്ങനെ ചിന്തിക്കുമ്പോൾ, എന്റെ ഹൃദയം സന്തോഷംകൊണ്ട് നിറയുന്നു. ദൈവത്തിന്റെ അനന്തമായ കാരുണ്യം എന്നെ ഈ കരുണയുടെ വർഷത്തിൽ ഒരു സന്ന്യാസ വൈദീകനായി ഉയർത്തി. പ്രഥമവും പ്രധാനവുമായി എനിക്കു കൃതജ്ഞത അർപ്പിക്കുവാനുള്ളത് ദൈവത്തിനാണ്. അവിടുത്തെ അളവറ്റ സ്നേഹത്തിനുമുമ്പിൽ, പരിപാലനയ്ക്കുമുമ്പിൽ കൃതജ്ഞത കൊണ്ട് എന്റെ ശിരസ്സ് കുനിയുന്നു. പിന്നെ എന്റെ കടപ്പാട് ജന്മം നൽകിയ മാതാപിതാക്കളോടും സഹോദരിയോടുമാണ്. നിങ്ങളുടെ പ്രാർത്ഥനയും കരുതലും സ്നേഹവുമാണ് എന്നെ ഈ ബലിവേദിയിലേക്കാനയിച്ചത്. പിന്നിട്ട പാതയിൽ വഴിവിളക്കായി മാറിയ ഗുരുഭൂതരേയും, സഹോദരങ്ങളേയും ഓർക്കുന്നു. മുന്നോട്ടുള്ള പ്രയാണത്തിലും നിങ്ങളുടെ പ്രാർത്ഥനകൾ എനിക്കു മുതൽ കൂട്ടാവട്ടെ. എന്റെ സുന്ദര സ്വപ്നത്തിന് പ്രതീക്ഷയുടെ ചിറകുകൾ തീർത്ത്, പ്രാർത്ഥനയിൽ ശക്തി പകർന്ന ജോൺ ഇലവിനാക്കുഴി അച്ചനേയും, ഉത്തമമായ ജീവിത മാതൃകയിലൂടെയും, പരിശീലനത്തിലൂടെയും എന്നെ നയിച്ച എല്ലാ ഗുരുഭൂതരേയും ഓർക്കുന്നു. ബഥാന്യൻ വീഥിയിലൂടെ ഈ ജീവിതം ധന്യമാകട്ടെ.

കാലങ്ങളിൽ മനസ്സിൽ കൊണ്ടുനടന്ന ഒരു സ്വപ്നം സഫലമാകുമ്പോൾ; നന്ദിയോടെ ഓർക്കേണ്ടുന്ന മുഖങ്ങൾ ഒത്തിരിയുണ്ട്.... പകലിരവുകളിൽ കൂടെ നടക്കുന്ന ദൈവത്തിന്... ജന്മം നൽകി സ്നേഹമൂട്ടി വളർത്തിയ എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾക്ക്.... സ്നേഹം പങ്കുവച്ചു തന്ന പെങ്ങൾക്ക്.... അറിവിന്റെ അക്ഷരമുറ്റത്തേക്ക് കൈപിടിച്ചു നടത്തിയ ഗുരുഭൂതർക്ക്... സാഹോദര്യംകൊണ്ട്, മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിച്ച ബഥാന്യർക്ക്... എനിക്കുവേണ്ടി, ഇനിയും പ്രാർത്ഥനയുടെ കരങ്ങളുയർത്തുന്ന നല്ല മനസ്സുകൾക്ക്....

www.malankaralibrary.com

# അഭിഷേകാഗ്നി അണയാതിരിക്കട്ടെ

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ. ഐ. സി.

ഇന്നു നാം പൊതുവെ കേൾക്കുന്ന ചില പ്രയോഗങ്ങളുണ്ട്. “അച്ചൻ നല്ല അഭിഷേകം ഉള്ള ആളാണ്.” “അച്ചന്റെ ശുശ്രൂഷ വലിയ അഭിഷേകമുള്ള ശുശ്രൂഷയാണ്.” മനുഷ്യരെ കൂടുതൽ ദൈവികരാക്കുന്ന, മാനസാന്തരത്തിലേക്കു നയിക്കുന്ന വ്യക്തികളെയും ശുശ്രൂഷകളെയും പറ്റിയുള്ള പരാമർശങ്ങളാണവ. വാസ്തവത്തിൽ ശുശ്രൂഷകളല്ല അഭിഷേകമുള്ളതാകുന്നത്; അഭിഷേകമുള്ള വ്യക്തികൾ ചെയ്യുന്ന ശുശ്രൂഷകൾ മനുഷ്യരിൽ മാറ്റം വരുത്തുകയാണ്. മെത്രാന്റെ കൈവയ്പു ശുശ്രൂഷയിലൂടെ പുരോഹിത സവിശേഷമായ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നു. വിശുദ്ധതൈലംകൊണ്ട് ദാവീദിനെ അഭിഷേകം ചെയ്ത യഹോവ, അവനെപ്പറ്റി പറയുന്നു: “എന്റെ കൈ എന്നും അവനോടൊത്ത് ഉണ്ടായിരിക്കും. എന്റെ ഭുജം അവനു ശക്തി നൽകും. ശത്രു അവനെ തോൽപ്പി ക്കുകയില്ല. ദുഷ്ടൻ അവന്റെ മേൽ പ്രാബല്യം നേടുകയില്ല. അവന്റെ ശത്രുവിനെ അവന്റെ മുമ്പിൽവച്ചു തന്നെ ഞാൻ തകർക്കും” (സങ്കീ 89:20-23). തുടർന്നുള്ള വാചകങ്ങളിൽ ദീർഘമായിത്തന്നെ അഭിഷിക്തനു ലഭിക്കുന്ന ദൈവാനുഗ്രഹങ്ങളെപ്പറ്റി വി.ഗ്രന്ഥം വിവരിക്കുന്നുണ്ട്.

പഴയനിയമത്തിൽ അഭിഷേകം ലഭിച്ച അനേകം വ്യക്തികളെപറ്റി പറയുന്നുണ്ട്. സാമുവൽ, ദാവീദ്, സോളമൻ, സാംസൺ എന്നിങ്ങനെ ആ നിര നീളുന്നു. പക്ഷേ പല അഭിഷിക്തരും വീണു പോയി- അതിദയനീയമാംവിധം. കുറ്റം ദൈവത്തിന്റേതല്ല. പൗലോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നതുപോലെ... “കൈവയ്പിലൂടെ ലഭിച്ച ദൈവികവരം ഉജ്ജ്വലിപ്പിക്കാത്തതിനാലാണ് (2 തിമോ 1:6) പതനം സംഭവിച്ചത്. “ഭൂമി മുഴുവന്റെയും നാഥനായ കർത്താവിന്റെ പേടകം വഹിക്കുന്ന പുരോഹിതന്മാരുടെ ഉള്ളങ്കാൽ ജോർദ്ദാനിലെ ജലത്തെ സ്പർശിക്കുമ്പോൾ വെള്ളത്തിന്റെ ഒഴുക്കുനിലയ്ക്കുകയും മുകളിൽ നിന്നുവരുന്ന വെള്ളം ചിറപോലെ കെട്ടിനിൽക്കുകയും ചെയ്യും” (ജോഷ്വാ 3:13) കർത്താവിന്റെ ഉള്ളറിഞ്ഞ് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയുടെ ശുശ്രൂഷകളെ ദൈവം അനുഗ്രഹമാക്കി മാറ്റും. ദൈവം വയ്ക്കുന്ന വ്യവസ്ഥ ഇതാണ്. “നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും” (ജോഷ്വാ 3:5). കാലവിളംബം കൂടാതെ തന്നെ അത്തരക്കാ

www.malankaralibrary.com

രുടെ പ്രവൃത്തികൾ ഫലമണിയും. ദൈവവഴിയിൽ വിശ്വസ്തതയോടെ അന്ത്യംവരെ വ്യാപരിക്കുന്നവനു ശക്തിശോഷണം സംഭവിക്കുന്നില്ല. അയാളുടെ ശുശ്രൂഷകളെ പ്രായമോ, കാലമോ ഒന്നും തളർത്തുകയില്ല. ജോഷ്വായുടെ മൊഴികളിൽ നിറയുന്ന ആത്മവിശ്വാസം അതാണ്. ''ഇപ്പോൾ എനിക്കു വയസ്സായി. മോശ എന്നെ അയച്ചപ്പോൾ ഉണ്ടായിരുന്ന അതേ ശക്തി ഇന്നും എനിക്കുണ്ട്. യുദ്ധം ചെയ്യാനും മറ്റെന്തിനും അന്നത്തെ ശക്തി എനിക്കുണ്ട്." (14:11).

കർത്താവു ജോഷ്വായ്ക്കു നൽകിയ വാഗ്ദാനം അവിടുത്തെ ഓരോ അഭിഷിക്തനും അങ്ങ് നൽകുന്നുണ്ട്. "ഞാൻ മോശയോടെന്ന പോലെ നിന്നോടുകൂടെയും ഉണ്ടായിരിക്കും. ഒരിക്കലും നിന്നെ കൈ വിടുകയില്ല" (ജോഷ്വാ 1:56). ഏതു ബലഹീനനെയും ശാക്തീകരിച്ച ദൈവം തന്റെ ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നു. "നീ ശക്തനും ധീരനുമായിരിക്കുക'' (ജോഷ്വാ 1:8) എന്നു കല്പിക്കുന്നവൻ അപ്രകാരം ചെയ്യാതെ ആരെയും പറഞ്ഞയയ്ക്കാറില്ല. ചെറുപ്പത്തിന്റെ ആവേശവും ആത്മവിശ്വാസവും നിറഞ്ഞവരാണല്ലോ ഓരോ വർഷവും വൈദികരായ അഭിഷിക്തരാവുക. എന്നാൽ ഊ യുവത്തിടമ്പുകൾ എത്ര പെട്ടെന്നാണ് വൃദ്ധരാകുന്നത്! ആത്മീയതയിൽ, ഭാവനാപൂർണമായ പ്രവർത്തനങ്ങളിൽ, സേവനൗത്സുകൃത്തിൽ, പഠനത്തിൽ, സുവിശേഷ പ്രഘോഷണത്തിൽ, അധ്വാനത്തിൽ... ചടുതലയില്ലാതെ ആരും അകാലവാർദ്ധക്യം പ്രാപിക്കാൻ ഇടയാകരുത്. പ്രവർത്തിക്കാൻ മനസ്സുള്ളവർക്കു മുമ്പിൽ ഒരു വിശാലലോകം തുറന്നുകിടപ്പുണ്ട്. "നിങ്ങൾ അധ്വാനിക്കാത്ത ഭൂമിയും പണിയാത്ത പട്ടണങ്ങളും" (ജോഷ്വാ 24:13) തന്ന് അനുഗ്രഹിക്കാൻ തയ്യാറുള്ളവൻ കാത്തിരിക്കുന്നു.

ഗർഭത്തിൽവച്ചുതന്നെ വിളിക്കയും, അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ നാമകരണം ചെയ്യുകയും (ഏശ 49:1b) ദൈവത്തിന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിനു ലോകത്തിന്റെ പ്രകാശമായി നൽകുയും ചെയ്തവൻ (ഏശ 49:6b) തന്റെ അഭിഷേകം നൽകി നവവൈദികരെ അയയ്ക്കുമ്പോൾ "ദൈവമായ കർത്താവിനെ പ്രതി ഞാൻ അതീവ തീക്ഷ്ണതയാൽ ജ്വലിക്കുകയാണ്" (1രാജാ 19:14) എന്ന് ദൈവം കണ്ടെത്തുന്നവരായി, നമ്മുടെ കൊച്ചച്ചന്മാർ കാണപ്പെടട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തങ്ങൾക്കു ലഭിച്ച അഭിഷേകാഗ്നി അണയാതിരിക്കുവാൻ ദൈവം നവവൈദികരെ അനുഗ്രഹിക്കട്ടെ. കൊച്ചച്ചന്മാർക്ക് എല്ലാ ഭാവുകങ്ങളും സ്നേഹപൂർവ്വം നേരുന്നു.

www.malankaralibrary.com



# പ്രിയപ്പെട്ട ഡൊമിനിക്.... നിന്റെ ഓർമ്മകളിൽ

**ഫാ.ഡാനി മാത്യു ഒ.ഐ.സി.**

വർണ്ണവിസ്മയം തൂകി നിൽക്കുന്ന മധുരസ്മരണയാണ് ഞങ്ങളുടെ പ്രിയപ്പെട്ട ബ്രദർ ഡൊമിനിക്. പുഞ്ചിരിയോടെ ഏവരെയും സമീപിക്കുന്ന ഡൊമിനിക് എന്നും ഒരത്ഭുതമായിരുന്നു. ആശ്രമത്തിന്റെ പടികയറിയ ആദ്യദിനം ഇന്നും ഞങ്ങളുടെ മനസ്സുകളിൽ മായാതെ നിൽക്കുന്നു.

പക്വതയുള്ള ഒരു ആശ്രമസ്ഥനെപ്പോലെ കടന്നുവരുന്ന ഏവരെയും ചെറുചിരിയോടെ ബ്രദർ സ്വീകരിച്ചു. ആശ്രമത്തിന് ചുറ്റിനടന്ന് എല്ലാം

www.malankaralibrary.com

ഞങ്ങളെ പരിചയപ്പെടുത്തി. അച്ചാ, അച്ചന്റെ പേരെന്താണ് എന്ന് ഞങ്ങളിൽ ഒരാൾ ചോദിച്ചപ്പോൾ നിഷ്കളങ്കമായ ഒരു പുഞ്ചിരിയോടെ ഡൊമിനിക് മറുപടി തന്നു.

"ഞാനച്ചനല്ല, നിങ്ങളെപ്പോലെ പുതിയതായി ആശ്രമത്തിൽ ചേരാൻ വന്ന ഒരാളാണ്."

ഞങ്ങൾ അത്ഭുതത്തോടെ പരസ്പരം നോക്കി നിൽക്കുമ്പോൾ ബ്രദർ മുന്നോട്ടു നടന്നു നീങ്ങി.

ഇംഗ്ലീഷ് ചുവ കലർന്ന മലയാളം പറഞ്ഞ് രസിപ്പിക്കുന്ന പ്രിയപ്പെട്ട സ്നേഹിതൻ.

ചിരിച്ചും ചിരിപ്പിച്ചും

ചിന്തിച്ചും ചിന്തിപ്പിച്ചും

ഏവരെയും പ്രചോദിപ്പിച്ചും

പെട്ടെന്ന് ആശ്രമത്തിന്റെ ഹൃദയം നേടാനായി...

ജീവിതത്തിന്റെ രസമുഹൂർത്തങ്ങൾ....

ഞങ്ങൾക്ക് എന്നും ഡൊമിനിക് ഒരു അത്ഭുതമായിരുന്നു...

വേർപിരിയലിന്റെ നൊമ്പരങ്ങളോടെത്തിയ പലരിലും ചിരിയും വാതായനം അദ്ദേഹം തുറന്നിട്ടു...

ഏവരും എപ്പോഴും സന്തോഷത്തിലായിരിക്കുവാൻ ഡൊമിനിക് ആഗ്രഹിച്ചു.... ക്ലാസുകളിൽ വളരെ ഉത്സാഹിയായിരുന്നു...

മലയാളം പഠിച്ച് പ്രാർത്ഥനകളിൽ വളരെ താത്പര്യത്തോടെ പങ്കു ചേരുന്ന ഡൊമിനിക് കളിസ്ഥലത്തും പണിസ്ഥലത്തും ആവേശ ത്തോടെ ഓടിയെത്തുന്ന അദ്ദേഹം ഉത്തമനായ ഒരു സുഹൃത്താ യിരുന്നു.

ഏതു പ്രശ്നത്തെയും ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന ഡൊമിനിക് ഇന്നും ഞങ്ങൾക്ക് ഒരു നല്ല ഓർമ്മയാണ്...

പുൽക്കൂടൊരുക്കുന്നതിൽ അവന്റെ ഉത്സാഹം എടുത്തുപറയേണ്ട താണ്...

ക്രിയാത്മകതയുടെ കൂട്...

രചനാപാടവും സ്നേഹവും കൂടെ കലർന്നപ്പോൾ ഒരു പുത്തൻ ലോകം

www.malankaralibrary.com

ഉണരുകയായിരുന്നു...

പ്രസംഗങ്ങളിൽ അവൻ കാണിച്ച ഉത്സാഹം അവനിൽ ഉണർന്നത് ഒരു സർഗ്ഗാത്മക നിറഞ്ഞ കലാകാരൻ...

ഏതു കാര്യങ്ങളിലും വിശ്വസ്തതൻ...

വ്യത്യസ്തനായിരുന്നു....

സ്ഥാപിതതാത്പര്യങ്ങൾക്കു മുഖം കൊടുക്കാതെ സമൂഹത്തിന്റെ പ്രതിബദ്ധത ഏറ്റെടുക്കുന്ന നല്ല സന്ന്യാസി...

അതിഥികളായി എത്തുന്ന വ്യക്തികളെ പരിചരിക്കുന്ന നല്ല ആശ്രമസ്ഥൻ...

വേദനിച്ചിരിക്കുന്നവരെ ശുശ്രൂഷിക്കുന്ന നല്ല സഹചാരി....

പഠിക്കാൻ ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ നല്ല അദ്ധ്യാപകൻ...

ആശ്രമജീവിതത്തിന്റെ ഒന്നാംവർഷം പൂർത്തിയാക്കിയപ്പോൾ സമ്പാദ്യമായത് ഒരു പിടി ഓർമ്മകൾ നിറഞ്ഞ ദിനങ്ങൾ....

സ്കൂൾ ദിനങ്ങൾ...

ഞങ്ങൾക്ക് ഒപ്പം സന്തോഷിച്ച ദിനങ്ങൾ...

വളരെ പെട്ടെന്നായിരുന്നു അദ്ധ്യാപകരും വിദ്യാർത്ഥികളുമൊക്കെ സ്നേഹിതരായി മാറിയത്...

കലാകായിക മത്സരങ്ങൾക്ക് എപ്പോഴും സഹായഹസ്തമായിരുന്നു ഡൊമിനിക്...

എപ്പോഴും ചിരിച്ചും തമാശകൾ പറഞ്ഞും ഓടിനടന്ന് തിരികെ ആശ്രമത്തിലെത്തുമ്പോൾ ദിനചര്യകളിൽ ആവേശത്തോടെ മുഴുകുന്ന ഡൊമിനിക് പുത്തൻ തലമുറയുടെ പ്രത്യാശയായിരുന്നു.

പഠനത്തിൽ അദ്ദേഹം എന്നും മുൻപന്തിയിലായിരുന്നു...

പ്രായമായ വൈദികരെ ശുശ്രൂഷിക്കുമ്പോഴും സ്വന്തം കുടുംബാംഗം എന്ന ചിന്ത. എന്റെ വീട്ടിലാണെങ്കിലും ഞാനെന്റെ അപ്പച്ചൻ പരിചരിക്കില്ലേ എന്ന ചോദ്യവും....

ആശ്രമപരിസരം ശുചിയാക്കാൻ കാട്ടുന്ന വ്യഗ്രത സ്വന്തം ഭവനമെന്ന ചിന്തയുടെ പ്രതിഫലനമാണ്. അത് ഡൊമിനിക്കിന് കൂടുതൽ ഉത്സാലുവാക്കി...

www.malankaralibrary.com

ആദ്യവർഷങ്ങൾ അങ്ങനെ സന്തോഷകരമായി പര്യവസാനിച്ചു.

സന്ന്യാസത്തിന്റെ ബാലപാഠങ്ങൾ പഠിക്കുന്ന നവശിഷ്യമന്ദിരത്തിലെത്തിയപ്പോഴും അവസ്ഥകൾക്ക് മാറ്റമുണ്ടായില്ല.

നിമിഷങ്ങൾക്കകം ഡൊമിനിക് ആശ്രമത്തിന് പ്രിയങ്കരനായി മാറി.

ആശ്രമപരിസരം പെട്ടന്നവന്റെ സുഹൃത്തായി...

അവരോട് സല്ലപിച്ചും പരിചരിച്ചും സമയം ചിലവഴിച്ചു. ആശ്രമത്തിന്റെ ചിട്ടകൾക്ക് മുടക്കം വരുത്താതെ അവന്റെ ഉള്ളിലെ താലന്തുകളെ വെള്ളമൊഴിച്ചു വളർത്തി പരിപാലിച്ചു....

കവിതകളോട് ഡൊമിനിക്കിന് പ്രത്യേക താല്പര്യമായിരുന്നു.

അവയിൽ പലതും കാതുകൾക്ക് ഇമ്പകരവും ആത്മാവിന് ഉത്തേജനവുമായിരുന്നു.

ഒരു നല്ല സ്നേഹിതനായിരുന്നു

ഒരു നല്ല സഹചാരിയായിരുന്നു

ഒരു നല്ല സഹപാഠിയായിരുന്നു

ഒരു നല്ല സഹോദരനായിരുന്നു

ഒരുവനെയും വെറുപ്പിക്കാൻ ഇഷ്ടമില്ലാതിരുന്ന ഡൊമിനിക്ക് ഏവരുടെയും പ്രിയപ്പെട്ടവനായി.

ഒരു യഥാർത്ഥ ആശ്രമസ്ഥനായി.

പിന്നീട് ആശ്രമത്തിലെത്തിയപ്പോൾ തന്റെ രചനാപാടവം അല്പംകൂടി വളർത്തുവാൻ ഉപയുക്തമായ വായനകളിൽ ഏർപ്പെട്ടും ബാച്ചിന്റെ നേതൃത്വം ഏറ്റെടുത്തും ശ്രദ്ധാലുവായി.

സുസ്മേരവദനനായി ഏവരെയുംസന്തോഷിപ്പിച്ച ദിനങ്ങൾ...

കോളേജിലെ അവസാനദിനത്തിലെ ഏവരുടെയും വിഷമവും 'ഇനിയെന്ന് കാണുമെന്ന ചോദ്യവും ആ സ്നേഹത്തിന്റെ ബഹിർസ്ഫുരണമായിരുന്നില്ലേ...

തത്വശാസ്ത്രത്തിന്റെ പടികൾ അനായാസം ചവിട്ടിക്കയറുന്ന ഒരു നല്ല തത്വചിന്തകനെ അവനിൽ കാണാമായിരുന്നു.

താത്വികമായ സംശയങ്ങൾകൊണ്ട് ഞാൻ തത്വമണ്ഡലത്തെ

www.malankaralibrary.com

പരിപോഷിപ്പിച്ച ഡൊമിനിക്ക് നല്ല തത്വചിന്തകനാകുമെന്ന് പലരും ഉറപ്പിച്ചു.

തന്റെ കലാവാസനയിൽ തത്വചിന്തകൂടി കലർത്തിയപ്പോൾ മറ്റൊരു വാസന ഉടലെടുക്കുകയായിരുന്നു.

ഡൊമിനിക്കിന്റെ ഭാവനകൾ ചിറക് വിരിച്ചാടി....

ആ വർഷാവസാനം അവധിക്ക് ഞങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ ആർക്കും അറിയില്ലായിരുന്നു അത് അവസാനത്തെ ഒത്തുചേരലായി രുന്നുവെന്ന്...

ആശ്രമത്തിന്റെ നിത്യവിശ്രമസ്ഥലത്ത് ഉറങ്ങുമ്പോൾ പ്രിയപ്പെട്ട സുഹൃത്തേ,

നിന്റെ നികത്താനാവാത്ത വിടവ് ഞങ്ങൾ തിരിച്ചറിയുന്നു....

നിന്റെ വാക്കുകളുടെ വില ഞങ്ങൾ അറിയുന്നു...

നിന്റെ പുഞ്ചിരിയുടെ അഭാവം ഞങ്ങളെ വേദനിപ്പിക്കുന്നു...

നിന്റെ കവിതകളുടെ വരികൾ ഏറെ ചിന്തിപ്പിക്കുന്നു..

നിന്റെ മനസ്സിന്റെ നന്മ ഞങ്ങളെ കരയിപ്പിക്കുന്നു...

നല്ല സ്മരണകൾ മാത്രം ബാക്കിവച്ച് നീ ഞങ്ങളെ വിട്ടുപോയപ്പോൾ നഷ്ടമായത് ഞങ്ങളുടെ

ഒരു നല്ല ബഥാന്യനെ...

ഒരു നല്ല സുഹൃത്തിനെ...


ഒരു നല്ല സഹോദരനെ...

പ്രിയപ്പെട്ട ഡൊമിനിക്,

നീ പറഞ്ഞ വാക്കുകൾ ഞങ്ങളുടെ ഹൃദയത്തിലുണ്ട്. അത് നിവർത്തിയാക്കുവോളം ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്.

നീയെന്നുമുണ്ടാകും ഹൃത്തുകളിൽ
മായാത്ത സ്മരണകളുമായി...

തിളങ്ങുന്ന പുഞ്ചിരിയുമായി...
മറക്കാനാവില്ല നിന്നെ ഒരുനാളും...



www.malankaralibrary.com

# ബഥനിയിലേക്ക് സ്വാഗതം











Vocation Promoter
Bethany Navajeevan Provincial Ashram
Nalanchira P.O.,
Thiruvananthapuram- 695 015
Tel: 0471 - 2543799
Mob: 8547580138
E-mail: pnavajeevan@gmail.com

Vocation Promoter
Bethany Navajyothy Provincial Ashram
Desom P.O., Aluva - 683 102.
Tel: 0484-2605360, 2603464
Mob: 9496527360
E-mail: bnjyothy@gmail.com
Website: www.bethanynavajyothi.org